
No. 143

# മലയാം കൊല്ലം



മഹാകവി
കൊടുങ്ങല്ലൂർ
കൊച്ചുണ്ണി
ത്തമ്പുരാൻ

032.3
K8

MUL
292127

കേരള സാഹിത്യ അക്കാദമിയുടെ
ധനസഹായത്തോടുകൂടിയതു്.

# മലയാംകൊല്ലം

കേരള സാഹിത്യ അക്കാദമിയുടെ
ധനസഹായത്തോടുകൂടിയതു്.

# മലയാംകൊല്ലം

(മഹാകാവ്യം)

UNIVERSITY LIBRARY
MADRAS

കവിസാർവ്വഭൌമൻ
കൊടുങ്ങല്ലൂർ ചെറിയ കൊച്ചുണ്ണിത്തമ്പുരാൻ

---

പ്രസിദ്ധീകരണം:
**കേരളാ ബുക്കു് ഹൌസു്,**
കൊടുങ്ങല്ലൂർ.

വില: 3-50

University Grants Commission

Published with the aid of
Kerala Sahitya Akadamy.

MALAYAMKOLLAM

[Mahakavyam]

By

KAVISARVABHOWMAN

KODUNGALLUR CHERIYA KOCHUNNY THAMPURAN

Second Edition March 1968
Copies 1000
Price: Rs. 3.50
Printed at
Rainbow Printings, Cranganore.

Published by
KERALA BOOK HOUSE, CRANGANORE.

292/127

K8

# അവതാരിക

●

"കവിസാർവ്വഭൌമൻ" എന്ന ബിരുദനാമം സർവ്വഥാ അന്വർത്ഥമാക്കിക്കൊണ്ടു ചിരകാലം കൈരളീസാമ്രാജ്യം ഭരിച്ചിരുന്ന മ. മ. ശ്രീ. കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ തിരുമനസ്സിലെ ചെറുപ്പകാലത്തെ ഒരു കവനാഭ്യാസഫലമായ "മലയാംകൊല്ലം" ഒന്നാമതായി പുറത്തുവന്നതു താഴെ ഉദ്ധരിക്കുന്ന ഒരു പത്രാധിപക്കുറിപ്പോടുകൂടി 1082 ചിങ്ങം ലക്കം "രസികരഞ്ജിനി"യിലാണു്:—

"മലയാംകൊല്ലമെന്ന ഈ കാവ്യം 'രഞ്ജിനി'യിൽ ചേർപ്പാനായി ഒരു കവി ഞങ്ങൾക്കയച്ചുതന്നിട്ടുള്ളതാണു്. വായനക്കാർ ഇതിനെ പ്രത്യേകം ശ്രദ്ധയോടുകൂടി വായിച്ചുനോക്കീട്ടു് തങ്ങൾക്കു രുചിക്കുന്നതായി തോന്നിയാൽ ആ വിവരം (പത്തു ദിവസത്തിനകം) ഞങ്ങൾക്കറിവു തരുന്നപക്ഷം ഇതുപോലെ പന്ത്രണ്ടു മാസത്തെക്കുറിച്ചും അതാതു മാസത്തിൽ ഓരോ സർഗ്ഗം വീതം പ്രസിദ്ധപ്പെടുത്താവുന്നതാണു്. ഇതു് എല്ലാവർക്കും 'ആപാദമധുര'മായി തോന്നുന്നതല്ലെങ്കിലും സഹൃദന്മാർക്കു് 'ആലോചനാമൃത'മായി തോന്നിയാൽ ഉദ്ദേശം സഫലമായി.

ര. ര. പ."

പിന്നീടു് ഒരോ മാസത്തെക്കുറിച്ചും "അതാതു മാസത്തിൽ ഒരോ സർഗ്ഗം വീതം" ആ പ്രശസ്തമാസികയിൽ പ്രസിദ്ധപ്പെടുത്തിക്കണ്ടതിൽനിന്നു് വായനക്കാർ ഏതു പ്രകാരത്തിലാണു് അക്കാലത്തു "മലയാംകൊല്ല"ത്തിനു സ്വാഗതമരുളിയതു് എന്നു് അനുമാനിക്കാവുന്നതാണല്ലൊ.

കാളിദാസകൃതികളുടെ അർത്ഥഗാംഭീര്യം വെളിപ്പെടുത്തുന്നതിൽ അദ്വിതീയമായ നൈപുണ്യം പ്രദർശിപ്പിച്ചിരുന്ന നമ്മുടെ "കവിസാർവ്വഭൌമ"നോടു്, ഇരിങ്ങാലക്കുടെ തീ

പ്പെട്ട കൊച്ചി ഇളയതമ്പുരാൻ തിരുമനസ്സുകൊണ്ടു് ഒരിക്കൽ ചോദിച്ചു, "കാളിദാസൻ ഇത്രയൊക്കെ കരുതിയിരുന്നുവോ? ഇതെല്ലാം വ്യാഖ്യാതാവിൻെറ മിടുക്കല്ലേ?" എന്നു്. അതിന്നു മറുപടിയായി അദ്ദേഹം ഇങ്ങിനെ പറഞ്ഞു, "ഞാൻ ഒരു കാവ്യം നിൎമ്മിക്കാം; അതിൽ ഒരോ പദ്യത്തിനും മുമ്മൂന്നൎത്ഥമുള്ളതു കുറയ്ക്കുവാൻ ഇവിടത്തേ ബുദ്ധിക്കുപോലും സാധിക്കുകയില്ല!" ഈ പ്രതിജ്ഞയെത്തുടൎന്നാണു് "മലയാംകൊല്ലം" ആവിൎഭവിച്ചതു് എന്നു കേട്ടിട്ടുണ്ടു്. ഏതായാലും സ്വഭാവോക്തിക്കു പുറമേ, സാമ്യോക്തിയേയും, അതിശയോക്തിയേയും, ശ്ലേഷോക്തിയേയും അടിസ്ഥാനപ്പെടുത്തീട്ടുള്ള വിവിധങ്ങളും വിചിത്രങ്ങളുമായ അലങ്കാരങ്ങളും, ശാസ്ത്രപരങ്ങളായ അൎത്ഥവിശേഷങ്ങളും പ്രസ്തുത കാവ്യത്തിൽ പ്രായേണ കാണാവുന്നതാണെന്നു ശ്രദ്ധാലുക്കളായ അനുവാചകന്മാരോടു പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല.

ഋതുക്കളെ വൎണ്ണിച്ചുകൊണ്ടുള്ള കാവ്യങ്ങൾ ഇംഗ്ലീഷിലും സംസ്കൃതത്തിലും മലയാളത്തിൽത്തന്നെ വേറേയും അനേകമുണ്ടെന്നു വരികിലും, "മലയാംകൊല്ലം" അവയിൽനിന്നെല്ലാം പല പ്രകാരത്തിൽ വ്യത്യസ്തമായിട്ടുള്ള ഒരു മനോധൎമ്മസുരഭിലമായ കൃതിയായിട്ടാണു് പ്രശോഭിക്കുന്നതു്. കേരളത്തിൽ ഋതുക്കൾ ഇതരപ്രദേശങ്ങളിലെപ്പോലെ സുവ്യക്തങ്ങളല്ലാത്തതുകൊണ്ടായിരിക്കാം സൎഗ്ഗവിഭജനത്തിനു് അടിസ്ഥാനമായി ഋതുക്കൾക്കു പകരം മാസങ്ങളെ സ്വീകരിച്ചിരിക്കുന്നതു്. ഓരോ മാസത്തിലും, അന്തരീക്ഷവും ഭൂമിയും തമ്മിലുള്ള പൊരുത്തം വിശദമാക്കി, തന്മൂലം പക്ഷിമൃഗാദികൾക്കും വൃക്ഷലതാദികൾക്കും മനുഷ്യൎക്കും വന്നുകൂടുന്ന പരിണാമവിശേഷങ്ങളെന്തെല്ലാമെന്നു കാണിച്ചു്, അതതുമാസങ്ങൾക്കു പ്രത്യേകങ്ങളായുള്ള അടിയന്തരാഘോഷാദികളേയും ദേവതോത്സവങ്ങളേയും വൎണ്ണിച്ചു്, ഏതെങ്കിലുമൊരു ദേവതാസ്തുതിയോടുകൂടി സൎഗ്ഗം അവസാനിപ്പിക്കുന്നു. മലയാളക്കരെയി

ലെ പ്രകൃതിവിലാസങ്ങളെ സസൂക്ഷ്മം കണ്ടറിഞ്ഞു വിവരിച്ചിട്ടുള്ള ആദ്യത്തെ ദീർഘകൃതിയായ പ്രസ്തുത കാവ്യത്തിൽ കേരളത്തിൻെറ വ്യക്തിത്വം സ്പഷ്ടമായി പ്രതിഫലിച്ചിരിക്കുന്നതു് അതിൻെറ ആസ്വാദ്യതയെ ഗണ്യമായവിധം വർദ്ധിപ്പിക്കുന്നുണ്ടെന്നുമാത്രമല്ലാ, വൈദ്യം, ജ്യൌതിഷം, സ്മൃതികൾ, പുരാണേതിഹാസാദികൾ, എന്നിവയിൽ കവിക്കുള്ള അവഗാഹം പല ശ്ലോകങ്ങളേയും അർത്ഥഗർഭിതങ്ങളാക്കിത്തീർക്കുന്നതുമുണ്ടു്. പദാർത്ഥങ്ങളെടുത്തു് "അമ്മാന"മാടുന്നതിൽ നല്ല തഴക്കം വന്നിട്ടുള്ള കവിഹസ്തങ്ങൾ പലപ്പോഴും ശ്ലേഷമൂലകങ്ങളായും മററുമുള്ള വിനോദ വിഹരണങ്ങളിൽ സ്വച്ഛന്ദം വ്യാപരിക്കുകയും ചെയ്യുന്നു. വിശിഷ്യ, ഇതിലെ നായികാസംബോധനകൾ കേവലം പാദപൂരണത്തിനുവേണ്ടിയുള്ളവയെല്ലന്നും, പ്രിയയെ അഭിസംബോധന ചെയ്യുന്നതിൽ ഉപയോഗിച്ചിട്ടുള്ള ഓരോ വിശേഷണവും സാഭിപ്രായമാകയാൽ സന്ദർഭത്തിനു മാററുകൂട്ടുന്നുണ്ടെന്നുമുള്ള സംഗതി "മലയാംകൊല്ല"ത്തെ ഇത്തരത്തിലുള്ള ഇതരകാവ്യങ്ങളിൽനിന്നു വ്യാവർത്തിപ്പിക്കുന്ന ഒരു പ്രത്യേകതതന്നെയാണു്.

ഈ വിശിഷ്ടഗ്രന്ഥത്തിനു് അർഹിക്കുന്നതായ പ്രചാരാധിക്യം സിദ്ധിക്കുമെന്നു ന്യായമായും പ്രതീക്ഷിക്കാം.

എറണാകുളം,
1116 മിഥുനം 15-ാംനു

പി. ശങ്കരൻനമ്പ്യാർ.

# ചിങ്ങമാസം

ഹരിഃ ശ്രീഗണപതയേ നമഃ

അവിഘ്നമസ്തു.

തുംഗശ്രീസിംഹവാഹേ തുഹിനശിഖരിതൻ
കന്യകേ നിസ്തുലാഭേ
ഭൃംഗാളീകേശി ചാപഭ്രുകുടി മൃഗസമാ-
നാക്ഷി കുംഭസ്തനാഢ്യേ
ഭംഗംമീനാക്ഷി തീർത്തീടുക മധുമഥനാ-
ബ്ജാദിസേവ്യേ വൃഷാങ്കോ-
ത്സംഗശ്രീസൌമ്യഗേഹേ ഭഗവതി കടകോ-
ല്ലാസിഹസ്തേ! നമസ്തേ. 1

ചേരുന്ന സിംഹമയി സിംഹകടിപ്രദേശേ!
നീയുള്ള നീരദഗജങ്ങൾ നശിച്ചിടുന്നു
താരങ്ങളെന്നു പറയും മണിമൌക്തികങ്ങൾ
പാരാതനേകദിശി ചേർന്നു വിളങ്ങിടുന്നു. 2

ചൊല്ലാൻ വായുരജകൻ ഘനവസ്ത്രജാല-
മെല്ലാടവും ജലകണം ചിതറുംപ്രകാരം
കല്ലൊത്ത കാന്തികലരും ഗഗനത്തിലിട്ടു
തല്ലീട്ടതിന്നിഹ വെളുപ്പു വരുത്തിടുന്നു. 3

പാരിൽ സമസ്തതരുഗുല്മലതാഗണങ്ങൾ
വേരൊത്തുറച്ചതിഗുണങ്ങളിണങ്ങിടുന്നു
ചാരുപ്രകാശനിധിയായിടുമോഷധീശൻ
ഭൂരിപ്രസാദമൊടുയന്നു വിളങ്ങിടുന്നു. 4

ധാരാളമായുലകിലൊക്കയുമോണവട്ടൻ
ദാരിദ്ര്യസങ്കടമൊഴിഞ്ഞു ജഗത്തിലെല്ലാം
കാറാംകറുത്ത മറയങ്ങകലെക്കളഞ്ഞു
പാരാതെ മിത്രഭഗവാൻ തെളിയുന്നുപാരം. 5

നാട്ടിൽ കറുപ്പിഹ ചുരുങ്ങി ജനങ്ങളെല്ലാം
വാട്ടം വെടിഞ്ഞു വെളിവോടു നടന്നിടുന്നു
കാട്ടിൽ കറുപ്പു വളരുന്നിതു കാട്ടുജന്തു-
ക്കൂട്ടങ്ങളേററമഥ തിന്നു മദിച്ചിടുന്നു. 6

ചേരും വിധം മുദ്രകരങ്ങൾ പതിച്ച രാജാ-
വാരാലുയന്നപദമേറി വിളങ്ങിടുന്നു
ചോരപ്രയോഗമൊഴിവായി വിടുന്നിടുന്നു
പാരാതഹോ! കുവലയം മുഴുവൻ രസേന. 7

ചേലൊത്തിടും നദികളാശു തെളിഞ്ഞു വേണ്ടു-
പോലുള്ള മാർഗ്ഗമതിലൂടെ നടന്നിടുന്നു
വേലാക്രമത്തൊടു തരംഗഭുജങ്ങൾ പൊക്കി-
ക്കോലാഹലങ്ങളെ നദീപതി നിർത്തിടുന്നു. 8

ലോകക്കു നല്ല സുഖമായി നിജേച്ഛപോലെ
പോകുന്നതിന്നു തടവില്ല തെളിഞ്ഞു മാർഗ്ഗം
ആകുന്നമട്ടു ജലബാധയൊഴിച്ചു വെള്ള-
ക്കാർ കൂട്ടമിട്ടുവിലസുന്നൊരുകാലമല്ലേ? 9

ദോഷം ജലത്തിനു കലന്നു തീർന്നിടുന്നു
തോഷിച്ചുടൻ ജലഭവങ്ങൾ ചിരിച്ചിടുന്നു
രോഷാക്രമം ജലപതിക്കു കുറഞ്ഞു ലക്ഷ്മീ-
പോഷം തികഞ്ഞു ഭുവി ദർപ്പകനേറി ദർപ്പം. 10

ചേലൊത്ത ചിത്തജശരങ്ങളിൽ മുഖ്യമായ
നീലാംബുജം സുലഭമായി ജഗത്തിലെല്ലാം
ലോലായതാക്ഷിമണിമാരുടെ സൽകടാക്ഷ-
നീലാംബുജത്തിനധികം വില കൂടിടുന്നു. 11

വല്ലാതെതാൻ നിലകൾവിട്ടിഹ പൊങ്ങിവന്ന-
തെല്ലാം വെടിഞ്ഞഴകെഴുംപടി താന്നൊതുങ്ങി
ഉല്ലാസമോടു വിലസും സലിലത്തിനേററം
ഫുല്ലാംബുജാദി ഗുണമൊക്കെയുമൊത്തിടുന്നു. 12

സന്താപമേറിയ ധരാതലസാന്ത്വനത്തി-
നന്തർമ്മുദാ സുരവരൻ സലിലം തളിച്ചു്
ചന്തംപെടുന്നപടി ചെയ്തൊരു മേഘവായു-
യന്ത്രപ്രയോഗമൊഴിവാക്കി നിലച്ചു വാതം. 13

കേടററ കാർകുഴലുവെള്ളമൊഴിച്ചു മെയ്യിൽ
പാടേപെട്ടും പൊടി കളഞ്ഞു കുളിച്ചു ഭൂമി
ചൂടുള്ള സൂര്യകരമാം തുകിൽകൊണ്ടു തോർത്തി
മോടിയ്ക്കു ചന്ദ്രകരവസ്ത്രമണിഞ്ഞിടുന്നു. 14

ചീർത്തൊരു വർഷജലമജ്ജനശുദ്ധമാം തൻ
പാർത്തട്ടിൽ വന്നു മലർമങ്ക കളിയ്ക്കുമൂലം
ആർത്താദരത്തൊടു ജനങ്ങളുറങ്ങിടാതെ
കാത്താസ്ഥലത്തിലൊഴിയാതെ കിടന്നിടുന്നു. 15

മുന്നം സ്യമന്തകമഹാമണിയൊന്നെടുത്തു
വെന്നോർത്തു ശൗരി ശതധന്വശിരസ്സറുത്തു
നന്നായ നെന്മണിയെടുത്തതുകൊണ്ടു ലോക-
രൊന്നായ് തൃണങ്ങടെ ശിരസ്സു മുറിച്ചിടുന്നു. 16

ഇന്നേവനും കിമപി യൌവ്വനമായിയെന്നാൽ
നന്നല്ല പെററവരൊടൊത്തു വസിപ്പതൊട്ടും
എന്നോർത്തു കററകളഴിച്ചു മെതിച്ചു വയ്ക്കോ-
ലൊന്നിച്ച നെന്മണികൾ വേറുതിരിച്ചിടുന്നു. 17

ശോകത്തിനേററമിടയാംപടി നഷ്ടമായി-
പ്പോകും ക്രമേണ ജലബാധ കലൎന്നതെല്ലാം
ലോകങ്ങളിങ്ങിനെ നിനച്ച പുറത്തു സൂൎയ്യാ-
ലോകത്തിനായു് സകലധാന്യവുമിട്ടിടുന്നു. 18

ഏററം ബലിഷ്ഠനിഹ നേത്തുവരും ദശായാം
തോറേറാട്ടമേ ലഘുതയുള്ളവരെന്നു യുക്ത്യാ
കാററത്തിടുന്നു പതിരൊക്കെയുമങ്ങു ദൂരെ
മാററുന്നതിന്നു ഭുവിലോകരശേഷധാന്യം. 19

ഒന്നിച്ചു ജന്മമൊരുപോലെ വപുസ്സു കണ്ടാ-
ലെന്നാലുമുള്ളിലൊരുസാരമൊഴിഞ്ഞമൂലം
നന്നല്ലിതെന്നു പതിരങ്ങു കളഞ്ഞിടുന്നു
നന്ദിച്ചു നെല്ലായിലിട്ടിഹ കാത്തിടുന്നു. 20

മാന്യങ്ങളാം പയറുഴുന്നുകളെന്ന ശിംബി-
ധാന്യങ്ങൾ നന്മണികളുള്ളിൽ നിറഞ്ഞു മോദാൽ
അന്യൂനമുത്സവരസത്തൊടു നൃത്തമാടി
മിന്നുന്ന മട്ടു കൊടിനീട്ടി വിളങ്ങിടുന്നു. 21

നന്നായു് നനച്ച വളമിട്ടതിനാൽ വളൎന്നു
വന്നോരു വാഴകളിൽ വാച്ചൊരു കണ്ണുപെട്ടു
നന്ദിക്കുമാറഴകെഴുന്നവൾക്കശേഷം
മന്ദിച്ചിടാതുടനെതാൻ കുല വന്നുചേൎന്നു. 22

വമ്പിച്ചവന്ന ബഹുസസ്യസമൃദ്ധികൊണ്ടു
സമ്പൂൎണ്ണമായ ഭുവനേ മരുവും ജനങ്ങൾ
കുംഭീന്ദ്രവക്ത്രനുടെ കമ്പ നിറയ്ക്കുവാനും
സമ്പത്തിതോൎക്കിൽ മതിയെന്നു നിനച്ചിടുന്നു. 23

വിഘ്നം പെടുന്നവനു ലക്ഷ്മി ലഭിക്കയില്ല
വിഘ്നം പെടാത്തവനു ലക്ഷ്മിയുടൻ ലഭിക്കും
വിഘ്നേശ്വരനു കളയാനരുതാതെയില്ല
വിഘ്നം സ്മരാൎത്തികളശേഷമറുക്കമാൎയ്യേ! 24

ഭക്തപ്രിയൻ ഗണപതിക്കു മഹാജനങ്ങൾ
ഭുക്തിക്കുവേണ്ട വിഭവങ്ങൾ നിവേദ്യമായി
ശക്തിക്കു ചേർന്നപടി നൽകിവിപത്തിൽനിന്നു
മുക്തിപ്പെടുന്നൊരു ഗണേശചതുർത്ഥി വന്നു. 25

വല്ലാത്തനർത്ഥഭയകാരണമിന്നു കാണു-
ന്നില്ലാരുമേ ചെറിയശീതളരശ്മിതന്നെ
എല്ലായ്പ്പോഴും സുകൃതമുള്ളവർ കണ്ടുവാഴ്ത്തും
നല്ലാഭയുള്ളളികദേശമെഴുന്നകാന്തെ! 26

കണ്ടംപറമ്പുമുതുകുന്നുമുററമെന്നു-
വേണ്ടാജഗത്തിൽ മുഴുവൻ വിഭവങ്ങൾ തിങ്ങി
വേണ്ടോരു പുഷ്ടിയിതു കണ്ടുരസിപ്പതിന്നു
വേണ്ടിക്കുതൂഹലി മഹാബലി വന്നിടുന്നു. 27

മുമ്പിൽ ജഗത്തിനഖിലം ബഹുധർമ്മമുൾക്കൊ-
ണ്ടമ്പോടു കാത്തൊരു മഹാബലി ദൈത്യരാജൻ
വമ്പൻ വരുന്ന തിരുവോണദിനം ജനങ്ങൾ
സമ്പൂർണ്ണഭക്തിപരമോത്സവമാക്കിടുന്നു. 28

ഹസ്തത്തിലായി വിഭവങ്ങൾ ജനത്തിനെല്ലാം
ഹസ്തത്തിലായി തിരുവോണമഹോത്സവാദി
ഹസ്തത്തിൽ മന്നവർ തെളിഞ്ഞു ചമഞ്ഞിടുന്നു
ഹസ്തത്തിനുക്കുടയവർക്കടിയാസ്ഥിനോദം. 29

മാവേലി തന്റെ വരവിൽ സ്തവമാർത്തു ബാലർ
പൂവട്ടിയൊക്കെ നിറയുംപടി പൂവറുത്ത്
ഭാവംതെളിഞ്ഞവകളിട്ടു നിജാങ്കണങ്ങ-
ളാവിർമ്മുദാ പലവിധത്തിലണിഞ്ഞിടുന്നു. 30

തൃക്കാക്കരപ്പനുടെ ദിവ്യമഹോത്സവശ്രീ-
യിക്കാലമാണു തുടരുന്നതു പണ്ടുപോലും
ചൊൽക്കൊണ്ട ലോകരതുകൊണ്ടു നിജാങ്കണത്തിൽ
തൃക്കാക്കരപ്പനെയണിഞ്ഞു നിരത്തിടുന്നു. 31

ഉദ്യോഗശാലികൾ പണിക്കൊഴിവായ മൂലം
സദ്യോ വരുന്ന സരസം നിജമായ നാട്ടിൽ
ഹൃദ്യങ്ങളാം പല വിനോദവിധങ്ങൾ ചെയ്വാ-
നുദ്യോഗമോടവർ തെളിഞ്ഞു മുതിൎന്നിടുന്നു. 32

പന്തിട്ടുതട്ടിയതിനൃക്കകൾ കൂടിടുന്നോർ
സന്തോഷമോടു ജയമാൎന്നു രസിച്ചിടുന്നു
പൈന്തേൻതൊഴുംമൊഴികൾ ചോടു ചവിട്ടിടുമ്പോൾ
പന്തോടിടഞ്ഞ മുല നിന്നു തുളുമ്പിടുന്നു. 33

മെല്ലെശ്ശിശുക്കൾ വടികൊണ്ടടികൂട്ടമോണ-
വില്ലിൻനിനാദമുലകൊക്കെ നിറഞ്ഞിടുന്നു
സല്ലീലയാടി വിലസുന്ന കളിസ്സുമോമൽ-
ക്കല്യാണിമാരുടയവില്ലെതിർചില്ലിവല്ലി. 34

മണ്ഡിച്ചിടുന്നു രസികാവലി തൻ നഖത്താൽ
ഖണ്ഡിച്ച പെണ്മുലകളെപ്പുതുചന്ദനത്താൽ
ചണ്ഡതമാൎന്ന മുളകുപ്പിവകത്തികൊണ്ടു
ഖണ്ഡിച്ചനാരകഫലങ്ങളിലിട്ടിടുന്നു. 35

അല്ലേതരം വനിതമാർ കുചമണ്ഡലത്തെ
കെല്പോടു ഹാരമണി ചേൎത്തണിയുന്ന ഭംഗ്യാ
ചൊല്പാൎന്നിടും മഹിതമണ്ഡനഹേമരത്ന-
ച്ചെപ്പൊക്കെയും ജഗതി സമ്പ്രതി ശൂന്യമായി. 36

ചന്തത്തിൽ വാഴയുടെ നല്ല കുലസ്സു ചേൎന്ന
നേന്ത്രപ്പഴങ്ങളെ നുറുക്കി നുറുക്കി ലോകം
ചെന്തീയ്യിൽ വെന്തു ചിതമോടഖിലം ചെലുത്തി
സന്തോഷമാൎന്നു മദമൊത്തു കളിച്ചിടുന്നു. 37

അത്യന്തമത്ര നവശാലരിഷേൺ സാധു
വൃത്തതമാൎന്നു ജനമായതു കെട്ടിയേറദം
പ്രത്യേകമെണ്ണയിൽ വറുത്തുടനേ പൊടിച്ചു
ചിത്താപ്രമോദമൊടു തിന്നുതകൎത്തിടുന്നു. 38

കാലാനുരൂപമിഹ കന്ദുകലീല ചെയ്യും
ബാലാജനങ്ങളുടെ വാർകുഴൽമേഘവൃന്ദം
ലോങ്ങളായടികൾ ചേൎന്നു പതിച്ചിടുന്നു
ചാലേ ശ്രമാംബുകണതാരകൾ മിന്നിടുന്നു. 39

തെല്ലെന്നുവേണ്ടതിബലം തികയുംപ്രകാരം
മെല്ലെന്നു ലോകർ പരമുണ്ടു മദിച്ചിടുന്നു
എല്ലാംനുറുങ്ങുമടവിൽ ബഹുശക്തിയോടു
തല്ലുന്നു തങ്ങളിലടുത്തു തടുത്തുകൊണ്ടു്. 40

നേൎത്തോരു 'മല്ലു'ഴകിനോടുമടക്കി ഞങ്ങൾ
തീൎത്തോരു നിന്നുടയ ലക്ഷണമാണിതെന്നു്
നേൎത്തോരുമല്ലനെ മടക്കിയ വമ്പനുള്ളിൽ
ചീൎത്തോരുമോദമൊടു ലോകർ കൊടുത്തിടുന്നു. 41

വാതോടു ചൂതുകളി നാട്ടിൽ നിറഞ്ഞിടുന്നു
ചൂതങ്ങു ചുട്ടടനെടുത്തവരാൎത്തിടുന്നു
ചൂതായുധക്കണകൾ ചൂടൊടു പെയ്തിടുന്നു
ചൂതോടിടും മുലകൾ ചേൎത്തമരുന്നു ലോകം. 42

കിട്ടീ കരത്തിലിഹ ചൂതുകളെന്നു നാമ-
മിട്ടുള്ളപെണ്മുലകൾ ഭാഗ്യമിതെന്നുറച്ചു്
കെട്ടാൻ പടിച്ചപണിയൊക്കെയെടുത്തു പൊങ്ങീ-
ട്ടൊട്ടല്ലഹോ ചിലരിരുന്നു കരഞ്ഞിടുന്നു. 43

എണ്ണക്കുറച്ചിലുളവായവനാശു ദോഷം
കണ്ണിൽപ്പെടുന്നു ബഹുരൂക്ഷത കൂടിടുന്നു
തിണ്ണം ലഘുത്വമണയുന്നു കഠോരമായി-
ട്ടുണ്ണിച്ചിടുംപടി മുഴുത്തു വരുന്നു കമ്പം. 44

പെട്ടെന്നു നല്ല ചരടിട്ടു വരിഞ്ഞുകെട്ടി-
ച്ചുട്ടററ പമ്പരമെറിഞ്ഞു തിരിച്ചിടുന്നു
തുഷ്ട്യാ വധുക്കളുടെ പമ്പരമോടിടഞ്ഞ
പുഷ്ടസ്തനം ഹൃദയസീമനി ചേൎത്തിടുന്നു. 45

വഞ്ചിച്ചുകൊണ്ടു ചിലർ ശീട്ടുകളിക്കമേററം
വഞ്ചിക്കളിക്കു വിരുതുള്ളവരാക്കളിക്കും
തഞ്ചത്തിലോണസുമഹോത്സവമാദരിച്ചു
ചഞ്ചത്തരാക്ഷി! രസമോടു തുനിഞ്ഞിടുന്നു. 46

ചാതുര്യമുള്ള ചതുരംഗമുഖങ്ങളാലു-
ള്ളോരോ വിനോദരസസിന്ധുവിൽ മുങ്ങിമുങ്ങി
പാരിൽ സമസ്തജനവും കളിയാടിടുന്നി-
തോരുമ്പൊളോണസുമഹോത്സവമെത്രകേമം. 47

വന്മാനശാലിജനമാശനിറച്ചുകൊണ്ടു
സമ്മാനമുണ്ടുകൾ കൊടുപ്പതു വാങ്ങി ലോകം
സമ്മോദമുള്ളിലധികം കലരുന്ന ചിത്ത-
സമ്മോഹനസ്മിതസിതാംബരപൂരിതാശേ! 48

ധാടിപ്പെടുന്ന തിരുവോണമഹോത്സവത്തിൽ
മോടിക്കു നല്കിയ പുതുപ്പുടയൊന്നതന്നൊ
കോടിക്കഹോ സദൃശമെന്നു നിനച്ചു പൃത്ഥു-
നാടക്കു ‘കോടി’ യിതിപേരു പറഞ്ഞിടുന്നു. 49

ഓണപ്പുടക്കു മലയാളിജനത്തിനെല്ലാം
വേണം ചരക്കു പലമാതിരിയെന്ന മൂലം
ഓണോത്സവം വസനവിക്രയശാലിമർത്ത്യ-
ശ്രേണിക്കു നല്ല കണിയായ് ചമയുന്നു കാണ്ക. 50

നിസ്തുല്യലക്ഷ്മി വദനത്തിനു ചേർക്കുവാനായ്
കസ്തൂരികൊണ്ടു കുറിയിട്ടു വിളങ്ങുമാര്യേ!
വസ്ത്രത്തിലും പലതരം കുറിചേർത്തു ലോക-
രത്യന്തലാഭമിതുകാലമണഞ്ഞിടുന്നു. 51

ചൊല്ലൊങ്ങിടുന്ന പരദേശിസമൂഹമേററം
കെല്പേറുമാവണിയവിട്ടമഹാവ്രതത്തെ
അല്പേതരോത്സവരസം വരുമാറനുഷ്ഠി-
ച്ചുൾപ്പൂ തെളിഞ്ഞു വിലസുന്നു മഹാവിശേഷം. 52

വട്ടംതികഞ്ഞഴകിൽ വാവിലുദിച്ചുപൊങ്ങും
ചട്ടററ തിങ്കൾതൊഴുംമിസ്സലിദോശയപ്പം'
ഇഷ്ടത്തൊടെന്നുമുതലാം പലഹാരമെല്ലാം
തുഷ്ട്യാ ചമച്ചു പരദേശികൾ തിന്നിടുന്നു. 53

മാടോടു ചേർച്ച്, കുറവേറമിരിപ്പിടത്തിൽ-
ക്കൂട്ടംപ്രകാരമൊരുവൃദ്ധി, തിരക്കു തമ്മിൽ
ചേർന്നിടിന്നുറപ്പി, വഴുഴം പരദേശികൾക്കു
മൂട്ടംകുചേ! രുചികരം പലഹാരമല്ലോ. 54

തുഷ്ട്യാ നിറച്ചു പലഹാരഗണങ്ങൾ തിന്നു
ശിഷ്ടം പയോജനയനേ! പരദേശി സംഘം
പുഷ്ട്യാ ധനാദിവിഭവങ്ങൾ തികഞ്ഞ ലോക-
ർക്കിഷ്ടം നടിച്ചു കുതുകേന കൊടുത്തിടുന്നു. 55

കൃഷ്ണാവതാരശുഭവാസരമായിടുന്ന
കൃഷ്ണാഷ്ടമീതിഥിയിലുത്തമഭക്തവൃന്ദം
കൃഷ്ണാലയങ്ങളിലണഞ്ഞുപവാസപൂർവ്വം
കൃഷ്ണാർച്ചനാദികൾ കഴിച്ചു വസിച്ചിടുന്നു. 56

താരാംഗി! തന്നുടെ ശുഭോത്തമകീർത്തി ചിത്ത-
താരിൽ ധരിച്ചു തരമോടു തടിച്ച ഭക്ത്യാ
താരാധിനാഥമുഖി! ചക്രധരാവതാര-
താരത്തിലിങ്ങുപവസിച്ചു വരുന്നു ലോകം 57

ചൂടുള്ളിൽനിന്നൊഴിവതിന്നു നിർജ്ജോത്തമാംഗേ
ചൂടുന്നു നല്ല തുളസീദളമാംപ്രസാദം
പാടുന്നു കൃഷ്ണചരിതങ്ങൾ ജനം, പുറത്താ-
യീടുന്നു രാഗനികരങ്ങളകത്തുനിന്നു. 58

പാനാശനങ്ങളുമുറക്കവുമങ്ങു വിട്ടു
മാനം നടിച്ചു ചിലർ മഹിതവ്രതത്തിൽ
സ്നാനാർച്ചനാന്നധനദാനജപാന്തരാത്മ-
ധ്യാനാദി ചെയ്തിളകിടാതെ വസിച്ചിടുന്നു. 59

പെണ്ണുങ്ങളും പെരിയ കൌതുകമുള്ളോരുണ്ണി-
ക്കണ്ണന്റെ കുഞ്ചുകളിയോർത്തിളകുന്ന ഭക്ത്യാ
ഉണ്ണാതെ വിഷ്ണുഗുണനാമകഥാദി പാടി-
ത്തിണ്ണം രസേന ഹരിസേവകൾ ചെയ്തിടുന്നു. 60

വാർപ്പിൽ പയോജലധിയെന്നകണക്കു തീർത്ത
പാല്പായസം പുതിയ വെണ്ണ വെളുത്ത ചോറ്
അപ്പം തടിച്ച കദളിപ്പഴമെന്നിതെല്ലാം
അർപ്പിച്ചിടുന്നു ഭഗവാനിഹ ഭക്തലോകം. 61

പാപാന്ധകാരമകലുന്നതിനായ്ജ്ജനങ്ങൾ
ദീപാളിവെച്ചു ഹരിതന്നടി കുമ്പിടുന്നു
ശ്രീപൂണ്ട കൃഷ്ണനെഴുമമ്പലമഷ്ടഗന്ധ-
ധൂപങ്ങൾകൊണ്ടു സുരഭീകൃതമാക്കിടുന്നു. 62

താരിൽപ്പിറന്ന തരുണീരമണന്നു ചിത്ത-
താരിൽ പ്രസാദമുളവാക്കുവതിന്നുവേണ്ടി
ചാരുപ്രണീതസുമമാലകൾ കാഴ്ചവെച്ചു
ഭൂരിപ്രസൂനമഹിതാർച്ചന ചെയ്തിടുന്നു. 63

അററം വെടിഞ്ഞധികമോഹനസൽഗുണങ്ങൾ
പററിത്തെളിഞ്ഞ സകലാവയവങ്ങളോടേ
തെറെറന്നുമിന്നുമഴകുള്ള മുരാരിതന്റെ
ചുററും ജനങ്ങൾ ചിതമോടു നടന്നിടുന്നു. 64

മായാമനുഷ്യനുടെ നല്ലവതാരകാല-
മായുള്ള പാതിനിശയിൽ പതിരററ ഭക്ത്യാ
കായാന്തരംഗപരിശുദ്ധികലർന്നു ലോക-
രായാസമോടു ഹരിപൂജകൾ ചെയ്തിടുന്നു. 65

ആർത്താനുകമ്പിഭഗവാന്റെ വിചിത്രപുണ്യ-
വാർത്താവിശേഷമഴകോടുരചെയ്തുകൊണ്ടു
തീർത്ഥാദിസേവകൾ കഴിച്ചിഹ ഭക്തലോകം
പ്രാർത്ഥിച്ചിടുന്നു പലതങ്ങു നിജേച്ഛപോലെ. 66

സന്താപമേററു വലയും പശുപാലവൃഷ്ണി-
കുന്തീസുതാദിനിജഭക്തജനത്തെയെല്ലാം
ചന്തം കലൎന്നു കരളിൽ കനിവോടു കാത്ത
ചെന്താമരാക്ഷ കരുണാകര പാഹി കൃഷ്ണ! 67

ന്യായേന ശങ്കരനു ബാണരണത്തിൽ വത്സ-
ന്മേയത്തിലബ്ജഭവനിന്ദ്രനതീവ്രവഷേ
ആയസ്സമെന്നിയെ മടക്കമണച്ച വിഷ്ണോ!
മായാമനുഷ്യ സകലേശ്വര പാഹി കൃഷ്ണ! 68

ദാരിദ്ര്യദാരുണവിഷാഗ്നിവിഷണ്ണയായ
ദാരോക്തികൊണ്ടരികിൽ വന്നകുചേലനായി
ഐശ്വരം സുരേശ്വരസമൃദ്ധി കൊടുത്തിതേതും
പോരെന്നു കേണ കരുണാകര കൃഷ്ണ! പാഹി. 69

കുന്തീസുതന്നു തുണയായ് ദ്വിജവര്യനായി-
ച്ചന്തംകലൎന്നു ദശബാലകരേയുമൊപ്പം
സന്താനവൃദ്ധിയതിനേകിയ ഭക്തലോക-
സന്താനവൃക്ഷ കമലാക്ഷ മുകുന്ദ! പാഹി. 70

പോരിന്നെതിൎത്ത സമയേ കുലനാശമൂലം
പോരായ്മയോൎത്തു തളരും സഖി ഫൽഗുനന്ന്
സാരത്ഥ്യമമ്പിനൊടു ചെയ്തമലാത്മഗീതാ-
സാരങ്ങൾ ചൊല്ലിയ സരോരുഹനേത്ര! പാഹി. 71

പാലാഴിമങ്ക മുതലായവർ കാൺകവേ ഗോ-
പാലാംഗനാമണികൾതങ്ങടെ മദ്ധ്യഭാഗേ
കോലാഹലത്തൊടെഴുന്നള്ളി രസിച്ച രാസ-
ലീലാവിധം പലതു ചെയ്ത മുകുന്ദ! പാഹി. 72

ധൎമ്മിഷ്ഠനായ് സ്വപദസേവകനായ്വിളങ്ങും
ധൎമ്മാത്മജന്നു ഹൃദയം തെളിയുന്നതിന്നായ്
ശൎമ്മം ജഗത്തിലണയുമ്പടി ഭൂരിയജ്ഞ-
കൎമ്മം നടത്തിയ യദൂത്തമ കൃഷ്ണ! പാഹി. 73

ഇന്ദ്രാനലാദ്യഖിലദിക്പതിനായകന്മാർ
സന്ദേഹമററു നിജസാരപദാർത്ഥമെല്ലാം
വന്ദിച്ചു തൃക്കഴലിൽവെച്ചു വണങ്ങിനിന്ന
നന്ദാത്മജേശ്വര ഗണേശ്വര കൃഷ്ണ! പാഹി. 74

നാരായണോത്തമ സുലക്ഷണമൊത്തുഭൂമി-
ഭാരാവതാരമതിനായ്വസുദേവഗേഹേ
സ്വൈരം ജനിച്ച ഭവദത്ഭുതദിവ്യബാല-
ചാരുസ്വരൂപമിഹ മാധവ! കാണണം മേ. 75

അത്യന്തദുഷ്ടയമുനാനദിതൻെറ ശുദ്ധി-
ക്കത്തുംഗകാളിയസഹസ്രഫണങ്ങൾ തോറും
തിത്തിത്തയെന്നു പലമാതിരി ചെയ്ത നിൻെറ
നൃത്തപ്രയോഗമിഹ മാധവ! കാണണം മേ. 76

ഒററക്കരത്തിൽ മലയാംകുടയും രസിച്ചു
മറേറക്കരത്തിലൊരു വേണുവുമായിനിന്നു്
തെറെറന്നു ഘോരഹരിമാരി തടുത്തിടും നി-
ന്നററം വെടിഞ്ഞഴകു മാധവ! കാണണം മേ. 77

ആപാദചൂഡമതിമോഹനശോഭപൂണ്ട
താപാപഹേന്ദുകരരഞ്ജിതകാനനാന്തേ
ഗോപാംഗനാമണികളൊത്തു കളിച്ചിടും നിൻ
രൂപാമൃതം കിമപി മാധവ! കാണണം മേ. 78

വമ്പിച്ച കംസഗജരാജവധം കഴിച്ചു
കൊമ്പൊന്നെടുത്തണിവിയപ്പോടു ചോരപൂണ്ടു
അമ്പോടു മല്ലരണരംഗമണഞ്ഞിടുന്ന
നിമ്പുണ്യരൂപമിഹ മാധവ! കാണണം മേ. 79

ഇഷ്ടപ്പെട്ടന്നൊരു കുചേലമഹീസുരൻെറ
കഷ്ടം ചടച്ചു ചളിചേർന്ന വിയർത്ത ദേഹം
കെട്ടിപ്പിടിച്ചതിരസാശ്രുകണങ്ങൾ പെയ്ത
ചട്ടററ നിൻവടിവു മാധവ! കാണണം മേ. 80

ഈ വിശ്വഭാരമൊഴിവാനൊരു ഘോരയുദ്ധം
ഭാവിച്ചിടുമ്പൊളുഴലും സഖി ഫൽഗുനന്നു്
ആവശ്യമായതുവശാലഥ കാട്ടിടും നിൻ
ശ്രീവിശ്വരൂപമിഹ മാധവ! കാണണം മേ. 31

തൃച്ചക്രശംഖധരനായ്മലർമങ്കതൊട്ടു-
ള്ളച്ഛിന്നശക്തികളൊടൊത്തു വികുണ്ഠലോകേ
മെച്ചപ്പെട്ടും ഭുജഗമെത്തയിൽ വാണിടും നിൻ
സച്ചിത്സ്വരൂപമിഹ മാധവ! കാണണം മേ. 32

നേത്രാശ്രുവർഷപുളകങ്ങളൊടൊത്തു കൃഷ്ണ-
സ്തോത്രങ്ങളിങ്ങിനെ ജനങ്ങൾ പഠിച്ചിടുന്നു
ചിത്രം വിചിത്രമതിമംഗളമത്രനന്ദ-
പുത്രാവതാരതിഥിതാരമഹത്വമോർത്താൽ. 33

കൊണ്ടാടിത്തോയവാസം കലരുമഖിലപ-
    ത്മത്തിനേറുന്ന ഹാസം
കണ്ടാലും ഭ്രൂവിലാസം പെടുമണിമിഴിനീ-
    യ്യിന്നു സാനന്ദഹാസം
ഉണ്ടേറെ ശ്രീവികാസം പലതിനുമിതുകാ-
    ലം പ്രിയേ! വാഗ്വിലാസം
പൂണ്ടുംകൊണ്ടപ്രയാസം കവികൾപറയുമൊ-
    "ട്ടിങ്ങിനെ ചിങ്ങമാസം."

[ചിങ്ങമാസം കഴിഞ്ഞു.]

# കന്നിമാസം

നക്ഷത്രമാലകളണിഞ്ഞമലാംബരം പൂ-
ണ്ടക്ഷീണശോഭമരവിന്ദമുഖം വിടൎത്തി
നക്ഷത്രനാഥകിരണസ്മിതമാൎന്നു നാനാ
ലക്ഷ്മീവിലാസമൊടു 'കന്യ' വരുന്നു കാൺക. 1

ശങ്കിച്ചിടാതെ രവി കന്യയൊടൊത്തിടുന്നു
പങ്കോത്ഭവങ്ങൾ നിറയുന്നു ജലാശയത്തിൽ
കാഴ്ക്കിന്നു നല്ലമൃതകുംഭസമാനമായ
തേങ്കുഴ്ക്കു വന്ന കുറവിന്നവസാനമില്ല. 2

അംഭോധിയാസകലവും കളിയായ്ക്കുടിച്ച
കുംഭോത്ഭവൻമുനി തപോനിധി വന്നുദിച്ചു
അംഭസ്സുതന്നുടയ ദോഷമശേഷവും വി-
ട്ടംഭോജചാരുനയനേ! വിലസുന്നു കാൺക. 3

കൂടി ഗ്ഗുണങ്ങളധികം നളിനീസുഹൃത്താ-
യീടുന്നൊരുഷ്ണകിരണന്റെ കരത്തിനെല്ലാം
വാടാതെ ലക്ഷ്മി ജലജങ്ങളിൽ വന്നുചേൎന്നു
പാടേ തെളിഞ്ഞു സലിലങ്ങൾ സമസ്തലോകേ. 4

കാറെന്നപേരൊടു കനത്തു കിടന്നിരുന്ന
ചേറങ്ങുനീങ്ങി മുഴുവൻ ഗഗനത്തിൽനിന്നു്
താരാപഥത്തിലഴകോടു ചരിച്ചിടുന്ന
താരേശപാദമതിനിൎമ്മലമായിടുന്നു. 5

എല്ലാടവും മഴകൾകൊണ്ടു വളംപിടിച്ചു
ചൊല്ലാൎന്നൊരോഷധികളൊക്കെയുമേറെവാച്ചു;
കല്യാണി! കാൺക ഭഗവാനുഡനോഷധീശ-
നുല്ലാസമോടു വിലസുന്നു മഹാപ്രസാദാൽ. 6

ഓരായിരം കിരണമുള്ള ദിവാകരന്റെ
ഘോരാംശുകൊണ്ടു ഭുവനങ്ങൾ തപിച്ചിടുന്നു
ധാരാളമായ്ഹിമലശീതളതോയമുള്ള
നീരാഴികൾക്കു സുഭഗതാഗുണം വളൎന്നു. 7

ഏററംതണുപ്പു ഹിമമുള്ളൊരു വൃശ്ചികാദൌ
വററും ഝഷാജവൃഷഭങ്ങളിലിങ്ങു വെള്ളം
മററുള്ള മാസമഖിലം സലിലം കലങ്ങും
മുററും പ്രിയേ! ജലസുഖം ഭുവി കന്നിതന്നിൽ. 8

വെള്ളപ്പളുങ്കിനെതിരായതിയായ്വിളങ്ങും
വെള്ളത്തിനുള്ള കൊതികൊണ്ടു ജലാശയത്തിൽ
ഉള്ളിൽക്കടന്നു ഗഗനം പ്രതിബിംബമെന്ന
കള്ളം നടിച്ചു മരുവുന്നു സുരാദിസേവ്യം. 9

അന്നങ്ങളിപ്പൊഴുതിലംബുരുഹാകരത്തിൽ
മുന്നം വരുന്നതു കവീന്ദ്രർ കഥിച്ചു കേൾപ്പൂ
ധന്യേ! വരുന്ന പതിവില്ലവയിപ്പൊളെങ്ങും
അന്നത്തെവെന്നഗതിഭംഗികലൎന്നകാന്തേ! 10

അപ്പിത്തതീക്ഷ്ണഗുണമൊത്തതികോപമാൎന്നോ-
രപ്പിത്തശാന്തി വരുവാൻ വരവൈദ്യലോകം
കെല്പൊത്ത നല്ലമൃതതുല്യജലപ്രയോഗ-
മിപ്പോൾ തരത്തൊടു പരക്കെ വിധിച്ചിടുന്നു. 11

കാറങ്ങു നീങ്ങി മുഴുവൻ ഗഗനത്തിൽനിന്നു
ചേറെങ്ങുമില്ലവനിയിൽ പൊടിയില്ല തെല്ലും
ചേരുന്നതില്ല തുഹിനം, വിമലം സമസ്തം
സാരംനിനക്കിൽ മലമൊന്നഴൽചേൎപ്പതല്ലോ. 12

തീൎണ്ണം വളൎന്നസിതമായ്പ്പിലസുന്നതുഴി-
പ്പെൺകിന്റെ നൽക്കബരിയാം വനരാജിയെല്ലാം
തൂൎണ്ണം ശരത്സഖിയതിൽ കുസുമങ്ങൾ ചേൎത്തു
പൂൎണ്ണപ്രകാശമഴകോട്ടളവാക്കിടുന്നു. 13

ഔന്നത്യമെന്ന വലുതായ ഗുണത്തിനാലേ
മാന്യത്വമാൎന്ന മലയെന്ന മഹാ ഗജങ്ങൾ
മന്നത്ര വിട്ട മലതന്മുടിയിൽ കരേറി
മിന്നുന്ന ഹസ്തിപകസഞ്ചയമോട്ടകൂടി. 14

സ്ഥൂലത്വമെന്ന ഗുണമേറിയ സൽഗുണത്താൽ
ശൈലത്തെയെന്നൊരു മതംഗജപുംഗവന്മാർ
ചേലൊത്തു ചേൎന്നുവശാൽ മലതന്നിൽവേഗ-
ത്താലെത്രയും തടി ചുരുങ്ങി വരുന്നു നിത്യം. 15

കാട്ടിൽ കടന്നു കളിയാടി നടപ്പതിന്നു
നാട്ടാനകൾക്കുമിഹ സംഗതി വന്നിടുന്നു
കെട്ടുന്നു വാച്ച മദമോടിഹനിൻ നടപ്പു
കട്ടുള്ളവൻകരികളെഗ്ഗജപാലകന്മാർ. 16

സ്ഥൂലസ്തനപ്രിയഗിരിപ്രവരേ ഗിരീശ-
മൌലിപ്രകാശിമൃഗതൃഷ്ണിടിലേ മൃഗാക്ഷി!
ചേലൊത്തിടും ഗിരികൾ ശഷ്പമയങ്ങളായി-
ച്ചാലേ സുഖം മൃഗഗണത്തിനു നൽകിടുന്നു. 17

ചൊല്ലാൎന്നെഴും രസികലോകരസം വളൎത്താൻ
കല്യാണഹാരമണിയുംകുളുർകൊങ്കയാളേ!
കല്യാണി! കാൺക മൃഗയൂഥസുഖം കൊടുപ്പാൻ
പുല്ലായിടുന്നു മലയൊക്കെയുമിപ്പൊളേറെ. 13

പാടേ ജനങ്ങളകലുന്നവിധത്തിൽ മാന-
ത്തോടൊത്ത ഭൂമിധരസന്നിധിയും സമസ്തം
കാടായിടുന്നു മതിശൂന്യമൃഗങ്ങളൊത്തു
കാടക്കു ചേൎന്നിടുമിരിപ്പിടമായിടുന്നു. 19

നാനാവിധൌഷധികൾ വേണ്ടൊരു മട്ടു ചേൎന്നു
ദീനം വെടിഞ്ഞു വിപിനങ്ങൾ വിളങ്ങിടുന്നു.
ജ്ഞാനം ചികിത്സകളിലുള്ളവരിങ്ങൊരാണ്ട-
യ്ക്ലനംവിനാ പല മരുന്നുകൾ തീൎത്തിടുന്നു. 20

ബിംബത്തിലേററവുമറപ്പു ജനത്തിനേകം
രമ്യാധരോഷ്ഠി! വമനത്തിനു വൈദ്യവൃന്ദം
ബിംബത്തൊടൊത്ത മദനാദിഗണത്തിനാലെ
നിൎമ്മിച്ചിടുന്നു പല ലേഹ്യഘൃതാദിയോഗം. 21

പ്രാണാദിവാതശമനത്തിനു തീൎത്തിടുന്നു
ചേണാൎന്ന വൈദ്യർ ദശമൂലഘൃതാസവാദി
പ്രാണേശ്വരി! സുരദശാദശകാദിമൂല-
മാണെന്നു മൂന്നുലകിലും പുകഴുന്നകാന്തേ! 22

ഇത്തവ്വിൽ വയസ്സുടയ വൈദ്യരഭീരുകൊണ്ടു
പിത്തപ്രശാന്തികരണത്തിനനേകയോഗം
ചിർത്തോത്ഭവാഭിധകലൎന്നതിതീക്ഷ്ണമായ
പിത്തംവളൎക്കുമയി ഭീരു! ചമച്ചിടുന്നു. 23

കണ്ടാലുമിന്ദുമയമായ കഫംകെടാനാ-
യ്യൂണ്ടിന്നു വൈദ്യസുരസാമ്പുമധുപ്രയോഗം
പൂണ്ടിന്റെ നത്സുരസമാം മധു ചേൎന്ന വക്ത്രം
കൊണ്ടിന്നുവിന്നു ശമമേകിയ മേഘവേണി! 24

ദീനത്തെയൊക്കയുമമൎത്തുവതിന്നു കല്പ-
സ്ഥാനോക്തരീതിയിലനേകമഹൌഷധത്തെ
ഊനത്വമെന്നിയെ ഭിഷക്കുകൾ തീൎത്തിടുന്നു
മാനത്തെഴും ശതഭിഷൿപരിരമ്യവക്ത്രേ! 25

മുട്ടാതെ നല്ല വെയിലുണ്ടു, മരുന്നിലൊന്നും
കിട്ടാതെയില്ലവനിയിൽ, സുലഭം സമസ്തം
ചുട്ടററിടുന്ന സകലൌഷധഭാവനക്കി-
തൊട്ടേറെ നന്നു മദനൌഷധവല്ലി! മാസം. 26

ഈമന്നിലിപ്പൊഴുതിലത്തലശേഷവും വി-
ട്ടാമോദസാരമയമാസ്വിലസുന്നു സർവ്വം
കാമാനുകൂലമഖിലം വിളവാൻ കന്നി-
പ്പൂമോഹനം പുതിയപൂമ്മദലാംഗിയാളേ! 27

വിശാലത്തിലിങ്ങധികകുണ്ടൊഴികെസ്സമസ്തം
വിശാലാത്മജേ! കൃഷികൾകൊണ്ടു വിളഞ്ഞമൂലം
ഹ്രസ്വതരത്വമിടചേർന്നൊരു ധാന്യഗേഹം
നിശ്ശേഷമിപ്പൊഴുതു ധാന്യമയം നിനച്ചാൽ, 28

മോടപ്രധാനബഹുധാന്യഗുണങ്ങൾകൊണ്ടു
പാടങ്ങളെബ്ഭുവി പറമ്പുകൾ താഴ്ത്തിടുന്നു
മോടിപ്രധാനബഹുധന്യഗുണങ്ങൾകൊണ്ടു
പാടേ സുരാംഗനകൾ താനു തൊഴുന്നു തന്വീ. 29

എല്ലാടവും വിലയൊടൊത്തു വിളഞ്ഞു പഞ്ഞ-
പ്പുല്ലാശു തീർന്നു ഭുവി നെല്ലിനു പഞ്ഞമെങ്ങും
വല്ലാത്ത നാട്ടതരുണീഗുണലേശശൂന്യേ!
നല്ലോരു നാഗരികസൽഗുണബീജഭൂതേ! 30

അത്യന്തമാകിയ ഗുണത്തിനു ദേശകാല-
തത്വജ്ഞരായവരെളുപ്പമൊടേറെ വാങ്ങി
സത്തായ നെല്ലറയിലിട്ടിഹ കാത്തിടുന്നി-
തിത്ഥമ്മ, ശൈശവസമാർജ്ജിതസാരവിദ്യേ! 31

മന്നോർക്കു തുല്യമഖിലത്തിനു പുഷ്ടിനൽകു-
മന്നം ചമയ്ക്കുമൊരു നെൽ വിളവോടുകൂടി
സൈന്യങ്ങളൊത്ത കറികൾക്കിഹ വേണ്ട ശിംബി-
ധ്യാനങ്ങൾ കാമരുചിദാത്രി! വിളഞ്ഞിടുന്നു. 32

പത്മപ്രിയൻ മിഹിരനാറിൽ വിളങ്ങിടുന്നു
പത്മത്തിനൊക്കെയഴകേററമണഞ്ഞിടുന്നു
ഛത്മം വെടിഞ്ഞു ഭുവനേ വിളയാടിടുന്നു
പത്മാക്ഷഗേഹശരബന്ധുതപൂണ്ട പത്മം. 33

കണ്ടാല്യമേററമഴകോടിഹ മങ്കതന്നി-
ല്ലണ്ടാം മകത്തിനുമെഴുന്ന മഹാവിശേഷം
തണ്ടാർശരൻ ബലമണച്ചൊരു സൽഗ്ഗുണൌഘം
കൊണ്ടാശ്ശു കാമനു ബലത്തെ വളൎത്തുമാര്യേ! 34

ചിങ്ങത്തിലുള്ള വല്യതാകിയ ഘോഷമ്യാ-
മിങ്ങേററനിൎമ്മലത പൂണ്ടൊരു കന്നിതന്നിൽ
മങ്ങാതെ കാൺക പതിവാണ,യിദർപ്പണശ്രീ
മങ്ങുംകപോലതലദൃശ്യസുകൎണ്ണഭൂഷേ! 35

കേടററ കൎഷകരുടെ നല്ല കരങ്ങൾ തൻെറ
ചൂടിൻപ്രയോഗമഖിലാക്ഷി! വിട്ടത്തിടുന്നു
പ്പാടേ പരം ഭുവി സഹസ്രകരൻ കരത്തിൻ
ചൂടേററിടുന്നു ജലജം വിടരുംപ്രകാരം. 36

വല്ലാതെയുള്ളൊരു വലിപ്പവുമങ്ങുമിങ്ങും
ത്തുല്യതപവും തടവിട്ടന്നൊരു മല്ലയുദ്ധം
ള്ളാസമാക്കിമുളവായ്ത്തുമാററനേകം
സല്ലീലയാടി മരുവുന്നിതു മല്ലനേത്രേ! 37

പെട്ടെന്നു കാണികളശേഷവുമേറെ വാഴ്ത്തും-
മട്ടുള്ള നല്ലടികൾകൊണ്ടു ജയിപ്പവൎക്ക്
കിട്ടുന്നു മാന്യതവരുമ്പടി പട്ടനേകം
പ്പട്ടൊക്കയും പടയിൽവെന്നടിയുള്ളകാന്തേ! 38

വെക്കം വടക്കരുടെ നൽക്കരശക്തി കണ്ടാ-
ലുൾക്കാമ്പിലാൎക്ക രസമിങ്ങുളവാകയില്ല?
ഇക്കാലമർക്കനതിയാൎശ്വിലസുന്നു തെക്കൻ-
ദിക്കാശ്രയിച്ചുമിഹ നൽക്കരശക്തിയോടെ. 39

ചിങ്ങത്തിലോണമരശാൻമതം ലഭിച്ചാ-
ണിങ്ങാചരിച്ചു പതിവങ്ങിനെയല്ലിതോണം
ശൃംഗാരസാരമൊഴുകുന്ന നിജാംഗചേഷ്ടാ
ഭംഗ്യാ സമസ്തവുമിളക്കിമയക്കമാര്യേ! 40

ഇ‘ഗ്രാമപൂർവ്വഹരിപങ്ക്തികൾ’മങ്കതന്നോ-
ടഗ്ര്യത്വമാർന്ന ഗുണവാൻ ഹരി ചേരുമിപ്പോൾ
വ്യഗ്രത്വമെന്നിയെ കൊടിച്ചിയൊടൊത്തിടുന്നു-
ണ്ടഗ്ര്യാമ്യസുഭ്രുജനശീലിതശീലവക്ഷേ! 41

ഭംഗം വരാതെ പരമൂക്കകലർന്ന നാളുകൾ
ഭംഗ്യാ കൊടിച്ചികളൊടൊത്തു നടന്നിടുന്നു
ശൃംഗാരമാം രസമതിന്നനുകൂലമായി-
സ്സംഗീതമഞ്ജു ചില നാളുകൾ തുടങ്ങിടുന്നു. 42

മാരാർത്തിയാൽ മതിമറന്നശനാദിയെല്ലാം
തീരെ ത്യജിച്ചിഹ കൊടിച്ചികളോടുകൂടി
സ്വൈരം രമിക്കുമൊരു നാളുകളിതാ സദാപി
പാരം ചടച്ച തനുവൊത്തു കുരച്ചിടുന്നു. 43

പുല്ലുണ്ടുതിന്നമലമായ ജലം കുടിച്ചു
മെല്ലെത്തടിച്ച പശുസഞ്ചയപൃഷ്ഠഭാഗേ
കല്യാണമായുലകുകാപ്പവനിഷ്ടയായ
ചൊല്ലാർന്ന ലക്ഷ്മി ചൊടിയോടു വിളങ്ങിടുന്നു. 44

ഏറെത്തടിച്ചഴകിനോടു തുളുമ്പിടും പിൻ-
ക്കൂറൊത്ത പശുക്കളുടെ സുന്ദരമന്ദയാനം
മാറത്തു വിങ്ങി വളരുന്ന കുചം തുളുമ്പും-
മാറുള്ള മന്ദഗതിശാലിനി! കണ്ടുകൊൾക. 45

ആകെ ദ്വിജാദി സകലർക്കുമശേഷധാന്യം-
ശാകാദികൾക്കുമതിനമ്മകൾതൻഗുണത്താൽ
ഏകുന്ന പശുക്കളുടെ നല്ലൊരു പൃഷ്ഠഭാഗം
ലോകത്തിനമ്മ രമയെങ്ങിനെ കൈവിടുന്നു? 46

അത്ര ദ്വിജേശകരകാമിസുമന്ദഹാസ-
മിത്രത്വമൊക്കുമൊരു പാൽപ്രഥമൻ പ്രഭാതേ
ക്ഷേത്രങ്ങളിൽ ദ്വിജർ നടത്തിടുമോത്തുകൊട്ടു
സത്രങ്ങളിൽസ്സകലവും ബത തീർന്നിടുന്നു. 47

ചൈത്രത്തിൽ നൽക്കയിലിനുള്ള ഗുണങ്ങൾ കാണാം
കൂത്തമ്പലത്തിൽ നടനായകനമ്മ കാണാം
ഓത്തൂട്ടി,ലിന്ദ്രിയമഹോത്സവമേ യജുസ്സാ-
മോത്തിൽ പട്ടത്വമുടയോരുടെവമ്പുകാണാം. 48

താളസ്വരാദിഗുണമൊത്തിട്ടമോത്തുകൊട്ടിൽ
മേളത്തിനായ് ചിലരു ഢങ്കിടി ചൊല്ലിടുന്നു
ലാളിത്യമേറിയ മൃദംഗമൊടൊത്തു ഗീത-
കേളിക്രിയാചതുരസുസ്വരകണ്ഠിയാളേ! 49

വിസ്താരവും രസമയത്വവുമൊത്തിടുന്നോ-
രോത്തൂട്ടുസത്രമിതു പങ്കജശാന്തിമൂലം
അത്യന്തഭംഗിയൊടു കേളിഹ ചഞ്ചലാക്ഷി!
ശ്രുത്യന്തദേശമൊടു ചേൎന്നു വിളങ്ങിടുന്നു. 50

നക്ഷത്രപാദകളയുംമുഖി! മൎത്ത്യജാതി
ലക്ഷ്മീകരോത്തമഗുണേ! പിതൃയജ്ഞമൂലം
അക്ഷയ്യമോദമിഹ 'മാളയ'മായ കൃഷ്ണ-
പക്ഷേ സമസ്തനരവംശ്യരണഞ്ഞിടുന്നു. 51

'ഇല്ലം'ഗുണത്തിനയി! നിൻതനു; നിന്റെ വാക്യം
'വെല്ലം' നിലാ'വു ഹസിതം; ചൊടിചീനനെല്ലി'
ചൊല്ലാൻ കേരളവിലാസിനി! കേരളീയ-
ൎക്കില്ലാ നിനക്കിലിഹ മാളയപക്ഷകൎമ്മം. 52

സാരസ്വതാൎച്ചപദഭക്തജനത്തിനെല്ലാം
ചാൎത്ത്വമേററമണയും 'നവരാത്രി'വന്നു
ഓരോ വിനോദകലകൊണ്ടിഹ കാലമൊക്കെ
നേരോടു കാന്തതരമാക്കമുദാരശീലേ! 53

ഹിന്തുക്കളിൽ ചിലരഹോ! ചിലതാചരിക്കും
ചിന്തിക്കിലിങ്ങു ശിവരാത്രിമുഖവ്രതങ്ങൾ
ചന്തങ്കലന്ന നവരാത്രി വെടിഞ്ഞിടുന്ന
ഹിന്തുക്കളില്ലയി സമസ്തമനോഹരാംഗി! 54

ഗ്രന്ഥങ്ങൾ ബുക്കുകൾ വിപഞ്ചി തുടങ്ങിയുള്ള-
യന്ത്രങ്ങളായുധഗണങ്ങളിതൊക്കെയിപ്പോൾ
ചന്തത്തിൽ വെച്ചു സകലേശ്വരിതൻപദാബ്ജം
ചിന്തിച്ചു ലോകരിഹ പൂജകഴിച്ചിടുന്നു. 55

ഭ്രാജത്സുവേഷസുഭഗേ! ബഹു പുസ്തകങ്ങൾ
പൂജയ്ക്കുവെയ്ക്കുമൊരുസുന്ദരമന്ദിരത്തിൽ
രാജാർഹമായ വിവിധോത്തമവസ്തുകൊണ്ടു
രാജിയ്ക്കുമാറധികമോടി വരുത്തിടുന്നു. 56

മോഹം മുടിയ്ക്കുമതിമോഹനമായ വാണീ-
ഗേഹം സുവർണ്ണമയമെന്നു നിനച്ചു ലോകം
മാഹാത്മ്യമുള്ള കമലാസനപത്നി വാഴും
ഗേഹം സുവർണ്ണമയമാക്കിയണിഞ്ഞിടുന്നു. 57

ചൊല്ലാർന്ന യോഗിവരർതൻ സുമനോഗൃഹത്തി-
ലല്ലാതെ പത്മജകുടുംബിനി പാർക്കയില്ല
മെല്ലെന്നിതോർത്തു കവിമാതരുളുന്ന ഗേഹ-
മെല്ലാം ജനങ്ങൾ സുമനോമയമാക്കിടുന്നു. 58

ഉൾക്കൊണ്ടിരുട്ടുകളെയും കമലാസനന്റെ
ചൊല്ക്കൊണ്ടിടും രമണിയാകിയ ദേവി വാണി
പാർക്കുന്ന ദിക്കു ബഹു ദീപമണിസ്വരൂപ-
മാക്കുന്നു ഭക്തികലരുന്ന ജനങ്ങളിപ്പോൾ. 59

സൂര്യോദയത്തിനു തികച്ചൊരു യാമമുള്ള
നേരം കുളിച്ചു ചതുരാനനമങ്കയാളെ
സാരസ്വതാദിമഹിതശ്രുതിമന്ത്രജാലം
സാരജ്ഞരായവർ ജപിച്ചു നമിച്ചിടുന്നു. 60

കാലേ മഹാഫലദയാകിയ വാണിതന്നെ-
ച്ചാലേ സുരദ്രുലതയെന്നു നിനച്ചിദാനീം
മൂലത്തിലായ്ഗ്ഗുണമിങ്ങു വരുത്തിടുന്നു
ചേലൊത്ത ശാസ്ത്രമറിയുന്ന ജനങ്ങളെല്ലാം. 61

ഒറ്റെന്നു ധാതൃദയിതാപദപൂജ വിട്ടു
മറ്റുള്ളതൊക്കെയൊരുപോലെയൊഴിച്ചിദാനീം
മുറ്റും ജനം മരുവുകെന്ന മഹാവിശേഷം
പറ്റും മഹാനവമിയാം തിഥിരികത വന്നു. 62

ബ്രഹ്മപ്രിയത്വമണയുന്നൊരു ദേവിയാകു-
മമ്മസ്സു.മുഞ്ഞു പരമുൽത്തളിരിൽ ഭവിപ്പാൻ
ബ്രഹ്മത്തെ നല്ല വഴിയിൽ തെളിവോടു കാട്ടും
സമ്മാന്യശാസ്ത്രമുരചെയ്തു ഭജിച്ചിടുന്നു. 63

ശ്രുത്യാദിനിഷ്ഠവിധിസൽപ്രണയം പെടുന്ന
സത്തായ ദേവിയുടെ ചേതസി മോദമേററാൻ
ശ്രുത്യാദിനിഷ്ഠവിധിതത്വമെഴുന്ന ശാസ്ത്ര-
മത്യാദരത്തൊടു പറഞ്ഞു ഭജിച്ചിടുന്നു. 64

ധാതുസ്വരൂപമനിശംപെടുമുള്ളമുള്ള
മാതംഗിയാം ഭഗവതിക്കുകതാർ കുളുപ്പാൻ
ധാതുസ്വരൂപജനിതോത്തമശബ്ദശാസ്ത്ര-
മോതുന്നു വാണിയുടെ മുമ്പിലിരുന്നു ലോകർ. 65

എല്ലാപ്പദാർത്ഥവുമിതിമ്പടിയത്ര തീർത്തു
ചൊല്ലാൻ ദേവനുടെ വല്ലഭയെജ്ജനങ്ങൾ
എല്ലാപ്പദാർത്ഥവുമെടുത്തു തെളിച്ചുകാട്ടി-
ച്ചൊല്ലുന്ന ശാസ്ത്രമുരചെയ്തു ഭജിച്ചിടുന്നു. 66

ഭക്തർക്കു വൃദ്ധിഗുണമാദിയിലേ കൊടുക്കും
വ്യക്താനുകമ്പിനി സരസ്വതിയെജ്ജനങ്ങൾ
ഇത്തവ്വുഃവൃദ്ധിഃ ഗുണഃമാദിയിലൊത്ത ശാസ്ത്രം
സത്തായുരച്ചു സതതം പ്രണമിച്ചിടുന്നു. 67

ചേതസ്സിലുള്ളൊരവിവേകതമസ്സറുക്കും
ജ്യോതിസ്സ്വരൂപിണി സരസ്വതിയെജ്ജനങ്ങൾ
ജ്യോതിസ്സ്വരൂപവരശാസ്ത്രമുരച്ചു സേവി-
ച്ചാതങ്കമററു മരുവുന്നു വളർന്ന ഭക്ത്യാ. 68

സാഹിത്യഗീതമയമാം കുചയുഗമൊത്ത
മാഹാത്മ്യമോടു വിലസും വിധിപത്നിതന്നെ
സാഹിത്യഗീതമഴകിൽ പ്രകടിച്ച ഭക്തി-
ബാഹുല്യമോടിഹ ജനങ്ങൾ ഭജിച്ചിടുന്നു. 69

മുട്ടാതെ ദേവി ദയ ചെയ്യുകിലിങ്ങു ചെണ്ട-
ക്കൊട്ടാതെതന്നെയിനിയങ്ങു കഴിച്ചുകൂട്ടാം
പെട്ടെന്നിവണ്ണമകതാരിൽ നിനച്ചു ചെണ്ട
കൊട്ടുന്നു വാണിയുടെ സന്നിധിയിൽ ജനങ്ങൾ 70

ഹൃദ്യാഖിലോത്തമഗുണങ്ങൾ പെടുന്ന സർവ്വ-
വിദ്യാകലാവിമലരൂപിണി വാണിതന്നെ
വിദ്യോതമാനശുഭമുള്ള ജനങ്ങൾ സർവ്വം
വിദ്യാകലാവലികൾകൊണ്ടു ഭജിച്ചിടുന്നു. 71

മോഹാന്ധകാരമഖിലം കളയുന്ന ദേവീ-
മാഹാത്മ്യമോർത്തു മഹിതസ്തവജാലമോതി
ദേഹാദിശുദ്ധിയൊടു ഭക്തജനങ്ങളോരോ-
ന്നീഹാനുരൂപമുടനർച്ചന ചെയ്തിടുന്നു. 72

പണ്ടേത്രയും ജവമൊടാത്മവധത്തിനായി-
ക്കൊണ്ടെത്തിടുന്ന മധുകൈടഭദൈത്യയുഗ്മം
കണ്ടത്തൽപൂണ്ടു വിധി വാഴ്ത്തിയ വിശ്വനാഥേ!
കുണ്ഠതമററു കുടികൊൾകടിയൻെറ ചിത്തേ. 73

സ്വായംഭുവസ്തുതികൾകൊണ്ടധികം പ്രസന്ന-
യായിസ്സരോജനയനന്നഥ ബോധമേകി
ന്യായാൽ വിരിഞ്ചനുടെ മുമ്പിൽ വിളങ്ങിയോരു
മായേ! മഹേശി! മരുവീടുക മന്മനസ്സിൽ. 74

ചട്ടററ കർണ്ണമലജാസുരരോടു യുദ്ധം-
വെട്ടി ശ്രമേണ കമലാപതി വാഴുമപ്പോൾ
പെട്ടെന്നു ദുഷ്ടതയെഴും മധുകൈടഭന്മാ-
ക്കേറ്റേറെ മോഹഭരമേകിയ ദേവി! പാഹി. 75

ലോകേശനാശു മധുകൈടഭദാനവേന്ദ്രാ-
ലോകത്തിനാൽ മനസി വാച്ച മഹാ ഭയത്തെ
ആകെക്കളഞ്ഞതിസുഖം സദയം വളൎത്ത
രാകേന്ദുബിംബമുഖി ദേവി! ദൃഢം പ്രസീദ. 76

ശൎവ്വാച്യുതദ്രുഹിണവാസവമാരുതാദി
സൎവ്വാമരാത്മഭവമഹസ്സുകൾകൊണ്ടു മുന്നം
അത്യൂൎജ്ജശോഭമുളവാം തിരുമൈ കലൎന്ന
ദിവ്യപ്രഭാവവതി ദേവി! നമോ നമസ്തേ! 77

മെച്ചപ്പെടുന്ന വിബുധാദികൾ കാഴ്ചയായി
വെച്ചീടുമായുധവിഭൂഷണജാലമെല്ലാം
ഉൾച്ചേൎത്തമമ്പിനൊടു വാങ്ങി വിളങ്ങിയോരു
സച്ചിത്സ്വരൂപിണി മഹേശ്വരി ദേവി! പാഹി. 78

സാക്ഷാത്സരോരുഹഭവാണ്ഡമുടൻ നടുങ്ങും
രൂക്ഷാട്ടഹാസജനിതോഗ്രരവങ്ങളാലെ
അക്ഷൗഹിണീഗണമെഴും മഹിഷന്നു ചിത്ത-
വിക്ഷോഭമേകിയ മഹേശ്വരി! കാത്തുകൊൾക. 79

മാന്യത്വമുള്ള മഹിഷാസുരനായകൻെറ
സൈന്യത്തെയാസകലവും കളിയാലെതന്നെ
ധന്യത്വമൊത്ത ഗണസിംഹസമേതയായി-
ജ്ജന്യത്തിലമ്പിനൊടു കൊന്ന മഹേശി! പാഹി. 80

പാരാടിടുമ്പടി പടുത്വമൊടോടിയെത്തി-
പ്പോരാടിടുന്ന മഹിഷൻെറ മഹാബലത്തെ
നേരായ്ത്തടുത്തധികനിഷ്ഫലമാക്കിയോരു
ഘോരാതിവീൎയ്യഗുണശാലിനി! ദേവി! പാഹി. 81

കൂൎത്തോരു ശൂലശിഖകൊണ്ടു ഗളം തുളച്ച
ധൂൎത്തേറിടുന്ന മഹിഷൻെറ നിണത്തിനാഥേ
പാൎത്തട്ടു മുന്നമഴകോടതിരക്തമാക്കി-
ത്തീൎത്തോരു ദേവി! ദയ ചെയ്ക വണങ്ങുമെന്നിൽ. 82

മാടൊത്തിടുന്ന മഹിഷാസുരമസ്തകത്തിൽ
ചാടിക്കരേറിയതുടൻ പൊട്ടിയും പ്രകാരം
കേടററ കേളിയൊടു ഭംഗിയിലന്നു നൃത്ത-
മാടിക്കളിച്ച സകലേശ്വരി ദേവി! പാഹി. 83

തങ്ങൾക്കു ഭംഗമുളവാക്കിയ ഭൂരിവീര്യം
തിങ്ങുന്ന ദൈത്യപതിയെക്കൊല ചെയ്തമൂലം
മങ്ങാത്ത ഭക്തിയൊടു നിർജ്ജരതാപസന്മാർ
ഭംഗ്യാ സ്തുതിച്ചു കഴൽ കൂപ്പിയ ദേവി! പാഹി, 84

നേരായ ഭക്തി കലരുന്ന സുരാദി തന്റെ
ഭൂരിസ്തവാർച്ചനകൾകൊണ്ടു തെളിഞ്ഞു പാരം
പാരാതവർക്കഖിലകാമവുമേകിയോരു
കാരുണ്യശാലിനി ജഗജ്ജനനി! പ്രസീദ. 85

ശുംഭാദ്യുപദ്രവനിവൃത്തി വരുത്തുവാനായ്
ജംഭാന്തകാദികളതിസ്തുതി ചെയ്തിടുമ്പോൾ
ശംഭൂത്തമപ്രണയിനീതനുവിങ്കൽനിന്നു
സംഭൂതയായ ഭുവനേശ്വരി! കാക്കകന്നെ. 86

ആടൽപ്പെട്ടും വിബുധരെക്കനിവിൽ കടാക്ഷി-
ച്ചീടൊത്ത മോദഭരമേകിയയച്ച ശേഷം
പാട്ടിക്കലാചലവരോപരി പൊന്നുഴിഞ്ഞാ-
ലാടിത്തെളിഞ്ഞു വിളയാടിയ ദേവി! പാഹി. 87

ശങ്കാവിഹീനമഥ തൽഗ്രഹണത്തിനുഗ്രാ-
ഹങ്കാരി ധൂമ്രനയനൻ ദ്രുതമെത്തുമപ്പോൾ
ഹുങ്കാരവഹ്നിയിലവൻതനു ചുട്ടെരിച്ച
പങ്കാപഹാരിണി ശിവേ! കളകെന്റെ പാപം. 88

ചണ്ഡത്വമുള്ള പടയൊത്തു വളഞ്ഞ ചണ്ഡ-
മുണ്ഡാസുരേന്ദ്രരുടെ കണ്ഠമകുണ്ഠരോഷം
ഖണ്ഡിച്ചൊരാബ്ഭഗവതിക്കു തെളിഞ്ഞുടൻ ചാ-
മുണ്ഡാഖ്യനൽകിയ മഹേശ്വരി! ഞാൻ തൊഴുന്നേൻ.

മാതൃക്കൾതൊട്ട പരിവാരമൊടൊത്തുചേന്ന
ദൈതേയരാജചതുരംഗമഹാബലത്തെ
ചാതുര്യമോട സമരത്തിൽ വധിച്ച നാഥേ!
ചേതസ്സിൽ മേ ചിരതരം വിളയാടുകമ്മേ! 90

കന്നിച്ച വീര്യമൊട്ട നേരിട്ടൊരു രക്തബീജ-
നെന്നുള്ള ദൈത്യവരനെജ്ജവമോടുപായാൽ
കൊന്നിട്ട സുംഭനഴലും ത്രിദശക്കു മുത്തും
തന്നാശ്ശേഷോടുത്ത ജഗദീശ്വരി! നോക്കുകെന്നെ. 91

തൻ ഭാഗിനേയവധമോത്തു ചൊടിച്ച പിന്നെ
സ്സുംഭൻനിസുംഭനിവർ പോരിനണഞ്ഞ നേരം
സംഭ്രാന്തി വിട്ടവരെ മൃത്യുവിനാശ്ശേഷോടുത്ത
ജംഭാരിവന്ദ്യചരണേ! ശരണം ശിവേ! നീ. 92

പോരിൽ സുരാരിബലമാസകലം വധിച്ച
നേരം സുരേന്ദ്രദഹനാദികളാദരേണ
പാരം സ്തുതിച്ച പരമേശ്വരി വിശ്വനാഥേ!
ചാരുപ്രസന്നമുഖി! ദേഹി മഹാസുഖം മേ. 93

ഉല്ലാസമോട നിജ ഭക്തിയിൽ മുങ്ങിനില്ക്കും
ചൊല്ലാന്ന ദേവമുനികൾക്ക മനോരഥത്തെ
എല്ലാം കൊടുത്തഥ തെളിഞ്ഞു മറഞ്ഞുപോയ
കല്യാണി! ഞാനഴകിൽ നിൻകഴൽ കൈതൊഴുന്നേൻ;

ഇത്യാദിയാസ്സലതരം സ്തവജാലമാതിര-
യത്യാദരത്തൊടിഹ ഭക്തജനങ്ങളെല്ലാം
സത്തായ ദേവിയുടെ ചാരു പദാബ്ജയുഗ്മം
ഉൾത്താരിലോത്തു സുഖമോട ഭജിച്ചിടുന്നു; 95

സമ്പൂർണ്ണമായ് ക്രമമൊടീവിധമൊമ്പതിപ്പോൾ
വമ്പേറിടും ദശമിയെന്നതു വന്നുചേന്ന
രംഭോരു! കാൺക പലമാതിരി ഹൃദ്യവിദ്യാ-
രംഭങ്ങൾകൊണ്ടു തെളിയുന്നു ജനങ്ങളെല്ലാം; 96

രാജാവാമിന്ദുവിന്നും സകലഭുവനസൽ-
ബന്ധുവാം ഭാനുവിന്നും
ഭ്രാജിച്ചീടും കരത്തിൻ ഗുണമഖിലമിണ-
ങ്ങുന്നു ഭംഗ്യാ ജഗത്തിൽ
രാജീവക്കണ്ണി! പൊങ്ങും തിമിരഹിമരജഃ-
പങ്കമില്ലൊട്ടുമെങ്ങും
രാജത്സമ്പത്തൊടേവം കരുതുക കരളിൽ
"കന്നിമാസസ്വഭാവം". 97

[കന്നിമാസം കഴിഞ്ഞു]

# തുലാമാസം

സേവിച്ചിടുന്നു രവി കാലകരൻ തുലാത്തെ
രാവിങ്ങഹസ്സോടധികം ശരിയായിടുന്നു
രാവിൻെറനാഥനുടെ നല്ലൊരു ബന്ധുവായി
മേവുന്ന വക്ത്രരുചിശാലിനി! കണ്ടുകൊൾക. 1

ചേണാൎന്ന കന്യയൊടു ചേൎന്നു ചിരം തെളിഞ്ഞു
വാണോരുവാസരപതിക്കിഹ നീചഭാവം
കാണുന്നു വാസരമഹോ നിശയിങ്കൽനിന്നു
താണീടുമാറിത കുറഞ്ഞുവരുന്നു കാൺക. 2

കന്യാഭിഷംഗമൊടു വാണ സരോജബന്ധു
പിന്നെത്തുലാധിഗതനാവുകമൂലമിപ്പോൾ
നന്നായ് ബലക്കുറവു പൂണ്ടതിനീചനായീ-
ട്ടിന്നുണ്ടു കാൺകയിസരോജവിരോധിനേത്രേ! 3

തേജസ്സുകൊണ്ടതുലനെന്നു ജഗൽപ്രസിദ്ധൻ
രാജിച്ച കന്യയൊടു ചേൎന്നു തെളിഞ്ഞ ദേവൻ
തേജസ്സു പാരമത്തുനാൾ ചിലവായൊരൎക്കൻ
വ്യാജം വെടിഞ്ഞു തുലയൊത്തു ചമഞ്ഞിടുന്നു. 4

നീചത്തിലായ് നില തമോരിപുവാം രവിക്കു
മോശത്തിലായി ബലമത്ര ഗണിച്ചിടുമ്പോൾ
ക്ലേശാതെ കൂരിരുളിനോടതിവൎണ്ണസാമ്യ-
മേശും നളിനവ്രജമയന്നലരുന്നു പാരം. 5

വാരാശിതന്നിലിഹ പങ്കജബന്ധുഭാവം
നേരാക്കൂലന്നൊരു സഹസ്രകരൻ ദിനേശൻ
പാരാതെ മുങ്ങിയൊരുശേഷമുയൎന്നുവന്നു
ചേരുന്നു ചേറുകൾ കറുത്ത ഘനച്ഛലത്താൽ. 6

ദേവൻ തമോരിപു ദിവാകരനസ്തമിപ്പാൻ
ഭാവിച്ചിടുമ്പൊളധുനാ തിമിരവ്രജങ്ങൾ
ആവോളമുൽകടരവങ്ങൾ മുഴക്കി വേഗാ-
ലാവിർഭവിച്ചു വിലസുന്നു ഘനങ്ങളായി. 7

ദേവാരിലോകഗുരുതൻ ഭവനേ കടന്നു
ദേവോത്തമൻ തരണി ദുർബ്ബലനീചനായി
രാവിങ്ങടുത്തു സുരവൈരികളാൎത്തു ഘോരാ-
രാവങ്ങൾ ചെയ്തിത വരുന്നു ഘനച്ഛലത്താൽ. 8

ചൊല്ക്കൊണ്ട കന്യയൊടു ചേൎന്നുതെളിഞ്ഞു, വ[illegible]ണൊ-
രൎക്കന്റെ സൽഗ്ഗുണവും മറയുംപ്രകാരം
ദുഷ്കീൎത്തിസഞ്ചയമിതാ ഘനമായുയൎന്നു
ദിക്കൊക്കയങ്ങിനെ മുഴക്കി വളൎന്നിടുന്നു. 9

ലോകങ്ങൾ കന്നിവറവേററിഹ ചുട്ടുചുട്ടു
പാകമ്മുഴുത്തു ബഹു ദുർബ്ബലമായ്ഭവിക്കെ
ശോകത്തൊടിങ്ങിനെ ജഗത്രയനാഥനായ
പാകാരി പാൎത്തു ജലദൌഘമയച്ചിടുന്നു. 10

ഇങ്ങേപ്പുറത്തു മുഴുവൻ പകൽ വേനലേററ-
മങ്ങേപ്പുറത്തു മുഴുവൻ വലുതായ് വൎഷം
മങ്ങാതെ ചേൎന്നിവ ഗുണം കലരുന്നു പാരം
ഭംഗ്യാ കരിങ്കുഴലണിപ്പുതുമല്ലിമാലേ! 11

പാരം ബലം ദിവസനാഥനു നഷ്ടമായ
നേൎത്തു ഹന്ത! പതിവായ്ദിവസാൎദ്ധഭാഗം
കാറെന്നു പേരെഴുമിരുട്ടുകളാക്രമിച്ചു
കേറിബ്ബലത്തൊടു പിടിച്ചുപറിച്ചിടുന്നു. 12

വേഴ്ചക്കഹെപ്പതി സരിൽപ്പതിയോടുകൂടി-
ക്കാഴ്ചക്കുചെല്ലുമളവിന്ദ്രധനുശ്ഛലത്താൽ
കാഴ്ചയ്ക്കു തോരണമണിഞ്ഞഥ ഘോഷമാക്കാൻ
തീച്ചയ്ക്കു നല്ലൊരിടിയാം വെടിവെച്ചിടുന്നു. 13

അത്യുഗ്രവീര്യകരനാം ഹരി പൂർവ്വശൈല-
മൊത്തംബരസ്ഥലവനംവഴിയായ്ജവത്തിൽ
അസ്തത്തിലെത്തുമളവിങ്ങിരുളെന്നു ചൊല്ലും
മത്തദ്വിപങ്ങളിത വന്നുനിറഞ്ഞിടുന്നു. 14

ക്ഷീണിച്ച ഭാസ്കരനെയങ്ങു പിടിച്ചു കൊണ്ട-
ലാണെന്നു ചൊല്ലുമിരുൾ കട്ടു മരീചിയെല്ലാം
ചേണാന്നൊരാ മുതൽ തെളിഞ്ഞിത മിന്നലായി-
ക്കാണുന്നു തെല്ലിട ചിലപ്പൊളിതിൽ ജനങ്ങൾ. 15

പാരാതഹോ പകലുതന്നെ ഘനാന്ധകാരം
പാരാകവേ നിറകകൊണ്ടു ജനത്തിനെല്ലാം
നേരായ്ദിനാധിപതിഭാസ്കരനസ്തമിക്കു-
ന്നേരം ഗ്രഹിപ്പതിനു ദുർഘടമായിടുന്നു. 16

ഘോരപ്രതാപനിധിയായ ദിനേശനേയും
പാരം പിടിച്ചുടനൊതുക്കിയ മേഘവൃന്ദം
ചേരുന്നനേരമസിതാംബുദവേണി! ചന്ദ്ര-
താരങ്ങൾതൻ കഥ കഥിപ്പതിനെന്തിരിപ്പു? 17

കൊള്ളാം പയോധരസമൃദ്ധിയിതംബരത്തെ-
ക്കള്ളം വെടിഞ്ഞഖിലമേററമൊതുക്കിടുന്നു
ഉള്ളിൽ ചിരിക്കുമളവംബരമോടുമാറു
തുള്ളുംപയോധരവശീകൃതവിശ്വലോകേ. 18

മിന്നുന്നു തീപ്പൊരികൾ നല്ലിടിമിന്നലായി-
ച്ചിന്നുന്നു കൊണ്ടൽനിരയാം പുകയിങ്ങുമിങ്ങും
ഒന്നായ്മുഴങ്ങിയിടിയാം വെടി കേട്ടിടുന്നു
നന്നായ്മഹോത്സവമിതാ കഴിയുന്നു വിണ്ണിൽ. 19

വററീത്തുടങ്ങി കിണറും കുളവും ഭുജിപ്പാൻ
വററാക്കമൊന്നുമിനിമേൽ കിടയാതെയാകും
കൊററിന്നു വേണ്ടതു കൊടുക്കുവിനെന്നു ശക്രൻ
തെററന്നയച്ച ജലദങ്ങൾ വിളങ്ങിടുന്നു, 20

വല്ലാതെ മൂടി വിലസുന്നിതു നോക്കിടുംദി-
ക്കെല്ലാം കനക്കുമസിതാഭ്രഗണത്തിനാലെ
കല്യാണി! കാൺക ബഹുഭംഗി കലന്ന മിന്നു-
ലില്ലാതെയില്ലൊരിടവും ഗഗനത്തിലെങ്ങും, 21

കേകരവിടുന്നിടി മുഴങ്ങുകയല്ലിതൊച്ച
കൂടുന്ന മദ്ദളമടിച്ചു മുഴങ്ങിടുന്നു
ആടുന്നു സർവ്വജനദൃഷ്ടികളും പ്രമോദം
തേടുന്നതിന്നിത തടിന്നടി ഭംഗിയോടെ. 22

തന്മേഘവേണിയിലിടക്കിടിമിന്നലാകും
നന്മാല ചാത്തുമതുടൻ തെളിയാതെ നീക്കും
ഇമ്മട്ടു വൃഷ്ടിനവലക്ഷ്മി പുറപ്പെടുന്നു
നന്മാല വാർകുഴലിലെപ്പൊഴുമുള്ളകാതേ! 23

ഏറുന്ന നീരൊടുദയാദ്രിയിൽനിന്നു ചാടി-
ക്കേറുന്ന നീരദഗജം തടിദ്ദൽക്ക തട്ടി
ഘോരാരവങ്ങളുടനങ്ങിനെ ചെയ്തിടുന്നു
പാരം ഭയത്തൊടിടിവെട്ടിടുമെന്നപോലെ. 24

പെട്ടെന്നു ചണ്ഡതരവാതമണഞ്ഞിടുന്നു
പൊട്ടിഗ്ഘനാദ്രിഖരങ്ങൾ തെറിച്ചിടുന്നു
ചട്ടററ ശബ്ദമൊടു തമ്മിലവററകൂട്ടി-
മുട്ടിത്തടിന്മയമഹാഗ്നി പുറപ്പെടുന്നു. 25

ത്രൈലോക്യമാസകലവും തെളിയിച്ചിടുന്ന-
ല്ലാലോകമുള്ളൊരു വിളക്കു സരോജിനീശൻ
കോലാഹലത്തൊടു വരും വലുതായ കാറേ-
ററാലോലപത്മമിഴി! താണിത കെട്ടിടുന്നു. 26

അഭ്രവ്രജത്തിനതിവേഗമൊട്ടേററമെങ്ങും
വിഭ്രംശമേകിയണയുന്നു കഠോരവാതം
അഭ്രം സ്വരത്തുമുടനേ ബഹുരത്നമൊത്തു
സൎപ്പങ്ങളുള്ള ജലരാശിയിലിട്ടിടുന്നു. 27

അററംവെടിഞ്ഞ ഘ്രണമൊക്കമനന്തരത്താം
തെററന്നു തന്നോടിഹ ചേൎന്നളവിൽ സമുദ്രം
കാറേററു കോളിളകുകെന്നൊരു നാട്യവും പൂ-
ണ്ടേററം രസിച്ചുടനെ തുള്ളിമറിഞ്ഞിടുന്നു. 28

അത്യുച്ചമായ മരമേറിയ വല്ലിതൻനൽ-
പ്പൂത്തൻപ്രസൂനഗണമിങ്ങു കൊഴിച്ചുകൊണ്ടും
ഇത്തവ്വിലഭ്രനികരത്തെ വലിച്ചുലച്ചു-
മെത്തുന്നു ചണ്ഡപവനൻ പവനാശവേണി! 29

ആകെപ്പയോധരഘനാവലി കാറെറടുത്തു
പോകുന്നു പിന്നെയുമതങ്ങിനെ പൊങ്ങിടുന്നു
മാഴ്കാതെ വാതഗതി നിൎത്തിടുമുച്ചശൈലം
കൈക്കൂപ്പിടും ഘനപയോധരഭാരനമ്രേ! 30

ചട്ടററ തോട്ടപുഴക്കുപതടാകമെന്നു-
തൊട്ടുള്ളവററകളിൽനിന്നു ഘനവ്രജങ്ങൾ
കട്ടൊരുവെള്ളമിടികൊണ്ടു രവം മുഴക്കി-
പ്പൊട്ടുന്നു വൎഷമിഷമോടിത വിട്ടിടുന്നു. 31

മെല്ലെന്നു ശീതജലമുഷ്ണകരൻ കരത്താൽ
തെല്ലിങ്ങു കന്നിയിലെടുത്തു പരം തുലാത്തിൽ
വല്ലാതെകണ്ടബലനായതൊതുക്കുവാൻ കെ-
ല്പില്ലാതെ സൎവ്വവുമുടൻ മഴയായ്വിടുന്നു. 32

കഷ്ടിച്ചു പാതിയിഹ കന്നിയിലുഷ്ണരശ്മി-
ഘൃഷ്ടിവ്രജം ജലമൊട്ടുക്കിയ കാരണത്താൽ
പുഷ്ടിക്കു സമ്പ്രതി തുലാധരനായ കാലം
വൃഷ്ടിച്ഛലത്തൊടിത തേവിവിടുന്നു വെള്ളം. 33

ഘോരാതപത്തിൽ മഹി വെന്തിതു കന്നിതന്നിൽ-
പ്പാരാതെ ലക്ഷ്മിയതിനാലിനി വാഴ്കയില്ല
നേരായിതോൎത്തു കരുണാംബു പൊഴിച്ചു മേഘ-
നാരായണൻ കുളുർമ മന്നിൽ വരുത്തിടുന്നു. 34

മാവേലിമാസയുഗളത്തിലടുത്തുമുമ്പി-
ലാവോളമിങ്ങു വിളയാടിയതാശ്രു നിൎത്താൻ
ശ്രീവാമനൻ ഘനനമിഷാൽ മുതിരുന്നു വൎഷ-
മാവില്ലതംഘ്രി കഴകിച്ചു ജലപ്രവാഹം. 35

കുള്ളം വിനാ പവനവേഗവശാലുയൻു
വെള്ളം തരുന്നു ജലദങ്ങൾ വിരാമമെന്യേ
വെള്ളത്തിനൊക്കയുമൊരീശ്വരനാം സമുദ്രം
തുള്ളിക്കളിച്ചിത രസിച്ചു വിളങ്ങിടുന്നു. 36

ഒന്നായ് ഘനങ്ങൾ ചൊരിയും മഴകൊണ്ടു വേഗാൽ
നന്നായ് ത്തടിച്ചു തനുവൊത്തൊരു തള്ളലോടെ
വന്നെത്തിടും നദികളോടിടചേൎന്നു മോദം
കുന്നിച്ചു തുള്ളിമറിയുന്നു നദീശനിപ്പോൾ. 37

ധാരാളമാൎത്തിണറിലൊക്കെ നിറഞ്ഞു പൊങ്ങി
നീരാകയാലഗുണവാനുമതിങ്ങെടുക്കാം
ധാരാളമാം വെയിലുതിൎത്തിവ കിട്ടുമാക്കും
നേരായ് സുദുർല്ലഭതരം ഗുണസാദ്ധ്യമല്ലോ. 38

കള്ളം വിനാ കട വലിഞ്ഞൊരു മുണ്ടകൻ ചേ-
ൎന്നുള്ളോരു കണ്ടമഖിലം രസപൂൎണ്ണമായി
കൊള്ളാം തുലാത്തിൽ മഴ കാമരസപ്രയോഗാ-
ലുള്ളംനിറച്ചുലകലികളുദാരശീലേ! 39

ആക്ഷേപമാം വറവുകൊണ്ടിനിയെന്നു വെള്ളം
സൂക്ഷിച്ചിടുന്നു ചിറകെട്ടിയുടൻ കൃഷിക്കാർ
വീക്ഷിച്ചിടുന്നവർകൾ തങ്ങടെയുള്ളിലാക്കി
സ്സൂക്ഷിച്ചിടും രസമയാകൃതിഹാവഭാവേ! 40

മെല്ലെത്തപിച്ചിഹ ചടച്ച ജലാശയങ്ങൾ
വല്ലാതെ വാച്ച ജലപുഷ്ടികൾകൊണ്ടിദാനീം
എല്ലാററിനും ജഗതി വൃദ്ധിസമങ്ങൾകൊണ്ടു-
ണ്ടല്ലോ സമൃദ്ധശശഭൃൽക്ഷയദായിവക്ത്രേ! 41

നീരേററമായുലകിൽ വന്നു നിറഞ്ഞിടുന്നു
പാരഞ്ചടച്ചവകളത്ര തടിച്ചിടുന്നു
പൂരാൎത്ത് കാങ്കയി പുനൎന്നവരൂപമായി-
ത്തീരുന്നു ലോകമഖിലം തനുഗാത്രിയാളേ! 42

പള്ളിക്കുറുപ്പുണരുമിങ്ങലറീടുമാഴി-
യുള്ളിൽക്കിടക്കുമൊരു തൻപതി പത്മനാഭൻ
ഉള്ളത്തിലെന്നു കരുതി ക്ഷിതി കോരിവീഴ്ത്തും
വെള്ളത്തിനാലുടലിൽ നന്മ വരുത്തിടുന്നു. 43

എങ്ങും കൃഷിക്കുചിതമാംപടി വെള്ളമേററം
തിങ്ങുന്നു വേനലിലുമൊക്കെയൊടുങ്ങിടാതെ
ഭംഗ്യാ മനോഭവഗുണം വിളയുംപ്രകാരം
ശൃംഗാരസാരരസപൂൎത്തിയൊടൊത്തകാന്തേ! 44

മെല്ലെക്കൃഷിക്കു വളമാകിയ വെള്ളമിങ്ങു
വല്ലാതുടൻ ചളികലങ്ങി വരുന്നു വേഗാൽ
മല്ലായുധന്റെ വളമായ രസം നിറഞ്ഞ
കല്യാണദൃഷ്ടികളിലഞ്ജനമുള്ളകാന്തേ! 45

മാനത്തിൽനിന്നു ഗിരിവൃക്ഷഗൃഹങ്ങളിൽ തൽ-
സ്ഥാനത്തിൽനിന്നു ധരയിൽ, ധരതന്നിൽനിന്നു്
ഹാ നിന്ദ്യപങ്കമൊടു ചേൎന്നിഹ താണദിക്കിൽ
താനേ ജലൌഘമിത ചെന്നു വസിച്ചിടുന്നു. 46

കേടായ് ദ്രവിച്ച പലദിക്കിലുമോലമേഞ്ഞ
വീടാകവേ കിമപി ചോൎന്നു നനഞ്ഞിടുന്നു
കോടിക്കൽവച്ചൊരു ചരക്കു നിറഞ്ഞു നീർ പോ-
യീടുന്നു ഭംഗികൾവഴിഞ്ഞൊഴുകും നതാംഗി! 47

തെററന്നു ചോന്ന പുരതന്നിൽ നനഞ്ഞൊലിച്ചൊ-
രററത്തിരുന്നു ചില വൃദ്ധർ വിറച്ചിടുന്നു
കുററം വെടിഞ്ഞഴകുചേരെന്നൊഴുകുന്ന മെയ്യാൽ
മററുള്ളവക്കു മദനജ്വരമേകുമാര്യേ! 48

ഓടിട്ട നൽപുരകൾ തന്റെ പുറത്തുവീണു
കൂട്ടം ജവത്തൊടു ജലം ബഹുശബ്ദമോടെ
ചോടാകവേ പിളരുമാറിത വന്നു കുത്തി-
ച്ചാടുന്നു കാമശരദാരിതകാമിചിത്തേ! 49

കോലായ്പ്പുറം നനയുമാറിത തൻ കരത്താൽ-
ക്കോലാഹലത്തൊടിറവെള്ളമടിച്ചിടുന്നു
ബാലാളിസർവ്വമലിയുമ്പടി സാധു നാനാ-
ലീലാരസങ്ങളിഹ കോരിയൊഴിക്കുമാര്യേ! 50

സ്നിഗ്ദ്ധത്വവും മധുരഭാവവുമൊക്കവാൻ വ-
ന്നെത്തുന്നു മൂടിയൊരുകേരതടത്തിൽ വെള്ളം
മുത്താദിയായ് മഷിവരെപ്പലഭൂഷണൌഘം
മർത്ത്യാഭ ചേർത്തണിയുമുത്തമഗാത്രിയാളേ! 51

ലാളിച്ചിടുന്നു മഴയാൽ മലയാളമെന്നും
കാളാംബുദങ്ങൾ പരദേശമതല്പമാത്രം
നാളീകബാണനിതരാംഗനമാരിലേറെ
ലാളിക്കയാലധികകേളികലന്നകാന്തേ! 52

കാററൂതി വന്മഴ വരുമ്പൊഴുതിൽ പഠിപ്പാൻ
തെറെറന്നു പോയവർ തിരിച്ചുവരായ്കമൂലം
പെററമ്മമാർ വഴിയിലങ്ങിനെ കൺപതിച്ചു
മിററത്തിറങ്ങിയുടനേററമുഴന്നിടുന്നു 53

ഓർക്കാതെ വന്ന മഴയാൽക്കുട കയ്യിലില്ലാ-
ഞ്ഞോർക്കുന്നു ലോകരതുകണ്ടു വിറച്ചു മാർഗ്ഗേ
കാക്കാശിനും ഗതിപെടാത്തവർ മാരിയെല്ലാം
പോക്കെന്നപോലെ ശിവ! കൊണ്ടുവിറച്ചിടുന്നു. 54

പെട്ടന്നകത്തുമതിശീകരവൃഷ്ടിയാകും
മട്ടുള്ള കാററുകൾ മഹാജലവർഷശബ്ദം
ഞെട്ടിച്ചിടുന്നിടിയിരുട്ടിവയുള്ള രാവി-
തൊട്ടേറെ നന്നു പൃഥുലസ്തനിതന്വി ഭീരു! 55

മാനങ്കരേറിയ മഹാഗജമായ മേഘ-
മൂനം വൂനാ മലകൾതന്നിൽ വിടുന്നു വെള്ളം
സ്ഥാനത്തൊഴുക്കിനെതിരായ വഴുക്കൽ ചേർത്തി-
ട്ടാനപ്പണിക്കുടനെളുപ്പമണച്ചിടുന്നു 56

തുംഗതമമാർന്ന ധരണീധരസഞ്ചയങ്ങ-
ളിങ്ങൊത്തിടും ബഹുലജീവനസഞ്ചയത്തെ
മങ്ങാതെ ഭൂമിയിലശേഷജനോപകാര-
മങ്ങാകുവാനുടനെതന്നെ കൊടുത്തിടുന്നു. 57

ചേരുംവിധം കുട വിരിപ്പു പുതപ്പിതൊന്നും
ചേരാതെയുള്ള ഗിരിവാസികൾ മാരിയാലെ
പാരംവിറച്ചു മരുവുന്നു, ലഭിപ്പവന്നു
തീരെത്തണുപ്പുകളയുംകുളുർകൊങ്കയാളേ! 58

വെള്ളം ഹരൻെറ തലയിൽ സലിലോത്ഭവത്തി-
ന്നുള്ളത്തിൽ നാന്മുഖനിരിപ്പു ഹരിക്കു നിത്യം
പള്ളിക്കുറുപ്പു കടലിൽ ഭുവി സസ്യവൃദ്ധി
വെള്ളത്തിനാൽ മുഴുവനിജ്ജലവൃഷ്ടി കൊള്ളാം. 59

ഏന്തും മദത്തൊടു സരസ്സുകളിൽക്കിടന്നു
നീന്തിക്കളിച്ചുടനെ കൊമ്പുകളിട്ടുതല്ലി
ചിന്തും രസേന മഹിഷങ്ങൾ വിളങ്ങിടുന്നു
ചന്തങ്കലർന്നു വിലസും കളഭങ്ങൾ പോലെ, 60

പട്ടിക്കു കന്നി, വൃഷഭത്തിനു കുംഭമാസം,
പൊട്ടററ പോത്തിനു തുലാം മദകാലമേവം
നാട്ടിൽ പ്രിയേ! പലതിനും പലതാം സ്വഭാവം
കോട്ടം വിനാ സുരമഹാമദനിത്യദാത്രി! 61

കന്ദങ്ങളിൽ പെരിയമുമ്പു ലഭിച്ച ചേന
നന്നായ്വളൎന്നു തരുണീസ്തനതുല്യമായി
മന്ദംതൊട്ടന്നളവില്ലല്ലൂടമായ്ത്തൊലിയ്ക്കാ-
നന്ദം വളൎക്കുമതുലസ്തനമുള്ളകാന്തേ! 62

ഊനം വെടിഞ്ഞഖിലരുന്തനുവിൽ പിരണ്ടാൽ
സ്നാനാദിചെയ്യുകിലുമും ചളിയാണു പോലും
ചേനക്ക ചേച്ച്, മൃഗനാഭിരസം രസിച്ച
പീനസ്തനങ്ങളിലണിഞ്ഞിട്ടുമുത്തമാംഗി! 63

ബാലാംഗനാമുലകൾപോലെയുരുണ്ട ചേമ്പു
കാലേ പറിച്ചതു ജനങ്ങൾ ഭുജിച്ചിടുന്നു
ശീലിപ്പതില്ല ചിലർ കൂക്ക്,പെരുത്ത മന്ത്ര-
കാലിൻെറ വിത്തുകൾ നിനച്ചോരറപ്പു മൂലം 64

എല്ലാടവും സ്ദ്രഢമാമ്പടിമൂട്ടമാറു
പുല്ലാശു വാച്ചു വിലസുന്നു ധരിത്രിയിപ്പോൾ
വല്ലാത്തൊരീമഴയിൽ വന്ന തണുപ്പു തീൎപ്പാൻ
വില്ലീസുകൊണ്ടൊരു പുതപ്പു പുതച്ചപോലെ 65

പുല്ലാകയില്ല ജലവൃഷ്ടിയിൽ വീണ പച്ച-
ക്കല്ലാണു നൂനമിതു കാണ്കുതിശോഭയോടെ
ചൊല്ലാൎന്ന രത്നമെഴുമംബുധിതന്നിൽ നിന്നി-
ട്ടുല്ലോലഘനങ്ങളിഹ വെള്ളമെടുത്തിടുന്നു. 66

ആയുൎബ്ബലമ്മുതലശേഷഗുണം തരുന്ന-
തായുള്ള ദിവ്യബഹുവീൎയ്യമെഴും ഘൃതത്തെ
ന്യായത്തിൽ നല്കുമൊരു ഗോനിവഹത്തിനുള്ള
കായസ്ഥിതിപ്രദമഹോ! തൃണമെത്ര സാരം 67

ചേരേണ്ടമട്ടഴകിനോടിഹ ചേൎന്നുവെന്നാൽ
നേരായ നന്മകൾ വരാത്തൊരു വസ്തുവുണ്ടോ
പാൎക്കാതെ കാൺക പശു തിന്നൊരു പുല്ലു പാലാ-
യ്ത്തീരുന്നു സമ്പ്രതി മഹീപരിഭൂഷിതാക്ഷി!! 68

മെല്ലെപ്പശുക്കളിഹ പെററുതുടങ്ങി നാട്ടി-
ലില്ലൊട്ടുമേ കുറവു പുല്ലിനുമംബുവിന്നും
വല്ലാതെ വീൎത്തവിടെടുത്തിടുവാൻ കുഴക്കം
തെല്ലല്ലിവൾക്കു പൃഥുലസ്തനഭാരതാന്തേ! 69

ഉൾക്കൊണ്ട പാലൊടു തടിച്ചകിടുള്ള പശുക്കൾ
ചീക്കെന്നു കുട്ടികളണഞ്ഞു കുടിച്ചിടുമ്പോൾ
ഉൽക്കണ്ഠയോടവകൾ തന്നുടലൊക്കെ നന്നായ്
നക്കുന്നു ബാലപരിലാളനലോലശീലേ! 70

കേടററപാൽ വയർ നിറച്ചു കുടിച്ചുതുള്ളി-
ച്ചാടിക്കളിച്ചു ചെറുകുട്ടികളോടിടുമ്പോൾ
കൂടുന്നൊരിഷ്ടമൊടു കാൺക പശുക്കളൊപ്പ-
മോടുന്ന സൽഗുണവശീകൃതസൎവ്വലോകേ! 71

ചാടിക്കളിച്ചതിരസത്തൊടു വാലുപൊക്കി-
യോടുന്ന തങ്ങളുടെ കുട്ടികളെസ്സദാപി
കൂടുന്ന കൌതുകരസത്തൊടു നോക്കിടുന്ന
മാടിൻഗണത്തിനിടയില്ലിഹ തിന്നുവാനും. 72

മഞ്ജുതമോടുടലിൽ മഞ്ഞളരച്ചുതേച്ചും
മഞ്ഞപ്പിലാവിലകൾകൊണ്ടു ജലം കൊടുത്തും
സഞ്ജാതഭക്തിരസമോടു തുലാം കുളിച്ചു
കഞ്ജാക്ഷി! കാൺക വിലസുന്നിതു പെൺകിടാങ്ങൾ 73

കന്യാജനങ്ങളഴകോടു തുലാം കുളിച്ചു
മിന്നുന്ന മഞ്ഞനിറമാകിയ മേനിയോടെ
നന്ദിച്ചു കാണുമവർതന്മിഴി മഞ്ഞളിപ്പി-
ച്ചുന്നല്ല കാന്തി കലരും ശുഭഗാത്രിയാളെ! 74

ചന്തങ്കലൎന്നു വിലസുന്ന തുലാംകുളിക്കു
മന്ത്രങ്ങളുണ്ടു പലമാതിരി ഗാനമായി
എന്താണിതിന്റെ ഫലമെന്തിതിനുള്ള മൂലം
ചിന്തിക്ക സൎവ്വവനിതാകുലമൂലഭൂതേ! 75

കുഴുണ്ടുപോൽ മണിമയക്കിണറങ്ങു തൃശ്ശൂ-
രേഴുണ്ടുപോൽ മതിലകത്തിഹ പൂത്തെലിഞ്ഞി
ത്താഴാത്ത തത്സ്വരമൊടിങ്ങനെ പാടിടുന്നു-
ണ്ടുഴപ്രകാരമഴകേറിയ പെൺകിടാങ്ങൾ. 76

ചട്ടററ ചെണ്ടമുറി പപ്പടമെന്ന നാട്യം
ഒപ്പട്ടുള്ളചെങ്ങില രസാലിവതൻപ്രയോഗം
ഒപ്പട്ടെന്നു പാൽപ്രഥമനുത്തമിതൊത്തൊരോത്തു-
കൊട്ടിൻകലാശമിവിടെക്കഴിയുന്നു കാന്തേ! 77

ദേവാളിരാജനിഹ തൻമുതൽ വാരിവർഷി-
ച്ചാവോളവും ഭുവി സുഖം നിഖിലക്കമേകി
ദീവാളിയായ്മുതലൊട്ടങ്ങിയടങ്ങി വർഷം
ദീവാളിയെന്നു പരദേശികളാർത്തിടുന്നു. 78

തണ്ടാർമകൾക്കടയവൻ നരകാസുരൻെറ
കണ്ഠം മുറിച്ചതു ചതുർദ്ദശിതന്നിലത്രെ
കുണ്ഠതമററു പരമോത്സവമാചരിച്ച
കൊണ്ടാടിടുന്നു പരദേശികളിന്നുമന്നാൾ. 79

തൈലത്തിലൊക്കെ മലർമാതമരുന്നു കാല്യ-
കാലത്തിലന്നു സുരസിന്ധുജലത്തിലൊക്കെ
ചേലൊത്തിവണ്ണമകതാരിൽ നിനച്ചുഷസ്സാം-
കാലത്തിൽ മർത്ത്യരിത തേച്ചുകുളിച്ചിടുന്നു. 80

ആവോളമെങ്ങിനെ മഹോത്സവഘോഷമോടെ
മാവേലിയോണമിവിടത്തിൽ നടന്നിടുന്നു
ദീപാളിയങ്ങിനെ നടന്നുവരുന്നു വെണ്ണി-
ലാവൊത്തമന്ദഹസിതേ! പരദേശനാട്ടിൽ. 81

ശ്രീവന്നുവാണരുളുമീ മലയാളനാട്ടിൽ
ദീവാളിയെന്നൊരടിയന്തരമില്ല മുമ്പിൽ
ആവോളമിങ്ങു പരദേശി നിറഞ്ഞുവന്നു
ദീവാളി, കായസുഷമാഞ്ചിതകഞ്ജകാക്ഷ്യേ! 82

ദീവാളിയങ്ങിനെ കഴിഞ്ഞൊരു ശേഷമിങ്ങു
മേവുന്നവക്കു ചിലവിന്നു ചരക്കനേകം
ആവോളമേന്തിയഥ കപ്പൽ വരുന്നു ഹാവം
ഭാവാദിസൽഗ്ഗുണധനാക്ഷയപാത്രഗാത്രി! 83

കാലാനുരൂപമിഹ കോളിളകീട്ടു ചെന്ന
കോലാഹലങ്ങളെ വെടിഞ്ഞ മഹാണ്ണവത്തെ
ചേലായണിഞ്ഞു ബഹു കപ്പൽ വരുന്നു നാനാ-
ലീലാവിലോലകബരീഗളിതാർദ്രമാലേ! 84

ശീമച്ചരക്കിനിഹ നന്മ വരും പ്രകാരം
ക്ഷാമമകന്ന ഭുവി സേട്ടുകൾ തന്മനസ്സിൽ
ആമോദമായുഴിയിൽ വീണിതു വായുസിന്ധു-
ഭീമപ്രയോഗമഴകാംവിധമററമെത്തി. 85

കാണുന്നു മാസമതിലും ലഘുവായ്വിശേഷ-
മോണത്തിനായതഴകോട്ട ഭുജിക്കയല്ല
ചേണാന്നിടുന്നടതുടങ്ങിയ സാധനങ്ങ-
ളേണാങ്കചൂഡസുതനേകുകയാണതല്ലോ. 86

മെല്ലെളകിച്ചു കുറിയിട്ടു തെറിഞ്ഞുടുത്തു
കല്യാണകാന്തിയൊടണിഞ്ഞൊരു പെണ്ണിടാങ്ങൾ
ചെല്ലാന്നിട്ടും ഗണപതിക്കിടലെന്ന കമ്മ-
മെല്ലാച്ചടങ്ങുകളുമൊത്തു നടത്തിടുന്നു. 87

ചട്ടററ തേങ്ങ മലർ നല്ലടയപ്പമെന്നു-
തൊട്ടുള്ള സാധനഗണം ഗണനാഥനായി
കുട്ടികളംഗമിഴിമാരിഹ കാഴ്ചവെച്ചു
പെട്ടന്നനേകവിധമായ്സ്തുതി ചെയ്തിടുന്നു. 88

കൊമ്പൊന്നു ഭക്തനിവഹത്തിലൊടുങ്ങിടാതു-
ള്ളൻപിപ്പടികളവിലസുന്നൊരു തമ്പുരാനെ
കുമ്പിട്ടിടുന്നൊരടിയാരുടെസവ്വകാമ-
സമ്പൂത്തി ചെയ്യു ഗണനാഥ! നമോ നമസ്തേ! 89

തുമ്പക്കെഴും മലർ തൊഴും മലർ, മോദകങ്ങൾ,
വയ്മ്പിച്ച തേങ്ങകൾ പഴങ്ങൾ സിതാഗുളങ്ങൾ
ഇമ്പങ്കലർന്നിവകളെബ്ഭവദീയമായ
തുമ്പിക്കരത്തിലടിയങ്ങൾ നിരത്തിടുന്നു. 90

നിൻപ്രാതലുണ്ണൊരുവിധത്തിൽ നടത്തുവാനും
മുമ്പിൽ ധനാധിപതിയും മതിയായതില്ല
വയ്മ്പിച്ചൊരീക്കഥ നിനച്ചടിയങ്ങളെല്ലാം
കമ്പിച്ചിടുന്നു ശരണം ചരണം ത്വദീയം. 91

വിഘ്നങ്ങൾതാനിഹ വിപത്തുകൾ തന്റെ മൂലം
വിഘ്നം സമസ്തവുമിഭാസ്യ! ഭവാനധീനം
വിഘ്നാധിരാജഭഗവൻ! പരമാനുകമ്പ-
നിഘ്നാന്തരംഗ ഗിരിജാതനയ! പ്രസീദ. 92

പ്രത്യൂഹനാശനനിഭാനന, നെന്നിവണ്ണ-
മത്യൂഹശക്തികലരുന്ന മുനീശ്വരന്മാർ
അത്യന്തശുദ്ധിയൊടുരച്ച പുരാണവാക്യം
സത്യംവെടിഞ്ഞു മൊഴിയാസ്സുരുദമോ ഗണേശ! 93

ആവുന്നമട്ടഭിമതാർത്ഥമവിഘ്നമായി-
കൈവന്നിടുന്നതിനു കേവലപുണ്യമൂർത്തേ
ദേവോപദേവദനുജജാതികളും ഭവാനെ-
സ്സേവിച്ചിടുന്നു ശിവനന്ദനവിശ്വവന്ദ്യ! 94

ചൊല്ലുന്നൊരീവലിയസങ്കടമങ്ങു കേൾക്ക-
ന്നില്ലേ സദാ മദമെഴും ദ്വിരദാധിപാസ്യ!
എല്ലാടവും തവ കടത്തിലെഴുന്ന വണ്ടിൻ
വല്ലാത്തൊരാർപ്പുവിളികൊണ്ടു മുഴങ്ങിടുന്നു. 95

കണ്ണും കറുത്തവനെഴും മകനാം ഭവാനുൾ-
ക്കൊണ്ടിടണം കരുന്ന ഞങ്ങളിലെന്നതിന്നായ്
തണ്ടെല്ലു താണൊടിയുമാറടിയങ്ങൾ കാല്യ-
രണ്ടുംപിണച്ചധികമേത്തമിടുന്നു കാണ്ക. 96

ഉണ്ണിഗ്ഗണാധിപതിതൻസ്തുതി ഭക്തിയോടീ-
വണ്ണം പഠിച്ചു തൊഴുതിട്ടടനാ നിവേദ്യം
ഖണ്ഡിച്ചിടാതുചിതമായ്ച്ചലവിട്ട കുട്ടി-
പ്പെണ്ണുങ്ങളീവ്രതസമാപ്തിയിലുണ്ടിടുന്നു. 97

കന്നിച്ചൂടൊട്ടുമില്ലാ കരിമുകിൽമഴകൊ-
ണ്ടത്രു, പച്ചകൾക്കു പുല്ലാൽ
മിന്നും വർണ്ണത്തൊടെല്ലാകയുമുടലിലൊളി-
ക്കുന്നു പാക്കെന്നുമല്ലാ
പിന്നെക്കണ്ണാടി മല്ലാദികൾ പലതുമെഴും
കപ്പൽ വന്നെത്തി, നല്ലാർ
ധന്യശ്രീകൊണ്ടു ചൊല്ലാനൊത്തു രമണി
തുലാമാസമീവണ്ണമെല്ലാം 98

[തുലാമാസം കഴിഞ്ഞു]

# വൃശ്ചികമാസം

പൊങ്ങിത്തുടങ്ങി ലഘുവായ് പുകപോലെ മഞ്ഞു
മങ്ങിത്തുടങ്ങി ചെറുതാരഗണങ്ങളല്ലിൽ
തുംഗാചലസ്തനി! സമസ്തഖഗാധിനാഥ-
നംഗാരകാലയമണഞ്ഞു വസിച്ചിടുന്നു. 1

ധന്യോത്തമപ്രിയസുതേ! ധരണീജഗേഹം-
തന്നിൽക്കടന്നു മരുവും രവിതൻകരത്തിൽ
അന്യൂനമായ് ഹിമമിഷാൽ ക്രമമോടു മന്നു-
തന്നിൽപ്പെട്ടും രസമെടുത്തു കൊടുത്തിടുന്നു. 2

മായം വിനാ സകലസാരസജാതിബന്ധു-
വായുള്ള ഭാനുഭഗവാനളിയോടിദാനീം
ത്തായത്തൊടൊത്തു മരുവുന്നു മഹേന്ദ്രനീല-
ച്ഛായാളകാളിപരിശോഭിതവക്ത്രപത്മേ! 3

നാകത്തിൽനിന്നമൃതമാസകലം ധരിത്രീ-
ലോകത്തിലായി പുനരാശു നിലച്ച വർഷം
നാകൈകചാരിപതിഭാനു കരങ്ങൾകൊണ്ടു-
താർകെത്തുഷാരമിഷമോടുമെടുത്തിടുന്നു. 4

മാഴ്കാതെ താരപതിയാം തുഹിനാംശുവിൻ
പാകത്തിലംശുനികരം സ്വകരവ്രജത്താൽ
ഏകും ഗ്രഹാധിപതിസൂര്യനിതാ ജലം മ-
ത്താകംപ്രകാരമതിമന്ദമെടുത്തിടുന്നു. 5

ചിക്കെന്നു മന്നിലിഹ കോരിയൊഴിച്ച വെള്ള-
മൊക്കെ ക്ഷയിച്ച ജലദം ദിവി ശൂന്യമായി
പൊക്കുന്നു വാരി തുഹിനച്ഛലമോടു കാല-
ചക്രംതിരിപ്പവനിതാ ബഹുപാദനക്കൻ. 6

മന്നെന്ന പേരുകലരും വലുതായ പാത്രം-
തന്നുള്ളിൽ വന്മഴകൾകൊണ്ടു നിറഞ്ഞ വെള്ളം
അന്യൂനമുഷ്ണകരതാപമൊടാവിയായി-
ച്ചിന്നും ഹിമച്ഛലമൊടങ്ങിനെ പൊങ്ങിടുന്നു. 7

പ്രാലേയരശ്മിഭഗവാന്റെ ബലം ഹരിക്കും-
ശീലംകലൎന്ന ഭവനത്തിനകത്തു നിത്യം
കൂലാത്മകൻ ദശശതാംശു വസിച്ചിടുന്നി-
ക്കാലം തുഷാരമയമായ് ചമയുന്നു കാണ്ക. 8

മങ്ങാതധോഗമനമാം സഹജസ്വഭാവ-
മെങ്ങും വിടാത്തൊരു ജലം ക്ഷിതിവിട്ടിദാനീം
തുംഗാന്ധകാരനികരം കളയുന്ന സൂൎയ്യാ-
സംഗത്തിനാൽ ഹിമമിഷത്തൊടുയൎന്നിടുന്നു. 9

നിത്യോത്സവം കലരുമംബരചാരികൾക്കു-
ള്ളത്യന്തവൈരികൾ വലാഹകദാനവന്മാർ
ഇത്തവ്വിലറ്റു, ഹിമവാരി കരവ്രജത്താൽ
നിത്യം ഖഗാദിപതിസൂൎയ്യനുയൎത്തിടുന്നു. 10

അല്പേതരോഷ്ണകരതീക്ഷ്ണകരങ്ങളേല്ക്കു-
ന്നഭ്രത്തിലംബുവെഴുമഭ്രമൊടുങ്ങി സൎവ്വം
കെല്പോടു വിശ്വഭരണോത്സുകഭൂമി വെള്ളം
മേല്പോട്ടിതാ ഹിമമിഷത്തൊടയച്ചിടുന്നു. 11

വല്ലാത്തതാപമൊടു ലോകർ കൊതിച്ചു മുമ്പിൽ
നല്ലോരു ഗൗരവമൊടെത്തിയ ജീവനത്തിൽ
ഇല്ലിപ്പൊളാദരവൊരുത്തനുമെന്നുകണ്ട-
തെല്ലാം ലഘുത്വമൊടു പൊങ്ങിവരുന്നു മഞ്ഞായ്. 12

ലോകങ്ങൾ താപമൊടു പണ്ടു കൊതിക്കയാൽ സ-
ത്താകുന്ന ഗൌരവമിയന്നിഹ വന്ന വെള്ളം
ലോകത്തിലാദരവു തെല്ലു കുറഞ്ഞു പൊങ്ങി-
പ്പോകുന്നു ഹന്ത! ലഘുവായ് ത്തുഹിനച്ഛലത്താൽ. 13

ചേലൊത്ത ഭർത്തൃസമദുഃഖസുഖേ! ക്രമത്തിൽ
പ്രാലേയജാലമിവിടത്തിൽ വളൎന്നിടുന്നു
പ്രാലേയരശ്മിയുടെ വല്ലഭയായ രാത്രി
മാലെന്നിയേ ക്രമമൊടിങ്ങു തടിച്ചിടുന്നു. 14

മണ്ണിന്നകത്തു മറവോടു കിടന്നിരുന്ന
വണ്ണപ്രകാശമിയലുന്ന നിശാഗണത്തെ
തിണ്ണം ജനങ്ങൾ തെളിവാക്കിയെടുത്തിടുന്നു
വണ്ണം ക്രമേണ നിശകൾക്കിഹ കൂടിടുന്നു. 15

എല്ലാടവും ഝടുതി ചൂടു കെടുമ്പടിക്കു
മെല്ലെന്നു ശീതമയമായ് ചമയുന്നു കാലം
ചൊല്ലാനൊരുഷ്ണകരനസ്തമനാചലത്തിൽ
ചെല്ലുന്നു വേഗമൊടു രാവു തടിച്ചിടുന്നു. 16

ലോകൎക്കു ദേഹബലമിങ്ങു വിസൎഗ്ഗകാല-
മാകുന്ന മൂലമതിയായി വളൎന്നിടുന്നു
മാഴ്കാതെ രാത്രി, മദനോത്സവസൽപതാകേ!
കോകദ്വിഷൽക്കചഭരേ! വലുതായിടുന്നു. 17

ചേലൊത്ത കോകമിഥുനത്തൊടിടഞ്ഞു മേരു-
ശൈലത്തൊടേററവുമിണങ്ങിയ കൊങ്കയാളേ!-
പ്രാലേയശൈലസഖി പൊന്മല മഞ്ഞെഴുന്നി-
ക്കാലേ ദിവാകരനെയേറെ മറച്ചിടുന്നു. 18

പൃത്ഥ്വ്യാ സമസ്തജനദേഹമഹാബലത്ത-
ച്ചേൎത്തീടുമിപ്പൊഴുതിലച്ഛഹിമച്ഛലത്താൽ
കീൎത്തിപ്പെടുന്ന രതിവല്ലഭനുള്ള നല്ല
കീൎത്തിപ്രകാശമഴകോടുയരുന്നു കാന്തേ! 19

സ്വൈരം സുധാശനസുധാകരമണ്ഡലങ്ങൾ
ചേരുന്ന നാകമതിലേക്കു സുധാചയത്തെ
പാരിങ്കൽനിന്നു സുരസേവകരായ മർത്ത്യ-
ന്മാരാദരാൽ ഹിമമിഷത്തൊടയച്ചിടുന്നു. 20

കഞ്ജങ്ങൾ മഞ്ജുതവെടിഞ്ഞു മയങ്ങുമാറു
മഞ്ഞിൻഗണത്തിലിതു വന്നുനിറഞ്ഞിടുന്നു
ഭഞ്ജിച്ചിടാതെ സരസീരുഹബന്ധുവോടു
രഞ്ജിച്ചിടുന്ന പകലൊന്നു ചടച്ചിടുന്നു. 21

ധാരാളമായിഹ ധരാവലയത്തിൽ വന്നു-
ചേരുന്നു സമ്പ്രതി തുഷാരകഠോരവാതം
നേരായശേഷപവനാശനസഞ്ചയങ്ങൾ
പാരിച്ചിടും മദഭരം കലരുന്നു ചിത്തേ. 22

വൃക്ഷാഗ്രവാസിഗതികൾക്കതിവിഘ്നമേകി
വൃക്ഷങ്ങളെഝടിതി തൻ്റെ ബലാൽ കുലുക്കി
അക്ഷീണവേഗമൊടു കാററുകൾ വീശിടുന്നു
പക്ഷീന്ദ്രവൈരിഭുജഗങ്ങൾ മദിച്ചിടുന്നു. 23

താരാദിചാരുബഹുരത്നഗണങ്ങളുള്ള
താരാപഥാംബുനിധിയിൽ പവനപ്രവാഹം
ചേരുന്നിതത്ര കളിയായുഡുമണ്ഡലൌഘം
സ്വൈരം ചരിപ്പതിനു ഹന്ത! കുഴങ്ങിടുന്നു. 24

പുണ്യാഭപൂണ്ട ശിഖിതന്നഹിതം ജലൌഘം
മണ്ണിൻ്റെ ചോട്ടിലമരാതെ ഹിമച്ഛലത്താൽ
തിണ്ണം സമസ്തദിശി പൊങ്ങിവരുന്നു വാതം
ചണ്ഡസ്വഭാവമണയുന്നു ഹുതാശമിത്രം. 25

സ്തംഭിച്ചിടുംപടി തണുപ്പു വളർത്തുകൊണ്ടു
ജൃംഭിച്ചിടും ലഘുതപൂണ്ടുയരും ഹിമത്താൽ
സമ്പൂർണ്ണജാഡ്യമപി രൂക്ഷത ചേർന്ന ലോകം
കമ്പിച്ചിടുന്നു മുഴുവൻ പവനപ്രകോപാൽ. 26

ആയം, ക്രിയയ്ക്കധികദക്ഷത, വഹ്നിദീപ്തി
മായം വിനാ ലഘുതയെന്നിവ സംഭവിപ്പാൻ
ന്യായത്തിലഗ്നിസഖി നാകചരൻ സമീരൻ
വ്യായാമമിപ്പൊഴുതിലേററമെടുത്തിടുന്നു. 27

പങ്കോത്ഭവപ്രിയനുദിച്ചിടുമൊട്ടുമുമ്പായ്
വൻകോപമോടു പവമാനനണഞ്ഞിടുന്നു
സങ്കോചമോടു പകലഞ്ഞു നശിച്ചിടുമ്പോൾ
തങ്കോപമായവനിതാ വെടിയുന്നു മന്ദം. 28

കണ്ടാൽ പുകയ്ക്കു സമമായ്വിലസുന്ന മഞ്ഞു-
കൊണ്ടേററവും നിബിഡമാം ഭുവനാന്തരാളം
കണ്ടിട്ടു വഹ്നിസഖിയാകിയ വായു മോദാൽ
കൊണ്ടാടിയങ്ങനെ വളർന്നുവരുന്നു വേഗാൽ. 29

കേടേററിടാതെ ബഹുദുഷ്ടമൃഗങ്ങൾ വാഴും
കൂടായ കാടു നിജതീവ്രരയത്തിനാലേ
പാടേ വകഞ്ഞു വെളിവാക്കി വരുന്നു നന്മ-
ക്കൂടുന്ന മാന്മിഴിമണേ! പൃഷദശ്വദേവൻ. 30

എങ്ങും നിറഞ്ഞ രുചിയുള്ള ഖഗോത്തമന്മാർ
മങ്ങുന്ന മട്ടു വലുതായ നഭസ്ഥലത്തിൽ
തിങ്ങുന്ന ജാഡ്യകരമായ തുഷാരസംഘം
നീങ്ങുന്നതിന്നിഹ വരുന്നു ബലാൽ നഭസ്വാൻ. 31

മുട്ടാതെ പാണ്ടിതുളുചോളധരിത്രിയെന്നു-
തൊട്ടുള്ള നാടുകളിൽനിന്നധികം ജനങ്ങൾ
മട്ടാതെ വന്നു മരുവും മലയാളമാമീ-
നാട്ടിൽ കടന്നരിയ കാററു കളിച്ചിടുന്നു. 32

നന്നായുരപ്പൊടു തടിച്ചതിയായുയർന്ന
തന്നംഗമൊട്ടിട പിളർന്നിഹ സഹ്യശൈലം
മുന്നം കുലാചലമെടുത്തൊരു രാമദൂതൻ
തന്നച്ഛനാം പവനനായ് വഴി നല്കിടുന്നു. 33

ഏററം ജ്വാലിവിടെ വന്നീടുമീക്കിഴക്കൻ-
കാറേറല്ക്കുവാൻ വിഷമമേവനുമില്ല വാദം
തെറെറന്യെ കേരളമിതീവിധമായുറച്ചു
തെറെറന്നു സഹ്യമലസഹ്യമതാക്കിടുന്നു. 34

സൌരഭ്യമേററമുള്ളവാക്കമനേകവസ്തു
ചേരുന്നു ചാരു വിപിനം കുളമെന്നിതെല്ലാം
പാരം കിടന്നിളകിടുന്നു ജവേന വീശും
പാരിച്ച ഗന്ധവഹനിങ്ങു വരുംദശായാം. 35

കട്ടററ പത്രരുചിപൂണ്ടധികം വിശേഷ-
പ്പെട്ടുള്ള രംഭകളെഴും മലയാളനാട്ടിൽ
പെട്ടെന്നു രംഭപെടുമാസ്സുരനാടു തീരെ
വിട്ടെത്തിടുന്നു ബലമുള്ള മരുൽഗണങ്ങൾ. 36

അല്പം നടപ്പതിനുമിങ്ങരുതാതിവണ്ണ-
മിപ്പാരിടത്തിൽ മരുവുന്ന മരങ്ങളെല്ലാം
എപ്പോഴുമോട്ടമമരപ്രഭുവായ വായു
കെല്പോടു ചേരുമളവേറെ വിറച്ചിടുന്നു. 37

നന്നായ്‌ബ്ബലത്തൊടു തരുപ്രകാരം മഥിച്ചു-
വെന്നാകിലായവിടെനിന്നുളവാം ഹുതാശൻ
എന്നോർത്തു വഹ്നിസഖിയാം പവമാനനാത്താ-
നന്ദം മഹീരുഹഗണത്തെ മഥിച്ചിടുന്നു. 38

ചെമ്മേ മഹീരുഹഗണങ്ങൾ കുലുങ്ങിടുന്നു
വന്മാരുതന്റെ ബഹുഘോരബലത്തിനാലേ
നന്മാതിരിക്കുവകൾ തങ്ങടെ സർവ്വഗാത്രം
ചുംബിച്ചിടുന്നു മഹിപാംസുചയച്ഛലത്താൽ. 39

വല്ലാതെയുണ്ടിഹ രജോമയമായ ദോഷം
ചൊല്ലാനിടം ധരയിലുൽക്കടവാതകോപാൽ
തെല്ലല്ല ദോഷമതു ഭൂമിയിലുത്ഭവിച്ചോ-
രെല്ലാററിലും സപതി സന്ത്രുതി കണ്ടിടുന്നു. 40

ഛിന്നം സമസ്തമൊരുമാതിരിയായി ദേശ-
ഖണ്ഡങ്ങളാസകലവും മലിനങ്ങളായീ
ചണ്ഡപ്രകോപമണയുന്നൊരു വാതമൊന്നു
തീർണ്ണം നിനക്കിലധമപ്രകൃതിക്കു മൂലം. 41

കാണാതെ ചുററിയണയുന്നു സമസ്തലോക-
ത്രാണത്തിനായിഹ സദാഗതിയായ ദേവൻ
ചേണാൎന്ന നെന്മണികൾ കക്കമനേകതുച്ഛ-
പ്രാണിവ്രജങ്ങളതിമാത്രമകന്നിടുന്നു. 42

പുല്ലായപുല്ലുകളശേഷവുമിപ്പൊളേററ-
മുല്ലാസമോടു കതിരിട്ടു വിളങ്ങിടുന്നു
ചൊല്ലാൎന്നിടുന്ന പൃഷദശ്വനകത്തു വാസ്സും
വല്ലാത്ത മോദമൊടു കാണ്കെ തടിച്ചിടുന്നു. 43

ഏററം ജവത്തൊടതിശക്തിയൊടെത്തിടുന്നീ-
ക്കാറേററു മന്നിലിഹ കാറുകൾ വീണിടുന്നോ
തെറെറന്നു ശങ്കയിതു ചേൎത്തു തിരിച്ചുവന്നു
പററുന്നു തൻ പണി കഴിച്ചു മതംഗജങ്ങൾ. 44

പാരാതെ തങ്ങളൊടു ചേൎത്തിടുമദ്രിതന്റെ
സാരങ്ങളാം ദ്രുമഗണങ്ങളെടുത്ത ശേഷം
സാരാജ്ഞലോകർ മരുവുന്നൊരു നാട്ടിൽ വന്നു
ചേരുന്നു ഹസ്തികൾ കരീന്ദ്രസമാനയാനേ! 45

തണ്ടാരിൽമാതു തരമോടു ധരാന്തരാളേ
രണ്ടാമതും വിലസുമാറു വിശേഷമായി
കണ്ടങ്ങളിൽ കതിരുമുണ്ടകനാം കൃഷിക്കി-
ങ്ങുണ്ടായ്വരുന്നു സതതോല്ലസദംഗലക്ഷ്മി. 46

ഒട്ടോട്ടുപാൽ പരമുറച്ച കതിർക്കുലങ്ങൾ
കട്ടിട്ടുടൻ കിളികളങ്ങു പറന്നിടുന്നു
ചട്ടററിടുന്ന കിളികൾക്കൊരുമട്ടുമൊട്ടും
കിട്ടാത്തമട്ടുടയ പാൽമൊഴിതൂകുമാര്യേ! 47

292127
394.3 K8

പാടത്തു വേലകളെടുത്തിടുമജ്ജനങ്ങൾ-
ക്കുടിസ്സദാ കിളികളെപ്പുരമാട്ടിടുന്നു
കേടെന്നിയേ കിളിമൊഴിക്കെതിർവാക്കുകൊണ്ടു
പാടേ ജനത്തിനു രസത്തെ വളർത്തുമാര്യേ! 48

പൈന്തേൻതൊഴുന്നമൊഴിമാരുടെ കൊങ്കയോരോ-
ന്നേന്തുന്ന കാന്തി കലരും പല കന്ദജാലം
ചന്തം വരുത്തുമതിനാലിഹ വേണ്ടോരത്ഥം
ചന്തസ്ഥലങ്ങളഴകോടുളവാക്കിടുന്നു. 49

മന്ദേതരം രുചി വളർക്കുമനേകരൂപ-
കന്ദങ്ങൾകൊണ്ടു നിറയുന്നു ജഗത്തിദാനീം
കന്ദായുധാഭിതമഹാഭഗവൽപ്രസാദ-
കന്ദായമാനകുചപൂർണ്ണഭുജാന്തരാളേ! 50

പൂവൻ സുവർണ്ണമണയും മയിസൂരെഴുന്ന
പൂവൻ, പടററി, കദളീ, നനനേന്ത്ര, കണ്ണൻ
ഈവർണ്ണമുള്ള കുലവാഴകൾകൊണ്ടു ഭൂമി
ചൊവ്വോടണഞ്ഞു വിലസുന്നു വരോരുരംഭേ! 51

ആയത്തിലുള്ള കൃഷി വിക്രയമെന്നിവസ്സു-
ള്ളായത്തിനാൽ ക്ഷിതിയിലിവ്വിടയിൽ ക്രമത്താൽ
ആയം വെടിഞ്ഞു നനയുള്ളൊരു നേന്ത്രവാഴ-
ക്കായ്ക്കൊരിക്കലുമഭാവമുദിക്കയില്ല. 52

ഈവാഴതന്റെയൊരു കണ്ണുരുകണ്ണുചേർത്തു
ദേവേന്ദ്രനാണിഹ കൊടുത്തതു പണ്ടുപോലും
ഏവം നിനച്ചു ചിലരിക്കദളീഫലത്തെ-
ദ്ദേവേന്ദ്രകായയിതി സമ്പ്രതി ചൊല്ലിടുന്നു. 53

കേല്പ്പോടു കാസശമനത്തിനിതേറെ നന്നെ-
ന്നുൾപ്പൂവിലോർത്തു ധരണീതലവാസിലോകം
ഇപ്പോൾ കുലസ്ഥനികരത്തെയെടുത്തിടുന്നു
പുഷ്പായുധോത്സവവികാസിനി! സൽകുലസ്ഥേ! 54

MADRAS UNIVERSITY LIBRARY
MAR 2003
CHENNAI-600 005

പാലാഴിയിങ്ങു കടയുന്നതുപോലെയെങ്ങും
പാലിൻകണങ്ങൾ ചിതറുന്ന ഹിമച്ഛലത്താൽ
ചേലൊത്തിടുന്നമരഭൂരുഹവല്ലി പുഷ്പ-
ജാലം ധരിച്ചു വിലസുന്നു വിശേഷമായി. 55

'ശ്രീമംസ്ഥപമേവരുചി ദാനവിധൌ പടോലം'
ധീമത്ഭിഷഗ്വചനമിങ്ങിനെയാകയാലേ
ഭൂമണ്ഡലത്തിലഴകോടു 'പടോല'മെന്ന
നാമം കലൎന്നു വിലസും ലത പൂത്തിടുന്നു. 56

കേടററനേകഗുണമുള്ളൊരു കല്പവല്ലി-
യോടൊട്ടടുത്ത ഫലമുള്ളൊരു കയ്പവല്ലി
പാടേ പടൎന്നു വിലസുന്നിതു വേലിയേററം
കൂട്ടുന്നു ഭുക്തിരസസിന്ധുവിൽ വേലിയേററം. 57

ആൎക്കും രസാലനുഭവിച്ചിടുമത്ഭുതായാം
സീല്ക്കാരമേകിയുമതീവ രുചിമപ്പു പൂണ്ടും
നില്ക്കുന്നു കപ്പൽമുളകത്രു കൂതൂഹലമോടു
കല്ക്കണ്ടവും കഴൽതൊഴും മൃദുലാധരോഷ്ഠി! 58

നല്ലോരു പത്രനിരയിൽ തല കൂൎത്ത ബാണ-
തുല്യങ്ങളായ പല മുള്ളുകളോടിണങ്ങി
വില്ലൊത്തിടും വഴുതിനങ്ങകൾകൊണ്ടു വേണ്ട-
തെല്ലാം ജയിച്ചു മരുവുന്നു കൃഷീവലന്മാർ. 59

കണ്ടാൽ തലസ്ഥ ബഹുഭുക്തിരസപ്രവാഹം-
കൊണ്ടാട്ടമാൎക്കുമുളവാക്കുമാറിദാനീം
ചുണ്ടങ്ങതൊട്ടവകളെച്ചിതമോടണക്കി-
ക്കൊണ്ടാട്ടമാക്കിയഴകിൽ ചിലർ വെച്ചിടുന്നു. 60

കുംഭത്തൊടൊത്ത ചില കായകൾ മൂത്തു വൎഷാ-
രംഭത്തിൽ നട്ട ചില മത്ത ലതാഗണത്തിൽ
വമ്പിച്ചു തണ്ടൊടുടനായവ വേർപെടുത്തു
കുംഭസ്തനദ്വയനതേ! ചിലർ വെച്ചിടുന്നു. 61

സിദ്ധിച്ചിടുന്നു ഭുവി ധാതുബലം വിസർഗ്ഗ-
മൂർദ്ധന്യമാം ഹിമമതിൽ സകലക്കുമേററം
യുദ്ധത്തിനായി മുതിരുന്നു കരിമ്പുവില്ലൻ
വർദ്ധിച്ചിടുന്നിതു കരിമ്പുകൾ നാട്ടിലെല്ലാം. 62

സമ്പൂർണ്ണസാധുരസമോടു കരിമ്പു കമ്പും
തുമ്പും ചെടിഞ്ഞിഹ ജനങ്ങൾ ഭുജിച്ചിടുന്നു
ഇമ്പം കലന്ന മധുരാഖിലഗാത്രി! കമ്പും-
തുമ്പും വെടിഞ്ഞൊരവകൾക്കു വിവേകമുണ്ടോ? 63

കമ്പം വിനാ ചെറിയ മുത്തുകളൊത്ത പല്ലാൽ
കമ്പെന്നിയേ ചിലർ കരിമ്പു കടിച്ചിടുന്നു
സമ്പൂർണ്ണസർവ്വഗുണമാർന്നിലസും കരിമ്പിൽ
കമ്പിന്നകത്തു മണിമുത്തുകളുണ്ടുപോലും. 64

ഇന്നാകവേ മധുരമാം രസമേകിടുന്ന
കുന്ദായുധന്റെ ലളിതായുധമിക്ഷുയഷ്ടി
എന്നാകിലും മണിമുത്തുകളില്ലകത്തു
നന്നായ് സദാ രദനമൌക്തികഭൂഷിതാസ്യേ! 65

പഞ്ചായുധായുധരസങ്ങളിൽനിന്നുദിച്ച
പഞ്ചാര വൃഷ്യ ഗുണമേവനുമേകിടുന്നു
അഞ്ചാതെ പാലിലിതു നൽസ്മിതദുഗ്ദ്ധമുഗ്ദ്ധ-
പഞ്ചാരവാണി! ശൃണു ചേരുകിലെത്ര കേമം! 66

നാൽക്കാലിജാതികളിൽ മുമ്പു ലഭിച്ച പൈക്കൾ
മുക്കാലുമേററമഴകിൽ പ്രസവിക്കയാലേ
ഇക്കാലമൊക്കെയൊഴിവായിഹ ഭക്ഷണത്തിൽ
ദുഷ്കാലദൃഷ്ടമുണ്ടുദധിദുഗ്ദ്ധഫല്ഗുതങ്ങളെങ്ങും 67

ഈരേലോകമാസകലവും തെളിയുംപ്രകാരം
കാലോചിതം ബഹുഗുണങ്ങളെ മങ്ങിടാതെ
പാലേ കൊടുക്കുമൊരു കാലികൾതൻ യശസ്സു
പോലേ ജഗത്തിലിഹ പാലു നിറഞ്ഞിടുന്നു. 68

ലാവണ്യവാരിനിധിയാം രമതന്റെ കാന്തൻ
കാർവ്വർണ്ണനായ ഭഗവാൻ പശുപാലനായി
പാൽ വെണ്ണ തൈരിവ കവൎന്നു ഭുജിച്ചു മുന്ന-
മീവണ്ണമാക്കഴകു കാലികുലത്തിനെന്യേ. 69

പുല്ലിന്നുണക്കമൊരുദിക്കിലുമില്ല വററീ-
ട്ടില്ലാ ജലം ലഘുതരം ഹിമമിപ്പൊളോൎത്താൽ
എല്ലാററിനും കറവയുണ്ടു പശുക്കളിൽ പാ-
ലുല്ലാസമോടു സുലഭം ഭുവി വൃശ്ചികത്തിൽ. 70

പോഷിച്ച പശുക്കളുടെ പാലകിടിൽ പെരുത്തു
ശേഷിച്ചിടുമ്പടി കുടിച്ചു തടിച്ചു തുഷ്ട്യാ
ഘോഷിച്ചു വത്സകുലമോടിനടന്നിടുന്നു
തോഷിച്ചു ഘോഷമയമാമുലകത്ര കാണ്ക. 71

ധാത്രീതലത്തിലമൃതെന്നു പുകഴ്ന്ന ദുഗ്ദ്ധം
മാത്രാധികം വിലസിടുന്നൊരു വൃശ്ചികത്തിൽ
ക്ഷേത്രങ്ങളിൽ പലതിൽ മണ്ഡലവാരമെന്ന
സത്രങ്ങളങ്ങിനെ നടന്നുവരുന്നു ഭംഗ്യാ. 72

നിത്യം ശിവേലികളിൽ നല്ലൊരു കുട്ടിയാന
സത്തായ പായസനിവേദ്യമൊടൊത്ത സദ്യ
അത്യാഭയുള്ള നിറമാല, വിളക്കനേക-
മിത്യാദി മണ്ഡലവിളക്കിനു ചേൎന്ന വട്ടം. 73

ദേവേന്ദ്രനാട്ടിനെതിരാം മലയാളനാട്ടിൽ
ആവുന്ന ഘോഷമൊടു നല്ല മഹോത്സവങ്ങൾ
ദേവാലയങ്ങൾ പലതിൽ തുടരുന്നു, കാമ-
ദേവാതിമോഹനമഹോത്സവരൂപരൂപേ! 74

നീർകൊണ്ട നീർദഗജാവലി, ഗജ്ജിതങ്ങ-
ളാകുന്ന കൊട്ടു, വെടി, മിന്നൽ വിളക്കനേകം
നാകത്തിൽനിന്നവകളൊക്കെയുമിപ്പൊളിബ്ഭൂ-
ലോകത്തിലുത്സവരസത്തിനു കൊണ്ടുപോന്നോ? 75

കാലത്തു കഞ്ഞി, പകലേ വലുതായ സദ്യ,
കോലാഹലത്തൊടു ശീവേലി, വിളക്കു രാവിൽ
കാലത്തിനൊത്തു പലമാതിരിയാട്ടിനോദ-
ജാലങ്ങളിങ്ങിനെ മഹോത്സവചട്ടവട്ടം. 76

സ്ഥാനത്തിലൊററമണിയൊത്തു മഹാധ്വജത്തിൽ
പീനാംബരോജ്ജ്വലപതാകകളാടിടുന്നു
ഊനം വിനാ മണിയണിഞ്ഞു കളിക്കുമോമ-
ന്മീനധ്വജോത്സവകലാവിലസൽപതാകേ! 77

ശീലോത്തമേ! മതിലകത്തു മഹോത്സവത്തി-
ലോലക്കുടക്കു വലുതായ വിരോധമത്രേ
ശീലക്കുടക്കു പുരടക്കരടിട്ടുമിന്നു
മാലോലകണ്ണയുഗളേ! പുനരായതില്ല. 78

പട്ടററ പട്ടുകുട, ചാമരയുഗ്മ,മാല-
വട്ടങ്ങൾ, കൊട്ടു, കുഴൽ, കൊമ്പുകൾ, കൊമ്പനാന
കോട്ടം വെടിഞ്ഞിവകൾ കുട്ടികളേത്തെളിഞ്ഞു
കാട്ടാനണിഞ്ഞിഹ വരുന്നു വധൂജനങ്ങൾ. 79

ഏണാക്ഷിമാരുടെ മനോഹരമായ രൂപം
ക്ഷോണീധരപ്രതിമദന്തിവരസ്വരൂപം
ചേണാർന്നിടും കളികൾ, മേളമൊടെന്നിതെല്ലാം
കാണാൻ ജനങ്ങളണയുന്നു മഹോത്സവത്തിൽ. 80

കഞ്ഞിക്കു വാച്ച കൊതിയാൽ ചിലർ, സദ്യതന്നിൽ
നെഞ്ഞിൽ കനത്ത രുചിയാൽ ചിലരുത്സവത്തിൽ
ഭഞ്ജിച്ചിടാതെ സഖിമാരൊടു കേളിയാടി
രഞ്ജിക്കുവാൻ ബഹുരസാൽ ചിലർ വന്നിടുന്നു. 81

മന്ദിച്ചിടാതെ രസമോടു കൊടിക്കകത്തു
വന്ദിച്ചിടേണമഴകിൽ പരദൈവപാദം
എന്നോർത്തു ഭക്തനിവഹങ്ങൾ മഹോത്സവത്തിൽ
വന്നെത്തിടുന്നു വനിതാകുലദൈവഭ്രതേ! 82

ആരാതഭക്തിയോടു സാധുജനങ്ങൾ ദേവ-
നാറാടിടുമ്പോളൊരുമിച്ചു കുളിച്ചിടുന്നു
ക്കൂറോടു മഞ്ഞൾമയമാകിയ തൽപ്രസാദ-
മേറ്റം രസത്തോടു ധരിച്ചു വിളങ്ങിടുന്നു. 83

ശ്രീവ്യോമകേശഭഗവാനരുളുന്ന വൈക്ക-
ത്തവ്യാജമഷ്ടമിമഹോത്സവമുണ്ടിദാനീം
അന്നദ്വിജാതിചയമത്ഭുതമങ്ങു കാണാം
ധന്യദ്വിജേന്ദ്രമുഖി സുന്ദരമന്ദയാനേ! 84

ആറാറുകൊല്ലമറുതിപ്പെടുമപ്പൊളല്പം
മാറാതെ വഞ്ചിധരണീപതി വൃശ്ചികത്തിൽ
ഏറും ഗുണങ്ങളെഴുമാരണരേവരുത്തി
ക്കൂറോടഹോ! മുറജപത്തിനൊരുങ്ങിടുന്നു. 85

ഉള്ളത്തിലുൽകടതരാദരവോടു ചുണ്ടൻ-
വള്ളങ്ങൾ ബോട്ടുകൾ തുടങ്ങിയ വാഹനങ്ങൾ
ഭള്ളെന്നിയേ ദ്വിജകുലത്തെ വരുത്തുവാൻ ചൊ-
ല്ലൊള്ളുന്ന വഞ്ചിധരണീന്ദ്രനയച്ചിടുന്നു. 86

വഞ്ചീന്ദ്രകല്പതരുസൽഫലമൂലഭാവം
തഞ്ചീടുമീ മുറജപാഖ്യസുമവ്രജത്തെ
അഞ്ചാതെടുത്തിടുമൊരിസ്സമയേ ദ്വിജൗഘം
നെഞ്ചിൽപ്പരം രസമൊടങ്ങു ഗമിച്ചിടുന്നു. 87

ചൊല്ലാർന്ന വഞ്ചിനൃപനുള്ളൊരു നാട്ടിനുള്ളി-
ലുല്ലാസമോടെവിടെയെങ്കിലുമാരണന്മാർ
ചൊല്ലുന്നുവെങ്കിലവിടത്തിലവർക്കു വേണ്ട-
തെല്ലാററിനും ബഹുസുഖം വഴിപോലെ പാർത്താൽ. 88

ശ്രീപത്മതീർത്ഥസലിലത്തിലിറങ്ങി മുങ്ങി
ശ്രീപത്മനാഭസവിധത്തിലിരുന്നു ഭക്ത്യാ
ശാപാദിശക്തി കലരും ദ്വിജവര്യർ വേദ-
മാപാദചൂഡമഴകോടു ജപിച്ചിടുന്നു. 89

കമ്പം വെടിഞ്ഞഖിലബാഹുജജാതികൾക്കും
സമ്പൂർണ്ണമാസ്പരമനന്തപുരത്തിലുണ്ണാം
നമ്പൂരി, പോററി, പരിചോടു പരീക്ഷചെയ്താ-
രമ്പ്രാനിവർക്കു ജപദക്ഷിണകൂടിയുണ്ട്, 90
മായം വിനാ സകലസദ്വിഭവാദിപൂർണ്ണ-
മായുള്ളൊരീ മുറജപോത്സവമെത്രകേമം!
ന്യായത്തിൽ വമ്പുടയ ധർമ്മസുതൻെറ രാജ-
സൂയോത്സവം പരമിതിന്നുപമാനമോർത്താൽ. 91
നല്ലോരു ‘പാത്രചരിതം’ മുതലായ തുള്ള-
ലെല്ലാററിലും കവിശിരോമണിയായ ‘കുഞ്ചൻ’
ചൊല്ലേറുമീ മുറജപച്ചുവയൊന്നുകൊണ്ടാ-
ണല്ലോ ജഗത്തിതുവശീകൃതമാക്കിടുന്നു. 92
ഉത്സാഹമോടു യവനോത്തമഭാഷതന്നിൽ
നത്സാരമായ് ചിലപരീക്ഷ കൊടുത്ത ശേഷം
പാസ്സാകുമോ പരമിതെന്നുഴലുന്നു ബാല-
രാസ്യാഭയാൽമതിയെവെന്നൊരുമാന്യശീലേ! 93
മെല്ലെപ്പരീക്ഷകൾ കൊടുത്തു ജയാജയങ്ങ-
ളെല്ലാം ധരിപ്പതിനു മുമ്പിലവർക്കു ചിത്തേ
വല്ലാതെയുണ്ടു ഭയമുൽക്കടരാഗലജ്ജാ-
കല്ലോലജാലവിവശീകൃതചിത്തരാഗേ! 94
അർത്ഥക്ഷയഃ, പരിഭവം, ശുഭബാല്യകാല-
വ്യർത്ഥവ്യയം, പലതുമിങ്ങിനെ തോല്ക്കിലുണ്ടാം
സത്തായ് ജയിക്കുകിലിതിൽ വിപരീതമായി-
ട്ടൊത്തീടുമൊക്കെയിതിലാക്കിളകാത്തു ചിത്തം. 95
ശ്രീകൃഷ്ണദേവനഴകോടു വിളങ്ങിടുന്ന
വൈകുണ്ഠലോകസമമാം ഗുരുവായുഗേഹേ
ഏകാദശിക്കു മലയാളിജനങ്ങളെല്ലാ-
മാകെഗ്ഗമിക്കുമധുനാ മധുനാശഭക്ത്യാ. 96

ചൊല്ലൊണ്ട സൎപ്പനിവഹത്തിൻ ദൎപ്പമേറും-
മിക്കാലമാണറിക സൎപ്പബലിയ്ക്കു മുഖ്യം
തീൎക്കുന്നു സൎപ്പവിഷദോഷവുമാശു 'പാമ്പി-
ന്മേക്കാട്ടു' വിപ്രനുടെ സൽക്രിയയാൽജ്ജനങ്ങൾ. 97

നീക്കുന്നു സൎപ്പവിഷദോഷവുമാശു പാമ്പി-
ന്മേക്കാട്ടു വിപ്രവരനീ മലയാളനാട്ടിൽ
ഓൎക്കുമ്പൊളത്ഭുതമിതംഗജസൎപ്പബാധ
പോക്കുന്നശേഷഭുവനാത്ഭുതസൽഗ്ഗുണാഢ്യ! 98

ചേലൊത്ത സൎപ്പബലി ഭോഗിവരൎക്കു നൂറും
പാലും കൊടുക്കലിഹ നാഗബലിപ്രതിഷ്ഠാ
ചാലേ ശുഭക്രിയകളിങ്ങിനെ ചെയ്തിടുന്ന
കാലേ മഹാജനമഹിസ്തുതി ചെയ്തിടുന്നു. 99

നന്ദിച്ചു തന്നുടെ സഹസ്രഫണങ്ങൾതന്നി-
ലൊന്നിൽച്ചിരം ത്രിഭുവനം കടുകെന്നപോലെ
നന്നായ് ധരിച്ചു വിലസീടുമനന്തനേ ഞാൻ
വന്ദിച്ചിടുന്നു വലുതായൊരു ഭക്തിയോടെ. 100

ചൊല്ലൊണ്ടിടുന്നപടി ലക്ഷ്മണരാമരൂപം
കയ്ക്കൊണ്ടു പണ്ടു വലുതാകിയ ദേവകാൎയ്യം
ഉൾക്കൊണ്ട മോദമൊടു ചെയ്തൊരു നാഗരാജൻ
നല്കൊണ്ടൽവൎണ്ണനുടെ മെത്ത ശുഭം തരട്ടെ. 101

പോഷിച്ച തന്മുഖവിഷാഗ്നിയിൽ വിശ്വമെല്ലാം
രോഷിച്ചു കല്പസമയേ പൊടിഭസ്മമാക്കി
ശേഷിച്ചിടുന്ന ഭഗവാൻ ഫണിരാജിരാജൻ
ശേഷാഖ്യനെന്നഴലശേഷമൊഴിച്ചിടട്ടേ. 102

സന്ധിച്ച ദേവദിതിജപ്രണയത്തിനബ്ധി-
മന്ഥാനമന്ദരധരായതരജ്ജുഭൂതൻ
ചെന്താർശരാരിഭഗവാനണിമാലയായി-
ച്ചന്തം വരുത്തുമൊരു വാസുകി കാത്തിടട്ടെ. 103

സച്ചിത്സ്വരൂപി ഭഗവാൻ ഹരിനന്ദഗേഹേ
കൊച്ചുണ്ണിയായ്മരുവിടുമ്പൊഴുതങ്ങൊരുനാൾ
മെച്ചപ്പെട്ടുമ്പടി പടങ്ങളിലേറി നൃത്തം-
വെച്ചോരു കാളിയഫണീശ്വരനാശ്രയം മേ. 104

വൃത്രാദിദൈത്യരെ വധിച്ചു ജഗത്തു കാത്ത
സത്രാശസ്സ്വാധിപതിയായ പുരന്ദരൻെറ
അത്യന്തമിഷ്ടസഖി തക്ഷകനാഗരാജൻ
നിത്യം തൊഴുന്നടിയനിൽ കൃപ ചെയ്തിടട്ടേ 105

കാർക്കശ്യമുള്ള കലി വെന്തുരുകാൻ നളൻതൻ-
കാക്കൽക്കടിച്ചു വിഷവഹ്നി പകൎന്ന ധീമാൻ
കാർക്കോടകൻ ഫണിശിഖാമണി നിത്യമെന്നെ-
ക്കാക്കേണമായതിനു താണു വണങ്ങിടുന്നേൻ. 106

ചീററുമ്പൊളുൽക്കടവിഷാഗ്നിയിൽ വിശ്വമെല്ലാം
നീററും പെരുത്ത വിഷവീര്യമദോദ്ധതന്മാർ
മററുള്ള നാഗവരരിഷ്ടവരപ്രദന്മാർ
ചെററുള്ളലിഞ്ഞടിയനാശു ശുഭം തരട്ടേ. 107

നാഗസ്തവങ്ങൾ പലതങ്ങിനെ ചൊല്ലിയേററം
നാഗേന്ദ്രരെബ്ഭുവി ജനങ്ങൾ ഭജിച്ചിടുന്നു
ഭോഗീന്ദ്രവാസഗൃഹമാം വിഷകാനനാന്ത-
ർഭാഗത്തിൽ വേണ്ട ഗുണമൊക്കെ വരുത്തിടുന്നു. 108

ആവശ്യത്തിനു പോര പാലവനിയിൽ-
ദ്ധാരാളമെന്നായിരം
പ്രാവശ്യം പറയാം, പശുക്കളുടെ പേർ
മുക്കാലുമിക്കാലമാം
ജീവൻ ചേൎന്നതിനൊക്കെയുണ്ടതിബലം
മഞ്ഞും കുളുക്കാററുമു-
ണ്ടേവം വൃശ്ചികമാസമെന്നു കരുതി-
ക്കൊള്ളേണമുള്ളത്തിൽ നീ. 109

[വൃശ്ചികമാസം കഴിഞ്ഞു].

# ധനുമാസം

കന്യാഭിഷംഗമുടനൽക്കടെനീചഭാവം
പിന്നെപ്പുരം മധുപസംഗമിതൊക്കെയായി
ചെന്നെത്തിടുന്നു രവി പങ്കജമൊട്ടുവെന്നു
കുന്നൊത്തിടും ഗുരുകുചേ! ഗുരുതൻ ഗൃഹത്തിൽ. 1

വല്ലാതെകണ്ടു വലയുന്നു സുരോരുഹങ്ങ-
ളെല്ലാമഹോ! തുഹിനമാം രിപുതൻ ബലത്താൽ
മെല്ലെന്നു ഭൃംഗമൊഴിയുന്നു സരോജബന്ധു
ചെല്ലുന്നു ചാപഭവനേ ബഹുലപ്രതാപൻ. 2

മങ്ങാതെ കാലകരനാം ഭഗവാൻ ദിനേശ-
നംഗാരകാലയമശേഷമൊഴിച്ചശേഷം
എങ്ങും തടിച്ചൊരു തണുപ്പു വളർത്തുകൊണ്ടു
പൊങ്ങും തുഷാരമയമായ് ചമയുന്നു കാലം. 3

പ്രാലേയജാലമതിമാത്രമുദിച്ചിടുന്നി-
ക്കാലേ സരോരുഹദളങ്ങൾ കൊഴിഞ്ഞിടുന്നു
പ്രാലേയരശ്മി ഭഗവാന്റെ മനസ്സിലോരം
മാലേകുമാസ്യകമലസ്ഫുരദക്ഷിപത്രേ! 4

കള്ളം വിനാ കമലബന്ധുകരവ്രജത്താൽ
വെള്ളം തുഷാരമിഷമോടിത പൊക്കിടുന്നു
വെള്ളത്തിനുള്ളിലുളവായെഴുമംബുജങ്ങൾ-
ക്കുള്ളോരു നൽത്തെളിവു തീരെയൊഴിഞ്ഞിടുന്നു 5

ലക്ഷത്തിൽനിന്നു വലുതായൊരു സംഖ്യചേർന്നു
നക്ഷത്രപത്മഗണമുള്ള നഭസ്സരസ്സിൽ
അക്ഷീണമായി വളരും ഹിമബാധകൊണ്ടു
ലക്ഷ്മീവിലാസമധുനാ കുറവായ്‌വരുന്നു. 6

തിണ്ണം തുഷാരകിരണൻെറ കരങ്ങൾ മങ്ങും-
വണ്ണം നിറഞ്ഞു വിലസുന്ന തുഷാരസംഘം
കണ്ണാല്പലത്തിനൊരു മങ്ങൽ കൊടുത്തു മിന്നും
കണ്ണാം നവോല്പലയുഗം കലരുന്ന കാന്തേ! 7

പ്രാലേയരശ്മിയുടെ മണ്ഡലമിപ്പൊളേററം
പ്രാലേയശുഭ്രവസനാവരണത്തിനാലേ
ചേലായ്ത്തനിയ്ക്കുടയ ഭംഗി വെടിഞ്ഞിടുന്നു
ചേലാവൃതാധികലസൽക്കുചമണ്ഡലാഢ്യേ! 8

തീരെക്കെടുന്നു തുഹിനാംശുകരപ്രകാശം
ധാരാളമായി വളരും തുഹിനത്തിനാലേ
പാരിൽ പരന്ന നിജകായസുവർണ്ണകാന്ത്യാ
നേരായ്സുവർണ്ണവിലപോക്കിയ മംഗളാംഗി! 9

വാച്ചീടുമിന്ദുകിരണങ്ങളെയും തുഷാരം
മാച്ചീടുമിപ്പൊഴതിലശ്ചതിതൊട്ടതിൻെറ
കാഠിന്യതിപ്രകീർണ്ണിയുണ്ടു പരം ചവിട്ടി-
ത്തേച്ചോരുമട്ടെഴുമവിട്ടമതാക്കു കാണാം. 10

മൂടുള്ള സൂര്യകരമേററതിയായിവന്നു-
ക്കൂട്ടം നഭശ്ശ്രമഭവാംബുകണവ്രജങ്ങൾ
പാടേ ക്രമേണ കുറയുന്നു പരം തണുപ്പി-
ച്ചീടുന്നു മഞ്ഞിതു വളർന്നു വരുന്ന മൂലം. 11

ശ്രീപത്മനാഭനുടെ ദക്ഷിണമക്ഷിസൂര്യൻ
ചാപത്തൊടൊത്തു വിലസുന്നു വിശേഷമായി
താപത്തിനില്ലിടയിനിബ്ഭുവനങ്ങളിൽ ഭ്രൂ-
ചാപത്തൊടൊത്തമിഴിനാശിതകാമതാപേ! 12

പാരിൽത്തുഷാരനികരങ്ങൾ വളൎന്നിടുന്നീ-
നേരത്തിലക്കഭഗവാനമിതപ്രതാപൻ
പാരാതിതാ കരസഹസ്രമെഴുന്ന ദേവൻ
ചേരുന്നു ദേവഗുരുതന്റെ ധനുൎഗ്ഗൃഹത്തിൽ. 13

ചൊൽക്കൊണ്ടിടുന്ന ഹിമവാനമരും വടക്കൻ-
ദിക്കങ്ങുവിട്ടു ഹിമമുൽക്കടമായൊരിപ്പോൾ
അൎക്കൻ ബഹുഷ്ണകരനാകിലുമാവതോളം
തെക്കോട്ടു നീങ്ങി നിയമേന നടന്നിടുന്നു. 14

എല്ലാജ്ജനത്തിനുമതീവ വിബോധമേകും
ചൊല്ലാൎന്ന ഭാനുഭഗവാൻ ഗുരുതൻ ഗൃഹത്തിൽ
ചെല്ലും വിധൌ ജഡതകൊണ്ടിത മങ്ങിടുന്നു
കല്ലും മഹാ മൃദുലമാക്കിയ കൊങ്കയാളേ! 15

ചൊല്ലാൎന്ന സൂൎയ്യനുടെ ശക്തി നിനക്കിൽ മഞ്ഞി-
ന്നില്ലാ ബലം നിയതമെങ്കിലുമാ മഹാത്മാ
വല്ലാത്ത യോഗബലമുള്ളതിനോടു ബാലേ,
തെല്ലിങ്ങുതോററു മറവുന്നു തഥാന്ത്യകാലേ. 16

മാഴ്കുന്നു പത്മിനികൾ ദക്ഷിണദിക്കിലങ്ങു
പോകുന്നു പത്മിനികൾതൻപതിയാം ദിനേശൻ
ആകുന്ന മാതിരി ചടച്ചു ചടച്ചു വല്ലാം-
താകുന്നു ജാഡ്യകരമാം തുഹിനേ ദിനങ്ങൾ. 17

ശേഷം ഗ്രഹാദികളൊടൊത്തു തെളിഞ്ഞിടാതെ
ദോഷാകരൻ രജനിതൻപതി വാണിടുന്നു
ദോഷാഭിധാനമണയും രജനിക്കു കാൺക
പോഷാതിരേകമതിജാഡ്യഹിമാഗമത്തിൽ. 18

ദീൎഘതമമോടു പകലെത്ര ചടച്ചിതത്ര
മാനം വളൎന്നു നിശയിങ്ങു തടിച്ചിടുന്നു
പീനസ്തനി! ദ്രുണസമോദരി! യൊന്നു പീഞ്ഞേ
ഹാനിപ്പെടാതറിക മററുള്ള വാൎത്തയുള്ളു. 19

കാലം പകുത്തതിൽ മഹത്തരമായ ഭാഗം
മാല്ലാറു രാവിനു ദിനത്തിനു കൊച്ചു ഭാഗം
കാലം നിനക്കിലിതയേ ഹിമരൂപമല്ലേ?
ചേലൊത്ത രാത്രി ഹിമരശ്മികളത്രമല്ലേ? 20

ധാത്രീതലേ വിപുലരൂപമെഴും തുഷാര-
രാത്രിഞ്ചരന്റെ വലുതാകിയ ബാധയാലേ
ഗാത്രം ചുരുങ്ങി മനുജപ്രകരങ്ങൾ ഭൂരി-
മാത്രം വിറച്ചു ബഹുഗോഷ്ഠികൾ കാട്ടിടുന്നു. 21

തട്ടിത്തകർത്തു തരമായ്ത്തലയോടുകൂടി
കട്ടിത്തമേറിയൊരു കമ്പിളികൊണ്ടു മൂടി
ഝെട്ടെന്നു ലോകർ കുളിർമഞ്ഞിലതീവഭീതി-
പ്പെട്ടിന്നൊളിച്ചു വിറവാച്ചു ശയിച്ചിടുന്നു. 22

ബാലാർക്കകാന്തി കലരും നവകുങ്കുമാങ്ക-
ത്താലാഭപൂണ്ടൊരു പയോധര മണ്ഡലത്താൽ
ചേലൊത്തതൻ തനുമറച്ചു ഹിമം ജയിച്ചി-
ക്കാലത്തിൽ വല്ലഭകളുള്ളവർ വാണിടുന്നു. 23

ഏറുന്ന നന്മഹിമ സമ്പ്രതി തൊപ്പികൾക്കു
കാറൊത്തിടുംകബരിമാർമുടി നിത്യഭൂഷേ!
കേറുന്നു മാന്യജനമൌലികൾതന്നിൽ മഞ്ഞു
മാറുംവരെയ്ക്കുമവ നല്ലൊരു ഭംഗിയോടേ. 24

രോമത്തിനെന്തുവിലയാണു ഹിമം വളർന്നു
ഭീമതമാർന്നു ബഹുജാഡ്യമണയ്ക്കുമിപ്പോൾ
ശീമത്തരത്തിൽ വിലസും പല പട്ടിലുള്ള
രോമത്തിനും വിലയഹോ! വലുതായിടുന്നു. 25

കെല്പോടു രാത്രിചരഘോരതുഷാരസംഘ-
മിപ്പാരിടത്തിൽ നിറയുന്നതു കണ്ടുപായാൽ
ഇപ്പോളെടുത്തു മരുവുന്നു ജനങ്ങൾ തൊപ്പി
കുപ്പായമെന്നിവകളാൽ ഹനുമാന്റെ വേഷം. 26

പള്ളിക്കുറുപ്പിനു മഹീതലനായകന്മാ-
രുള്ളോരു പള്ളിയറയുള്ളിലുമിദ്ദശായാം
കള്ളം വെടിഞ്ഞറിക, കമ്പിളിയായ് സമസ്തം
തുള്ളിച്ചുകൊണ്ടു വളരുന്നൊരുജാഡ്യമൂലം. 27

വല്ലാത്തുടൻ ലഹരി ചേർത്തു വിയത്തു ദേഹ-
മെല്ലാം തളർന്നു വലയുംവിധമുള്ള വീർപ്പും
മെല്ലെന്നെഴും പുകയിലയ്ക്കു കൊതിച്ചിടുന്നു
സല്ലോകവും സപദി സമ്പ്രതി ജാഡ്യദോഷാൽ. 28

കാസം, കനത്ത കഫവൃദ്ധിനിമിത്തമേങ്ങി-
ശ്വാസം, ഗദങ്ങളിവ കൂടിടുമീഹിമത്തിൽ
കൂസാതെ വീടി മുതലായ്പലതും ജനങ്ങൾ
ഗോസായിമാർക്കു ശരിയായി വലിച്ചിടുന്നു. 29

മോടിയ്ക്കുവേണ്ട വിഭവം മുഴുവൻ തികഞ്ഞ
മേടയ്ക്കകത്തു മരുവുന്നവർകൂടിയിപ്പോൾ
കേടററ തീക്കനൽ കിടന്നെരിയും നെരിപ്പോ-
ടോടൊട്ടടുത്തമരുവാൻ കൊതി പൂണ്ടിടുന്നു. 30

ഇന്നെന്തുമഞ്ഞിതൊരു സാരവുമില്ലെനിക്കി-
ങ്ങെന്നുള്ള നാട്യമൊടു തീക്കനൽ പല്ലുകാട്ടി
നന്നായ് ചിരിച്ചിടുകകൊണ്ടധുനാ "ഹസന്തി"
യെന്നുള്ളപേരതിനു നല്ല യഥാർത്ഥമായി. 31

ചേണാർന്നു ചൂടുടയ തീക്കനലെന്നപോലെ-
യാണേകദേശമിവയെന്നതു കാരണത്താൽ
മാണിക്യമെന്ന മണികൾക്കതിയായ മൂല്യം
കാണുന്നുവെന്നു കരുതുന്നു ജനങ്ങളിപ്പോൾ. 32

പെയ്യുന്ന മഞ്ഞധികമായി വിറച്ചു കാലും
കയ്യും മരച്ചുടനെയിന്നു മരിച്ചുപോകും
വയ്യേതുമേ വലിയ രാവു കഴിച്ചുകൂട്ടാൻ
തീയ്യേ നമുക്കു ഗതിയെന്നുഴലുന്നു ലോകം. 33

വല്ലാതുണങ്ങിയ ചവററിലതൊട്ടസാര-
മില്ലാത്ത വസ്തുവിഹ കൈവശമുള്ളവർക്കും
എല്ലായ്പ്പൊഴും സുലഭമാകിയ തീയ്യു മന്നി-
ലില്ലാകിലെന്തുകഥ രാത്രി കടുത്ത മഞ്ഞിൽ. 34

ചീന്തുന്ന ധൂമസമകായമെഴും തുഷാരം
ചിന്തിക്കിലഗ്നിയുടെ നന്ദനനാണു നൂനം
സന്താപകാരി ദഹനന്നതുകൊണ്ടിതേററം
ചന്തംവരുത്തി വിലസുന്നു വിവാദമില്ല. 35

തന്നെബ്ഭജിക്കുമിഹലോകരശേഷമെന്നാൽ
പിന്നെജ്ജഗത്തിലിതിലേറിയ ചന്തമുണ്ടോ?
നന്നായത്തണുപ്പുടയ മഞ്ഞതുതന്നെ വഹ്നി-
ക്കുന്നേത്രയും വെട്ടവെട്ടപ്പിൽ വരുത്തിടുന്നു. 36

ഘോരോഷ്ണശക്തി കലരുന്നൊരു വഹ്നിയൊട്ട
പാരം മടങ്ങിയ ജഡാത്മകനാം തുഷാരം
സ്വൈരം സദാ ജഠരവഹ്നിയെഴും പുരത്തിൻ-
ദ്വാരങ്ങളാസകലമാശു തടുത്തിടുന്നു 37

പാകത്തിനാശു പല കർമ്മവുമാചരിച്ചു
ലോകത്തിനുള്ള തനു കാത്തതിൽ വാഴുമഗ്നി
വൈകാതെതൻ പുരി തടുത്തരിയാം ഹിമത്തെ
മാഴ്കാതകണ്ടു നിജശക്തി വളർത്തിടുന്നു. 38

ഏകന്നു മന്നിലഥവാ പലപേർക്കു ജാഡ്യ-
ശോകംപെടുന്നതു കളഞ്ഞിടുമീഹുതാശൻ
ലോകത്തിനാസകലമുള്ളൊരു ജാഡ്യദോഷം
ലോകൈകബന്ധുരവിതാൻ കളവാൻസമർത്ഥൻ. 39

ഊതേണ്ടിടക്കിടെയുടൻ വിറകിട്ടിടേണ്ട
ചെയ്കീടവേണ്ട പണിയിത്തിരിപോലുമോർത്താൽ
ഏതും വിടാതധികജാഡ്യവികാരനാശ-
മാതങ്കമററനുദിനം രവി ചെയ്തിടുന്നു. 40

നീക്കേണ്ട കൊള്ളി പൊരിവീണുടൽ പൊള്ളുകില്ല
മൂക്കിൽ കടന്നു പുകപോയൊരു ദണ്ണമില്ല
ചീക്കും രസേന ഹരിപാദനിഷേവ ചെയ്യാ-
നോക്കുമ്പൊളെത്രതരമീത്തുഹിനാഗമത്തിൽ, 41

ആരിന്നു മിത്രഭഗവാനെതിരീ മഹാത്മാ
ദൂരെയ്ക്കുപോകിലഴലുണ്ടതിനെന്തുകററം
പാരം വിയോഗസമയേ ബഹു ദുഃഖമായി-
ത്തീരുന്നതോക്കക ഗുണോത്തമകോടിയല്ലേ? 42

കല്യാണമാം കരസഹസ്രമെഴുന്ന സാക്ഷാൽ
ചൊല്ലാൻ മിത്രഭഗവാനകലുമ്പൊൾ നാട്ടിൽ
വല്ലാതെ വാച്ചു വളരുന്നിതു മഞ്ഞു പൂച്ച-
യില്ലാത്ത നാട്ടിലെലി തുള്ളിനടക്കുമല്ലൊ. 43

മാനത്തിലുത്തമരഹോ! ചിലർ മദ്ധ്യമന്മാർ
ദീനത്വമാർന്നധമരീവിധമാം ജനങ്ങൾ
നാനാപ്രകാരമിതുമട്ട ഹിമൌഷധങ്ങ-
ളൂനത്വമെന്യെ വഴിപോലെ ഭജിച്ചിടുന്നു. 44

പെട്ടെന്നു മഞ്ഞുമഴപോലെ പെടുന്നൊരിപ്പോൾ
ചട്ടററ വഹ്നി മുതലായ പദാർത്ഥമെന്നും
കിട്ടാത്തവക്കു ശിവനേ വിറയിങ്ങു തീർക്കാൻ
മുട്ടായ്വരുന്നു ഗതി മററൊരു വസ്തുവില്ല. 45

പ്രായം തികഞ്ഞ നില, പിത്തഗദങ്ങളൊന്നു
കായത്തിനുള്ളിലണയാത്തവരിദ്ദശായാം
ആയത്തിലുള്ളടി തടുക്കൽ മറിച്ചിൽ തൊട്ടു-
ള്ളായാസമങ്ങിനെ വിയപ്പൊടെടുത്തിടുന്നു. 46

സീൽക്കാരവും പുളകവും മുദുലാധരത്തിൽ
നീക്കം വെടിഞ്ഞധികമാം വ്രണവും വരുത്തി
വീക്ഷിക്കുവാൻ വിഷമമാംപടി ഗൂഢനായി
രൂക്ഷാനിലൻ ബത വരുന്നു വിടസ്വഭാവൻ. 47

പൊങ്ങുന്ന രൗക്ഷ്യഗുണമുള്ളൊരു വാതകോപ-
മെങ്ങും ജഗത്തിലിഹ തിങ്ങിയ കാരണത്താൽ
അംഗങ്ങളിൽ കിമപി ഹന്ത! മിനിപ്പു നിത്യാ-
ഭ്യംഗം കലൎന്നവനുമിപ്പൊഴുതില്ല പാൎത്താൽ. 48

ആഹന്ത! രൗക്ഷ്യബഹുശൈത്യഗുണങ്ങളൊത്തു
ഹുഹുരവത്തൊടണയും പവനപ്രകോപാൽ
സ്നേഹം പുറത്തിഹ വരാതഥ ഭൎത്തൃഭാൎയ്യാ-
ദേഹങ്ങളിൽ പരമകത്തു വളൎന്നിടുന്നു. 49

പാടേ സഹസ്രകരനാം ഹരിചാപരാശി-
യോടൊത്തുകൊണ്ടു വിലസുന്നു മഹാപ്രതാപൻ
നാടൊക്കെയൊന്നിളകിടുംപടി ശൈത്യമേററം
കൂട്ടും മഹാശ്രുഗഗണങ്ങൾ പുറപ്പെടുന്നു. 50

ആക്കത്തൊടങ്ങു കൃഷി ചെയ്യുതിനായി വൎഷം
നീക്കം വെടിഞ്ഞറിയുവാൻ ഘനഗൎഭചിഹ്നം
നോക്കുന്നു സമ്പ്രതി പഴക്കമെഴും കൃഷിക്കാർ
വാഴ്ക്കും സ്ഫുരൽപുളിനപീനനിതംബബിംബേ! 51

പൂരാടഞാററിലയിലാദിദിനോത്ഥഗൎഭാൽ
ചേരുന്ന വൃഷ്ടി തിരുവാതിര ഞാററിലെല്ലാം
പൂരാടഞായർ പതിമൂന്നു ദിനങ്ങളിങ്ങു-
ണ്ടോരുമ്പോൾ ഞാററിലകളങ്ങിനെ തന്നെ വൎഷം. 52

അഞ്ചാതെ കാററുടയ കാറിടി, മിന്നൽ, വൎഷം
അഞ്ചഭ്രഗൎഭവരലക്ഷണമിപ്രകാരം
അഞ്ചും തികഞ്ഞിടുകിലായതു പെററിടുമ്പോൾ
നെഞ്ചിൽ ധരിക്ക ജലമുൾക്കടമായ് ഭവിക്കും. 53

ആടോപമോടലറിവന്നണയുന്ന കാറാ-
യീട്ടം സുരാരികൾ തടിൽത്തരളാസിയോടെ
പേടിച്ചുടൻ ഹിമകരൻ മറയുന്നു ദേവൻ
പാടേ ഹിമത്തിനു ബലം കുറവായ്വരുന്നു. 54

സാരം കലന്നോരിതു തെല്ലു മറന്നുപോയാൽ
പാരം കൃഷിക്കു പല ഹാനികൾ വന്നുകൂടും
നേരായിതോൎത്തു കൃഷിയുള്ളവർ ഗർഭചിഹ്നം
നേരക്കണക്കിലറിയുന്നു സുസൂക്ഷ്മമായി. 55

പാരൊത്ത പത്മിനികൾതങ്ങടെ ജീവനായി-
ത്തീരുന്നൊരാത്തിരുവടിയ്ക്കതിഭംഗിയോടെ
പൂരാടയോഗമതിലിങ്ങുളവായ ഗർഭം
സാരാൎത്ഥപൂൎത്തിവരുമാറമൃതം വിടുന്നു. 56

മെച്ചപ്പെടുന്ന ഫലനമല്ല യശോദതന്റെ
കൊച്ചുണ്ണിയാണിതിഹ നോക്കുക സൂക്ഷ്മമായി
നൽച്ചന്ദ്രരശ്മിനവദുഗ്ദ്ധവുമിന്ദുവാകു-
മുൾച്ചേൎന്ന വെണ്ണയുമശിപ്പതു കൃഷ്ണശീലം. 57

തണ്ടാരിനുള്ളിതൾ കൊഴിഞ്ഞു കുറഞ്ഞുപോയി
കണ്ടാലെഴുന്നഴകു ചന്ദ്രനു പാരമിപ്പോൾ
തണ്ടാരിൽമങ്ക കതിർ തിങ്ങി വിളങ്ങിടുന്ന
കണ്ടങ്ങൾ കണ്ടവകളിൽ കളിയാടിടുന്നു. 58

രാമാദിഭൂപകുലസൽഗ്ഗുരു ലോകബന്ധു-
വാമിസ്സഹസ്രകരനെന്തിഹ വിൽ വിടാത്തു
ഈ മട്ടിൽ നെൽക്കതിരിൽ വന്നു കളിക്കുമോമൽ-
പ്പൂമങ്കയെക്കപടമെന്നിയെ കാപ്പതിന്നോ? 59

ശ്രീകൃഷ്ണനാദി നരനായകവംശമൂല-
മാകും തുഷാരകരനോ കതിർ കാപ്പതിപ്പോൾ
ലോകത്തെ നൽഫലനതുഷാരഗണങ്ങൾകൊണ്ടി-
ങ്ങാകെ ത്രിയാമകളിലേററമൊതുക്കിടുന്നു. 60

മോഹം സഹസ്രനയനങ്ങളെഴുന്ന മേഘ-
വാഹനന്നുമുണ്ടു ഹൃദി നെൽക്കതിരിങ്ങു കാണ്മാൻ
നീഹാരമായ മറ നീക്കി നഭസ്സിൽ മേഘ-
വ്യൂഹങ്ങൾ കെല്പിനൊടിടയ്ക്കിടെ വന്നിടുന്നു. 61

പോഷിച്ച നെൽക്കതിർ നിറഞ്ഞ നിലങ്ങളിൽ സ-
ന്തോഷിച്ചുകൊണ്ടു മരുവും മലർമങ്കതന്റെ
ദോഷം വെടിഞ്ഞഴകു കാണ്മതിനായി മേഘ-
വേഷം ധരിച്ചിതു രമാപതി വന്നിടുന്നു. 62

നീക്കം വെടിഞ്ഞു നിജമായ നിലത്തിൽ വന്നു
പാർക്കുന്നു സിന്ധുസുതയെന്നതുകൊണ്ടിദാനീം
ഷ്ലീക്കുന്ന ചിത്തരസമോടു ജനങ്ങളേറ-
മാക്കുന്നു കാവൽവിളിയെന്നൊരു കൈതവത്താൽ. 63

പത്തായി തിയ്യതി കഴിഞ്ഞിതു മണ്ഡലം നൽ-
ക്കൊയ്ത്തായി നെല്ലുകൾ വിളഞ്ഞുവളഞ്ഞു ചാഞ്ഞു
ഉൾത്താരിലിത്തരമുറച്ചരിവാളു മാത്രം
കൈത്താരിലുള്ളവരുമേറെ രസിച്ചിടുന്നു. 64

എല്ലാജ്ജനങ്ങളുടെയും സ്മിതചന്ദ്രനൊത്തു
ചൊല്ലാർന്ന ലക്ഷ്മി വിളയാടിവരുന്നു കാണാം
നല്ലൊരു കൊയ്ത്തിലമൃതോഷ്ഠി! ധരിക്കു കല്പ-
വല്ലിക്കു വാഞ്ഛ മലർമങ്കവരുമ്പൊളുണ്ടോ? 65

നല്ലൊരു കൊയ്ത്തിലൊരുപാടു പതമ്പുകിട്ടും
വല്ലിക്കു പോകുമവരില്ല ജഗത്തിലിപ്പോൾ
എല്ലായ്പ്പൊഴും മദനവില്ലെതിരായ ചില്ലി-
വല്ലീവിലാസവിവശീകൃതവിശ്വചിത്തേ! 66

കൊല്ലം തികച്ചവരവർക്കശനത്തിനുള്ള
നെല്ലും വിശേഷമൊടു വിത്തിനുവേണ്ട നെല്ലും
ഉല്ലാസമോടറയിലിട്ടഥ ശിഷ്ടമുള്ള-
തെല്ലാം ജനങ്ങളിഹ വിറ്റു വെടിഞ്ഞിടുന്നു. 67

ചേലൊത്ത നെല്ലു മനുജർക്കു ഭുജിക്കുവാൻ, വ-
യ്ക്കോലൊക്കെയും പരമഹോ! പശുവിന്നു തിന്നാൻ
ഈ ലോകവാസികളിൽ വമ്പരെടുത്തിടും സ-
ത്താലോചനാവിദുഷി! വിസ്തൃതികൾ പിണ്ടമേന്തും. 68

കണ്ടങ്ങളിൽ കതിരിൽ നിന്നു കൊഴിഞ്ഞ നെല്ലു-
കൊണ്ടിങ്ങു കോഴി കിളിയാററ പിറാവിതെല്ലാം
കുഞ്ഞോതരം നിജശരീരമതിങ്കലങ്ങാ-
കണ്ഠം നിറച്ചിത മദിച്ചു കളിച്ചിടുന്നു. 69

ധന്യതപമേറിയ ശുകങ്ങൾ കൊഴിഞ്ഞ ശുക-
ധാന്യങ്ങൾ കൊണ്ടുടൽ നിറച്ചധുനാ ജവത്തിൽ
മാന്യേ! സുദീർഘവടിവാർന്നു നിരന്നുകൊണ്ടു
മാൻനേരിടും മിഴി! തിരിച്ചു പറന്നിടുന്നു. 70

പാഴെന്നിയേ ധനുവിലും ശൃണു വഞ്ചിഭൂപൻ
വാഴും പുരേ മുറജപം കഴിയുന്നതല്ല
ഏഴാം മുറക്കുമധ ജപം പരദേശിമാരാ-
മൂഴീസുരർക്കൊഴിവില്ല ജപാധരോഷ്ഠി! 71

ചോറങ്ങു തുമ്പമലർ താൻ രുചി കാണുമവർക്ക-
മേറുന്ന നൽക്കറികളാദരവററമെന്യേ
മാറാതെയിങ്ങിനെ വിശേഷഗുണത്തൊടമ്പു-
മാറുണ്ടു നാൾ മുറജപോത്സവമെത്രകേമം. 72

ആശാനുകൂലമിഹ കേരളഭൂസുരന്മാ-
രാശീർവിളിത്തകൃതിയോടു നടന്നിടുമ്പോൾ
പേർത്തഹോ നരവരാജ്ഞയിതെന്നു ചോള-
ദേശാധിവാസികളൊതുങ്ങിയമർന്നിടുന്നു. 73

ലക്ഷപ്രദീപമൊടു സാരസനാഭഗേഹേ
ലക്ഷം പവൻ ചിലവുചെയ്തുടിയന്തിരത്തെ
ലക്ഷ്യം വെടിഞ്ഞൊരുവനാരു നടത്തുമേവ-
മക്ഷയ്യലക്ഷ്മിയൊടു വഞ്ചിമഹീശനെന്യേ. 74

നാട്ടാർക്കു വേറെയൊരു ജോലിയുമില്ലതെല്ലും
വാട്ടം ശരീരഹൃദയങ്ങളിലില്ലിദാനീം
പൂട്ടുന്നു കോടതികളാസകലം പരക്കെ-
ക്കോട്ടം വെടിഞ്ഞു നൃപഭക്തി സമാചരിപ്പാൻ. 75

വിസ്താരമേറിടുമൊരിന്ത്യയിതൊക്കയും കാ-
ത്തസ്താമയം വിലസിടും യവനക്കശേഷം
ക്രിസ്ത്"മസ്സുമഹോത്സവമതിപ്പൊഴുതാണു പാർത്താ-
ലസ്മദ്വിധർക്കുമിതയേ! ബഹുമാന്യമല്ലോ. 76

വഞ്ചീശ്വരാദിസകലക്ഷിതിപാലരേയും
വഞ്ചിച്ചിടാതുടനെ തങ്ങടെ കീഴടക്കി
അഞ്ചാതെഴും യവനനാഥർ നടത്തിടുന്നീ-
വൻചാതുരഘോഷസരസോത്സവമെത്രകേമം. 77

മുദ്രാവിഹീനമുയരുന്ന തുഷാരമൂലം
ഭദ്രാതിരേകമെഴുമിദ്ധരണിക്കിദാനീം
ആർദ്രത്വമുണ്ടധികമായി വധൂജനങ്ങൾ-
ക്കാർദ്രാമഹോത്സവമഹോ! സരസം വരുന്നു. 78

കൂടുന്നു സമ്പ്രതി പരസ്പരമേററമിഷ്ടം
കൂടുന്ന തോഴികളൊടാശു വധൂജനങ്ങൾ
പാടുന്നു സാധുതരരാഗമിടുന്നു ശിങ്ക-
പാടുന്നു കാമികൾ മനസ്സിൽ മയക്കമോടെ. 79

ചോടേണനേർമിഴികൾ നിന്നു ചവിട്ടിടുന്നു
ചോടററ ധൈര്യമൊടു കാമികൾ താണിടുന്നു
ആടുന്നു കാമജനമാനസമിങ്ങുഴിഞ്ഞാ-
ലാടുന്നു കാർകുഴലിമാരതിഭംഗിയോടേ. 80

വാമാക്ഷിമാരഴകിൽ വാക്കിലയിട്ടിടുന്നു
കാമിവ്രജത്തിനുടെ കാതു ഫലിച്ചിടുന്നു
തുമപ്പെടുമ്പടി തുടിച്ചു കളിച്ചിടുന്നു
കാമൻ തടിച്ചഥ തുടിച്ചു കളിച്ചിടുന്നു. 81

അശ്രീകരങ്ങളകലുന്നതിനശ്വിനാളിൽ
ഭാരങ്ങളൊക്കെയൊഴിവാൻ ഭരണീദിനത്തിൽ
കീർത്ത്യാദികൾക്കു കളി കാർത്തികനാളിലോർത്താൽ
മക്കൾക്കുതാൻ മകയിരക്കളി മങ്കമാർക്ക്. 82

ഏററം രസേന ബഹുരാഗമുദിക്കുമാറു
നൂറെറാന്നു വെററില തെറുത്തു മുറുക്കിടുന്നു
കററക്കാർകുഴലിമാരവർതൻഗ്ഗുണത്താൽ
ചുററി സ്മരൻ യുവമനസ്സു മുറുക്കിടുന്നു. 83

ഇക്കാല, മാശു തുനിയുന്നു ശശാങ്കനെച്ചെ-
ന്തീക്കട്ടെയൊത്ത തിരുവാതിരയോടു ചേർപ്പാൻ
വെക്കം ശശാങ്കമുഖിമാർ ജലമദ്ധ്യഭാഗേ
നില്ക്കുന്നു കേളിയൊടു പാടി രസിച്ചു കാലേ. 84

ഭംഗം വെടിഞ്ഞു നിജ കാന്തനു തങ്കലെന്നും
മംഗല്യമാമ്പടിയിലാദരവുത്ഭവിപ്പാൻ
ഗംഗാധരന്റെ തിരുവാതിരനാളിൽ നോമ്പു-
മങ്ങാതെ വേണമിഹ മാനിനിമാർക്കശേഷം. 85

കാമിവ്രജങ്ങൾ തിരുവാതിരനോമ്പിനെല്ലാം
വാമാക്ഷിമാർക്കു തുകവിട്ടു വരുത്തിടുന്നു
കേമം പരം പ്രഥമനായതു ചേർന്നിടുമ്പോൾ
ശ്രീമത്സുധാജയകരാധരി! ഭുക്തിയേററം. 86

വാഴക്കു വൈരമുളവാക്കിടുമൂരുവൊത്തു
വാഴുന്ന നന്മഹിളമാരുടെ മച്ചിലെല്ലാം
ഊഴീതലേ യുവജനങ്ങൾ വരുത്തിടുന്ന
വാഴക്കുലയ്ക്കൊരവസാനവുമില്ലിദാനീം. 87

വട്ടത്തിലങ്ങിനെ നുറുക്കി വറുത്ത കായ
പെട്ടെന്നു തങ്കനിറമൊത്തു വിളങ്ങിടുന്നു
ചട്ടററ തങ്കനിറമുള്ളൊരു മങ്കമാരു-
തൊട്ടപ്പൊഴേ നിറമിതിന്നിതു വന്നുചേർന്നു. 88

പെണ്ണുങ്ങൾ ഭീരു! ശൃണു, കുതിയുടൻ കൊഴിച്ചു
കണ്ണാടെ നീക്കി വരി വെച്ചു ഭുജിച്ചിടുന്നു
കണ്ണാടിനോടരിയഴകിൽ കുറിയിട്ടു ശേഷം
കണ്ണിന്നെഴും വരിയിൽ നന്മഷി ചേർത്തിടുന്നു. 89

ശൃംഗാരഭക്തിരസപൂൎത്തി വരുത്തുമാറു
മംഗല്യമോടികളെടുത്തു വധൂജനങ്ങൾ
ഗംഗാധരന്റെ തിരുനാൾദിവസത്തിലൊട്ടും
ഭംഗാതെ നാല്വകറിവെച്ചു ഭുജിച്ചിടുന്നു. 90

കാമാരിതന്റെ തിരുനാൾസുമഹോത്സവത്തിൽ
കാമൻ ജനിച്ചു വളരുംപടി ഭംഗിയോടേ
ഈ മാതിരിയ്ക്കു പല ലീലകൾ ചെയ്തു നോൎക്കും
വാമാക്ഷിമാരുടയ ജാഗ്രത നന്നിതേററം. 91

കാമാനുകൂലവരദായിനിയായ് ഗിരീശ-
വാമാംഗമായ്വിലസിടും മലമങ്കതന്റെ
ശ്രീമാനുരൂപമുടനോൎത്തു വധൂസമൂഹം
പ്രേമാതിരേകമൊടിതിസ്തുതി ചെയ്തിടുന്നു. 92

പാരിച്ച പിംഗളജടാതടിദായ്തകാന്തി-
പൂരിച്ച നീലകചഭാരനവാംബുദൌഘം
ചേരുന്ന മൌലിയൊടുമൊത്തു വിളങ്ങുമൎദ്ധ-
നാരീശ്വരൻ ശരണമായ്വരണം സദാ മേ. 93

ആരുണ്യമുള്ളളികലോചനകുങ്കമാങ്ക-
ശ്രീരമ്യചിത്രകവിചിത്രിതഫാലദേശം
മാരാൎത്തിപൂൎത്തി വരുമാറു ധരിയ്ക്കുമൎദ്ധ-
നാരീശ്വരൻ മമ സദാ തുണയായ്വരേണം. 94

പാരം കറുപ്പുടയൊരുൾക്കടകാളകൂടം
സൌരഭ്യസാരസുഭഗം മൃഗനാഭിപങ്കം
ചാരുത്വമോടിവയെഴും ഗളമുള്ളൊരൎദ്ധ-
നാരീശ്വരൻ കരളിൽ മേ കളിയാടിടേണം. 95

താരങ്ങൾപോലെ വിലസും വിവിധാസ്ഥിമാലാ-
ഹാരങ്ങൾ പുൽകിയ കുചാങ്കമുരോജകുംഭം
പാരാതുരസ്സിലിവ ചേൎന്നുളളീടുമൎദ്ധ-
നാരീശ്വരന്റെ ചരണം ശരണം സദാമേ. 96

വീരാളിമൌലികരിദൈത്യവരന്റെ തോലും
വീരാളിയെന്നു പുകഴും മൃദുവായ പട്ടും
ചേരുംവിധം ജഘനസീമനി ചാർത്തുമദ്ധ്-
നാരീശ്വരന്റെ കഴൽ ഞാനിത കൈതൊഴുന്നേൻ. 97
പാരം രുഷാ മഹിഷവാഹനദേവനേയും
സൈ്വരം പുരാ മഹിഷദേവവിരോധിയേയും
പാരാതമർത്തിയ പദങ്ങൾ വിളങ്ങുമദ്ധ്-
നാരീശ്വരൻ മനസി മേ മരുവേണമെന്നും. 98
താരാധിനാഥധവളദ്യുതി, ചെമ്പരത്തി-
ത്താരാധിപൂണ്ടുവലയുന്ന ചുമന്ന കാന്തി
നേരായ്നിറങ്ങളിവ പൂണ്ടു ലസിയ്ക്കുമദ്ധ്-
നാരീശ്വരൻ തെളിവൊടുള്ളിലുദിക്കണം മേ. 99
താരുണ്യവും പരമഭക്തജനത്തിലേറും
കാരുണ്യവും കളവു വിട്ടു കലന്നു മോദാൽ
പാരൊക്കെയിങ്ങിനെ ചമച്ചു ലസിയ്ക്കുമദ്ധ്-
നാരീശ്വരൻ സപദി കാത്തരുളേണമെന്നെ. 100
കേടററ തന്റെ പതിതന്നുടെ മെയ്യുപാതി
മേടിച്ച ദേവിയുടെ നൽസ്തവമിപ്രകാരം
പാടിക്കളിച്ചു കുതുഹത്തൊടു പാതിരാപ്പൂ-
ച്ചൂടുന്നു സമ്പ്രതി സുമംഗലിമാരശേഷം. 101

രാവിന്നേറെ വലിപ്പമുണ്ടു രവി വ-
    ഹ്ന്യാദിയ്ക്കു സൌഭാഗ്യമു-
ണ്ടാവുന്നോളമുദരാജനിത്യസുഭഗേ!
    കാമം നികാമം ഹിമം
പോവുന്നൂ ബത താമരയ്ക്കിതൾ കുറ-
    ഞ്ഞീടുന്നു പയ്ക്കൾക്കു പാ-
ലീവണ്ണം ''ധനുമാസ'' മെന്നറിക നീ
    മാൻകണ്ണിമാർമാലികേ! 102

[ധനുമാസം കഴിഞ്ഞു.]

# മകരമാസം

മണ്ടാതെ ഭീതികരമാം മകരാലയത്തിൽ
മുങ്ങേണ്ടവൻ നിയമമായ് ദിവസാവസാനേ
ഭംഗിപ്പെടുന്ന രവി ചെന്നു ഭജിച്ചിടുന്നു
ഭംഗം വെടിഞ്ഞു "മകരം" മകരന്ദവാണി! 1

അംഭോരുഹപ്രകരവും മൃഗയൂഥവും വ-
ന്നമ്പോടിണങ്ങിവിലസുംമിഴിയുള്ള കാന്തേ!
അംഭോജബന്ധുഭഗവാൻ മൃഗമൊടു ചേൎന്നു
സമ്പൂൎണ്ണമോദമധുനാ വിലസുന്നു കാൺക. 2

ചാപം ധരിക്കുമവരെത്തെളിവോടു കണ്ടു
താപത്തൊടോടിയൊഴിയും മൃഗലോലനേത്രേ!
താപപ്രതൻ രവി മൃഗാങ്കമുഖഗ്രഹേശൻ
ചാപം വെടിഞ്ഞഥ മൃഗത്തൊടിണങ്ങിടുന്നു. 3

ചാലേ ഗജേഭനികരം സ്വകരാതിപാത-
ത്താലേറെ രക്തമയമാക്കിടുവാൻ സമൎത്ഥൻ
ശീലത്തിനുഗ്രതയെഴും ഹരി നൻമൃഗത്തെ
ചേലൊത്ത മോദമൊടു ചെന്നു പിടിച്ചിടുന്നു. 4

വന്ദ്യതമുള്ള ഗുരുതന്റെ ഗൃഹത്തിൽ വാണു
നന്ദിച്ചുടൻ തുഹിനിജാഡ്യഹരൻ ദിനേശൻ
മന്ദിച്ചിടാതെ നിജ നന്ദനനായിടുന്ന
മന്ദന്റെ വീട്ടിലിത ചെന്നു വസിച്ചിടുന്നു. 5

ചട്ടററ വന്മഴകൾ പെയ്തു കറുത്തകാടി-
ങ്ങൊട്ടൊട്ടുണങ്ങി മലയിൽപ്പലമട്ടു മാറി
കാട്ടിൽ തൃണങ്ങൾ കുറവായിവരുന്നു മെല്ലെ
നാട്ടിൽപ്പരക്കെയധുനാ മൃഗരാശിയായി. 6

പാരാകവേ ജവമൊടോടിടുവാൻ തുടങ്ങീ-
ട്ടാരാലനേകദിനമായ് പൃഷദശ്വനിപ്പോൾ
ആരാകിലും വലയുമിങ്ങിനെ വേല ചെയ്താൽ
പാരാതിതോർത്തു മൃഗമിങ്ങണയുന്നു നൂനം. 7

കമ്പം വിനാ ബലവിസർജ്ജനകർമ്മമിപ്പോൾ
സമ്പൂർണ്ണമായിതു പരം ശിശിരാദികാലേ
വമ്പിച്ച ധാതുബലമേവനുമെത്തിനാൻ പൂ-
ർവ്വമ്പൻ ദൃഢം മകരമിങ്ങിതു കണ്ടിടുന്നു. 8

ഏകൻ പ്രിയേ! ഹിമകരൻ മകരം ദ്വിതീയ-
മേകൻ മൃഗാങ്കനപരൻ നിയതം മൃഗാസ്യൻ
ഏകുന്നു മന്മഥനു വമ്പിവർ തൂകിടുന്ന-
തേകം ഹിമാംശുകിരണം ഹിമമാണു സൂക്ഷ്മം. 9

പാരം രുചാ മൃഗമദത്തെയെടുത്ത നേത്രം
ചേരും പ്രിയേ! മൃഗമദാഞ്ചിത ഫാലമൂലേ!
ചാരുഭ്രൂചാപവതി! തീക്ഷ്ണകടാക്ഷബാണേ!
ചേരുന്നു സമ്പ്രതി മൃഗം ഗുണജാലരമ്യേ! 10

തക്കത്തിൽ മൃത്യു സതതം സസുഖം വസിക്കും
തെക്കങ്ങു ചെന്ന സമയേ ശുഭകാലയോഗാൽ
അർക്കന്നു തന്റെ മകനായ ശനൈശ്ചരന്റെ
ചൊൽക്കൊണ്ടിടും ഭവനമാശ്രയമായ്വരുന്നു. 11

വന്നീടുമിശ്ശിശിരജാഡ്യജദോഷമെല്ലാം
വെന്നീടണം സ്വഗുണവൃദ്ധി വരുത്തിടേണം
എന്നോർത്തുകൊണ്ടു ശിശിരാംശു സദാപി മഞ്ഞു-
കുന്നൊത്ത ദിക്കിനു തിരിച്ചു ഗമിച്ചിടുന്നു. 12

ഉണ്ടാക്കിടുന്നു ദിവസത്തിനു കാൎശ്യമേററം
തണ്ടാരിനുള്ളിതൾ കൊഴിച്ചു കളഞ്ഞിടുന്നു
കണ്ടാലുമിശ്ശിശിരചേഷ്ടദിനേശനായ
തണ്ടാരിനീശ്വരനിതേറെ വിരോധമല്ലോ. 13

പാരാതെ ഗോക്കളുടെ പാലു കുറച്ചിടുന്നു
പാരാകവേ ഹിമമണച്ചു മറച്ചിടുന്നു
പൂരിച്ചൊരിശ്ശിശിരചേഷ്ടകൾ ഗോസഹസ്രം
ചേരുന്നൊരുഷ്ണരുചി ഭാനു സഹിക്കയില്ല. 14

കാലാത്മകൻ ദിനകരൻ ബഹുജാഡ്യദോഷ-
കോലാഹലങ്ങൾ കലരുന്ന ജനങ്ങൾ കാണ്കെ
ചേലൊത്തിടും ധിഷണമന്ദഗൃഹങ്ങൾ പൂകും
കാലങ്ങളിൽ ചെറിയ ഭേദവുമില്ല കാണ്ക. 15

ലാക്കോടു ഹന്ത! മകരം ഹൃദയം പിടിപ്പാ-
നാക്കുള്ള മഞ്ഞധികമായി വളൎത്തിടുന്നു
ഇക്കാലമൊത്തൊരു ജനം മരമായുറച്ചു
നില്ക്കുന്നുവെന്നു പൃഥുലസ്തനി! തോന്നിടുന്നു. 16

നിത്യം പുരാ ശിശിരമാരുതനേകനായ്ത്താ-
നത്യന്തവേഗമൊടിളക്കി ജഗത്തിതൊക്കെ
ചിത്തം തെളിഞ്ഞു നിജവാഹനമാം മൃഗത്തോ-
ടൊത്തപ്പൊളിപ്പൊഴതിലെന്തു പറഞ്ഞിടേണ്ടു. 17

ധാതുക്ഷയം ധരയിലുള്ള ജനത്തിനൊത്താ-
ലേതും ഭവിപ്പതിനു തെല്ലിടയായതില്ല
ചൂതങ്ങളിൽ ചിലതു പൂത്തുതുടങ്ങി മെല്ലേ
ചൂതായുധക്കളി വളൎന്നു വരുന്നു നാട്ടിൽ. 18

വായുപ്രകോപമധുനാ വലുതായ്വരുന്നു
വായവ്യമസ്ത്രമലരമ്പനയച്ചിടുന്നോ
ഞായത്തിലിന്നു തരുണീസ്തനപൎവ്വതത്തിൽ
മായം വെടിഞ്ഞിത മറഞ്ഞമരുന്നു ലോകം 19

മഞ്ഞെന്ന പേരൊടിഹ മന്നിൽ നിറഞ്ഞിടുന്ന
മഞ്ഞുതപമോടു മദനൻെറ യശസ്സിദാനീം
കഞ്ജായുധൻ കണകളെപ്പെരുമാറിടാഞ്ഞോ
കഞ്ജങ്ങളിൽ കിമപി കേടുകൾ കാണ്മതിപ്പോൾ. 20

ഈ വിശ്വമാസകലമാശു ജയിച്ച കാമ-
ന്നാവശ്യമെന്തു പുനരമ്പുകൾകൊണ്ടു പാർത്താൽ
ആവശ്യമൊട്ടുമണയാത്തതിലാരു പിന്നെ-
ക്കൈയ്യ്വെച്ചിടുന്നു പെരുമാറുകയെത്രദൂരെ 21

ചിത്തോത്ഭവൻ ബലമൊടേവമുദിച്ചിടുന്നു
ചിത്തം തെളിഞ്ഞു മദനൻെറ സവിത്രി ലക്ഷ്മി
അത്യന്തനീചതൃണസഞ്ചയമൊക്കെ വിട്ടി-
ട്ടുത്യുച്ചമായ തൃണപാദപമേറിടുന്നു. 22

നീലം നിറം നിഖിലലോകനിതാന്തരക്ഷാ-
ശീലം സുരാഭ്യുദയവൃദ്ധികരസ്വഭാവം
ചാലേ ഗുണങ്ങൾ പല തിങ്ങിനെയുള്ള തെങ്ങിൻ-
മേലെലൊത്തിടുന്നൊരു കുക്കെ രമയ്ക്കു യോഗ്യം. 23

പാർത്താൽ വേണ്ട ധനമേവനുമേകുവാനാ-
യോരോ വിശേഷവിഭവങ്ങളൊടൊത്തിവണ്ണം
പാരിൽപ്പിറന്ന നവകല്പകവൃക്ഷമെന്ന
പേരുള്ള തെങ്ങിലൊരുകൂറു രമയ്ക്കു കൂട്ടും. 24

തിങ്ങുന്ന പട്ടകളിലങ്ങിനെ ഭംഗിയോടു
തൂങ്ങുന്നൊരോലകൾ മനോഹരതോരണങ്ങൾ
പൊങ്ങുന്ന പൂക്കുലകൾ തേങ്ങകളെന്നിതെല്ലാം
തെങ്ങിൻകുരക്കിൽ നിറയുന്നു രമാഗമത്തിൽ. 25

ചാലേ സുരോത്ഭവമതിൻ തലതന്നിലാക-
മൂലം നമുക്കിതു വിടുന്നതു യോഗ്യമല്ല
മേലെലൊത്തിതോർത്തു പല തേങ്ങകളെന്ന നാട്യ-
ത്താലിങ്ങു തെങ്ങിൽ നിറയുന്നു സുധാഘടങ്ങൾ. 26

കേളീപ്പെടുന്ന ശശിയെത്തെളിവോടു തേങ്ങാ-
പ്പൂളായിട്ടും കലകൾകൊണ്ടു ചമച്ചിടുന്നു
നാളീകജൻ, ക്രമമൊടാദിയിലായതുള്ളി-
ലാളും രസത്തൊടു സുരാളികളാക്കിടുന്നു. 27

മുമ്പിൽജ്ജനം ക്രിയകളിൽ പ്രണമിക്കുമൊററ-
ക്കൊമ്പുള്ള ഭക്ഷണമഹോത്സവനായ ദേവൻ
കൊമ്പന്റെ കൊമ്പിനെതിരാകിയ തേങ്ങതൻ പൂ-
ളുമ്പിൽ തരുന്നവരിലേ തെളിയുന്നതുള്ളൂ. 28

ചൊല്ലാർന്ന കേരതരുസഞ്ചയമെങ്ങുമേററ-
മുല്ലാസമോടു വിലസുന്നൊരു കാരണത്താൽ
ചൊല്ലുന്നു കേൾക്കുകയി നീ മലയാളനാട-
ന്നെല്ലാവരും വിദുഷി! 'കേരള' നാമധേയം. 29

സാരജ്ഞലാളിതകുചേ! ശൃണു ശീമമാങ്ങ-
നാരങ്ങയെന്നിവകളേപ്പരമൊന്നൊതുക്കി
സ്വൈരം വളർന്ന വടിവും മധുരസ്വഭാവം
ചേരും പയസ്സുമണയുന്നൊരു തേങ്ങ കൊള്ളാം. 30

രത്നാകരം ഝടിതി ഭാർഗ്ഗവശസ്ത്രഭീത്യാ
രത്നങ്ങളും ക്ഷിതിയിതന്നൊഴിയുമ്പൊൾ വിട്ടാൻ
യത്നം വെടിഞ്ഞിവിടെയെന്നതുകൊണ്ടു വൃക്ഷ-
രത്നങ്ങൾ തെങ്ങുകൾ നിറച്ചു വിളങ്ങിടുന്നു. 31

രത്നങ്ങളുള്ളിലെഴുമീ ക്ഷിതിതന്റെ കാഞ്ചി-
രത്നാകരം ബഹുതരംഗഭുജങ്ങളാലേ
യത്നം വിനാ കരയിലിങ്ങിനെ കേരവൃക്ഷ-
രത്നങ്ങളേപ്പരമെടുത്തു നിരത്തിടുന്നു. 32

അല്ലേതരം തിര വരുന്നതിനോടുകൂടി-
ക്കല്ലേറുമോത്തമകുലീനമഹീരുഹങ്ങൾ
ഇപ്പാരിൽ വന്നു വിലസുന്നു വിശേഷമായി-
ക്കെല്ലോടു നോക്കുകയി! തെങ്ങുകളല്ലിതൊന്നും. 33

ഭുവിൎണ്ണീതെന്നു പുകഴും മലയാളദേശേ
ലാവണ്യസാരഗുണമുള്ളൊരു ദിക്കിലേററം
ലാവണ്യസൂചിതമഹത്തരയൌവ്വനേ! കാ-
ഞ്ചീവൎണ്ണമുള്ള ബഹുകേരതരുക്കൾ കാണാം. 34

ഇന്ത്യക്കടച്ചിളമൃഗാക്ഷികൾമൌലിമാലേ!
ചന്തം വരുത്തുവതിനീമലയാളഭൂമി
ചിന്തിക്കിലന്യവരശീമയിലുള്ളവൎക്കും
സന്തോഷമേകുമൊരു തെങ്ങു വളൎത്തിടുന്നു. 35

സാരംഗമെന്നതുകണക്കിലശേഷലോക-
സാരം ഗ്രഹിച്ച മരുവും യവനേശ്വരന്മാർ
സാരംഗചാരുനയനേ! നിജനാട്ടിൽ നാളി-
കേരങ്ങൾ കപ്പൽവഴിയായി വരുത്തിടുന്നു. 36

നന്മെത്തൊലിപ്പുറമെയുള്ളൊരു കാന്തികൊണ്ടു
ചെമ്മേ സുവൎണ്ണഗുണമൂലമെടുത്ത കാന്തേ!
നൎമ്മം കഥിച്ചിടുകയല്ലിതു തേങ്ങതന്റെ
ചൎമ്മത്തിലെച്ചകിരിതന്നെ ഗുണൈകമൂലം. 37

ഭംഗം വിനാ കുവലയത്തിനു പുഷ്ടി ചേൎത്തു
ഭംഗ്യാ വിളങ്ങിന ഗുണങ്ങളൊടുങ്ങിടാതെ
തിങ്ങുന്ന ചന്ദ്രനഴകിങ്ങു വെളുത്ത വാവിൽ
തെങ്ങിന്നു, നിത്യസുഭഗേ! മകരത്തിലല്ലോ. 38

നാകാംഗനാസദൃശഭൂരിഗുണേ! തനിക്കു-
ണ്ടാകുന്നവൻകുലകൾകൊണ്ടു നശിച്ചിടാതെ
ലോകത്തെ വേണ്ടതു കൊടുത്തു വളൎത്തിടും തെ-
ങ്ങാകും മരം വിദുഷി! കാണ്ക മരദ്രുമംതാൻ. 39

വൈലത്തിടുന്നു മുളകിങ്ങു പറിച്ചെടുത്തീ-
ക്കാലത്തിലേററവുമുണങ്ങിടുവാൻ ജനങ്ങൾ
കാലം ചിരം കിമപി കേടു വരാതിരിക്കും
നാലഞ്ചുനാൾ മുളകിതേററമുണക്കിവെച്ചാൽ. 40

ചൊല്ലാർന്നീടും മുളകനേകവിധത്തിലുള്ള-
തെല്ലാറ്റിലും മരിചമാണയി! നല്ലതോർത്താൽ,
നല്ലാർമണേ! നിയതമെന്നതുമൂലമിങ്ങു
ചൊല്ലുന്നു നല്ലമുളകെന്നിതിനെജ്ജനങ്ങൾ. 41

നിസ്തുല്യദേവപിതൃയജ്ഞവിധിയ്ക്കു വേണ്ടും
വസ്തുക്കളിൽ കടുവിനാസ്ഥകൊടുത്ത മദ്ധ്യേ!
സത്തായൊരീ മുളകുതന്നെയെടുത്തിടുന്നു
നിത്യം ജനങ്ങൾ, മരിചം കടുസാരമോർത്താൽ. 42

കുന്നത്തുമറ്റു സരസം തൊലിയൊക്കെ നീക്കി-
ക്കൊണ്ടീടിലീ മുളകു നന്മണിമുത്തൊടൊക്കും
കണ്ണത്തിനേറെ ഹിതമാണണിമുത്തുമാല-
കൊണ്ടേറ്റവും ഗുണമിണങ്ങിയ ചാരുകണ്ണി! 43

വേഗത്തിലാത്മഹിതസാധനശക്തിയുണ്ടു
രാഗത്തിനില്ലൊരവകാശവുമാശയത്തിൽ
ഭോഗങ്ങളിൽസ്പൃഹകളില്ലിതുമട്ടിലുള്ള
യോഗീശ്വരർക്കുമറികീ മുളകേറ്റമിഷ്ടം. 44

ഘോരാമയപ്രകരകാരണമാം കഫത്തിൻ
വേരായ മഞ്ഞിനു കുറച്ചിലൊരല്പമില്ല
പാരിൽപ്പരം കഫഹരം മരിചം പറിച്ചു
പാരം ജനങ്ങളിഹ കൈവശമാക്കിടുന്നു. 45

ചൊല്ലാർന്ന ചോളമഹി, പാണ്ടിധരിത്രിയെന്നി-
തെല്ലാം വെടിഞ്ഞു മരിചം മലയാളനാട്ടിൽ
മെല്ലെന്നു ജാഡ്യമൊഴിവാക്കി വസിച്ചിടുന്നു
കല്യാണി! കേരളവിലാസിനി! ദൃശ്യവക്ത്രേ! 46

ഒന്നായ്ക്കഫക്ഷയകരം മരിചം ജഗത്തിൽ
നന്നായ്‌വളർന്നളവിൽ വന്നൊരു വാതകോപം
ഇന്നായതാസകലമാശു പറിച്ചു നേരം
മന്ദം ക്രമത്തിലിത താണു വരുന്നു കാണ്ക. 47

ആക്ഷം രസാലമനുഭവിച്ചിടുമട്ടുശായാം
സീൽകാരമേകുമതിയായ് രുചിയേക്കൊട്ടുകളും
ഉൾക്കൊണ്ട പഞ്ചവിശിഖാഗ്നി വളർത്തുമേററം
ചൊല്ക്കൊണ്ടിടുന്ന മരിചം സുഭഗാധരോഷ്ഠി! 48

പാരം തണുപ്പാരരനാഴിക ദൂരെയുള്ള
തീരം പെടും തടിനികൾക്കു തടപ്രകാശം
സാരം കലൎന്ന ബഹുപുഷ്പഫലവ്രജങ്ങൾ
ചേരുന്ന പഞ്ചകൾ വളൎന്നു വരുത്തിടുന്നു. 49

നന്മട്ടു പൂത്തു പലകായകളൊത്ത മത്ത-
കുമ്മട്ടി വെള്ളരി തുടങ്ങിയവല്ലിജാലം
നിൎമ്മിച്ചിടുന്നു പുളിനങ്ങളിലാഭയേററം
ചെമ്മേ നിതംബപരിലംബിതരത്നകാഞ്ചി! 50

നല്ലാർജനങ്ങളുടെ പല്ലിനെഴുന്ന കാന്തി-
യെല്ലാം കവൎന്നു കുരുവൊക്കെയകത്തൊതുക്കി
മെല്ലെശ്ശിവവ്രതമൊടേറെ വിഭൂതിമെയ്യി-
ലെല്ലാം ധരിച്ചു മരുവുന്നിതു കുമ്പളങ്ങാ. 51

വല്ലീഫലപ്രവരമെന്നു ചികിത്സകന്മാർ
ചൊല്ലും യശോധവളമാകിയ കുമ്പളങ്ങാ
ഉല്ലാസമോടു ബഹു പത്ഥ്യമിതെന്നു ചിന്തി-
ച്ചെല്ലാവരും നിജഗൃഹത്തിൽ വരുത്തിടുന്നു. 52

പാഴെന്നിയേ കനകകുംഭമൊടിഷ്ടമായി
വാഴുന്ന മത്തലതതൻ ഫലസഞ്ചയങ്ങൾ
കേഴുന്ന മട്ടറകളിൽ കയർകൊണ്ടു കെട്ടി-
ഞാഴുന്നു ഹേമഘടകാന്തി ഹരസ്തനാഢ്യേ! 53

മാനം കലൎന്ന മരവല്ലിപടൎന്ന കായ-
മാനങ്ങളിൽ സുമഫലങ്ങൾ നിറഞ്ഞിടുന്നു
മാനെത്തെഴുന്ന ഖഗപങ്ക്തികളായതാക-
മാനം ഭുജിപ്പതിനു വേഗമണഞ്ഞിടുന്നു. 54

വല്ലാതെ വെള്ളരി പടൎന്നുപിടിച്ച ഭൂമി-
യെല്ലാമതിന്റെ ബഹുശോണഫലങ്ങളാലേ
മെല്ലെന്നു മൂടി വിലസുന്നു ഹിമം തടുപ്പാൻ
നല്ലോരു ലേസ്സുകളെടുത്തു പുതച്ചപോലെ. 55

നൽക്കായ പൂക്കളിവയും സതതം തണുപ്പും
ചിക്കെന്നു ചേൎന്നിട്ടുമൊരീ തുഹിനാഗമത്തിൽ
നൽക്കണ്ടകങ്ങളുടലിൽ സകലം ധരിച്ചു
നിൽക്കുന്നു ഭൂരി ബൃഹതീനികരങ്ങൾ കാണ്ക. 56

ക്ഷീരാഖ്യയുള്ള സലിലത്തിനു മഞ്ഞുകൊണ്ടു
തീരെ ക്ഷയിച്ചു സുഭഗതഗുണം സമസ്തം
പാരിൽ പരം പുകളെഴുന്ന പശുക്കളിപ്പോൾ
ക്ഷീരം പുറത്തധികമായി വിടുന്നതില്ല. 57

ചേലൊത്ത ജഹ്നുതനയാസുതനിച്ഛയാലീ-
ക്കാലത്തിലാണുടൽ വെടിഞ്ഞതു പണ്ടുപോലും
ചാലേ ജലം സകലവും ഭുവി ഗംഗയാണു-
പേരില്ലു ജനങ്ങൾ ജലമിന്നു തൊടുന്നതില്ല. 58

കോളായ്പ്പുളിങ്കുറി ചമയ്ക്കുവതിന്നു വേണ്ടും
വാളൻപുളിങ്ങകളിലേറ്റവുമിഷ്ടമോടേ
ആളുന്ന വെയിലണയുമാറവയിട്ടിരുന്നു
ചീളെന്നു ലോകരതിശീതമെഴുന്നൊരിപ്പോൾ. 59

അഞ്ചാളുവെള്ളമെഴുമസ്ഥലമൊക്കെയും കോൾ-
പ്പുഞ്ചപ്പണിക്കുചിതമാംപടി ലോകരിപ്പോൾ
എൻചക്രശാസ്ത്രവകുചേ! ശൃണു ചക്രമങ്ങി-
ട്ടെഞ്ചിൻപ്രയോഗമതിനാൽ കളയുന്നു വെള്ളം. 60

സത്തായി ലക്ഷ്മി വിലസുന്നൊരു പുഞ്ചനെല്ലിൻ
വിത്താശു ചീഞ്ഞു മുളയാതെ നശിച്ചുപോകും
നിത്യം ജലപ്രകരസംഗമെഴുന്ന ദിക്കി-
ലിത്ഥം നിനച്ചു കളയുന്നു ജലം ജനങ്ങൾ. 61

നീക്കിക്കളഞ്ഞു ജലമങ്ങിനെ കോൾനിലത്തി-
ലൂക്കോടു പിന്നെയുമണഞ്ഞു നിറഞ്ഞിടായ്വാൻ
ആക്കം കലർന്നൊരു വരമ്പുകൾ തീർത്തു നന്നായ്
നോക്കുന്നു ഞണ്ടു ജലജന്തു തുളച്ചിടാതെ. 62

പാരായതിങ്കലധുനാ ശൃണു കോളുകാക്ക്
പാരാതണഞ്ഞധികമാശ്വിലകൂടിടുന്നു
സാരം കലർന്ന ഘനമേററമുടച്ചു വീശു-
ന്നോരുഗ്രവായുവിലിലക്കഥയെന്തു പിന്നെ. 63

ഗംഭീരനാം പവനനേററണയാതുകൂടി
രംഭാദളങ്ങളധുനാ തകരുന്നു പാരം
അമ്പോടു മൂപ്പു തികവാർന്നു മധുരസ്വഭാവ-
സമ്പൂർണ്ണമാകിയ കരിമ്പൊരണഞ്ഞു രണ്ടായ്. 64

ലോകൈകവീരമണിയായ കരിമ്പുവില്ലു-
ന്നാകും നദീപതിസുതാസുതനാഞ്ഞൊടുപ്പാൻ
പാകം തികഞ്ഞൊരു കരിമ്പുകൾകൊണ്ടു തീര-
മാകെപ്പരം നദികളിഞ്ഞു നിറച്ചിടുന്നു. 65

മാധുര്യമേറിയ കരിമ്പുകളെക്കടന്നു-
ബാധിച്ചിടുന്നു പലരും സഹസാ ഭുജിപ്പാൻ
ബോധിച്ചുകൊൾക സുധതന്റെ ജയത്തെ നന്നായ്-
സാധിച്ചുകൊണ്ടു വിലസും മൃദുലാധരോഷ്ഠി! 66

ഉത്സാഹമോടഴകിയന്ന കരിമ്പിനുള്ള
നത്സാരമുള്ളിലിഹ ലോകരെടുത്തിടുന്നു
ധിസ്സായ് രജസ്സോടു ചവിട്ടുകളേല്ക്കുമാറു
നിസ്സാരമാകിയൊരു കോച്ചയിടുന്നു മണ്ണിൽ. 67

കേടററ മൂത്തൊരു കരിമ്പു വിശേഷമെന്നു
പാടേ ജനങ്ങൾ മതിയാംപടി തിന്നിടുന്നു
ഗൂഢം മഹാസുകൃതിലോകനിഷേവ്യമായ് മു-
ത്തോടും രദങ്ങളണിയും മധുരാധരോഷ്ഠി! 68

മെല്ലെന്നു പൂത്തു കശ്രു വാഖ്യകലൎന്നിട്ടം മാ-
വെല്ലാം ജഗത്തിലിഹ മഞ്ഞു തുടങ്ങിയപ്പോൾ
വല്ലാതെയുള്ള കെതികേട്ട നിമിത്തമുണ്ടാ-
നില്ലാത്തവർക്കിഹ ഫലിച്ചു മനോരഥങ്ങൾ. 69

പച്ചണ്ടി തോണ്ടിയിട്ടവാൻ വലുതായ തോട്ടി
പിച്ചാത്തിയെന്നിവകൾ കയ്യിലെടുത്തു മോദാൽ
പിച്ചുണ്ണുമില്ല തരമങ്ങിനെയുള്ള ലോക-
രിച്ചൊന്ന മാവിനുടെ ചോട്ടിൽ വസിച്ചിടുന്നു. 70

നന്നായൊരിത്തരുവിനെ 'ക്ശ്രു'വാഖ്യകൊണ്ടു
ധന്യേ! പറങ്കികൾ വിളിച്ചുവരുന്നു പോലും
എന്നാലഹോ! 'കശ്രുവ'യെന്ന പദം കശ്രുമ്മാ-
വെന്നാക്കിടുന്നു മലയാളിജനം ക്രമത്തിൽ. 71

അണ്ടിയ്ക്കു നന്മ പലതൊത്തിട്ടമീമരത്തെ-
ക്കൊണ്ടിങ്ങു വന്നതു പറങ്കികളാണുപോലും
രണ്ടില്ല പക്ഷമതുകൊണ്ടു 'പറങ്കിമാ'വെ-
ന്നുണ്ടായി പേരിതിനു കേരളഭൂതലത്തിൽ. 72

ചേണാൎന്ന ചൂതതരുവിൽ കുസുമായുധൻെറ
ബാണങ്ങളായ കുസുമങ്ങൾ വിളങ്ങിടുന്നു
ക്ഷീണം പരം വിരഹികൾക്കു വളൎന്നിടുന്നു
ഞാണായ വണ്ടിനുടെ ഝംകൃതി കേട്ടിടുന്നു. 73

ലോകം ജയിപ്പതിനു നൽത്തരമായി ചൂത-
മാകുന്ന വൃക്ഷമിഹ പൂത്തുതുടങ്ങിയല്ലോ
"വൈകുന്നതെന്തിനി വരാമുട"നെന്നുറക്കെ-
ക്കൂകുന്നു കാമനെ വിളിച്ചിത കോകിലങ്ങൾ. 74

നന്നായൊരിത്തരുവിലുള്ള ഫലങ്ങൾതൻ ചാ-
റൊന്നാന്തരം സുമധുരം കളവല്ല തേൻതാൻ
എന്നായുരച്ചു മലയാളികളിങ്ങു തേന്മാ-
വെന്നീ മരത്തിനൊരു പേരു കൊടുത്തു നൂനം. 75

സംഗീതരീതിയിലിതാ കുയിൽ നാദമേററം
ഭംഗ്യാ ജഗത്തിൽ വിലസുന്നു വിശേഷമായി
ഭൃംഗാംഗനാകളകളങ്ങൾ മുഴങ്ങിടുന്നു
മങ്ങാതെ ചൂതലതികാനവപുഷ്പകാലേ. 76

ആക്കം കലൎന്ന ചില ചൂതതരുക്കളൊട്ടും
പൂക്കാതെ കണ്ടഴകിനോടു തളൎത്തിടുന്നു
നീക്കം വെടിഞ്ഞതുടമസ്ഥജനങ്ങളിപ്പോൾ
നോക്കിപ്പെരുത്തഴലിനോടു തളൎന്നിടുന്നു. 77

പഞ്ചാരയൻ, വലിയശക്കരയൻ, കടുക്കേൻ,
പഞ്ചാരതുപ്പു,നെരിയൻ, പുളിയൻ, വരിക്കേൻ,
അഞ്ചാതെ പേരു പലതിങ്ങിനെ മാവുകൾക്കു
പഞ്ചാരഭാഷിണി! ജനങ്ങളുരപ്പതല്ലോ. 78

മാവാകവേ ഝടുതി പൂത്തു പരം കൊഴിഞ്ഞു-
പോവാതിരുന്നിടുകിലേ ഫലമാകയുള്ളു
ഏവം പറഞ്ഞു നയനങ്ങളെ മേല്പിലാക്കി
മേവുന്നു ലോകരിതിലേന്തിയ ചിന്തയോടേ. 79

വെക്കം രസാലകുസുമപ്രകരത്തിലുദ്യ-
ദുൽക്കണ്ഠഭാവമൊടു കണ്ണു പതിച്ചുകൊണ്ടു്
നില്ക്കുന്നൊരീ നിഖിലമൎത്ത്യജനത്തിനുദ്യ-
ദുൽക്കണ്ഠഭാവമധികം സ്ഫുടമായിടുന്നു. 80

മാവിന്നു മാങ്ങയുടെ നല്ല ഗുണങ്ങളാൽ പേർ
മേകുന്നിടുന്നു ശുഭശീലഗുണപ്രസിദ്ധേ!
ഏവം നിനക്കിലഴകേറിയ ചക്കകാച്ചും
പ്ലാവിന്നുമില്ല പുനരന്യമരത്തിനെന്തോ? 81

കീൎത്തിപ്പെടുന്ന പല മാവുകൾ പൂത്തിടുന്ന
വാൎത്താവിശേഷമിതു നാട്ടിലശേഷമിപ്പോൾ
പാൎത്തട്ടിലന്യതരുജാതികൾ പൂക്കിലിത്ര
കീൎത്തിക്കുമാറു പതിവില്ല വിശിഷ്ടകീൎത്തേ! 82

ചുട്ടററു പൂത്ത സഹകാരഗണത്തിലേത്തു-
മട്ടിന്നു മൎത്ത്യരിഹ ദൃഷ്ടി പതിച്ചിടുന്നു
ഒട്ടൊട്ടതിന്നു സമമായഴകോടു പോളു-
പൊട്ടും പിലാവുകളിലും മിഴി ചേൎത്തിടുന്നു. 83

നാട്ടിൽ പ്രഭുക്കൾ നിയമേന നടത്തിടുന്നോ-
രൂട്ടിൽ ക്രമത്തിലിഹ കഞ്ഞി വെടിഞ്ഞിടുന്നു
ക്കുട്ടീക്കുടിപ്പതിന്നു വേണ്ട പുഴക്കൊടൊത്തു
കോളും വെടിഞ്ഞു തെളുകഞ്ഞി കൊടുത്തിടുന്നു. 84

ആഹന്ത! നാട്ടിലിഹ നീളെ നടത്തിടുന്നു
ദാഹങ്ങൾ തീൎക്കുവതിനായ്വഴിയമ്പലങ്ങൾ
മാഹാത്മ്യമുള്ള മദനൻ വിലസുന്ന ചിന്താ-
ദാഹാൎത്തി തീൎത്തിടുമൊരമ്പലമായ കാന്തേ! 85

പാരം തളച്ച് കളവാൻ വഴിപോക്കർ നീരു-
മോരിന്നു ചെന്നു വഴിയമ്പലമേറിടുന്നു
ചേരും വധൂഗുണഗണത്തിന്നു വൃദ്ധി നൽകാ-
നാരോമലുജ്ജ്വലരസത്തെയൊഴുക്കുമാര്യേ! 86

നല്ലംബുവിന്നു മധുരം രസമാക്കിടുന്ന
നെല്ലിക്കയും സുലഭമീ വഴിയമ്പലത്തിൽ
ചൊല്ലാൎന്നിടുന്നതിന്നും മധുരം കളഞ്ഞ
ചൊല്ലാലെ നന്മകൾ വരുത്തുമുദാരശീലേ! 87

ഏത്തും ജയാപജയവാൎത്തകൾ സത്യമായി-
ട്ടോൎത്തോരു കമ്പിയുടനെങ്ങിനെയോ വരും മേ
ഇതരം പരീക്ഷകൾ കൊടുത്തവർ പാൎത്തു പാൎത്തു
കത്തുന്ന ചിത്തമൊടു ഹന്ത! കഴങ്ങിടുന്നു. 88

നതസാരഹൂണവരഭാഷയിലെപ്പരീക്ഷ-
ഭസ്സാണിതെന്നു വെടിയുന്നതിനാക്കു തോന്നും
പസ്സാകുവാൻ വിഷമമേറിവരുന്നു പിന്നെ-
പ്പാസ്സാകിലും ഫലമഹോ! കുറവായ്വരുന്നു. 89

കിട്ടീലിവന്നുജയമിക്കുറിയെന്നു കിലയ്യോ!
കെട്ടീടുമെൻെറ തറവാട്ടടനെ സമസ്തം
പട്ടക്കഹോ! പ്പണയമൊക്കെയുമെന്നു പാർത്തു
ഞെട്ടിച്ചിലർക്കു തല കാഞ്ഞുതുടങ്ങിയിപ്പോൾ, 90

ഞാനും പെരുത്തൊരിവനിക്കുറിതാൻ ജയിക്കും
മാനം ഭവിക്കുമഥ മന്ത്രിപദം ലഭിക്കും
ഹീനത്വമററു ഗുണമാം തറവാട്ടിലേക്ക-
മാനന്ദമോടു ചിലരേവമുരച്ചിടുന്നു. 91

ആവോളവും പുരുഷകാരമെഴുന്നവർക്ക-
മാവോ ജയം വരികയെന്നതു സംശയംതാൻ
ഏവം നിനച്ചു ചിലരീശ്വരനെസ്സദാപി
സേവിച്ചിടുന്നു പലമാതിരി ഭക്തിയോടെ. 92

ലോകത്തിനാസകലമിങ്ങിനെയുള്ളിളക്ക-
മേകുന്ന കമ്പിയിഹതൻവരവിന്നുമുമ്പിൽ
ശോകാൽ വിപഞ്ചികളിലുള്ളൊരു കമ്പി തോററു-
പോകുന്ന മഞ്ജുതരവാണി! മമാസ്യനാഥേ! 93

എത്തുന്ന കമ്പികൾ പരീക്ഷ ജയിച്ചുവെന്നു
ചിത്തം തെളിഞ്ഞു ചിലരിപ്പൊളറിഞ്ഞിടുന്നു
അത്യന്തതാപമൊടു തങ്ങൾ പരീക്ഷതോററ-
വൃത്തം ധരിച്ചു ചിലരേററമുഴന്നിടുന്നു. 94

ഏററം ജയിച്ചു സുഖമാം തെളിവേകദേശേ
തോററുത്ഭവിച്ചൊരഴലാമിരുളന്യദേശേ
മാററം വെടിഞ്ഞു ഭുവനം പരമേവമിപ്പോ-
ളുററപ്പെട്ടും സ്മരമഹാജ്ജയവൈജയന്തി! 95

പാരിൽ പ്രസിദ്ധി പലതും കലരും കൊടുങ്ങ-
ല്ലൂരീശ്വരിക്കു പാരമോത്സവഘോഷമോടേ
താലം പൊലിച്ചിടുകയെന്നടിയന്തരത്തിൽ
കോലാഹലങ്ങളിവിടത്തിൽ മുതിന്നിടുന്നു. 96

ചൊല്ലാൻ വിദ്യ ധരയിൽ പരമൈത്ര്യമുണ്ട-
തെല്ലാം മഹാദരവൊടീയ്യടിയന്തരത്തിൽ
ചെല്ലുന്നു കാളിയിലെഴും ബഹുഭക്തിമൂലം
കല്യാണസൽഗ്ഗുണഗണോജ്ജ്വലയൌവ്വനാഢ്യേ! 97

ആട്ടങ്ങളുണ്ടു കുഴലൂത്തുകളുണ്ടു നല്ല
പാട്ടുണ്ടു കൊട്ടു പലമാതിരിയുണ്ടു പാർത്താൽ
കോട്ടം മറിച്ചിലവയുണ്ടതിഭക്തലോകർ
കൂട്ടംതികഞ്ഞമരുമീയ്യടിയന്തരത്തിൽ. 98

അററം വിനാ ചിലവുചെയ്തു വരുത്തിടുന്നു
മററുള്ള ദിക്കുകളിലീവക വിദ്യയെല്ലാം
തെററന്നു കാളിയുടെ കാഴ്ചയിൽ വാർമുടിയ്ക്കു
തെറേറകിടും കുഴലി! തന്നെ വരുന്നുവല്ലോ. 99

ക്ഷിപ്രം ബഹുസ്തവനനിന്ദനശീലമുള്ള
വിപ്രാദികൾക്കു വലുതായൊരു സദ്യയുണ്ട്
അല്ലേത്തരം കരിമരുന്നുകളുണ്ടു ഭംഗ്യാ
നില്പോരു ലോകരുടെ സംഘമസംഖ്യമുണ്ട്. 100

കാളിക്കെഴും കനകഭൂഷിതമായ കോലം
കേളിപ്പെട്ടും കരിവരൻെറ കഴുത്തിലേററി
മേളം കലർന്നു ബഹു ഭംഗിയിലുള്ള യാത്ര
നാളൊന്നിലല്ലറിക നാലുദിനത്തിലുണ്ട് 101

താലത്തിൽ വെള്ളരിനിറച്ചതടച്ചുകെട്ടി-
ച്ചേലൊത്ത നാരികളെടുത്തതിഭക്തിയോടേ
കാലാരിതൻെറ മകളാകിയകാളിതൻ തൃ-
ക്കാലായ താരിണയിൽ വെച്ചു വണങ്ങിടുന്നു. 102

നാഗത്തിലേറിയെഴുനള്ളിടുമമ്മതന്നെ
വേഗത്തിലൂഴിപതി ചെന്നെതിരേററിടുന്നു
നാഗസ്വരക്കുഴലിൽനിന്നുഴകോടനേക-
രാഗസ്വരങ്ങൾ കളകണ്ഠി! പുറപ്പെടുന്നു. 103

ചേലൊത്ത ഭംഗി പലതിങ്ങിനെ തിങ്ങിടുന്നീ-
ത്താലപ്പൊലിക്കുശരി മറെറാരു കാഴ്ചയില്ല
നീലത്തഴക്കുഴലിമാർ നിഖിലം വണങ്ങും
ചേലൊത്ത സൽഗ്ഗുണഗണങ്ങൾ വിളങ്ങുമാര്യേ! 104

ലോകങ്ങൾ 'ശൌരിമല' തന്നിലെഴുന്ന ശാസ്താ-
വാകുന്ന ദേവനെ വണങ്ങുവതിന്നിദാനീം
പോകുന്നു, കാളിയുടെ കാലിണതന്നെ കൂപ്പി
ശ്രീകോടിലിംഗപുരിയിൽ കുടികൊള്ളുമാര്യേ! 105

പെയ്യുന്ന ഭക്തിയൊടു കാങ്കിയുടുത്തു നോമ്പി-
ട്ടയ്യപ്പനെശ്ശരണമെന്നു വിളിച്ചുകൊണ്ടു്
അയ്യന്റെ മുദ്രവടിവാർന്നിലസും ശരക്കോൽ
കയ്യിൽധരിച്ചു ചിലർ കെട്ടുകൾ കെട്ടിടുന്നു. 106

ചൊല്ലൊങ്ങിടും 'പഴനി'യിൽ ബഹുഘോഷമായ
തൈപ്പൂയമായതിനു കാവടിയാടിടേണം
ഇപ്പാരിലുള്ള ജനമേവമുറച്ചനന്നാ-
യിപ്പോൾ മഹാവ്രതമെടുത്തു വസിച്ചിടുന്നു. 107

പഞ്ചാമൃതംമുതലനേകനിവേദ്യമോടൊ-
ത്തഞ്ചാതെശക്തിധരപൂജ കഴിച്ചിദാനീം
ക്രൌഞ്ചാരിതന്റെ മഹിതസ്തവമിപ്രകാരം
വാഞ്ഛാനുകൂലമുരചെയ്തു ഭജിച്ചിടുന്നു. 108

സ്തുതി [വൃത്തം വേറെ]

സ്കന്ദ! പാവകനന്ദന! സ്ഫുരദിന്ദുശേഖരനന്ദനാ!
ഇന്ദിരാശുഭമന്ദിരാനനദിന്ദിരാധികസുന്ദരാ!
ചന്ദ്രനേർമുഖ! തന്ദ്രിവിട്ട ജിതേന്ദ്രിയദ്വിജവന്ദിതാ!
ഇന്ദ്രനാശ്ശരണം ദയാകര നന്ദനീയ! ഭവാൻ ദൃഢം. 109

കാർത്തികേയ! നതാർത്തിനാശന! കീർത്തിരാജിതമൂർത്തിമൻ!
കൂർത്ത വേലു കരത്തിലുള്ള സമസ്തനാഥ! നമോസ്തുതേ!
പേർത്തു നിൻഗുണമോർത്തുമുജ്ജ്വലവാർത്തയങ്ങിനെവാഴ്ത്തിയും
പാർത്തിടുന്ന ജനത്തിനിഷ്ടവരത്തെ നൽകുക സത്വരം. 110

പുണ്യശീല! ഹിരണ്യഗർഭ! വരേണ്യലോകശരണ്യ ലാ-
വണ്യമേറുമപർണ്ണതൻസുത! വർണ്ണനീയഗുണാർണ്ണവ!
വർണ്ണരമ്യസുവർണ്ണസന്മണികർണ്ണവേഷ്ടനകർണ്ണ! മേ
പൂർണ്ണമുത്തതിതുർണ്ണമേകുക ഖണ്ഡിതാഹിതമണ്ഡല! 111

രേവതീസുത! ദൈവതസ്തുത! ഭാവിതാത്മകസേവിത!
കാവടിപ്രിയ! ചേവടിദ്വയസേവകർക്കു സുഖാവഹ!
കൈവണങ്ങുവനാവതോളവുമീവിധം ബഹുപാവന!
ശ്രീവിശാഖ! മനോബിലേ മമ നീ വിളങ്ങുക കേവലം. 112

ആറണിത്തിരുമേനിതൻെറ കുമാരനായ ഭവാൻ പിറ-
ന്നാറുനാളിനകത്തു താൻ ബലമേറിട്ടും ഗുണവൈഭവാൽ
കേറിനേർത്തവരെജ്ജയിച്ചഥ ക്രൗഞ്ചശൈലകൊക്കെയും
ഏറിടാതെ വശീകരിച്ചവിതേററയത്ഭുതമത്ഭുതം! 113

സ്കന്ദനായ ഭവാനു ചേർന്നൊരമന്ദമാം ബലമോർക്കിലീ-
യ്യിന്ദ്രനെന്നൊരു പേർപെട്ടുന്ന പുരന്ദരൻ ബഹുദുർബ്ബലൻ
ഇന്നുതൊട്ടതിനാൽ ഭവാൻ ജഗദീന്ദ്രനായ്വിലസണമേ
നന്ദനീയ! ദയാനിധേ! പുനരെന്നുമേ ശുഭമായ്വരും. 114

വേലായുധസ്തുതികളേവമുരച്ചു തുള്ളി
വേലാലഹോ! കവിൾ തുളച്ചു ഹരോ ഹരേതി
കോലാഹലാലിവിടെയും ഗുഹമന്ദിരത്തിൽ
മാലോകർ കാവടി നിറച്ചുടനാടിടുന്നു. 115

ആഹാരം സർവ്വലോകങ്ങളുമതിഗുരുവായ്‌ക്കൊ
ച്ചെസ്തുപോരുന്നു നിത്യം
നീഹാരത്തിൻബലത്താൽ മഹിമ ചെറിയതാ-
ല്ലോർക്ക വഹിക്കിദാനീം
ദാഹാരംഭത്തിലേതാൻ്ലകിലുചിതമാം
കഞ്ഞിയായ് മഞ്ജുരമ്യ-
ശ്രീഹാരോല്ലാസികണ്ഠേ! കമനി! 'മകരമാം'
മാസമീമട്ടിലല്ലോ. 116

[മകരമാസം കഴിഞ്ഞു]

# കുംഭമാസം

അംഭോജബന്ധുകരമായിരമുള്ളദേവൻ
ഗംഭീരഭാവമിയലും തുഹിനാചലത്താൽ
അംഭസ്സു ഭൂമിയിതിൽനിന്നതിയായെടുത്തു
കുംഭത്തെയിപ്പൊഴതിലാശു ഭജിച്ചിടുന്നു. 1

വാതാശനപ്രവരനാകിയ രാഹുവിന്നു
ചേതസ്സിൽ വൈരമുളവാക്കിയ ദേവനർക്കൻ
ശീതാതിവാതമെഴുമീശ്ശിശിരത്തിൽ വാദ-
മേതും വിനാ സപദി കുംഭമെടുത്തിടുന്നു. 2

തിങ്ങും തപസ്സുടയവൻ മുനി കുംഭജാതൻ
ഭംഗ്യാ കുടിച്ച കടൽതൻ നടുതന്നിൽ നിത്യം
മുങ്ങേണ്ടവൻ ഖഗകുലേശപരനായ സൂര്യൻ
മങ്ങാതെ കുംഭമിത ചെന്നു ഭജിച്ചിടുന്നു 3

കുംഭദ്വയസ്തനമണച്ചു തണുപ്പു തീർക്ക-
യംഭോജമിത്രനയനേ! ശിശിരത്തിലിപ്പോൾ
അംഭോജബന്ധുശിശിരേതരരശ്മി ദേവൻ
കുംഭത്തെയങ്ങിനെ ഭജിച്ചു വസിച്ചിടുന്നു. 4

തക്കത്തിൽ വേണ്ട സമയങ്ങളിലിങ്ങു വെള്ളം
പിക്കന്നൊഴിക്കുമുടനങ്ങിവിടുന്നു മുക്കി
പൊക്കും ക്രമത്തിലിതുമാതിരിയായ സൂര്യൻ
നില്ക്കുന്നു കാണ്ക ഘടരാശിയൊടൊത്തിദാനീം. 5

ക്ഷീണം വെടിഞ്ഞ രുചികൊണ്ടു ദിനേശനായ
മാണിക്യരത്നമതിഭംഗി വരും പ്രകാരം
ചേർന്നിട്ടും കുചഘടത്തിലണച്ചുമാര്യേ!
കാണേണമേ രവി ഘടത്തിലണഞ്ഞിടുന്നു. 6

ലോകൈകസുന്ദരി! മലാദികളൊന്നുകൊണ്ടും
പോകാതെയുള്ളഴകു മെയ്യിലെഴുന്ന കാന്തേ!
ലോകൈകദീപനിഹ ഭാനു ഘടത്തിനുള്ളിൽ
പോകുന്നു തൻ സഹജശോഭകുറഞ്ഞിടാതെ. 7

ഒന്നല്ല നാളധികമായ് ഹിമജാഡ്യമോർത്താൽ
മന്ദതപമിയ്യുലകിലൊക്കെയുമായി നൂനം
മന്ദനു ചേർന്ന ഘടമിങ്ങണയുന്നു ലോകേ
മന്ദനു പേർ കുശവനെന്നിവിടെ പ്രസിദ്ധം. 8

ഉഷ്ണാംശുദേവനുടെ രശ്മികളേറ്റു പാരി-
ലുഷ്ണം തടിച്ചിഹ വരുന്നു ഹിമം കെടുന്നു
കൃഷ്ണം ജഗത്തിലതിയായി വളർന്നിടുന്നു
തൃഷ്ണാദിയാലുടനെ താൻ ഘടമെത്തിടുന്നു. 9

ഇന്നാകവേ തരുഗണങ്ങളുണങ്ങിടാതെ
നിന്നീടുവാൻ സലിലപൂർണ്ണഘടങ്ങളാലേ
നന്നായ് നനച്ചിടണമൊന്നരവാടനായി-
ട്ടിന്നായി നാട്ടിലധുനാ ഘടരാശിയായി. 10

ശൌര്യം പ്രതാപഗുണശാലി കരങ്ങൾ പത്തു-
ന്തുറൊത്തിടുന്നൊരഹിമാംശുമരീചിമാലി
വീറോടുടൻ ഹിമമഹാചലമോടടുക്കും-
തോറും ഹിമത്തിനു ബലം കുറവായ്വരുന്നു. 11

താരഗ്രഹർക്ഷപതിയാമഹിമാംശുവിന്നു
നേരായ് ക്രമേണ ബലമിപ്പൊൾ വളർന്നിടുന്നു
പാരം ഹിമത്തിനു ബലം കുറവായ്വരുന്നു
താരഗ്രഹർക്ഷനികരങ്ങൾ തെളിഞ്ഞിടുന്നു. 12

ചക്രത്തൊടൊത്തു ഭുവനേ വിളയാടിടുന്നോ-
രിക്കാലമംബരമഹാംബുധി തന്നിലിപ്പോൾ
ഒക്കെപ്പരന്ന തുഹിനാംബു കുറച്ചിടുന്നു
ചിക്കന്നു താരമണിപങ്‌ക്തി തെളിഞ്ഞിടുന്നു. 13

സൂരാംശുവേററു ലഘുവായ തുഷാരസംഘം
പാരിഞ്ഞു വിട്ടധികമങ്ങുയരെഗ്ഗമിച്ചു
താരപ്പലാലമരപങ്‌ക്തിയെഴും നഭസ്സാ-
മയോരിദ്രുമത്തിൽ വിലസുന്നു സുമവ്രജങ്ങൾ. 14

പാരം കളങ്കി ചില നാളിലഹോ! സുവൃത്തൻ
ചേരാത്ത മട്ടു ചിലനാളിലതീവ വക്രൻ
നേരായ് ജഡാത്മകനിതാ ഹിമരശ്മിയിപ്പോൾ
പാരം പ്രസാദമണയുന്നു ഹിമക്ഷയത്തിൽ. 15

കമ്പം വെടിഞ്ഞിഹ തുഷാരബലം കെടുത്താൻ
വമ്പുള്ള നൽകുചഘടങ്ങളെഴുന്ന കാന്തേ!
അമ്പോടു കാണ്ക സഹസാ ഘടമെത്തിടുമ്പോ-
ളിമ്പം കലർന്ന ഹിമശക്തി കുറഞ്ഞിടുന്നു. 16

ഗംഭീരമാം കിണർ കുളം മുതലായതിൽ താ-
ന്നംഭസ്സു സംപ്രതി പതുങ്ങി വസിച്ചിടുന്നു
കുംഭം വരുംപൊഴുതിലംബുധിയെക്കുടിച്ച
കുംഭോത്ഭവൻെറ ജനനിക്കെതിരായ കാന്തേ! 17

ക്ഷോണീതലത്തിൽ മുഴുവൻ സലിലത്തിനെല്ലാം
ക്ഷീണോരു മാതിരിയിലായ്‌നില പാരമിപ്പോൾ
ക്ഷേണാറിടും സുഭഗതയ്ക്കു കുറച്ചിലേതും
കാണുന്നതില്ലതിനയേ! സുഭഗാനതാംഗി! 18

നേരെ തുഷാരകരനാകിയ ദേവനോടു
വൈരം കലർന്നു മരുവുന്ന സരോരുഹങ്ങൾ
പാരം തുഷാരനികരം കുറവായിടുന്നി-
നേരം തെളിഞ്ഞു വിലസുന്നു സരോരുഹാക്ഷി! 19

താരങ്ങളെന്ന കളുർവോട്ട സരോരുഹങ്ങൾ
താരാപഥത്തിൽ നിശി ചെന്നു വിളങ്ങിടുന്നോ?
താരങ്ങളിങ്ങു, പകൽ വന്നു മഹാസരസ്സിൽ
ഭാസ്വരം സരോരുഹമിഷത്തൊടു വാണിടുന്നോ? 20

പുല്ലാകവേ പരമുണങ്ങിയുടൻ കരിഞ്ഞു
വല്ലാതെകണ്ടു ധരയിൽ സലിലം കുറഞ്ഞു
ചൊല്ലാർന്നിടുന്ന മൃഗമിബ്ഭുവനം വെടിഞ്ഞു
മെല്ലെന്നൊഴിഞ്ഞു മൃഗവാഹനനാം സമീരൻ. 21

പൊങ്ങിജ്ജഗത്തിലിഹ തിങ്ങിയുടൻ തണുപ്പി-
ങ്ങെങ്ങും വളർത്തിയൊരു മഞ്ഞു കുറഞ്ഞുപോയി
മങ്ങീ കൃശാനുവിനെഴും സുഭഗത്വമേററ-
മെങ്ങോ പതുങ്ങി പവനൻ ദഹനൻെറ മിത്രം. 22

മാലെന്നിയേ നിയമമായിഹ കുംഭകത്തെ
ശീലിച്ചിടും വലിയ യോഗിജനത്തൊടേററം
ചാലേ മടങ്ങിയ സദാഗതി കുംഭമാമി-
ക്കാലേ ബലക്കുറവു വന്നകലുന്നു പാരം. 23

പോയെന്നുതന്നെ പറയാമതിരൂക്ഷശീത-
മായുള്ള മഞ്ഞു മുഴുവൻ ഭുവനത്തിൽനിന്നു്
വായുപ്രകോപകൃതമായ വികാരമെല്ലാം
ഞായത്തിലിപ്പൊഴതിലെങ്ങുമൊതുങ്ങിടുന്നു. 24

പാരം ഫലടം വിനയമോടുമൊതുങ്ങി നില്ക്കും
ചാരുത്വമാർന്ന മലയാം മലയുള്ള കാന്തേ!
പാരാതെ കാണ്ക പവനൻ ഫലടമിങ്ങു വന്ന
നേരത്തിലേററവുമൊതുങ്ങി വസിച്ചിടുന്നു. 25

മുമ്പിൽ തനിക്കധികമായുപകാരിയായി
വമ്പിച്ച കാററെവിടെയെന്നറിവില്ലിദാനീം
അമ്പോടു വായുസഖനാകിയ വഹ്നി പൊക്കം
ജൃംഭിച്ച വന്മലകളിൽ കയറുന്നു കാണ്ക. 26

നന്നായുയർത്തന്നിക്കധികമായുപകാരിയായീ-
ട്ടന്നോരു വായുഭഗവാനു ബലം കുറഞ്ഞു
കുന്നിച്ചു താപമൊടു വായുസഖൻ ഹുതാശൻ
കുന്നൊത്തിടും കൊടിയ കാടു കരേറിടുന്നു. 27

അത്യന്തബന്ധുതയെഴും പവനന്റെ വീഴ്ച
നിത്യം തടുക്കമൊരു കുന്നുകളെസ്സമസ്തം
കത്തിക്കരിച്ചു പൊടിയാക്കണമെന്നിവണ്ണം
ചിത്തത്തിലോർത്തനലനങ്ങു വളർന്നിടുന്നു. 28

മാരൻ ഗിരീശനയനാനലഭീതിയെന്യേ
ചേരും ഗിരീശരിപുവാം കുചമുള്ള കാന്തേ!
പാരം ഗിരീശഗണമിപ്പൊഴുതിൽ സമസ്തം
ഘോരാഗ്നി വന്നു പിടിപെട്ടു ദഹിച്ചിടുന്നു. 29

വല്ലാതെകണ്ടിഹ വളർന്നൊരു ജാഡ്യദോഷ-
മെല്ലാം നശിച്ചൊരളവിൽ കുചധൂതശൈലേ!
ചൊല്ലാർന്ന വന്മലകളിൽ ദഹനച്ഛലത്താൽ
തെല്ലല്ലൊരാധി, തെളിവായിത കണ്ടിടുന്നു. 30

നല്ലോരുഭംഗി കലരും നിജമായ തേജ-
സ്സല്ലാമഹോ! പകൽ കവർന്നിടുമർക്കനേററം
വല്ലാതെമങ്ങൽ വരുമാറു വളർന്നിടുന്നു
ചൊല്ലാർന്ന ഭൂമിധരസംശ്രയനായ വഹ്നി. 31

ദാവാനലന്റെ പുകയീവിധമാണ്ടുതോറും
ആവോളമേററിതുവിധം ഗഗനം കറുത്തു
ഏവം ജനത്തിനൊരു ബുദ്ധി കൊടുത്തു പൊങ്ങി-
പ്പോവുന്നു കാട്ടിലെഴുമഗ്നിയിൽനിന്നു ധൂമം. 32

കേതുക്കൾപോലെ ഘനധൂമഗണങ്ങൾ പൊങ്ങി-
യേതേതു കാടുകളിലങ്ങിനെ കണ്ടിടുന്നു
ഏതെങ്കിലും കിമപി താമസമെന്നിയേ വെ-
ന്താതങ്കമോടവിടെയൊക്കെ നശിച്ചിടുന്നു. 33

ക്ഷാമം വെടിഞ്ഞു തടിദഗ്നി കലൻ്റ മുന്നം
ധൂമത്തൊടൊത്ത ജലദങ്ങൾ വനം വളർത്തു
ആ മട്ട മാറിയധുനാ ജലദത്തൊടൊത്ത
ധൂമം കലന്നൊരു മഹാഗ്നി മുടിച്ചിടുന്നു. 34

തന്നാശ്രയം ദ്രുതമശിച്ചഖിലം ദഹിപ്പി-
ക്കുന്നാൾക്കു പാപമണയാതെ വരുന്നതാണോ?
കുന്നിച്ച ധൂമമിഷമോടിത കാണ്ക പാപം
വന്നാശ്രയാശഭഗവാങ്കലകപ്പെട്ടുന്നു. 35

താന്തൊട്ടതൊക്കെയുടനേ പൊടിഭസ്മമാകും
ശാന്തതപമറെറാരവനേററമകീർത്തിയുണ്ടാം
കാന്തേ! നിനക്കിലിതുമാതിരിയായ വഹ്നി-
ക്കേന്തുന്നു ധൂമമിഷമോടയശസ്സമൂഹം. 36

നേരായ് ജലത്തിനു പെട്ടന്നമൃതാഭിധാനം
പാരം യഥാർത്ഥമതിനില്ല വികല്പമല്പം
വേലാരാഗ്നിയും ജലമെഴുന്നവിടങ്ങളൊന്നും
പാരാതെരിച്ചു കളവാൻ കഴിയുന്നതില്ല. 37

ഉള്ളിൽ തരിമ്പുമൊരു കാതലണഞ്ഞിടാതെ-
യുള്ളോരു വംശനികരം ദഹനൻ വരുമ്പോൾ
കമ്പങ്ങൾപോലെ പല തീവ്രരവങ്ങളാലി-
ങ്ങിമ്പം കലൻ്റ ഭുവനങ്ങൾ മുഴക്കിടുന്നു. 38

സ്നേഹം നിതാന്തമണയുന്നൊരു ഭൂമിജാത-
വ്യൂഹങ്ങൾ തങ്ങളൊടു ചേർന്നലന്നിദാനീം
ആഹന്ത! തങ്ങളുടെ ലോകഹിതം വളർക്കും
ദേഹം വെടിഞ്ഞു മതിയായ്ത്തെളിവേകിടുന്നു. 39

ചട്ടററ തങ്ങളുടെ മന്ദിരമായ കാട്ടിൽ
പെട്ടെന്നു തീയ്യു പിടിപെട്ടതു കണ്ടിദാനീം
കാട്ടാന, പോത്തു, പുലി, മാൻ, മൊയലെന്നിതെല്ലാം
കൂട്ടത്തൊടോടിയൊഴിയുന്നു മഹാജവത്തിൽ. 40

പാരിൽപിറന്ന ഘനമെന്നു കവീന്ദ്രർ ചൊല്ലും
പേരുണ്ട നീലനിറമുണ്ട വലിപ്പമുണ്ട്
നീരുണ്ടി,വണ്ണമെഴുമാനകൾ തീക്കെട്ടത്താൻ
പോരാതെ ഭൂരിഭയമാണ്ടിത മണ്ടിടുന്നു. 41

നീരം കുറഞ്ഞ നിജ നീഡമഹീരുഹങ്ങൾ
ഘോരാഗ്നി വന്നു പിടിപെട്ടഥ വെന്തിടുമ്പോൾ
പാരം പരിഭ്രമമിയന്നു ഖഗങ്ങൾ മേഘ-
ദ്വാരത്തിലേക്കു ജവമോടു പറന്നിടുന്നു. 42

ചേലൊത്ത ഭസ്മമണിയുന്ന ഗിരീശനുള്ള
ഫാലാക്ഷിവഹ്നിസമമായ്വിലസും ഹുതാശൻ
പാലേ സദാപി നിതരാം കലരും ഗിരീശ-
ജാലങ്ങൾ ഭസ്മചയമേററമണിഞ്ഞിടുന്നു. 43

ധൂമങ്ങളെന്നഖിലരും പറയുന്ന മേഘ-
സ്തോമങ്ങളാൽ ഗഗനമൊക്കെ മറഞ്ഞിടുന്നു
ക്ഷാമം വിനാ ശിഖകളേററമുയർത്തിനിന്നു
ഭൂമീധരങ്ങളിലിതാ ശിഖി തുള്ളിടുന്നു. 44

ലോകം ദിവാകരനുമഗ്നിയുമാശു ചെയ്യും
പാകങ്ങളാലധികമായി വലഞ്ഞിടുന്നു
പാകാരിയിപ്പൊഴുതിടയ്ക്കിടയിൽ സ്വവാഹ-
മാകുന്ന മേഘഗണമമ്പൊടയച്ചിടുന്നു. 45

ഏകപ്രതാപനിധിയായി ഹിരണ്യരേത-
സ്സാകും ധനഞ്ജയനിണങ്ങിയ കാരണത്താൽ
ലോകോന്നതത്വമണയും ക്ഷിതിഭൃൽഗണത്തി-
ലാകെപ്പരന്നിഹ വിഭൂതി വിളങ്ങിടുന്നു. 46

കാളാംബുദപ്രകരമല്ലിതു പാർത്തുകണ്ടാൽ
കാളാഞ്ജനപ്രചയമെന്നിഹ തോന്നിടുന്നു
ചീളെന്നഹോ! മിഴികളോടിതു ചേർന്നിടുമ്പോ-
ളാളുന്ന സൌഖ്യമതിയായഖിലർക്കുമൊപ്പം. 47

കുംഭീന്ദ്രവാഹനനഴകിൽ ഭുവനാധിനാഥ-
നംഭോജനേത്രനുടെ സോദരനാം മഹേന്ദ്രൻ
കുംഭത്തിലൊത്തപടി കുംഭിനിയിൽ ചിലേട-
മംഭസ്സുകൊണ്ടു നലമോടു നനച്ചിടുന്നു. 48

മെല്ലെന്നു മിന്നലൊടു ചേൻവരുന്നു കാറെ-
ന്നല്ലാ മതം മമ കഥിപ്പനതിൻെറ തത്വം
നെല്ലാശു് കുപ്പകളിലും വിളയുംപ്രകാരം
ചൊല്ലാൻ ലക്ഷ്മിയൊടു ചേൻ വരുന്നു കൃഷ്ണൻ. 49

അഞ്ചാതെ കാറമൃതമെന്നു പുകഴ്ന്ന വെള്ള-
മഞ്ചാറുനാഴിക ചൊരിഞ്ഞഥ നിത്തിടുന്നു
നെഞ്ചായതിൽ കിമപി തൃപ്തിയൊരാൾക്കുമില്ല
പഞ്ചാരവാണി! മിതഭാഷിണി! പാരിലിപ്പോൾ. 50

മരാഗ്നിയേസ്സുതതമുജ്ജ്വലമാരികൊണ്ടു
പാരം വളത്തുമൊരു കാർകുഴലാൾമണേ! കേൾ
ഘോരാടവീദഹനനെച്ചെറുവൃഷ്ടികൊണ്ടി-
ദ്ധാരാൾരം ത്വരിതമിന്നു കെടുത്തിടുന്നു. 51

കൊണ്ടാടിടുന്നപടിയിങ്ങിനെ മാരി പെയ്തു-
കൊണ്ടങ്ങുമിങ്ങുമണയുന്നൊരു കൊണ്ടലിപ്പോൾ
കണ്ടങ്ങളിൽ പലതിലും പലമട്ടിലുള്ള
കൊണ്ടൽക്കൃഷിക്കധികമായ് ഗുണമേകിടുന്നു. 52

രണ്ടില്ല പക്ഷമിഹ മാരിയൊടൊത്ത കൊണ്ട-
ലുണ്ടാകിലേ കൃഷിയിതിങ്ങുളവാകയുള്ളൂ
പണ്ടുള്ള ലോകരിതു കണ്ടുടനിക്കൃഷിക്കു
'കൊണ്ടൽക്കൃഷീ'തി വെളിവായൊരു പേർകൊടുത്തു.

തെല്ലിങ്ങു പെയ്ത മഴകൊണ്ടിഹ താഴ്ന്ന കോളി-
ലെല്ലാം നിറഞ്ഞു സലിലം പരിപൂർത്തിയായി
മെല്ലെന്നു താണമരുമല്പനൊരല്പസമ്പ-
ത്തുല്ലാസമോടണകിലും മതിയാകുമല്ലോ. 54

ഇപ്പോൾ തപിച്ച ധരണീവലയത്തിലൊട്ടൊ-
ട്ടിപ്പെയ്ത മാരി വലുതായ ഫലം തരുന്നു
അല്പേതരം ഫലമുടൻ തരുമെന്നിവണ്ണം
സൽപ്പാത്രദാനമിഹ ലോകർ പുകഴ്ത്തീടുന്നു. 55

കല്യാണിമാർകുലമണേ! വിടപീവ്രജങ്ങൾ
മെല്ലെന്നു തങ്ങളുടെ മൌലികൾതന്നിലിപ്പോൾ
നല്ലാർജനങ്ങളുടെ പല്ലവശോഭയുള്ള
നല്ലോരു പല്ലവഗണത്തെയണിഞ്ഞിടുന്നു. 56

കത്തുന്ന തീയ്യിനെതിരാം വെയിലൊത്ത വേന-
ലെത്തും വിധൌ മഹിമയുള്ള മഹീരുഹങ്ങൾ
പത്രങ്ങളിൽ പഴയതൊക്കെ വെടിഞ്ഞു പുത്തൻ
പത്രങ്ങളേത്തണലിനായുളവാക്കിടുന്നു. 57

പെട്ടെന്നു ദേവതകൾതൻപതി മാരി മന്നി-
ലൊട്ടൊട്ടു പെയ്യുമളവാസ്സലിലം കുടിപ്പാൻ
നീട്ടുന്നു നാവു വനദേവതമാരിദാനീം
കോട്ടം വെടിഞ്ഞ തരുപല്ലവമല്ലിതൊന്നും. 58

കുംഭം കൊടുത്ത സലിലം സരസം കുടിച്ചു
ജൃംഭിച്ചുവന്നൊരു മഹീരുഹസഞ്ചയങ്ങൾ
കുംഭത്തെയിപ്പൊഴുതു കണ്ടു ജലം കുടിപ്പാ-
നമ്പോടു ഹന്ത! തളിർനാവുകൾ നീട്ടിടുന്നു. 59

ന്യായത്തിലിങ്ങു ഗതിയുള്ള ജനങ്ങൾ ഭൂരി-
ച്ഛായാപ്രദായി ബഹുപത്രഗണങ്ങളാലേ
മായം വെടിഞ്ഞധികതൃപ്തി പെടുന്നു കാങ്കെ
നീയ്യീവിധം ജലഗുണത്തിനെഴും മഹത്വം. 60

വേനൽക്കുടൻ വെയിലുകൊണ്ടുളവാം മഹിക്കു
ദീനത്വമെന്നു കരുതീട്ടു മഹീരുഹങ്ങൾ
ഊനത്വമററു തണൽകൊണ്ടതിനെത്തടുപ്പാൻ
സ്ഥാനത്തിലിപ്പൊളിലതിങ്ങി വിളങ്ങിടുന്നു. 61

സമ്പ്രത്യനേകഗുണമുള്ള പറങ്കിമാവിൻ
കൊമ്പത്തു മാങ്ങയിത തൂങ്ങി വിളങ്ങിടുന്നു
സമ്പദ്വിഹീനമനുജക്കിതിലേറെ രാഗം
വമ്പിച്ച മൂലമതിരാഗമിതൊത്തിടുന്നു. 62

ഇങ്ങാശു തിന്നിടുമവക്കു യഥേഷ്ടമായി
മങ്ങാതഹോ ! മധുരമായ രസം ലഭിക്കും
നീങ്ങും വിശപ്പുടനെ തൃഷ്ണ നശിച്ചുപോമീ-
മാങ്ങയ്ക്കു നന്മ പലതുണ്ടയി! സാരസാക്ഷി! 63

സമ്പന്നലോകഭരണത്തിനു സാരമെന്താ-
ണമ്പാ ദരിദ്രഭരണം ഭരണംനിനച്ചാൽ
വമ്പിച്ച കമ്മമതു ചെയ്തിടുമിപ്ഫലത്തി-
ന്നമ്പോടഹോ! ഭരണിയായ്വിലസുന്നു ദേഹം. 64

പിണ്ഡങ്ങളാണിവകളെന്നൊരു ബുദ്ധിയിങ്ങു
തിണ്ണം തരുന്ന ഫലസഞ്ചയമീമരത്തിൽ
കണ്ണാലെ കണ്ടതു ഭുജിപ്പതിനായ്വരുന്നു
ചണ്ഡാരവങ്ങളൊടുകൂടിയ കാകസംഘം. 65

ബാധാവിഹീനമശനം പരമീമരം ന-
ന്മാധുര്യമുള്ള രസമോടു കൊടുക്കമൂലം
പ്രീതിപ്പെടും ദ്വിജഗണങ്ങൾ സദാപി പക്ഷ-
പാതാരവങ്ങളിതിലേറെ മുഴക്കിടുന്നു. 66

ഉണ്ടേററവും ഗുണഗണങ്ങളെനിക്കു ചേരു-
ന്നുണ്ടിസ്സു മറെറാരു ഫലത്തിനുമില്ലിവണ്ണം
കണ്ടാലുമെന്നഴകിലണ്ടി പുറത്തു കാട്ടി-
ക്കൊണ്ടിപ്ഫലങ്ങൾ വിലസുന്നു വിശേഷമായി. 67

ബാലത്വമുള്ളവരുണന്നഴകിൽ പ്രഭാത-
കാലത്തിലാദരവൊടേററു വെളിച്ചമോടേ
ചേലൊത്ത ബീജതതി കൈവരുവാനിതിൻെറ
മൂലത്തിലാശു പരിശോധന ചെയ്തിടുന്നു. 68

'വക്കൻ' 'ചതിപ്പ്' 'നരുളൻ'മുതൽ പേരനേക-
മൊക്കുന്നൊരണ്ടികൾ പെറുക്കിയെടുത്തു കൂട്ടി
ചിക്കന്നു ബാലകർ തെളിഞ്ഞു കളിച്ചിടുന്നു
വില്ക്കുന്നു കാശിനു പരിപ്പുകൾ തിന്നിടുന്നു. 69

വേണ്ടുംവിധം ഗുളസിതാദികൾ പാവു കാച്ചി-
യണ്ടിപ്പരിപ്പു തൊലിനീക്കിയതിങ്കലിട്ട്
ഉണ്ടാക്കിടുന്നമൃതസന്നിഭമായ വസ്തു
തൊണ്ടയ്ക്കുഭാഗ്യമുടയോരിഹ തിന്നിടുന്നു. 70

ലോകത്തിലെങ്ങുമുളവാമിതുടൻ വളത്താൻ
ലോകർക്കു തെല്ലുമൊരുവേലയെടുത്തിടേണ്ടാ
ആകെപ്പ്ഫലിക്കുമനുവത്സരമിക്കശുമ്മാ-
വാകും മരം ധരയിലെത്ര വിശേഷമോർത്താൽ. 71

തെറ്റെന്നു മന്മഥയശസ്സുകൾ ചേർന്നപോലെ
മുറ്റും രസാലതതി പൂത്തു വെളുത്തിടുന്നു
മറ്റുള്ളതിൽ ചിലതിലുണ്ണി പിരിഞ്ഞിടുന്നു
ചെറ്റുണ്ടയേ! ചിലതിൽ നല്ലൊരു കണ്ണിമാങ്ങ. 72

മാകന്ദശാഖിയിലിരുന്നു മനോജ്ഞമായി
ക്കൂകുന്ന കോകിലകുലങ്ങടെ മദ്ധ്യഭാഗേ
കാകന്നിരുന്നഖിലകണ്ണുകഠോരമായി
'കാകേതി' ഹന്ത! കരയാനൊരു നാണമില്ല. 73

തേന്മാവിലുള്ള കുസുമങ്ങളിൽനിന്നൊലിക്കും
തേൻ മാനമെന്നിയെ കുടിച്ചിഹ കോകിലങ്ങൾ
ഉന്മേഷമോടു പലമാതിരി പാടിടുന്നു
ചെമ്മേ മധുവ്രതരവശ്രുതിയോടിണങ്ങി. 74

കണ്ടാല്യമിപ്പൊഴുതു നല്ലൊരു കണ്ണിമാങ്ങ-
കൊണ്ടാശു ലോകരതികൌതുകമോടുകൂടി
വേണ്ടുംവിധം ലവണമിട്ടു വെടിപ്പിലാണ്ടോ-
ളാണ്ടേയ്ക്കുടൻ പലതരം കറി തീർത്തിടുന്നു. 75

കഷ്ടപ്പെട്ടംപടി വയററിലെഴം വിദാഹം
വിഷ്ടംഭമാമമിവ നോക്കിയറിഞ്ഞു നീക്കാൻ
പിട്ടല്ല നല്ല ഗുണമുള്ളൊരു കണ്ണിമാങ്ങ-
യ്ക്കൊട്ടല്ല വമ്പറിക വൈദ്യമതം നിനച്ചാൽ. 76

ക്ഷോണീതലത്തിൽ വെയിൽകൊണ്ടൊരുമട്ടവാടി
വീണീട്ടമിച്ചെറിയ മാങ്ങകൾകൊണ്ടുമിപ്പോൾ
ഊണിന്നു നല്ല സുഖമേവനുമുത്ഭവിച്ച
കാണുന്നു പാക്കയി! രസാലഫലപ്രഭാവം. 77

സദ്യത്വതാദിബഹുമാന്യഗുണങ്ങൾകൊണ്ടു
ഹൃദ്യത്വമുള്ള തരുണീസ്തനമായ്ത്തിരക്കി
ഉദ്യൽപ്രഭം വിലസിടുന്നൊരു ചേന വയ്പാ-
നുദ്യോഗമായി ഭുവി കാങ്കു ഫലാഗമത്തിൽ. 78

ഏണാങ്കചൂഡനുടെ മംഗലദിവ്യരൂപം
ചേണാൎന്ന ഭക്തിയൊടുമോൎത്തു മഹാജനങ്ങൾ
ഊണെന്നുവേണ്ടറികുറക്കവുമങ്ങു വിട്ടു
വാണീടുമാൎത്തയെഴും ശിവരാത്രിയായീ. 79

ഗോത്രേന്ദ്രപുത്രിയുടെ വല്ലഭനുള്ള പുണ്യ-
ക്ഷേത്രങ്ങളിൽ ദ്രുതമണഞ്ഞു ജനങ്ങളിപ്പോൾ
നേത്രങ്ങൾ മൂന്നു കലരും ഭഗവാൻെറ പുണ്യ-
സ്തോത്രങ്ങളിങ്ങിനെ ജപിച്ചു വസിച്ചിടുന്നു. 80

രുദ്രാക്ഷഭസ്മരതരിൽ കനിവുള്ള ദേവ!
രുദ്രാക്ഷിവഹ്നിശലഭീകൃതകാമദേവ!
നിദ്രാശനാദികൾ വെടിഞ്ഞു ഭജിച്ചിടുന്നേൻ
ഭദ്രാതിരേകമിഹ നല്ക നമോ നമസ്തേ. 81

ദക്ഷപ്രജാപതിയെയും മഖവും മഖത്തെ
രക്ഷിച്ചിടുന്നൊരു സുരൎഷിഗണങ്ങളേയും
ദക്ഷത്വമോടുടനെതന്നെ മുടിച്ചൊടുക്കം
രക്ഷിച്ച സൎവ്വജഗദീശ! മഹേശ! പാഹി. 82

ഷാൽക്കൊള്ളുമിന്ദ്രമുഖദിൿപതിസംഖ്യയത്ത
ഷിക്കുന്നു വെന്നൊരു പുരത്രയമപ്രമേയം
ൾക്കൊള്ളുമുൽക്കടതരാഗ്നി കലർന്ന മൂന്നാം
തൃക്കണ്ണുകൊണ്ടെരിപൊരിച്ച ഗിരീശ! പാഹി. 83

ജീവിക്കുവാൻ കൊതിയൊടാത്മപദം ഭജിച്ച
ദേവും മൃഗണ്ഡുസുതനെക്കനിവോടു കാപ്പാൻ
ജീവാപഹാരകരകാലനെ നിഗ്രഹിച്ച
ദേവാവലീപ്രണത! ശങ്കര! പാഹി ശംഭോ! 84

പേടിച്ചു ദൈത്യസുരമർത്ത്യമുനീശ്വരന്മാർ
പാടേ മഹാജവമൊടോടിയൊളിച്ചിടുമ്പോൾ
ക്കൂട്ടം കൃപാരസമൊടുൽക്കടമായ കാള-
ക്കൂടം കുടിച്ച കുടിലേന്ദുധര! പ്രസീദ. 85

പുഷ്ടിപ്പെടുംപടി ജഗത്തു സമസ്തമിത്ഥം
സൃഷ്ടിച്ചിടുന്നൊരു സരോരുഹവിഷ്ടരന്റെ
ഇഷ്ടപ്പെടുന്നൊരു ശിരസ്സു മുറിച്ചെടുത്ത
ദുഷ്ടപ്രണാശന! വൃഷധ്വജ! പാഹി ശംഭോ! 86

കാമാംഗദാഹമതു ചെയ്തതു കണ്ടു തങ്കൽ
പ്രേമാതിരേകമൊടു ഹന്ത! ഭജിക്കു മൂലം
വാമാക്ഷിയായ ഗിരിജയ്ക്കു മനോജ്ഞമാം തൻ
വാമാർദ്ധമേകിയ വിഭോ! ജയ വാമദേവ! 87

വേണ്ടുംവിധം കഠിനമായ തപസ്സു പന്തീ-
രാണ്ടാചരിച്ച ഗരുഡധ്വജനായ് പ്രസാദാൽ
കുണ്ഠത്വമറ്റു പരമിഷ്ടവരം കൊടുത്ത
കണ്ഠം കറുത്ത ഭഗവൻ! ശിവ! പാഹി ശംഭോ! 88

ദുഷ്ടത്വമുള്ള ധൃതരാഷ്ട്രജചേഷ്ടയാലെ
കഷ്ടപ്പെടും നിയമിയാകിയ പാർത്ഥനായി
പുഷ്ടപ്രതാപമണയുന്നൊരു തന്മഹാസ്ത്ര-
മിഷ്ടത്തൊടേകിയ പിനാകധര! പ്രസീദ. 89

കയ്യിൽ സുവർണ്ണമല, വീതതപനന്തികത്തിൽ
മെയ്യിൽ സഹസ്രഫണമണ്ഡിതനാഗഹാരം
പിയ്യൂഷഭാനു തലയിൽ, ത്രിദശേശ്വരന്മാർ
പൊയ്യല്ല കാക്ക,ലഖിലാർത്ഥദ! തേ കപാലിൻ! 90

ചണ്ഡത്വമുള്ള കല്മഷങ്ങളശേഷമുള്ള
ചണ്ഡാലി ചെയ്ത ശിവകീർത്തനവാർത്തയോർത്താൽ
തീർണ്ണം മദീയ വദനേ തവ ദിവ്യനാമ-
പുണ്യാക്ഷരം വരണമെന്നേവനും കൊതിക്കും. 91

മാകന്ദം പൂത്തിടുന്നു മഹിയിൽ മുഴുവനും
    കോകിലം ശോകമെന്യേ
കൂകുന്നു, കൂർത്തുമൂർത്തമ്പുകളതിബലമോ-
    ടിന്നു തൂകുന്നു കാമൻ
ഏകുന്നു സസ്യസമ്പത്തിടമഴ, വെയിലേ-
    റ്റുന്നു, മഞ്ഞങ്ങു ദൂരെ-
പ്പോകുന്നു, കണ്ടുകൊൾകിങ്ങിനെ കുചജിതപൊൻ-
    കുംഭമേ! ‘കുംഭമാസം.’ 92

[കുംഭമാസം കഴിഞ്ഞു.]

# മീനമാസം

•

ക്ഷീണം വെടിഞ്ഞു വളരും വെയിൽകൊണ്ടിദാനീം
ക്ഷോണീതലത്തിൽ വിലസും സലിലാശയത്തിൽ
താണങ്ങുപോയധികമായ് സലിലം ചുരുങ്ങി
കാണുന്നു മീനനയനേ! തെളിവോടു മീനം. 1

തെററന്നിയേ ധരയിലുള്ള ജലാശയങ്ങൾ
മുററും സഹസ്രകരനാത്മകരങ്ങളാലേ
വററിച്ചിടുന്നു പുനരിപ്പോളെടുത്തിടുന്നു
തെററന്നു മീനമയി! കാണുക മീനനേത്രേ! 2

മങ്ങാതനേകവിധവാരിചരവ്രജങ്ങൾ
തിങ്ങുന്ന നീരനിധിതന്നിൽ നിദാനമായി
മുങ്ങുന്നവൻ ഖഗഗണപ്രവരൻ ദിനേശ.
നിങ്ങാദരത്തോടയി! മീനമെടുത്തിടുന്നു. 3

വെള്ളം കുളം കിണർ തുടങ്ങിയവററകൾക്കു-
ള്ളുള്ളിൽ പെടുന്നതഖിലം സ്വകരങ്ങളാലേ
പൊള്ളുന്നചൂടടയൊരക്കനെടുത്തതിൽകൈ-
ക്കൊള്ളുന്നു മീനമിതു കാൺകയി! മീനനേത്രേ! 4

വീരോത്തമത്വമണയും കുസുമായുധൻെറ
ചാരത്തു നില്ക്കുമൊരുസേവകനാം വസന്തം
ചേരുന്നു പൂക്കളൊടു ദക്ഷിണവായുവായ
തേരെത്തിടുന്നു തെളിവോടിത കാൺക മീനം. 5

മംഗല്യബോധനിധിയാം ഗുരു, തന്റെയാണെ-
ന്നംഗീകരിച്ചൊരനിമേഷഗൃഹത്തിനുള്ളിൽ
ഭംഗ്യാ കടന്നു വിലസുന്നു സഹസ്രരശ്മി
ഭംഗം ഭവിച്ചു ഹിമജാഡ്യമൊഴിഞ്ഞു സർവ്വം. 6

ചൊല്ലാർന്നിടും ജലജബാന്ധവനായദേവൻ
ചെല്ലുന്നു സാമ്പ്രതമിതാ ജലജാലയത്തിൽ
വല്ലാതെ മുമ്പിലുളവാം ഹിമജാഡ്യദോഷ-
മെല്ലാം നശിച്ചു ജലജങ്ങൾ വിടർന്നിടുന്നു. 7

ഛായാത്മനാഥനഴകേറിയ ലോകബന്ധു-
വായുള്ള ഭാനുഭഗവാനഴകിൽ പ്രതാപം
ഞ്ഞായത്തിലിപ്പൊഴുതിലേറിവരുന്നു നന്നായ്
ഛായയ്ക്കു സർവ്വജനസേവ്യത വന്നിടുന്നു. 8

ഉച്ചസ്ഥനായ്ക്കുവിഭവിപ്പതിനുള്ള ദിക്കാം
മെച്ചപ്പെടുന്ന ധിഷണാലയമിജ്ജഗത്തിൽ
അച്ഛന്നശോഭയൊടു വന്നു വിളങ്ങിടുന്നു
വിച്ഛിന്നമായി ഭുവി ജാഡ്യജദോഷമെല്ലാം. 9

താരങ്ങളെന്നു പറയും പല മൌക്തികങ്ങൾ
ചേരും മഹാ വിപുലമാം ഗഗനാർണ്ണവത്തിൽ
പാരം ഭ്രമിക്കുമതിശോഭനരത്നമാകു-
ന്നോരർക്കബിംബമിതു മീനമെടുത്തിടുന്നു. 10

ഊക്കുള്ളഗസ്ത്യനുടെ ഹസ്തതലപ്രഹാരം
മേൽക്കാത്ത വിന്ധ്യമലയൊത്തൊരു കൊങ്കയാളേ!
വെക്കം നഭസ്സിൽ മറവെന്നിയെ സഞ്ചരിക്കു-
മർക്കൻ ജലം മുഴുവനാശു കുടിച്ചിടുന്നു. 11

ഊനത്വമെന്നിയെ രമാപതിതൻ വലത്തേ-
സ്ഥാനത്തെഴുന്ന മിഴിയാകിയ ഭാനുദേവൻ
മീനത്തൊടൊത്തു വിലസുന്നു വിശേഷമായി
മീനത്തിനോടു ശരിയാം മിഴിയുള്ള കാന്തേ! 12

ചൂടേററിട്ടന്നൊരു സഹസ്രകരപ്രതാപ-
ത്തോടൊത്തുകൊണ്ടു ഹരി നീലനഭോവനത്തിൽ
കേടെന്നിയേ വിലസുമിപ്പൊൾ നശിച്ചു ശീതം
പാടേ ഘനേഭതതിതൻ കഥകൂടിയില്ല. 13

ക്ഷാമം വെടിഞ്ഞിത രജസ്സു പുറപ്പെടുന്നു
ഭ്രൂമദ്ധ്യദേശമതിൽനിന്നു നിലച്ചിടാതേ
സോമാക്കതാരമയസുന്ദരവിന്ദുവണ്ണ-
ശ്രീമഞ്ജുമാറിതണയുന്നു സദാംബരത്തിൽ. 14

കൂട്ടം വലിപ്പവുമതിസ്ഫുടഭാവവും ചേ-
ന്നീടുന്ന മാനമൊടു ചേൻ നടപ്പവക്ക്
കൂട്ടം രജോമലിനഭാവമണഞ്ഞു ശോഭ
വാടുന്നു കാങ്ക നതനിമ്മലഗാത്രിയാളേ! 15

ലോകങ്ങളാസകലമാശു തപിച്ചു വെന്തു-
പോകുംവിധം തരണിതൻെറ കരവ്രജങ്ങൾ
ലോകത്തിലൊക്കെയൊരുപോലെ പതിഞ്ഞിടുന്നു
നീ കാങ്ക ധാത്രി പൊടിയായ്ചമയുന്നു വേഗാൽ. 16

പൊയ്യല്ലഹോ! ധരയിൽനിന്നുളവായിടുന്ന
തൊയ്യൊക്കെ വാടി പരമുന്നതദിക്കണഞ്ഞു
അയ്യോ! സഹസ്രകരബാധ വളൎന്നിടുന്നു
വയ്യോതുവാനമയി! രാജസദോഷഭാവം. 17

ചേലൊത്ത ലക്ഷ്മി പരമുന്നതദിക്ക വിട്ടി-
ക്കാലത്തിലേററമണയുന്നിതു താണ ദിക്കിൽ
മാലെന്നിയേ തപനനുള്ള മഹാപ്രതാപം-
ശീലം സുദുസ്സഹമിതമ്പൊടു കാങ്ക ബാലേ! 18

ചേണാന്നിടും തപനനുള്ള മഹാപ്രതാപം
ക്ഷീണം വെടിഞ്ഞിഹ വളൎന്നുവരുന്നു പാരം
ക്ഷോണീതലത്തിലതി നന്മകൾ നല്കുമൂലം
താണീടുകെന്നതയി! സമ്പ്രതി വജ്ജ്യമല്ല. 19

കൊണ്ടാടിടുംപടി ജനത്തിന്നു നല്ല കാഴ്ച-
യുണ്ടാക്കുമക്കന്റെ ഗുണങ്ങളിണങ്ങിടുന്നു
കണ്ടാലുമാശു ജലസഞ്ചയമങ്ങുമിങ്ങും
കുണ്ടായ ദിക്കുകളിൽ വാണു ചുരുങ്ങിടുന്നു. 20

കേടെന്നിയേ ഗഗനമാകുമിരിമ്പുപാത്ര-
ത്തോടൊത്തു ചേൻ വിലസുന്നൊരു ചിത്രഭാനു
ചോടോടു ലോകമിതിൽനിന്നിത നീരുടൻ പോ-
ക്കീടുന്നു ചിത്രകസമുല്ലസിതേ കൃശാംഗി! 21

ഭൂരിപ്രകാശമുഖസദ്വസുലക്ഷണങ്ങൾ
ചേരുന്നനന്തമണിയിങ്ങിനെ ഭംഗിയോടെ
നേരേ തെളിഞ്ഞു വിലസുന്നു നിതാന്തമില്ല
നീരോട്ടമെന്നിതിഹ നോക്കിയ ദിക്കിലൊന്നും. 22

നില്ലാതെ തീക്ഷ്ണകരബാധ വളർന്നു മൂല-
മില്ലാതെയായ് ജഗതി ജീവനമാശുമെങ്ങും
വല്ലാതുയർന്നു വിലസുന്നൊരിടത്തിലും കാ-
ണ്കെല്ലാമൊരാധി മുതിരുന്നു ദവാഗ്നിപോലെ. 23

ദിവ്യർക്കു യജ്ഞനിവഹങ്ങളിൽ നൽകിടുന്ന
ഹവ്യം വഹിച്ചുതു നയിച്ചിടുമഗ്നിദേവൻ
ചൊവ്വോടു നാകമുരസും ശിഖരങ്ങൾ ചേർന്ന-
ദ്രുവൃക്ഷമാധരഗണങ്ങളിലേറിടുന്നു. 24

ചിക്കന്നു വെള്ളമൊരു തുള്ളിയുമിങ്ങു കിട്ടാ-
ഞ്ഞിക്കാലമാധി ശിഖിപോലെ പിടിച്ചരണ്യം
ചൊൽക്കൊണ്ടിടുന്നൊരു ജലാത്മകനോഷധീശൻ
നിൽക്കുന്ന ദിക്കിലണയുന്നിതു ധൂമമായി. 25

കാടാർന്നുരുത്തനിരമോടു വളർന്നിരുട്ടു
പാടേ മുടിച്ചു കളയുന്നിതു ചിത്രഭാനു
കേടെന്നിയേ ജലഗണത്തിനു തെല്ലുമേ നി-
ന്നീടുന്നതിന്നൊരിടമില്ല ജഗത്തിലെങ്ങും. 26

കേടററ തങ്ങളുടെ വിത്തഗൃഹങ്ങളായ
കാടാകവേ കൊടിയ വഹ്നിയിൽ വെന്ത മൂലം
ഓടിക്കിതച്ചു പല കാട്ടുമൃഗങ്ങൾ വെള്ളം
തേടിത്തിരഞ്ഞിഹ വലഞ്ഞു മെലിഞ്ഞിടുന്നു. 27

വല്ലാത്ത വെയിലിലിതി താപമിയന്നു കാടി-
ങ്ങെല്ലാമുണങ്ങി മൃഗജാതികളേറെ വാടീ
നല്ലോരുറപ്പുടയ പാറകൾതന്നിൽ നിന്നു
മെല്ലെപ്പുറത്തിഹ വരുന്നിതു കന്മദങ്ങൾ. 28

പാറക്കു ചേർന്ന മദമേററമൊലിച്ചുപോകു-
മാറുള്ള താപമിയലും കടുതായ വെയിലിൽ
നീറിജ്ജഗത്തു മുഴുവൻ പൊടിഭസ്മമാമെ-
ന്നേറെബ്ഭയത്തൊടു ജനങ്ങൾ നിനച്ചിടുന്നു. 29

എല്ലായ്പൊഴും ബഹുരജസ്സു പുറപ്പെടുന്നു
വല്ലാതെകണ്ടു കുറവായ്‌രസമെന്ന വസ്തു
ഇല്ലാതെയായ്‌വനകപാവലി താപമിങ്ങൊ-
ട്ടില്ലാ ധരിത്രിയിലഹോ! ബഹുദുഃഖമയ്യോ! 30

പാരിച്ച താപകരിതന്നുടെ വാരിയായ
വാരിക്കു താനഖിലപാലകഭാവമിപ്പോൾ
പാരാതെ വാരിനിധിതൻ പ്രിയമാരെ മാന്യ-
ന്മാരും സദാ കുതുകമോടു ഭജിച്ചിടുന്നു. 31

ചേലൊത്ത ഭൂമിയുടെ പോർമുലയായ്‌വിളങ്ങും
ശൈലത്തിൽനിന്നു പരമിങ്ങിനെ ഭംഗിയോടേ
ചാലേ വരും പുഴകൾ വെണ്മണിമാലകൾക്കു
മാലിന്യമേകുമഴകോടു തെളിഞ്ഞിടുന്നു. 32

ആരോമലേ! ധരണിഭൃത്തുകളാണു താത-
ന്മാരോർത്തു കാണുകിലഹോ! നദികൾക്കശേഷം
നാരായണപ്രണയിനീഗുരുവാണു കാന്ത-
ന്മാരും ഭജിക്കുമിവരെശ്ശുചിയായ്‌വരുമ്പോൾ. 33

വിണ്ണോത്ത വീടുകളെ വിട്ടു തനിക്കു വേണ്ടും-
വണ്ണം സുഖത്തിനതിയോഗ്യതയുള്ള ലോകം
മണ്ണായ നല്ല പുളിനങ്ങളിൽ വാണുകൊണ്ടു
തിണ്ണം നദീഭജനസിദ്ധി വരുത്തിടുന്നു. 34

ചേററ വെള്ളമധുനാ കിടയാഞ്ഞു ചുട്ടു-
നീറുന്ന മെയ്യൊട്ടു വിയർത്തുഴലുന്ന ലോകം
ഏറ്റം ഗ്രഹപ്പിഴയിതൊക്കയുമാശു തീരെ
മാറ്റുംവിധം നിജഗൃഹം പുഴയാക്കിടുന്നു. 35

ചേലൊത്തു വേണ്ടപടി കൂട്ടിയ പഞ്ചസാര-
പോലെ വെളുത്തു വിലസുന്നു മണപ്പുറങ്ങൾ
പാലെന്നുതന്നെ പറയാം പുഴവെള്ളമിപ്പോൾ
മാലോകരെങ്ങിനെ വിട്ടും തടിനീതടത്തെ. 36

ചെല്ലുന്ന ലോകർ പലർ വെള്ളമൊലിച്ചു കല്ലിൽ
തല്ലും നിനാദമതു മദ്ദളശബ്ദരമ്യം
കല്ലോലജാലമിതു തുള്ളി വിളങ്ങിടുന്നു-
ണ്ടല്ലോ മഹാരസമയം പുഴയൊക്കെയിപ്പോൾ. 37

കല്ലിൽ ജലത്തൊടിഹ തല്ലിയലക്കിയുള്ള
നല്ലോരു നേർത്ത പുട ചാർത്തി വിളങ്ങുമാര്യേ!
തെല്ലും മലങ്ങളണയാത്തൊരു മട്ടൊലിച്ചു
തല്ലുന്ന കല്ലുകളിലിപ്പുഴവെള്ളമെല്ലാം. 38

ഉള്ളിൽപരം കുളർമയാംപടി നാൽവശത്തും
വെള്ളം തെളിഞ്ഞു വിലസും പുളിനങ്ങൾതന്നിൽ
വെള്ളക്കിടക്കകളെയിട്ടു ജനം കിടന്നു-
കൊള്ളുന്നു നൽപുളിനചാരു നിതംബബിംബേ! 39

ചേലൊത്ത മീനമൊഴിയാതിഹ ചേർന്നിടുന്നി-
ക്കാലത്തിലെങ്ങിനെ വിട്ടും സലിലത്തെ ലോകം
നീലാബ്ജമീനസഖിയായി രസങ്ങൾ തിങ്ങി
ലീലാരസേന വിലസും മിഴിയുള്ള കാന്തേ! 40

ഉമ്പോട്ടും ഗജങ്ങളൊലിവിൻ ധ്വനിയായ ചെണ്ടം
കൊട്ടിൻ രവം ഖഗഗണപ്രതിബിംബദീപം
ചുട്ടററീടുന്ന ജനസംഘമിതൊക്കെയുണ്ടി-
ങ്ങോട്ടേറെ നന്നായി! നദീജലപൂരമോർത്താൽ, 41

കിട്ടുന്നതില്ല പുഴതന്നിൽ മണപ്പുറത്തു-
മൊട്ടും സ്ഥലം കരയിലെക്കഥയെന്തു പിന്നെ
ചുട്ടററീടും നദിയിലങ്ങിനെ കെട്ടുവള്ളം
കെട്ടീജ്ജനങ്ങളവിടെക്കൂടി കൊണ്ടിടുന്നു. 42

നീന്ദ്യത്വമോടു മലിനാകൃതിപൂണ്ടു പൊങ്ങി
തോന്നുന്ന ദിക്കുകളിലൊക്കെ നടന്നിടുമ്പോൾ
ഒന്നായെയ്യട്ടിഞ്ഞഥ നടന്ന ജനങ്ങൾ താണു
നന്നായൊതുങ്ങുമളവിന്നു ഭജിച്ചിടുന്നു. 43

മങ്ങുന്നു ശീതകരനായിട്ടു മോഷധീശൻ
പൊങ്ങുന്നൊരുഷ്ണകരനുള്ള കരങ്ങളാലേ
എങ്ങും ദ്രുമാദികൾ ദിവാകരരശ്മി താപം
തിങ്ങീടുമിപ്പൊഴുതിലേററമുണങ്ങിടുന്നു. 44

സാരൌഷധീശഗുരുവാം കടൽതൻെറ പത്നി-
മാരായീട്ടും പുഴകൾതങ്ങടെ തീരഭാഗേ
ചേരും ലതാദ്രുമഗണങ്ങളെ വാട്ടമെന്യേ
പാരാതെ മാമകഗൃഹേശ്വരി! കാത്തിടുന്നു. 45

ഉഷ്ണം നിമിത്തമതിയായുടൽ നീറി വേർത്തു
കഷ്ണിച്ചിടുന്നു തടികൂടിയ ലോകരെല്ലാം
ഉഷ്ണോദകങ്ങൾ തെളികഞ്ഞിയിതൊക്കെയിപ്പോൾ
തൃഷ്ണാതിബാധയൊടു നന്നെ കുടിച്ചിടുന്നു. 46

മെച്ചപ്പെട്ടുംവിധമനശ്വരപുണ്യസിദ്ധി-
ക്കശ്വത്ഥപങ്ക്തികൾ വരുന്ന ജനത്തിനെല്ലാം
ഉച്ചക്കെഴും വെയിൽ സഹിച്ചിലയാട്ടി വീശി
നൽച്ഛായയെക്കുളുർമയാംപടി നൽകിടുന്നു. 47

പ്രാണങ്ങളാൎയ്യിലസുമന്നമുദിച്ചിട്ടുന്ന
ചേണാൎന്ന പൂഞ്ചെ, പണിയുന്നൊരിടങ്ങൾതന്നിൽ
ക്ഷീണം വരാതെ രസമോടു വളൎന്നു ലോകം
പ്രാണൻ വരുന്ന ജനതാപമറും പ്രകാരം. 48

ഓടുന്നു നീരുടയവന്നതിശോഭയെച്ചേ-
ൎത്തീടുന്ന താപമുടനേററമകററിടുന്നു
കേടെന്നിയേ വിലസിടുന്നൊരു നല്ല പൂഞ്ച-
പ്പാടം വധൂജനമണേ! ക്ഷിതിരത്നമല്ലോ. 49

ഒന്നായ്നടന്നു വെയിൽകൊണ്ടു വലഞ്ഞു കാഞ്ഞു
വന്നെത്തിടുന്നവരഹോ! ബഹു തൃഷ്ണയോടേ
നന്നായ്ജലാദികൾ കുടിച്ചു കിടന്നിടുന്നു
മന്ദാനിലക്കളിയെഴും വഴിയമ്പലത്തിൽ. 50

പൊള്ളീടുമാറു വെയിലേററിഹ തൊണ്ടവററി
തുള്ളിപ്പിടഞ്ഞഥ വലഞ്ഞു വരുന്നവൎക്ക്
വെള്ളംകൊടുത്തു വഴിയമ്പലമേറി വാണു-
കൊള്ളുന്നവൻ ബഹുദയാകരനീശപരൻതാൻ. 51

നീററം വളൎക്കുമൊരു വൈല്യ വരാഴ്ചതിന്നും
കാറേററററവും കുളൎമയോടു വരാനുമായി
മുററം നിറച്ചു വിരിപന്തലിടുന്നു വീട്ടിൻ
ചുററും ജനങ്ങളിറയോടു ശരിക്കു പൊക്കി. 52

വേവിച്ചിടുന്നൊരതിചൂടൊടു വൈല്യ തിയ്യാ-
യേവം ജഗത്തിൽ മുഴുവൻ നിറയും ദശായാം
ആവോളമഗ്നിസഖനാകിയ വായുതന്നെ-
സ്സേവിപ്പതിന്നധികമായ്ത്തുനിയുന്നു ലോകം. 53

സാദരം ലോകർ പരമാതപജാതതാപ-
ച്ഛേദേച്ഛപൂണ്ടനിലശൈത്യഗുണം നിനച്ച്
വാതായനങ്ങളുടെ വാതിൽ തുറന്നുവെച്ചു
വാതാഗമത്തിനവിടെക്കുടികൊണ്ടിടുന്നു. 54

വെന്തീട്ടമാറു തടീയക്കമെഴുന്ന മെയ്യിൻ
സന്താപമൊക്കെയകലുംപടി കാററു ചേപ്പ്പാൻ
ദന്തീന്ദ്രകർണ്ണസമമായ്വിലസുന്ന താല-
വൃന്തം ജനങ്ങളിഹ കയ്യിലെടുത്തിടുന്നു. 55

പാരം കടുത്ത വെയിലേററു തപിച്ചൊരാവി
ചേരുമ്പോൾ വാടി വലയുന്ന ജനത്തിനെല്ലാം
വീരാളിജാതിയിൽ വിളങ്ങിയ പുല്ലുപായ
പരായതിൽ പരമൊരാശ്രയമായിടുന്നു. 56

തെല്ലല്ല കൊച്ചുഭരണിക്കെതിരായ മാങ്ങ
നല്ലോരു ചേച്ച്യൊടെടുത്തതിശോഭയോടേ
ഉല്ലാസമോടു വിലസുന്നു പരം കശുമ്മാ-
വെല്ലാമിതാ പൂകളെഴുന്നൊരു മീനമാസേ. 57

കണ്ടാലുമിക്ഷിതിയിലിപ്പൊഴുതിൽ കശുമ്മാ-
വണ്ടിക്കളിക്കൊരവസാനവുമില്ല പാർത്താൽ
തൊണ്ടോടുകൂടിയിതു വണ്ടികളിൽ കരേററി-
ക്കൊണ്ടാദരേണ പരദേശികൾ പോയിടുന്നു. 58

നീങ്ങാതെ താണൊരു ജനങ്ങൾ പറങ്കിമാവി-
ന്മാങ്ങക്കെഴും മധുരമാകിയ നീർ കുടിച്ച്
മങ്ങുന്ന കാറലറിയാതെ പുകഴ്ത്തിടുന്നി-
തെങ്ങും കരിമ്പുകൾ പുറത്തു വരുന്നതില്ല. 59

കാറുന്ന മാങ്ങകൾ നിറഞ്ഞ പറങ്കിമാവിൽ-
ക്കേറിപ്പികാകൃതികൾ കാക്കകൾ കായ തിന്നു്
പാറപ്പുറത്തൊരു ചിരട്ടയുരച്ചിടും മ-
ട്ടേറെക്ക്ഖരസ്വരമൊടിങ്ങു കരഞ്ഞിടുന്നു. 60

തോലണ്ടിവെച്ച പരമണ്ടിയുറച്ചു മൂത്ത
ചാലേ ചിനച്ച പലമാതിരിയിപ്രകാരം
സ്ഥൂലോന്നമൽകുചഭരേ! കുലയായ്‌രസാല-
ജാലങ്ങളിൽ സുമുഖി! മാങ്ങകൾ തൂങ്ങിടുന്നു. 61

ചോടിന്നു നൽഗ്ഗുണമൊട്ടുത്തമഗാനകേളി-
യാടിജ്ജനിച്ച ഫലമിങ്ങു പരുത്തുമാദ്യേ!
കേടെന്നിയേ സുഫലസിദ്ധിയിതിന്നു മാവിൻ-
ചോടിന്നു വേണ്ട ഗുണമൊക്കെ വരുത്തിടുന്നു. 62

പയ്യെത്തനിക്കുചിതമാംപടി സൽഫലങ്ങൾ
പെയ്യുന്നതിന്നിഹ ജനങ്ങളൊഴിച്ചിടാതെ
രൂപായ്യല്ല ചൂതലതികാതതിതന്നിലേറ്റം
ചെയ്യുന്നു മട്ടനശതം രതിരമ്യകായേ! 63

ഉണ്ണുന്നവർക്കധികമായ് രുചിയുൽഭവിക്കും-
വണ്ണം വറുത്തൊരുലുവാ മുളകുപ്പിതെല്ലാം
ഖണ്ഡിച്ചു ചേർത്തു വിരിപന്തലിലിട്ടു ലോകർ
മണ്ണായിടാതെയെരുമാങ്ങയുണക്കിടുന്നു. 64

മാരാമയൌഷധകുചസ്ഫുരദംഗയഷ്ടേ!
ചേരുന്ന മട്ടു ലവണം തികവോടു കൂട്ടി
പാരാതെ രോഗിനിവഹത്തിനു പത്ഥ്യമായി-
ത്തീരുംപ്രകാരമടമാങ്ങയുണക്കിടുന്നു. 65

മാരാമയൌഷധവൃമെൻ ജനനദ്രുമത്തിൽ-
ച്ചേരുന്ന സൽഫലവുമാംമൂലയുള്ള കാന്തേ!
പാരം നുറുക്കി മുളകുപ്പിവ ചേർത്തു മാങ്ങ
പാരാതെ നൽഭരണിയിൽ പരമിട്ടിടുന്നു. 66

കള്ളം വെടിഞ്ഞു ഭുവി വെള്ളരിവള്ളി പെററി-
ട്ടുള്ളോരു മക്കളെ നുറുക്കി നുറുക്കി ലോകം
വെള്ളം ചുരുങ്ങിവരുമിപ്പൊഴുതാശ്രമിട്ടി-
ട്ടുള്ളം തെളിഞ്ഞു കറിവെച്ചു ഭുജിച്ചിടുന്നു. 67

സത്തായ തൽഫലഗണത്തെ മരങ്ങളാക്ക-
മെത്താതെയുള്ള നിജ ശാഖയിലേന്തിടുന്നു
ഇത്തവ്വു കണ്ടകിഫലങ്ങൾ ഫലവ്രജത്തെ-
ച്ചിത്തം തെളിഞ്ഞു കടതന്നിലുമേന്തിടുന്നു. 68

പാരാതെകണ്ടു മധുരക്കറി വെപ്പതിന്നു
പോരാ ഗുണം മധുരചൂതഫലത്തിനോർത്താൽ
സാരം കലന്ന മധുരക്കറി വെക്കുവാനും
നേരായ്ഗുണത്തികവു ചക്കയിലുണ്ടു നൂനം 69

മുത്താലെ തീൎത്ത തകിടാം തളിർ മൂത്തു നില്ക്കും
പത്രം ലസന്മരതകത്തകിടാണശേഷം
ചിത്രം! ശുഭാംഗി! പവിഴത്തകിടാം പഴുത്ത
പത്രം പിലാവിനുടെ കായ സുധാഘടംതാൻ. 70

പൊല്പൊങ്ങിടുന്നൊരു പിലാവു സുരാലയത്തിൽ
കല്പദ്രുമത്തൊടു തിരക്കി വസിച്ചതാംപോൽ
കെല്പോടു ശക്രനൊരു വിപ്രനു നൽകകൊണ്ടാ-
ണിപ്പാരിടത്തിലിതു വന്നതുപോൽ വരാംഗി! 71

കൊണ്ടൽക്കൃഷിക്കു കുറവെന്നിയെ വേലചെയ്തു
കണ്ടങ്ങളാസകലമീ വസുധാതലത്തിൽ
കണ്ടാലുമേററമഴകേറിയ സൽഫലങ്ങൾ-
കൊണ്ടാഭപൂണ്ടു വിലസുന്നിതു കൊണ്ടൽവേണി! 72

ആറാട്ടിനുള്ള പുഴതൻകരമേൽ വലിപ്പ-
മേറുന്ന പാടമതിൽ വെച്ചു മഹാജനങ്ങൾ
ചേരുംവിധം ചിതമൊടിങ്ങു നടത്തിടുന്ന
പൂരം വരുന്നു വനിതാജനമൌലിമാന്യേ! 73

താർമങ്കതൻ പകർമായ്‌വിലസുന്ന കാന്തേ!
മാമാങ്കമങ്ങിവിടെ മുമ്പതു വീണശേഷം
ഈമട്ടതിൻപകരമീ വലുതായ പൂരം
പ്രേമത്തൊടത്ര ബഹുലോകർ നടത്തിടുന്നു. 74

കാർമേഘവേണി! പുതുതായ്‌വിലസുന്ന പുഞ്ച-
ച്ചോർ മാമ്പഴക്കറികൾ പൂരനിലാവിതെല്ലാം
ക്ഷാമം വെടിഞ്ഞു കലരുന്നൊരു മീനമായൊ-
രീമാസമോടു ശരി മറെറാരു മാസമുണ്ടോ? 75

ഗണ്യത്വമററ ബഹുരമ്യമഹാഗുണത്താൽ
വർണ്ണ്യാംഗി! പൂരമിതിൽ വേണ്ടൊരു കോപ്പിനെല്ലാം
വർണ്ണത്തിനില്ല കുറവില്ലൊരു താഴ്ച നന്മ-
യ്ക്കെണ്ണത്തിനും കുറവു തെല്ലുമുദിക്കയില്ല. 76

ഉത്തുംഗകുംഭകരമസ്തകമൊത്തു മന്ദ-
മെത്തുന്ന ദന്തിനിവഹത്തിനു മൂല്യമേറി
നിസ്തുല്യരാജിതകുചോരുനിതംബബിംബേ!
ചിത്താഭിരാമഗമനേ! ക്ഷിതിമാന്യഭൂഷേ! 77

ചട്ടററ പട്ടുകുട ചാമരമാലവട്ടം-
തൊട്ടുള്ള കോപ്പഖിലമിപ്പടിയന്തരത്തിൽ
ഒട്ടേറെ നന്നലകിൽ വെച്ചധികം വിശേഷ-
പ്പെട്ടുള്ള ഹേമമണിഭൂഷണശോഭിതാംഗി! 78

താളത്തിനേതുമൊരു താഴ്ചവരാതിതിങ്കൽ
മേളം ജഗത്ത്രയമൊക്കെ മുഴക്കിടുന്നു
കേളിപ്പെടുന്ന സുരസംഘവുമിങ്ങു വന്നു
മേളിച്ച പൂരമിതു കണ്ടമരുന്നുപോലും. 79

എന്നും മഹാ സുകൃതമുണ്ടിതു കാണ്കിലെന്നു-
മൊന്നാന്തരത്തിലിതു നല്ലൊരു കാഴ്ചയെന്നും
നന്നായ് നിനച്ചഥ വരുന്നിതു പത്തുദിക്കിൽ-
നിന്നും പ്രമോദമൊടു പൂരമിതിന്നു ലോകർ. 80

നല്ലോരു പൂരമിതു മററു മഹോത്സവങ്ങ-
ളെല്ലാം യഥോചിതമിണക്കിയതെന്നു തോന്നും
ചൊല്ലാർന്ന ചന്ദ്രതിമിരാംബുരുഹാദികൊണ്ടു
മെല്ലെച്ചമച്ചൊരതിശോഭനഗാത്രിയാളേ! 81

ത്രൈലോക്യനാഥനുടെ ചോദനകൊണ്ടുതന്നെ
മാലോകർ പൂരമിതു ഹന്ത! നടത്തിടുന്നു
ചേലൊത്ത ഭൂമിപതി ചെയ്തുവരും സഹായ-
ത്താലല്ലതെങ്ങിതിനെഴുന്ന മഹത്വമെങ്ങ്? 82

പാരം ജനങ്ങളുടെ പൂജകളേററുകൊണ്ടി-
പ്പൂരത്തിൽ വന്നു വിലസാതെയൊരാനയില്ല
പൂരത്തിലാനമുഖനായടയപ്പമെന്നി-
തോരോന്നു ലോകരതിഭക്തിയൊടേകിടുന്നു. 83

ലോകങ്ങൾ ഭംഗിയിൽ വിളങ്ങിന കാഴ്ച കാണ്മാ-
നാകുന്നു പൂരമിതിൽ വന്നണയുന്നതേററം
ശ്രീകോടിലിംഗപുരിയിൽ ഭരണിക്കു ഭക്ത്യാ
പോകുന്നു ലോകർ പരമങ്ങൊരു കാഴ്ചയില്ല. 84

ശീലിച്ച സാത്മ്യത കലൎന്ന സുരാതിഭക്തി-
യാലേററവും ലഹരി പൂണ്ടു ജനങ്ങളെല്ലാം
കാലാരിജാഗ്രഭുവി നിന്നഥ കാട്ടിടുന്ന
കോലാഹലങ്ങൾ പറവാനരുതാക്കുമോൎത്താൽ. 85

പീയ്യൂഷപൂൎവ്വജവിരാജിതകണ്ണനേത്ര-
ത്തിയ്യിൽ പിറന്ന പരമേശ്വരിയേബ്ഭജിപ്പാൻ
തീയ്യക്കെത്തളിരിലുള്ള രസത്തിനില്ല
കയ്യുംകണക്കുമൊരുപാടവർ കാഴ്ചവെക്കും. 86

രാവങ്ങു പോയ കഥ കാമിജനാശയങ്ങൾ
വേവുംപ്രകാരമിഹ നിത്യമുരച്ചുകൊണ്ട്
കൂവുന്ന കോഴികളെയീബ്ഭരണീമഹത്തി-
ലാവുന്നതും ഝടിതി കാമിനി! വെട്ടിടുന്നു. 87

ഗൎവ്വ്യതപമെന്യെ വഴിവാടുവരും ധനങ്ങ-
ളെണ്ണീടുവാനരുതൊരുത്തനുമോൎത്തുകണ്ടാൽ
ഭണ്ഡാരമായവിടെ വെച്ച ചരക്കു വിത്ത-
ഖണ്ഡങ്ങളാൽ സപദി തിങ്ങി നിറഞ്ഞിടുന്നു. 88

വേണ്ടുംപ്രകാരമിഹ തിയ്യരടുത്തു കാവു-
തീണ്ടുന്നൊരശ്വതിയിലാ വലിയോരു ഘോഷം
കണ്ടീടുവോൎക്കുമലഭക്തിരസാൎണ്ണവത്തി-
ലുണ്ടാം, സുരാൎണ്ണവവിവൎദ്ധിനി! കോളിളക്കം. 89

കേളിപ്പെട്ടന്ന പരമേശ്വരിതൻ പദാബ്ജം
ചീളെന്നു കണ്ടഥ ജനങ്ങൾ വണങ്ങിടുന്നു
കാളുന്ന ഭക്തിരസമോടഴകുള്ള ഭദ്ര-
കാളീസ്തവങ്ങൾ പലതിങ്ങിനെ ചൊല്ലിടുന്നു. 90

കുണ്ഠേതരോഗ്രബലമുള്ളോരു ദാരുകന്റെ
കണ്ഠം മുറിപ്പതിനു മുപ്പുരവൈരി ദേവൻ
പണ്ടേറെ രോഷമൊടു തൻനിടിലാക്ഷിതന്നി-
ലുണ്ടാക്കിയോരു ജഗദീശ്വരി! പാഹി കാളി! 91

മുക്കണ്ണനായ ഭഗവാനരുൾചെയ്തു മൂലം
നില്ക്കാതെ ഭൂതനിവഹത്തൊടു ചേർന്നു പോയി
ചൊൽക്കൊണ്ട ദാരുകമഹാസുരപട്ടണത്തെ
വെക്കം വളഞ്ഞ ജഗദംബ! പരം പ്രസീദ. 92

കമ്പം വെടിഞ്ഞു പടനായകരോടുകൂടി
വമ്പിച്ച ദാരുകനെഴും പടയെസ്സമസ്തം
ഇമ്പം കലർന്നു പടവെട്ടി മുടിച്ച കാളി!
നിമ്പാദപത്മമടിയങ്ങൾ തൊഴുന്നു നിത്യം. 93

ക്രൂരാട്ടഹാസമൊടു രൗദ്രരസത്തിൽ മുങ്ങി
നേരിട്ട ദാരുകമഹാസുരനോടു പിന്നെ
ഘോരാശുഗാസ്ത്രപരമാത്ഭുതവൃഷ്ടിചെയ്തു
പോരാടിനിന്ന പുരവൈരിസുതേ! പ്രസീദ. 94

ചന്തം കലർന്നു ചതികൊണ്ടഥ ദാരുകൻത-
ന്നന്തഃപുരേശ്വരിയൊടാരുമറിഞ്ഞിടാതെ
മന്ത്രം പഠിച്ചരികിൽ വന്നൊരു ദുർഗ്ഗയോടാ
മന്ത്രം ഗ്രഹിച്ച സകലേശ്വരി കാളി! പാഹി. 95

ഉൾപ്പൂവിറച്ചു പടവിട്ടുടനങ്ങൊളിച്ച
ചൊല്ലൊങ്ങുമാദ്ദിതിജനായകനെപ്പിടിപ്പാൻ
കെല്പോടു തന്നുടലുകൊണ്ടൊരകാലസന്ധ്യ
കല്പിച്ച കാളി! പരിപാഹി കുരുംബയമ്മേ! 96

കൊല്ലുന്നതിൽബ്ഭയമൊടേററവുമാവലാതി
ചൊല്ലുന്ന നീചതരനാം ദിതിജന്റെ നേരേ
മെല്ലെന്നു നൽ കരുണകൊണ്ടു തണുത്ത ദൃഷ്ടി-
ത്തെല്ലൊന്നയച്ച പരമേശ്വരി! പാഹി നാഥേ! 97

ചട്ടററ ഭക്തിമുനിദേവവചസ്സു കേട്ടു
പെട്ടെന്നു രോഷമൊടു ദാരുകദൈത്യകണ്ഠം
വെട്ടിച്ചുടക്കനെ വരും നിണമിഷ്ടമാകും-
മട്ടിൽ കുടിച്ചലറിയാർത്തൊരു കാളി! പാഹി. 98

ഏവം സുരാരിയെ വധിച്ചമൃതാംശുചൂഡ-
ദേവാനുപാദമൊടു ലോകഹിതത്തിനായി
ആവിർമ്മുദാ ഗുണഗണം തികയും കുരുംബ-
ക്കാവിൽ സദാ വിലസുമീശ്വരി! ദേവി! പാഹി. 99

ഊനം വിനാ സ്തുതികളിങ്ങിനെ ചൊല്ലി ലോക-
രാനന്ദമോടു പരമേശ്വരിയെത്തൊഴുന്നു
മീനത്തിലെബ്ഭരണിയാമടിയന്തരത്തെ
മാനിച്ചിടാത്ത മലയാളികൾ മന്നിലില്ല. 100

മുല്ലപ്പൂകൊണ്ടു മൂടുന്നിതു മുടി മുഴുവൻ
മുത്തണിക്കൊങ്കമാർ, ന-
ന്മുല്ലപ്പൂവമ്പനിഷ്ടം തടവിയ മധുവാ-
യിങ്ങു, മഞ്ഞങ്ങു പോയീ
വല്ലാതെ വെയ്ല് കൂടുന്നിതു, വനമഖിലം
വെന്തുപോയ്, ചന്തതോറും
തെല്ലല്ലാ ചക്ക മാങ്ങാക്കളി, യുവതിഗുണ-
സ്ഥാനമേ 'മീന' മേവം. 101

[മീനമാസം കഴിഞ്ഞു.]

# മേടമാസം

ശോഷിച്ചു നീരമഖിലം വലിയുന്നു പാരം
മേഷം വരുന്നു ഭുവി, നൽക്കണിയായിദാനീം
തോഷിച്ചു കാണുകിതു നീരജനിത്യവൈരം
പോഷിച്ചിട്ടും മിഴികൾകൊണ്ടഴകുള്ള കാന്തേ! 1

നന്നായ് സുവർണ്ണമണിദർപ്പണദിവ്യരൂപം,
കൊന്നയ്ക്കു ചേർന്ന മലർ, വെള്ളരി, വെള്ളരിക്കാ
എന്നുള്ളതൊക്കയുമരിക്കിഴിയാം വിളക്കു-
മൊന്നിച്ചുചേർത്തഖിലരും കണി കണ്ടിടുന്നു. 2

കെല്പോടുറങ്ങിയെഴുന്നേററഥ കൺ തുറക്കാ-
തല്പേതരം കണിയിലുള്ളൊരു ഭക്തിയോടേ
തപ്പിത്തടഞ്ഞു ചിലരന്യജനാശ്രയത്താ-
ലൊപ്പിച്ചിടുന്നു കണികാണുക സുമംഗലാംഗി! 3

മററുള്ളതൊന്നുമിഹ കാണുവതിന്നു മുമ്പിൽ
തെററന്നെനിക്കു കണികാണണമെന്ന കാമാൽ
തെററന്നിയേ സപദി തങ്ങടെ കണ്ണു കെട്ടി-
ച്ചുററുന്നു മററു ചില പേർ വഴിതെററിയേററം. 4

ഏററം രസേന ചില പേർ കണികണ്ടുകൊണ്ടു
മാറാതെകണ്ടവിടെയങ്ങിനെ നിന്നിടുന്നു
വേറിട്ടു ലോകർ ചിലരായതു കണ്ടു തട്ടി-
ക്കേറുന്നു ദിക്കുകൾ മുഴങ്ങിടുമാറു രോഷാൽ. 5

പുഷ്പാസ്ത്രദേവനിലയേ! നവരാജവൃക്ഷ-
പൃഷ്ഠദ്യുതേ! കനകരത്നവിഭൂഷിതാംഗി!
ഇപ്പോൾ ജനങ്ങൾ കണികാണ്മതിനമ്പലങ്ങ-
ളുൾപ്പൂകിടുന്നു മണിദർപ്പണഗന്ധയുഗ്മേ! 6

കല്യാമോടു കണികണ്ടഥ കണ്ണുടങ്ങാ-
ളെല്ലാവരും മരുവിടുന്നു വെളുക്കവോളം
ചൊല്ലുന്നു കീർത്തനമിതാ ചിലർ ഭംഗിയോടേ
മെല്ലെന്നു മററു ചിലർ ചീട്ടു കളിച്ചിടുന്നു. 7

തുഷ്ടിപ്പെടുന്ന വിഷുവിന്നിഹ വേണ്ട കഞ്ഞി-
ക്കിഷ്ടപ്പെടുന്നൊരു പുഴുക്കിനു ലോകരിപ്പോൾ
വെട്ടുന്നു ചക്ക പലമാതിരിയിൽ പടക്കം
പൊട്ടിച്ചിടുന്നു ചെറുകുട്ടികൾ ലീലയോടേ. 8

നാട്ടിൽ പ്രഭുത്വമുടയൊരു ജനം വിഷുക്കൈ-
നേട്ടം പലക്കുമഴകോടു കൊടുത്തിടുന്നു
വാട്ടം വിനാ വലിയ കീർത്തി ലഭിച്ചിടുന്നു
കോട്ടം വെടിഞ്ഞു പുകഴും ഗുണമുള്ള കാന്തേ! 9

വിദ്യാവിനോദരസികേ! നവഹാവഭാവ-
വിദ്യോതിതേ! സകലമോഹനകർമ്മദക്ഷേ!
ഹൃദ്യത്വമേറിയൊരു കഞ്ഞി കുടിച്ചു ലോകർ
സദ്യസ്സു സമ്പ്രതി രസിച്ചു മുതിന്നിടുന്നു. 10

സത്രാശനപ്രവരനിങ്ങൊരു തുള്ളി വെള്ളം
വീഴുന്നതില്ലുലകടച്ചു ദഹിച്ചിടുന്നു
ഇത്തവ്വിലെങ്ങു 'മജമായ് ദ്വിജരാത്ത യജ്ഞം
കർത്തവ്യ'മെന്നതു തെളിഞ്ഞു തുടങ്ങിടുന്നു. 11

അത്യന്തമായ ബലമർക്കനു കൂടുമാറു
നിത്യം ക്രിയാഭിഗമശീലമണഞ്ഞിടുന്നു
കത്തുന്ന തീയ്യിനെതിരാം കിരണവ്രജം വ-
ന്നെത്തുന്ന വെന്തുരുകുമാറുലകിങ്കലെല്ലാം. 12

അംഗാരകോദവസിതത്തിനകത്തു ചെന്നു
ഭംഗ്യാ വസിച്ചിടുമശീതകരന്നിദാനീം
മങ്ങാതകണ്ടു ബലമേറിവരുന്നു തിഗ്മിൽ
മുങ്ങുന്ന പോലെ ഭുവനങ്ങൾ തപിച്ചിടുന്നു. 13

ഉല്ലാസമോടു പരമുച്ചബലം കലൎന്നു
ചൊല്ലാൎന്ന ശീതവിപരീതമരീചിമാലി
മെല്ലെത്തെളിഞ്ഞു വിലസുന്നു ജഗത്തിലെങ്ങു-
മില്ലാതയാത് സപദി ശീതളമായ വെള്ളം. 14

കമ്പം വെടിഞ്ഞു ദിവസാധിപതിക്കിദാനീം
സമ്പൂൎണ്ണമായ ബലമേററമിണങ്ങിടുന്നു
അൻപോടു രാത്രികൾ ചടച്ചുവരുന്നു മന്ദ-
മിമ്പം കലൎന്നു ദിവസങ്ങൾ തടിച്ചിടുന്നു. 15

വല്ലാതെകണ്ടു വളരും ബലമോടുകൂടി
ചൊല്ലാൎന്നൊരുഷ്ണകരതീക്ഷ്ണകരൻ പ്രതാപാൽ
മെല്ലെന്നു ഭൂമിജഗൃഹത്തിലണഞ്ഞിടുന്നു
തെല്ലല്ല ഭൂമിജഗണങ്ങളുണങ്ങിടുന്നു. 16

അംഭോജബന്ധുത പരം കലരുന്ന ദേവൻ
ജൃംഭിച്ചിടുന്ന ബലമോടു വിളങ്ങിടുന്നു
അംഭസ്സുകൾക്കു സുഭഗതപഗുണം വിശേഷി-
ച്ചുംഭോരുഹാക്ഷി! തെളിവോടുളവായിടുന്നു. 17

ഭംഗം വെടിഞ്ഞു വെയിൽകൊണ്ടു ജലാശയങ്ങ-
ളെങ്ങും വലിഞ്ഞു പരമാശു നശിച്ചു മീനം
ശൃംഗാരവാരിനിധിതൻ നടുവിൽ സദാപി
ഭംഗ്യാ കളിച്ചു വിലസുന്നൊരു മീനനേത്രേ! 18

കേടററ വീൎയ്യമൊടു സമ്പ്രതി മേഷരാശി-
യോടൊത്തിണങ്ങി മരുവുന്നു പരം ഗ്രഹേശൻ
ആടായ ജന്തുവിനു പാരമസഹ്യഭാവം
കൂടും തണുപ്പുലകിൽനിന്നൊഴിയുന്നു സൎവ്വം. 19

ചിക്കുന്ന ലോകഗണബാന്ധവനായ്വിളങ്ങ-
മക്കൻ ഗ്രഹാധിപതി കാലവശാലിദാനീം
വക്രൻെറ വീട്ടിൽ മരുവുന്നു നിതാന്തതാപ-
മുൾക്കൊണ്ടു ലോകരഖിലം വലയുന്നു പാരം. 20

നീക്കം വെടിഞ്ഞു ധരണീവലയത്തിലെല്ലാ-
മേല്ക്കുന്നു സൂര്യനുടെ പാദസഹസ്രമേററം
ഊക്കോടുകൂടിയുയരും പൊടിചെന്നിദാനീം
നോക്കുന്ന ദിക്കുകളിലൊക്കെ നിറഞ്ഞിടുന്നു. 21

കഷ്ടിച്ചുദിച്ചു ദിനനായകനുള്ള ബിംബം
ദൃഷ്ടിക്കുടൻ വിഷയമായ്വരുമപ്പൊഴേതാൻ
ഒട്ടല്ല വെയിലിനുടെ ചൂടു സഹിച്ചുകൂടാ
നട്ടുച്ചയിൽ കഥയഹോ! പുനരെന്തു പാർത്താൽ. 22

കേടേററിടുംപടി ധരിത്രിയിൽ വന്നടിക്കും
ചൂടുള്ള സൂര്യനുടെ തീക്ഷ്ണകരവ്രജത്തെ
പാടേ തടുത്തു മരുവുന്ന മഹീരുഹങ്ങ-
ളീടുള്ള തങ്ങളുടെ ശൃംഗഭുജങ്ങളാലേ. 23

പാരിൽ ഗ്രഹാധിപകരം പെരുമാറിടുന്നു
പാരം പരാഗനികരങ്ങൾ നഭസ്ഥലത്തിൽ
ചേരുന്നു മേഘമലിനതചമണഞ്ഞിടാതെ
താരഗ്രഹർക്ഷമണിപങ്ക്തി വിളങ്ങിടുന്നു. 24

കിട്ടുന്നൊരുഷ്ണകരബാധകൾകൊണ്ടു വെള്ളം
കിട്ടീടുവാൻ വളരെയുണ്ടു ഞെരുക്കമിപ്പോൾ
കഷ്ടം! ധരിത്രി ജലവൃഷ്ടിയതിൽ കുളിച്ചി-
ട്ടൊട്ടേറെയായി ദിവസം പൊടിതന്നെയെല്ലാം. 25

രാജാവിതെന്നിഹ ഗണിപ്പവർ ചൊല്ലിടുന്ന
രാജൽപ്രതാപനിധിയാം തപനൻ പരക്കെ
വ്യാജംവിനാധികകരങ്ങൾ പതിക്കയാലേ
ഹേ ജീവനായകി! ജനങ്ങൾ തപിച്ചിടുന്നു. 26

ഉള്ളം ചുടുന്നപടി സമ്പ്രതി രാജശ്ബ്ദ-
മുള്ളോരിനന്റെ കരബാധകൾ കാരണത്താൽ
കള്ളം കഥിച്ചിടുകയല്ലൊരുപായമില്ല
വെള്ളം കുടിപ്പതിനുമൂഴിയിലേവമായീ. 27

അത്യുച്ചമായ നിലകൊണ്ടു ബലം നിതാന്ത-
മൊത്തൊരു സൂര്യനുടെ ഘോരതരപ്രതാപാൽ
നിത്യം തപിച്ചൊരുനിവൃത്തിയുമത്ര കാണാ-
ഞ്ഞർത്ഥിച്ചിടുന്നിതു ജനങ്ങൾ ജലാഗമത്തെ. 28

തീയെന്നപോലെ വിലസും സകലഗ്രഹേന്ദ്ര-
നായുള്ള ദേവനുടെ ബാധകൾകൊണ്ടിദാനീം
മാ[illegible]ം വെടിഞ്ഞു വിപിനങ്ങൾ പരം വെളുത്തു-
പോയൊക്കെയങ്ങു തരമൊന്നിനുമില്ലിരിപ്പാൻ. 29

പാരം ബലം തടവുമത്തപനന്റെ ഘോര-
ഘോരപ്രതാപമധുനാ സഹിയായ്ക മൂലം
പാരിൽജ്ജനങ്ങൾ പലരും പതിവായി വെള്ള-
ക്കാരാണിതിന്നൊരു മരുന്നിതി ചൊല്ലിടുന്നു. 30

ചീർക്കും ജനങ്ങളുടെ താപമശേഷമങ്ങു-
നീക്കുന്നതിന്നു മതിയായ മിടുക്കിദാനീം
ഓർക്കുമ്പോളുണ്ടു പലസൽഗ്ഗുണമുള്ള വെള്ള-
ക്കാർക്കെന്നു ലോകരവരിൽ പ്രണയപ്പെടുന്നു. 31

നേരാസ്പരം കരുണയാൽ ജലമേകുവോർക്കും
പാരം വിലസ്സു പിശകിജ്ജലമേകുവോർക്കും
പാരിൽജ്ജലാതിരുചിപൂണ്ട ജനങ്ങൾ വെള്ള-
ക്കാരെന്നുതന്നെയൊരു പേരു കൊടുത്തിടുന്നു. 32

ചൊല്ലാർന്ന വൻപുഴകളിൽ തെളിവോടൊലിക്കും
നല്ലൊരു വെള്ളമുടനായവിടുന്നെടുത്ത്
മെല്ലെന്നയന്നാരവിടങ്ങളിലേക്കുകൊണ്ടു-
ചെല്ലുന്നു ലോകർ പരമാദരവോടുകൂടി. 33

ശീലാതികൊണ്ടു പരമുത്തമരായിടുന്ന
മാലോകരുന്നതികലൎന്നവിടം വെടിഞ്ഞു്
ചേലൊത്ത താഴ്ന്നൊരവിടങ്ങളിലായി വേന-
ക്കാലത്തിനുള്ള ഗുണമോൎക്കുകിലേവമല്ലോ. 34

പത്മാകരങ്ങളിൽ മഹാജലബാധയാലേ
ഛത്മം വെടിഞ്ഞുടനണഞ്ഞൊരു പങ്കമെല്ലാം
ആത്മപ്രതാപമതിനാൽ ജലബാധ പോക്കി-
പ്പത്മൈകബന്ധു പരമിപ്പൊളുണക്കിടുന്നു. 35

തീയ്യെന്നപോലെ വെയിലുള്ള മരുസ്ഥലത്തി-
ലയ്യോ! മൃഗങ്ങൾ മൃഗതൃഷ്ണകൾ കണ്ടിദാനീം
പെയ്യുന്ന തൃഷ്ണയൊടു വെള്ളമിതെന്നുറച്ചു
പൊയ്യല്ല കാങ്കെ മൃഗനേർമിഴി! മണ്ടിടുന്നു. 36

കാണാതെകണ്ടു വരികില്ല ജലവ്രജങ്ങൾ
താണോരു ദിക്കുകളിലെന്നു നിനച്ചിദാനീം
ചേണാൎന്ന വാപി മുതലായ ജലാശയത്തെ
ക്ഷീണം വിനാ പലരുമുണ്ടിഹ താഴ്ത്തിടുന്നു. 37

കേടററ വെള്ളമിഹ തങ്ങടെ കൈവശത്തിൽ
പാടേ വരുത്തിടണമെന്നു ജനങ്ങളെല്ലാം
ചൂടാൽ നിനയ്ക്കുമളവുള്ളിലെഴുന്ന വെള്ളം-
കൂടിപ്പുറത്തിഹ വിയൎത്തിത പോയിടുന്നു. 38

അന്യൂനമിപ്പൊളഖിലാൎത്ഥവുമാശു കാട്ടും
-തന്നാഭയത്തരണിയെങ്ങുമയച്ചിടുന്നു
തന്വംഗി! വാരിയുടെ ജീവനനാമധേയ-
ത്തിന്നുള്ളൊരൎത്ഥമറിയുന്നു ജനങ്ങളെല്ലാം. 39

സന്താപമേകിടുമൊരാത്മകരങ്ങൾകൊണ്ടു
രന്ധ്രങ്ങളെപ്പരമശീതകരൻ വളൎത്തി
ഛന്തം കലൎന്നഖിലലോകതനുക്കൾതന്നിൽ
ചിന്നും ജലത്തെയുമെടുത്തു കളഞ്ഞിടുന്നു. 40

ഘർമ്മാംശുവാസ്സിലസൂമംബുജബന്ധുദേവൻ
ചെമ്മേ വധൂജനമുഖാംബുരുഹങ്ങൾതന്നിൽ
ഘർമ്മാംബുബിന്ദുഗണമെന്നൊരു നാമമുള്ള
വെണ്മുത്തുരത്നനികരത്തെയണിഞ്ഞിടുന്നു. 41

പൊള്ളുന്ന ചൂടു കലരുന്നൊരു വെയിലിലൂഴി-
ക്കുള്ളിൽപ്പെട്ടും സലിലമൊക്കെ വലിഞ്ഞിടുന്നു
വെള്ളം ജനങ്ങളുടെ മേനിയിൽനിന്നു വേർപ്പെ-
ന്നുള്ളോരു പേരൊടു സന്താപമിതാ വരുന്നു. 42

പൊയ്യല്ല ചൂടധികമുള്ള മഹാതപത്തെ
തിയ്യെന്നുതന്നെ കരുതീട്ടു ജനങ്ങളെല്ലാം
മെയ്യെപ്പൊഴും കുടുകുടുന്നൊഴുകും വിയർപ്പാം
പെയ്യും ജലത്തിലിത മുക്കി നനച്ചിടുന്നു. 43

ചേലൊത്ത വഹ്നിയൊടു മത്സരമേറ്റമുള്ള
വെയിലിന്റെ ചൂടിതു കുറപ്പതിനാശയോടേ
ചാലേ കൃശാനുസഖിയാകിയ വായുതന്റെ
ലീലാഗമത്തിനു ജനങ്ങൾ കൊതിച്ചിടുന്നു. 44

വെന്തീടുമാറു വെയിൽകൊണ്ടു വലഞ്ഞു പാരം
ചെന്തീയ്യിതെന്നു ചിതമോടു നിനച്ചു ചിത്തേ
ചന്തത്തിലഗ്നിസഖഗന്ധവഹാഗമത്തെ-
ച്ചിന്തിച്ചുതന്നെ മരുവുന്നു ജനങ്ങളെല്ലാം. 45

തെറ്റെന്നു വെള്ളമഖിലം സ്വബഹുപ്രതാപാൽ
വറ്റിച്ചുമാശു ജനദാഹമഹോ! വളർത്തും
കാറ്റിന്നു നല്ല സുഭഗത്വഗുണം കൊടുത്തു-
മേറ്റം വിളങ്ങുമിതു തീയ്യിനരശ്മിയല്ല. 46

വിപ്രവ്രജങ്ങളിഹ നാകിഗണത്തിനേകാ-
നർപ്പിച്ചിടുന്നിതു ഹവിസ്സനലങ്കൽ നിത്യം
കെല്പോടു നാകമതിലേവമണഞ്ഞിടുന്നു
ചൊല്ലാൻ ഹവ്യവഹനഗ്നിയിതർക്കനല്ല. 47

പാരാതെ വിണ്ണുപദമായ് നവരത്നതുല്യം
താരങ്ങൾ പൂണ്ടെഴുമനന്തനഭസ്ഥലത്തിൽ
വാരാശിമദ്ധ്യചരനാകിയ ബാഡവാഗ്നി
ചേരുന്നു നൂനമിതു ഭാസ്കരദേവനല്ല. 48
പണ്ടിന്ദ്രനാദികളിളക്കിയ കാരണത്താ-
ലുണ്ടാക്കി വാരിപതി ഘോരവിഷാഗ്നിതന്നെ
കണ്ടാലുമാ വിഷമഹാനലനക്നായ-
ങ്ങുണ്ടായ്വരുന്നു ബത! വാരി നശിച്ചൊരിപ്പോൾ. 49
കൂടേററവും കലരുമുൽകടചണ്ഡരശ്മി-
യോടുള്ള തീവ്രതരമായ വിരോധമൂലം
കൂടുള്ള വസ്തു മുഴുവൻ ഭുവി ലോകർ കൈവി-
ട്ടീടുന്നു മുത്തണിമണിക്കുളുർകൊങ്കയാളേ! 50
ബാലാക്കരശ്മിസമമാം നവകുങ്കുമത്തെ-
ച്ചാലേ വെടിഞ്ഞു നിജ ദേഹമതിങ്കലെല്ലാം
ചേലൊത്ത ചന്ദ്രകരസന്നിഭചന്ദനത്തെ-
പ്പാലൊത്തവാണിമണിമാരണിയുന്നു ഭംഗ്യാ. 51
ആരോമലേ! മധുരശീതളമായ പഞ്ച-
സാരോദകം നവഘടങ്ങളിൽ വെച്ചിദാനീം
തീരാതെ ദാഹമണയും സമയത്തിലൊക്കെ-
ധാരാളമായിഹ ജനങ്ങൾ കുടിച്ചിടുന്നു. 52
പുഷ്പങ്ങൾതൻ സുരഭിഗന്ധമണച്ച നല്ല
കർപ്പൂരവെള്ളമിളനീർ തെളികഞ്ഞി കാപ്പി
ഉല്പന്നമാമിവ ലോകർ കുടിച്ചിടുന്നു
കെല്പോടു ദാഹമുളവാമളവാദരേണ. 53
പീയൂഷമായ ചൊടികൊണ്ടു കടുത്ത കാമ-
ത്തീയ്യിൻെറ ബാധകളൊഴിച്ചിടുമായ്മശീലേ!
തീയ്യായ വെയിലിലുരുകാതെ ജഗത്തു കാക്കും
പീയൂഷനാമമെഴുമിജ്ജലമെത്ര സാരം. 54

പൊക്കുന്ന പീനതരുണീസ്തനകുംഭയുഗ്മം
ചേർക്കാതെതാൻ യുവജനം പരിതാപമോടേ
നീക്കം വെടിഞ്ഞുഴകെഴുന്നൊരു രാഗമുള്ളി-
ലാക്കുന്നു കാണുക പരമിഷ്ടചീയായ കാലം. 55

ചിക്കന്നു ബോധകരനായി വിളങ്ങിടുന്നോ-
രക്കൻ മഹാപ്രഭയൊടൊത്തു വിളങ്ങിടുന്നു
ശൃഷ്ടങ്ങളായവകളേപ്പരമുള്ളിലാക്കാ-
തിക്കാലമേവരുമഹോ! സുഖമാന്നിടുന്നു. 56

നന്നായ് ശശാങ്കകിരണം രസമോടു ലോക-
രിന്നാകവേ കിമപി ഭുക്തികഴിച്ചിടുന്നു
നിന്ദ്യാ ശശാങ്കകിരണങ്ങൾ വണങ്ങിടുന്ന
മന്ദസ്മിതത്തിൽമുഴകുംമുഖമുള്ള കാന്തേ! 57

കത്തുന്ന തീയ്യിനെതിരായ മഹാതപം വ-
ന്നെത്തുന്നൊരിപ്പൊഴുതു ലോകർ കുടിച്ചിടുന്നു
ചിത്തം തെളിഞ്ഞിഹ ജലാശയമദ്ധ്യവാസം
നിത്യം കലന്നരുമതന്നതിശീതദുഗ്ദ്ധം. 58

മന്നിൽസ്സമസ്തപരമാത്ഥവിബോധമേകി
മിന്നുന്ന തീക്ഷ്ണകരനുഴെഴമിദൃശായാം
നന്നായ്പരം മധുരമാസ്സിലസീടുമന്ന-
മൊന്നേ ജനങ്ങളിഹ ഭുക്തികഴിപ്പതുള്ളു. 59

ഈടോടു നൽക്കുളുർമയുള്ള ജലം കുടിച്ചി-
ട്ടാടൽപ്പെടാതധികതൃപ്തിയണഞ്ഞു ലോകം
ചൂടുഗ്രമാസ്സിലസുമിപ്പൊഴുതങ്ങപേക്ഷി-
ച്ചീടുന്നു ഘമ്മസലിലം ബഹുവേഗമോടേ. 60

ചെന്തീയ്യിനോടധികമത്സരമാന്നു ലോക-
സന്താപമേകുമൊരു സൂര്യകരങ്ങൾതൻെറ
ചന്തം കുറച്ചു മരുവുന്നൊരു നല്ല താല-
വൃന്തത്തിലഗ്നിസഖി വായു കളിച്ചിടുന്നു. 61

പങ്കേരുഹാക്ഷി! ഹിമവാലുകഗന്ധസാര-
പങ്കപ്രയോഗശിശിരീകൃതദേഹയഷ്ടേ!
പങ്കപ്രയോഗമതിനാൽ കമലേക്ഷണത്തിൻ-
പങ്കുള്ള ലോകർ നിജതാപമടക്കിടുന്നു. 62

ശ്രീമെച്ചമോടു കലരുന്ന മഹാജനങ്ങൾ
രാമച്ചമാംവിശറി നൽപ്പനിനീരിൽ മുക്കി-
പ്രേമത്തിൽ വീശുമബലാരുചികണ്ടുകൊണ്ടു
പൂമെത്തയിൽ കുതുകമോടു കിടന്നിടുന്നു. 63

ഘർമ്മാതിരേകവിവശീകൃതദേഹരായ
നന്മാന്യലോകർ നിജ ഹർമ്മ്യവരപ്രദേശേ
നിർമ്മായമായ മിനുസപ്പണിയോടു ശീമ-
ക്കുമ്മായമിട്ടൊരു നിലത്തു കിടന്നിടുന്നു. 64

ചേലൊത്തിടും കുളുർമതിക്കലചേർത്തു പാള-
യാലത്ര തീർത്ത ചില ചോററികൾകൊണ്ടിദാനീം
ചാലേ ദരിദ്രത പെടുന്നവർ ചൂടു പോക്കാൻ
മാലെന്നിയേ സതതമങ്ങിനെ വീശിടുന്നു 65

ചിന്നുംപ്രകാശമൊടു മിന്നിടുമഭ്രജാലം-
തന്നോടു ചേർന്ന ചെറുചോററികൾ, കയ്യിലേന്തി
കന്നിക്കുമുഷ്ണമിതുതീർപ്പതിനായ് ജനങ്ങൾ
നന്നായ്പരം സതതമങ്ങിനെ വീശിടുന്നു. 66

ആശാനുകൂലമശനസ്വപനാദി കർമ്മം
ക്ലേശം വിനാ ധനികരാശു കഴിച്ചുകൂട്ടാൻ
വീശം വിടാതെ വലുതാകിയ ചോററികൊണ്ടു
വീശിച്ചിടുന്നു പനിനീർ ചിതറുംപ്രകാരം. 67

ആതങ്കമേകിടുമൊരുഷ്ണമിതങ്ങു തീർപ്പാ-
നേതും കരത്തിലൊരുപായമണഞ്ഞിടായ്കിൽ
ചേതസ്സിൽ നീററമതിയായുഴലോടു പാര-
മൂതുന്നു ലോകർ ബത! തങ്ങടെ മെയ്യിലെല്ലാം. 68

അന്യൂനമുഷ്ണകരബാധപെടുന്നൊരിപ്പോൾ
ധന്യത്വമേറിയൊരു മാന്യമഹാജനങ്ങൾ
മിന്നും ഹിമാംശുവണിയൊത്തിടുമൈസ്സുകട്ടി-
തന്നാൽ കളിച്ചിഹ തണുപ്പു വരുത്തിടുന്നു. 69

തിങ്ങുന്ന തീക്ഷ്ണകരതാപഭരാലുണങ്ങി-
ട്ടെത്തും രജസ്സുകൾ ധരാവലയത്തിൽനിന്നു്
പൊങ്ങീടുമിപ്പൊഴുതു വൃഷ്ടി കൊതിച്ചു ലോകർ
മങ്ങാതെ കണ്ടു ദിവി വൃഷ്ടി പതിച്ചിടുന്നു. 70

നിത്യം പരം ശുചി ജനങ്ങൾ വണങ്ങിടുന്നാ-
ദിത്യൻ മഹാശിവരനിശ്ശുചിയായ കാലേ
അത്യന്തനീചത കവൎന്നവിടത്തിൽനിന്നു
സത്തായ ജീവനുമശേഷമെടുപ്പതില്ല. 71

ചൂടേറുമഗ്നി വെയിലായധികം ക്ഷയിപ്പി-
ച്ചീടുംവിധൌ വലിയ കുണ്ടു കലൎന്ന ദേശം
തേടുന്നു വാരി, ഹരലോചനവഹ്നിതന്നെ-
പ്പേടിച്ചു മാരനമരുന്നഗഭീരനാദേ! 72

ഭൂരിപ്രതാപമിഹ സൂൎയ്യനണച്ചിടുമ്പോൾ
ചേരുന്നു താണൊരവിടെജ്ജലരാശിപുത്രി
പാരാതുയൎന്നു വിലസുന്നൊരു ദേശമിപ്പോൾ
പാരം വരണ്ടധികശൂന്യത ചേൎന്നിടുന്നു. 73

നാടൊക്കെ വെന്തുരുകുമിപ്പൊഴുതാഴിമങ്ക
വാടാതെ നൽക്കുളൎമ്മകൂടിവരുന്ന കാററും
കേടററ ശീതജലവും കലരുന്ന പുഞ്ച-
പ്പാടത്തിൽ വന്നു കളിയാടി വിളങ്ങിടുന്നു. 74

പൊള്ളുന്ന വെയിലിലുലകാസകലം കരിഞ്ഞു
കള്ളം വിനാ കഠിനമിങ്ങു തപിച്ചിടുന്നു
തുള്ളുന്ന നൽക്കുളൎസമീരണനേററു താണി-
ട്ടുള്ളോരിടത്തുടനു് പുഞ്ചകൾ പുഷ്ടിയോടേ. 75

വമ്പിച്ച നീചതകലൎന്നവിടത്തിലുള്ള
സമ്പത്തശേഷമഴകോടു വിളഞ്ഞ ശേഷം
അമ്പോടു കൊയ്തിഹ ജനങ്ങളെടുത്തിടുന്നു
സമ്പൂൎണ്ണലക്ഷ്മിയെഴുമുന്നതസസ്യനാഢ്യേ! 76

ഉണ്ടായിവന്നു ഫലമങ്ങിനെ വേണ്ടുവോളം
കൊണ്ടൽകൃഷിക്കിവിടെയൊട്ടവസാനമായീ
കൊണ്ടൽക്കരിങ്കുഴലി! കണ്ടിടുകംബരത്തിൽ
കൊണ്ടൽകൃഷിക്കു തുടരുന്നു സുരാധിനാഥൻ. 77

കൽക്കണ്ടമോടു കിടയാകിയ മാമ്പഴങ്ങൾ
തിക്കിത്തിരക്കിയിടതിങ്ങിയ ചൂതജാലം
നില്ക്കുന്ന ദിക്കിഹ ജനങ്ങൾ വിടുന്നതില്ല
കല്ക്കണ്ടഭാഷിണി! വശീകൃതവിശ്വലോകേ! 78

ആവോളമുണ്ടു തണൽ കോകിലഗീതി കേൾക്കാം
കൈവന്നിടും ബഹുഫലം മധുരേഷ്ടഗന്ധം
ശ്രീ വിങ്ങിടും ശിഖാനത്തനഭംഗി കാണാം
മാവിൻ ചുവട്ടിൽ മരുവുന്നവനെത്ര സൌഖ്യം. 79

പൊയ്യല്ല നാകമതിലെത്തിയ ശൃംഗമായ
കയ്യുള്ള നല്ല സഹകാരമഹീരുഹങ്ങൾ
പീയൂഷമാം രസമെഴും ഫലസഞ്ചയത്തെ-
പ്പെയ്യുന്നു ഭൂരി, മരുദാഗമമോടുകൂടി. 80

ചൂതങ്ങൾ തങ്ങളുടെ കൊമ്പിലണഞ്ഞു വാത-
പോതങ്ങൾ പക്വഫലമാശു കൊഴിച്ചിടുന്നു
ജാതപ്രമോദമിഹ വീണ ഫലങ്ങൾ മൎത്ത്യ-
പോതവ്രജം പരിചിനോടു പെറുക്കിടുന്നു. 81

നൽസ്പൎശനാഹ്വയമെഴുന്നൊരു മാരുതന്റെ
സുസ്പൎശമേററു സഹകാരമഹീരുഹങ്ങൾ
അല്പേതരം ജവമൊടിങ്ങു വസിപ്പവൎക്ക്
കെല്പോടു പക്വഫലസഞ്ചയമേകിടുന്നു. 82

ലങ്കേശപൂവനമഴിച്ചവനൊത്തൊരച്ഛൻ
ഝങ്കാരമോടണകയാൽ സഹകാരജാലം
തങ്ങും രസം ചപലബാലകുലത്തിനേകാൻ
ശങ്കിച്ചിടാതെ ബഹു മാമ്പഴമേകിടുന്നു. 83

കേടററ മാമ്പഴമെടുത്തു ഭുജിച്ചു കൂട്ട-
രോടൊത്തുടൻ വെടിപറഞ്ഞു കളിച്ചിരിക്കാം
ചൂട്ടേൽക്കയില്ലറിക, നൽത്തണലുണ്ടു മാവിൻ-
ചോടെത്രെയും സുഭഗമിപ്പൊഴതോർത്തിടുമ്പോൾ. 84

ഷ്ടിക്കുന്നു പകഫലമിങ്ങു കൊടുത്തിടാതെ
നില്ക്കുന്ന മാവുകളിലൊക്കെയിതാ ജനങ്ങൾ
ഊക്കോടു കല്ലു, വടിയെന്നിവകൊണ്ടു വെച്ചു-
വീക്കുന്നു, സർവ്വജനനേത്രഫലപ്രദാംഗി! 85

എന്നും വെടിഞ്ഞിഹ സദാഗതി മാമ്പഴങ്ങൾ
മണ്ണിൽ കൊഴിപ്പതു രസത്തൊടു കണ്ടിടാനീം
തിണ്ണം ജനങ്ങൾ പവനന്റെ യശസ്സു നന്നാ-
യ്വർണ്ണിച്ചുകൊണ്ടു പല പാട്ടുകൾ പാടിടുന്നു. 86

നന്നായുരത്തലകളിട്ടു കുലുക്കി വായു
വന്നെത്തിടുന്നതധികാദരവോടു നോക്കി
നന്ദിച്ചു മാമ്പഴമതിൽ കൊതിയുള്ള ലോകം
മൊന്നിച്ചു വേഗമെഴനീറെറതിരേററിടുന്നു. 87

പോരാല്ല കല്ലൊടു പെറുക്കിടുവാനുമത്ര
ധാരാളമുണ്ടു ചില നാട്ടുപുറത്തു മാങ്ങ
ധാരാളമായ്ത്തനുവിൽനിന്നുയരുന്ന കാന്തി-
നീരാളനിത്യസുഭഗേ! സുഖസാരഭൂതേ! 88

ഭുക്തിക്കു നല്ലുചിതമാകിയ ഭക്തവൃന്ദം
ഭക്ത്യാ സദാപി രസമേറിയ മാമ്പഴത്തെ
വ്യക്തം ഭജിച്ചധികമങ്ങു തെളിഞ്ഞിടുന്നു
മുക്താഫലത്തിനഴകേററുമുരോജരമ്യേ! 89

ഏറുന്ന നന്മധുരമുള്ളൊരു മാമ്പഴത്തിൻ-
ചാറാദരത്തൊടു പിഴിഞ്ഞു പിഴിഞ്ഞൊഴിച്ച്
ചോറൊട്ടു ചേർത്തു മധുരക്കറിപോലെ നാടു-
തോറും ജനങ്ങൾ കുതുകേന കുടിച്ചിടുന്നു. 90

ചീനത്തു തീർത്ത സിതയും ഗുളവും വിളങ്ങും
തേനും മടങ്ങി മരുവും മധുരസ്വഭാവം
ഊനം വെടിഞ്ഞു കലരുന്നൊരു മാമ്പഴം തി-
ന്നാനന്ദനിദ്രയിലിതാ മുഴുകുന്നു ലോകം. 91

ചൊല്ക്കൊണ്ട തങ്കനിറവും, രുചി സർവ്വലോക-
ർക്കുൾക്കൊണ്ടിടുന്ന മണവും സുധയാർത്തിരാഗം
ഇക്കണ്ട സൽഗ്ഗുണഗണങ്ങളെഴും വരിക്ക-
ച്ചക്കപ്പഴം സുലഭമിക്ഷിതിതന്നിലിപ്പോൾ. 92

നൽക്കാമവഹ്നിബലദീപനസൽക്കരൂപ! കേൾ
ചക്കയ്ക്കു വഹ്നിയൊടു നിത്യവിരോധമൂലം
ചക്കപ്രയോഗമെവിടെപ്പരമസ്ഥലത്തി-
ലൊക്കെജ്ജഗത്തിലിഹ ശുണ്ഠിവരുന്നു ക്രൂരം. 93

ക്ലേശം വിനാ സുകൃതമാം കടൽതന്നിൽനിന്നി-
ട്ടാശു പ്രകാമഹിതമായ സുഖാമൃതത്തെ
ആശാനുകൂലമുളവാക്കുവതിന്നു വേണ്ടും
'വൈശാഖ'മിദ്ധരണിതന്നിലണഞ്ഞിടുന്നു. 94

ചൊല്ലൊത്തൊരക്ഷയതൃതീയ തുടങ്ങിയുള്ള
നൽപുണ്യമുഖ്യദിവസങ്ങളിലാദരേണ
വിപ്രാദികൾക്കതിവിശിഷ്ടതരാഷ്ടിയോടു
കെൽപ്പുള്ള ലോകർ വിഭവം പലതേകിടുന്നു. 95

മദ്ധ്വാജ്യപായസസിതാഗുളനാളികേര-
ദധ്യന്നദുഗ്ദ്ധമുഖശോഭനവസ്തുവാർച്ച
ബദ്ധാദരം ക്ഷിതിസുരർക്കതിതൃപ്തി ചേർത്തു
മുഗ്ദ്ധാഖിലാംഗി! തെളിയുന്നു ജനങ്ങളിപ്പോൾ. 96

കേററ ചന്ദ്രകിരണത്തിനു താപമുണ്ടാ-
ക്കീട്ടം സുഹാസശിശിരീകൃതസർവ്വലോകേ!
കൂട്ടേറുമിപ്പൊഴുതു വിപ്രവരക്കു ലോകർ
പാടേ ചെരിപ്പു കുടയെന്നിവ നൽകിടുന്നു. 97

കുന്തമററു വിവിധാന്നരസങ്ങൾ നന്നായ്-
ക്കണ്ടെത്തിലോളമതിതൃപ്തിവരുംപ്രകാരം
കൊണ്ടാടിയങ്ങിനെ ഭുജിച്ചധുനാ ദ്വിജൗഘം
കണ്ടും തെളിഞ്ഞു ബഹുമോഷമൊടാർത്തിടുന്നു. 98

ആശാനുകൂലഫലമൊക്കെ ലഭിപ്പതിന്നും
ക്ലേശം നശിപ്പതിനുമായ് ബഹുസജ്ജനങ്ങൾ
വൈശാഖകാലമിതിലർഗ്ഘ്യമിതാ ജഗത്തി-
ന്നീശക്കു നൽകി നിയമേന കുളിച്ചിടുന്നു. 99

സ്നാനത്തിൽ വാനവർവരക്കു ജനങ്ങളർഗ്ഘ്യ-
ദാനങ്ങൾചെയ്തു വലുതാകിയ ഭക്തിയോടേ
ജ്ഞാനം വളക്കുമമരസ്തുതിയായിവണ്ണ-
മൂനം വെടിഞ്ഞു പല മന്ത്രമുരച്ചിടുന്നു. 100

ദേവേശ രാമ മധുസൂദന കൃഷ്ണ വാസു-
ദേവേന്ദിരാരമണ! കേശവ ചക്രപാണേ!
ദേവേന്ദ്രസോദര! ഭവച്ചരണാരവിന്ദം
സേവിക്കുമെന്നുടയ ദുഃഖമൊഴിച്ചുകൊൾക. 101

അർക്കോദയത്തിലെഴുനീററു കുളിച്ചുടൻ നിൻ-
തൃക്കാലിണത്തളിർ നിനച്ചതിഭക്തിയോടേ
അർഗ്ഘ്യം തരുന്നിതടിയൻ കൃപയോടതങ്ങു
കൈക്കൊൾക കൃഷ്ണ! മധുസൂദന! ചക്രപാണേ! 102

പങ്കേരുഹാക്ഷദയിതേ! വരദാത്രി! താരിൽ-
മങ്കേ! ജഗജ്ജനനി! ഞാനിഹ നൽകുമർഗ്ഘ്യം
ശങ്കേതരം കരുണപൂണ്ടു പരിഗ്രഹിച്ചി-
ട്ടെൻ ക്ലേശമാശു കളകൊക്കെയുമംബികന്യേ! 103

ബ്ര്യപമാദിദേവകളുമൽകടമാം തപസ്സീ-
ലുന്മേഷമുള്ളോരു മഹർഷികളും മമാർഗ്ഘ്യം
ഷെമ്മേ മഹാകനിവിയന്നു പരിഗ്രഹിച്ചു
നന്മാനസത്തെളിവൊടിങ്ങു തുണച്ചിടേണം. 104
തുംഗാഘമാസകലമാശു മുടിച്ചിടുന്ന
ഗംഗാദിശോഭനനദീഹ്രദതീർത്ഥജാലം
പാങ്ങായി ഞാൻ വിനയമോടു തരുന്നോരർഗ്ഘ്യം
വാങ്ങിത്തെളിഞ്ഞഴകിലിങ്ങു വരം തരട്ടേ. 105
വമ്പിച്ച വിഷ്ണുവിധിശങ്കരരൂപനായി-
ട്ടമ്പോടുകൂടി വിലസും ഭഗവാൻ ദിനേശൻ
സമ്പത്തു നൽക മുഴവൻ, പരമീമമാർഗ്ഘ്യ-
മിമ്പം കലൻന്നടനെടുക്കുക ഞാൻ തൊഴുന്നേൻ. 106
പക്ഷപ്രഭേദമണയാതഘമുള്ളപേരെ
ശിക്ഷിച്ചിടും യമ! വിഭോ ഭഗവൻ! പ്രസീദ
അക്ഷീണകൌതുകമെടുക്കുക മാമകാർഗ്ഘ്യം
രക്ഷിച്ചുകൊൾക വിധിപോലെ നമോ നമസ്തേ. 107
ചിക്കെന്നു ലോകർ പലമന്ത്രമിവണ്ണമോരോ-
ന്നുൾക്കൊണ്ട ഭക്തിരസമോടുരചെയ്തു കൂപ്പി
അർഗ്ഘ്യം കൊടുത്തു നിയമേന കുളിച്ചിടുന്നു
വെക്കം പ്രഭാതസമയേ ശുഭകാമമോടേ. 108

ഇല്ലാതായി ജലം, ദിവാകരകരം
വല്ലാതെയായ് ചൂടഹോ!
ചൊല്ലാവല്ല,രുകുന്നു വെന്തിഹ കരി-
ങ്കല്ലായ കല്ലാകയും
നല്ലാരാമ്രഫലക്കുഴമ്പുകളിയൊ-
ട്ടല്ലോക്കി,ലിങ്ങേവമാ-
ണല്ലാ സമ്പ്രതി 'മേടമാസ'മിളകും-
കല്ലോലചല്ലീലതേ! 109

[മേടമാസം കഴിഞ്ഞു.]

# ഇടവമാസം

ഇല്ലാതെയായി ബത ജീവനമെന്നതൊട്ടും
വല്ലാതെ വാച്ചൊരു തപസ്ഥിതികൊണ്ടിദാനീം
കല്യാണഗാത്രി! പരമീശ്ശുചിയായ കാലേ
ചൊല്ലാന്നിടന്നൊരു വൃഷം സരസം വരുന്നു. 1

ഒന്നിച്ചു ലോകരിഹ ചൂടൊട്ടു വേനലെന്നു
നിന്ദിച്ച കാലമുടനൊട്ടു കഴിഞ്ഞുപോയി
മന്ദിച്ചിടാതെ മഴയിങ്ങുളവാംപ്രകാരം
വന്നീന്നു മാസമൃഷഭം വിലസുന്നു കാണ്ക. 2

പെട്ടെന്നു വെള്ളമൊരു തുള്ളിയുമില്ല വേന-
ലൊട്ടല്ല സസ്യനിവഹങ്ങളുണങ്ങിയെല്ലാം
പട്ടററ വെള്ളമിതിനുള്ളൊരു മുട്ടു തീരും-
മ്മട്ടിങ്ങു നന്മ കലരും വൃഷഭം വരുന്നു. 3

ശൃംഗാരയോനിയുടെ കാഴ്ചകളാശു തീർത്തു
ഭംഗ്യാ വിളങ്ങുമഴകുള്ളളിവേണിയാളേ!
എങ്ങും ജഗത്തുടനുണങ്ങിയതങ്ങു തീർപ്പാൻ
മങ്ങാതെയുള്ളൊരു വൃഷാഗതി കണ്ടുകൊൾക. 4

പണ്ടിങ്ങു വന്നൊരുജലാധികസംഗദോഷം-
കൊണ്ടുള്ള പങ്കവുമുടൻ പൊടിയാംപ്രകാരം
ഉണ്ടായി ലോകമിതിലുൽക്കടമായ താപം
കണ്ടാലുമിപ്പൊഴുതുതന്നെ വൃഷം വരുന്നു. 5

ഇല്ലാതെയായി ജലമെന്നതുതന്നെയല്ല
പുല്ലായ പുല്ല മുഴവൻ കടയോടണങ്ങി
നെല്ലായതിൻെറ കഥയെന്തുടനീജ്ജഗത്തി-
ലെല്ലാടവും വൃഷഭമിപ്പൊളണഞ്ഞിടുന്നു. 6

പാരം ശിശുത്വമകലെക്ക വെടിഞ്ഞു നല്ല
താരുണ്യമെപ്പൊഴമെടുത്തമരും ശുഭാംഗി!
പാരാതെ മേഷമഴകേറിയ ഭാനു വിട്ടു
ചേരുംവിധം വൃഷഭമിപ്പൊളെടുത്തിടുന്നു. 7

താപം വളൎത്തിഹ ജഗത്തിലശേഷമേററ-
മാപത്തു കാലഗതിശക്തിവശാൽ വരുത്തി
പാപക്ഷയം സപദി ചെയ്തിടുമക്കനിപ്പോൾ
താപം വിടാതെ വൃഷസേവ തുടങ്ങിടുന്നു. 8

വാഴ്ത്തുന്ന ശുദ്ധിയെ വരുത്തിയെഴും സഹസ്രം
ഗോക്കൾക്ക നാഥനഴകേറിയ പത്മിനീശൻ
ചിക്കെന്നു കാണ്കയി! വൃഷത്തൊടു ചേൎന്നുകൊണ്ടു
നിൽക്കുന്നു പാൽമൊഴി! കളിക്കിളിവാണിയാളേ! 9

വെയിലിൻെറ ശക്തി വലുതായ്വിലസുന്ന വേനൽ-
ക്കാലം കഴിഞ്ഞു മഴ പാരമടുത്തു പാരിൽ
ചാലേ ജഗത്തിൽ മുഴവൻ കൃഷിചെയ്തിടേണ്ടും
കാലം വരുന്നു വൃഷരാശിയണഞ്ഞിടുന്നു. 10

മിന്നുന്ന മിന്നലിനു ഖിന്നത ചേൎത്തിടും തൻ
ധന്യപ്രഭാചയജടാപടലത്തിനാലേ
അന്യൂനമായ് ജലമെടുത്തു ദിനേശനീശൻ-
തന്നാഭ പൂണ്ടിത വൃഷത്തിൽ വിളങ്ങിടുന്നു. 11

കോട്ടം വെടിഞ്ഞഴകെഴും പല മാതിരിക്ക-
ളാട്ടങ്ങളൊക്കെ വിരമിച്ചു ധരാതലത്തിൽ
വാട്ടം വിനാ ചപലയാം നടിതൻെറ നൽക്കള-
ത്താട്ടം തുടങ്ങി ബഹുഭംഗിയിലംബരത്തിൽ. 12

ചട്ടററ ചെണ്ട, തകിൽ, മദ്ദളമെന്നിതെല്ലാം
കൊട്ടുന്ന ഘോഷമിവടങ്ങളിലസ്തമിച്ചു
പെട്ടെന്നു നല്ലിടികളാം പടഹാരവങ്ങ-
ളൊട്ടുല്ലസിച്ചു വിലസുന്നു നഭസ്ഥലത്തിൽ. 13

കമ്പം, പടക്കമിവയോടിടചേൎന്നുകൊണ്ടു
വമ്പിച്ചിട്ടും വെടികളില്ലിവിടത്തിലിപ്പോൾ
കമ്പം വരുത്തുമിടിയാം വെടിതൻെറ നാദ-
മിമ്പം കലൎന്നു ഗഗനത്തിൽ മുഴങ്ങിടുന്നു. 14

കായം തടിച്ച കരിപങ്ക്തിമഹോത്സവത്തി-
ന്നായിട്ടു മന്നിലിഹ വന്നു നിരപ്പതില്ല
മായം വിനാ നവപയോധരദന്തിപങ്ക്തി
ഞായത്തിലംബരതലത്തിൽ നിരന്നിടുന്നു. 15

കേടെന്നിയേ കനകരേഖകൾ പൂണ്ടു നന്നാ-
യാടുന്നതില്ലിഹ പതാകകളുത്സവത്തിൽ
പാടേ തടിന്മയപതാകകളംബരത്തി-
ലാടുന്നു ഹാടകസമപ്രഭയോടുകൂടി. 16

വിദ്യോതമാനബഹുദീപഗണം കൊളുത്തി-
ലിട്ടിക്കിലിപ്പൊഴുതിലില്ല മഹങ്ങൾതന്നിൽ
ഉദ്യൽപ്രഭാപടലമോടു നഭസ്ഥലത്തിൽ
വിദ്യുൽപ്രദീപനിവഹങ്ങൾ കൊളുത്തിടുന്നു. 17

പ്രക്ഷീണമായിഹ മഹങ്ങളിലുള്ള സദ്യ-
യിക്ഷോണിയിൽ, ബഹുപയോദഗണങ്ങൾ വിണ്ണിൽ
നക്ഷത്രനാഥരവിമണ്ഡലവൃത്തമൊത്തു
നക്ഷത്രസംഘമയമന്നമശിച്ചിടുന്നു. 18

പാരിൽ പെരുത്തൊരു മഹങ്ങളിലങ്കുരങ്ങൾ
പാരാതകണ്ടരയിലിപ്പൊളിടുന്നതില്ല
താരാങ്കുരങ്ങൾ ഘനമാമരതന്നകത്തു
ചേരുന്നമാതിരിയിടുന്നു നഭസ്ഥലത്തിൽ. 19

ചൊവ്വോട്ട ഭൂതനിവഹം തെളിയും പ്രകാരം
തുവ്വുന്നതില്ലിവിടെ നല്ല മഹങ്ങൾതന്നിൽ
തുവ്വിത്തുടങ്ങി മഴ വിണ്ണിലനേകലക്ഷം
ദിവ്യാബ്ദഭൂതനിവഹം തെളിയുംപ്രകാരം. 20

പെണ്ണുങ്ങളോടിടകലന്നു ഗേഹങ്ങൾതന്നിൽ
തിണ്ണം തിരക്കൊട്ട ജനങ്ങൾ വരുന്നതില്ല-
എണ്ണം വെടിഞ്ഞിഹ തിരക്കി വരുന്നു മന്നിൽ-
പ്പെണ്ണുങ്ങളോടിടകലന്നു ഘനങ്ങൾ വിണ്ണിൽ. 21

ഉല്ലാസമേറിയ മഹോച്ചിതതോരണങ്ങ-
ളെല്ലാമഴിച്ചു ധരണീവലയത്തിലിപ്പോൾ
ചൊല്ലാന്ന ദേവപതികാർമ്മുകതോരണശ്രീ
നല്ലാഭയോടിത നഭസ്സിൽ വിളങ്ങിടുന്നു. 22

ആറാകെ വററി ധരണീവലയത്തിലിപ്പോ-
ളാറാട്ടഘോഷമഴകോടഖിലം കഴിഞ്ഞു
കാറാദരേണ മുകളിൽ തുടരുന്നു ഭൂമി-
ക്കാറാട്ടു ചെയ്യുതിനു വേണ്ടൊരു ഘോഷമെല്ലാം. 23

മെല്ലെന്നു ഭൂരിരസവർഷമഹോത്സവശ്രീ-
യില്ലാതെയായി മഴവൻ ധരണീതലത്തിൽ
ചൊല്ലാന്ന സർവരസവർഷമഹോത്സവശ്രീ-
യുല്ലാസമോട്ട ദിവി കാങ്കെ തുടങ്ങിടുന്നു. 24

ചണ്ഡതപമേറിയ ദിനേശഭവപ്രതാപം
ഖണ്ഡിക്കുവാനധികമാശുഗശക്തിയോടേ
തിണ്ണം ഘനവ്രജമിതാ ഘനവാഹനിന്ദ്രൻ
കണ്ണാരിബന്ധുസമകേശി! വിടുന്ന കാങ്കം. 25

നന്നായ്കൃശാനുസമമായ രവിപ്രതാപം
വെന്നീടുവാൻ കരുതലോടതിനായൊരുങ്ങി
വന്നെത്തുമബ്ദഗണമഗ്നിസഖൻ സമീര-
നൊന്നായ്ജവേന ചിലനാളിലകററിടുന്നു. 26

കാറെന്ന തന്നുടയ വൈരി വരുന്നനേര-
മേറ്റം പ്രതാപമൊടു വെയിലു വിളങ്ങിടുന്നു
ആറാതെ ചൂടൊടതുനാളിലെരിഞ്ഞു ചുട്ടു-
നീറുന്നു സർവ്വജനദേഹവുമററമന്യേ. 27

ചണ്ഡാംശുതീക്ഷ്ണകിരണങ്ങളെ നിഗ്രഹിപ്പാൻ
ചണ്ഡാരവത്തൊടു വരുന്നു പയോദസംഘം
കണ്ണാലെ കാണുകിതു കാലമതീവപാണ്ഡു-
വർണ്ണം ദിവാകരകരത്തിലണഞ്ഞിടുന്നു. 28

മേല്പെട്ടു ജീവനമെടുത്തിടുമാതപത്തെ-
ക്കീഴ്പെട്ടു ജീവനമൊഴിച്ചിടുമംബുദങ്ങൾ
ആർപ്പിട്ടുവെന്നു വിലസുന്നു സമാശ്വസിച്ചു
വീർപ്പിട്ടുകൊണ്ടു മരുവുന്നു ജനങ്ങളെല്ലാം. 29

മന്നിൽപ്പെട്ടും സലിലമാസകലം കുടിച്ചു
മിന്നുന്നവാരിരുഹബന്ധുമഹാതപത്തെ
ഒന്നാസ്ക്കടിപ്പതിനു സമ്പ്രതി മിന്നൽ നാവു
നന്നായിതാ ജലധരാവലി നീട്ടിടുന്നു. 30

കോട്ടം വിനാ വെയിൽ കുടിച്ചതു മിന്നലെന്ന
നാട്യം കലർന്നിഹ പുറത്തു വരുംപ്രകാരം
തേട്ടുന്നു തേറിയ പയോധരസഞ്ചയങ്ങൾ
കേട്ടാലുമിപ്പോളിടിവെട്ടുകയല്ലിതോർത്താൽ. 31

വൈരം, ജനിച്ചമുതലുള്ളമരീചിയോടു
പാരം കലർന്നൊരുതമസ്സൊടു വർണ്ണസാമ്യം
ചേരുന്ന നൂതനഘനങ്ങൾ ദിനേശബിംബം
ഘോരാരവത്തൊടു പിടിച്ചു വിഴുങ്ങിടുന്നു. 32

പങ്കേരുഹങ്ങളിലതിപ്രിയഭാവമുള്ള-
ത്തിങ്കൽകലർന്നു വിലസുന്ന ദിനാധിനാഥൻ
ശങ്കാവിഹീനമിഹ നൂതനവാരിവാഹ-
പങ്കത്തിനുള്ളിലിത സമ്പ്രതി മുങ്ങിടുന്നു. 33

കുന്നിച്ച താപഭരമേകുകകൊണ്ടു ലോകർ
നിന്ദിക്കുമുഷ്ണഗമദാരുകനെ ജ്ജവത്തിൽ
വെന്നീടുവാനലറിയങ്ങിനെ മിന്നൽ വാളു
നന്നായിളക്കിയിത കാളിക വന്നിടുന്നു. 34

സൂരാംശുതാപമിഷമോടതിതാപമുള്ള
ഘോരാഗ്നികൊണ്ടു ഭുവനങ്ങൾ ദഹിക്കുമിപ്പോൾ
പാരം വനാനലഹരൻ ഗുരുവാതസംഗം
ചേരുന്ന കൃഷ്ണജലദം സരസം വരുന്നു. 35

മാന്യതപമേറിയ സമസ്തസുരേശ്വരൻെറ
സൈന്യങ്ങളാകിയ ഘനങ്ങളണിഞ്ഞിദാനീം
മന്നിൽ തടിച്ചൊരു തപസ്ഥിതിയസ്തമിപ്പ-
തിന്നായ് പ്രഭൂതജലസംഗതി ചേർത്തിടുന്നു. 36

പാരാകവേ പെരുകിടുന്നൊരു ദാഹമൂലം
പാരാതെകണ്ടു തളരുന്ന ദശാന്തരാളേ
പാരം പയോധരസമൃദ്ധികലൻകൊണ്ടു
ചേരുന്ന തുഷ്ടികരിയാകിയ വൃഷ്ടിലക്ഷ്മി. 37

മാലൊത്തു വെള്ളവുമഹോ! കിടയാതെ വേനൽ-
ക്കാലത്തു ലോകർ വലയുന്നതു തീർപ്പതിന്നായ്
ചേലൊത്ത മേഘഹരി, വക്ഷസി മിന്നലാകും
ശ്രീലക്ഷ്മിയിപ്പോൾ വിളയാടി വിളങ്ങിടുന്നു. 38

നാരായണൻ ജലദരൂപമെടുത്തു മിന്നൽ-
വാരാശിപുത്രിയൊടുകൂടി രസിച്ചിദാനീം
പാരിൽസ്സമസ്തഹൃദയങ്ങൾ തണുക്കുമാറു
കാരുണ്യവാരിധരമാരി ചൊരിഞ്ഞിടുന്നു. 39

അംഭോദമാം ഹരിയൊടൊത്തിഹ മിന്നലാകു-
മംഭോധിനന്ദിനി കളിപ്പതു കണ്ടിദാനീം
അംഭോധി പാരമിളകും രസമോടുകൂടി-
ഗ്ഗംഭീരനാദമൊടു സാമ്പ്രതമാർത്തിടുന്നു. 40

അംഭോജനേത്രനുടെ രൂപവിശേഷമുള്ളോ-
രംഭോധരത്തിലിളകുന്നൊരു മിന്നലായി
അംഭോധിപുത്രി വിലസുന്നു ജനങ്ങളങ്ങു
ജൃംഭിക്കുമാദരവൊടക്ഷി പതിച്ചിടുന്നു. 41

അംഭോജവാസിനി, നിജാശ്രയണേന സമ്പ-
ത്തമ്പോടു ചേൎപ്പതിനു വമ്പു കലൎന്ന ലക്ഷ്മി-
അംഭസ്സു മിന്നിലതിദുർലഭമായൊരിപ്പോ-
ളംഭോധരത്തിൽ വിലസുന്നിതു മിന്നലായി. 42

ഇച്ചൊല്ലൊണ്ട ലക്ഷ്മി ഹരിവല്ലഭ ചഞ്ചലാഖ്യ
കൈക്കൊണ്ടു വാരിദഗണങ്ങളിൽ വന്നിടുന്നു
ചിക്കെന്നു വാരിഹരണക്രിയ ചെയ്തിടുന്നൊ-
രക്കൻ മടക്കമൊടു പാരമൊളിച്ചിടുന്നു. 43

ക്ഷോണീതലത്തിൽ മുഴുവൻ വിധിദോഷമൂലം
ക്ഷീണിച്ച സൌമ്യഗുണമേററമുടൻ വളൎത്താൻ
ഏണാങ്കസോദരി ഹരിപ്രിയ ഘോഷമോടു
ചേണാൎന്ന വാരിദഗണങ്ങളിൽ മിന്നിടുന്നു. 44

ഘോരാൎത്തി ചേൎത്തധികമാശു മലാവസാനം
പാരിൽ പരക്കെയുളവായതു തീൎക്കുവാനായ്
ചേരുന്നു സൎവ്വവിബുധാധിപവാഹനത്തിൽ
പാരാതെ കണ്ടു കമലാതിസമൃദ്ധിയിപ്പോൾ. 45

കല്യാണവൃദ്ധികരമാകിയ സസ്യജാല-
മെല്ലാടവും ത്വരിതമിങ്ങുളവാം പ്രകാരം
ഉല്ലാസമോടു നവജീവനദവ്രജത്തിൽ
കല്യാണദേവത തെളിഞ്ഞിത മിന്നിടുന്നു. 46

അംഭോരുഹാക്ഷനുടെ മാറിലുമാദരത്തോ-
ടംഭോരുഹത്തിലുമിരുന്നരുളുന്ന ലക്ഷ്മി
അംഭോധിപുത്രി ഭുവനൈകസവിത്രി നന്നാ-
യംഭോധരത്തിലഴകോടിത മിന്നിടുന്നു. 47

ഒന്നിച്ചു മുന്നമുളവാസ്സിലസ്സം ശചീജേന്ദ്രൻ-
തന്നെ ത്യജിച്ചു തരുണീമണി ലക്ഷ്മിയിപ്പോൾ
മിന്നുന്നു കൃഷ്ണരുചിജീവനദവ്രജത്തിൽ
മന്നിൽഗ്ഗുണങ്ങൾ തെളിവോടുളവാംപ്രകാരം 48

അക്ഷീണമംബരതലേ വിലസുന്നു വിദ്യു-
ല്ലക്ഷ്മീവിലാസമൊടു നൂതനവാരിദങ്ങൾ
പ്രക്ഷീണമായിതു ഖരോഷ്ണകരപ്രതാപം
നക്ഷത്രപാദികൾ പതങ്ങി മയങ്ങിടുന്നു 49

മന്നിങ്കൽനിന്നഴകിൽ വാരിയെടുക്കമക്കി-
ന്നന്യൂനമായ്ഗ്ഗുണവിനാശമണഞ്ഞിടുന്നു
നന്നായ്ഗ്ഗുണപ്രണയശാലിനിയായ ലക്ഷ്മി
മിന്നുന്നു ശോഭയൊടു വാരിദസഞ്ചയത്തിൽ. 50

മങ്ങിക്കറഞ്ഞ മടൽ തേങ്ങയിവററയൊത്ത
തെങ്ങിൻെറ പാണ്ഡുനിറമായ കുരക്കു വിട്ടു്
മങ്ങാതെ കൃഷ്ണനുടെ വല്ലഭ കൃഷ്ണകാന്ത്യാ
പൊങ്ങുന്ന നൂതനഫലനങ്ങളിൽ മിന്നിടുന്നു. 51

അംഭസ്സുതൻെറ ലവലേശവുമററുണക്കം
ജ്ജൃംഭിച്ച ഭൂധരവനങ്ങൾ വെടിഞ്ഞിദാനീം
അംഭോധരങ്ങളിലതിപ്രഭയോടു കൂടി-
ട്ടംഭോനിധിപ്രിയതരാത്മജ മിന്നിടുന്നു. 52

ചൊല്ക്കൊണ്ട പങ്കജസുഹൃൽക്ഖരപാദമേററു
ശുഷ്കിച്ച ലോകമകലെയ്ക്കു വെടിഞ്ഞിദാനീം
ചിക്കെന്നു തത്സംകൃതിലഭ്യമുകുന്ദപത്നി
നില്ക്കുന്നു വിഷ്ണുപദസേവയെഴുംഫലനത്തിൽ. 53

അംഭോജബന്ധു, വിഹിതൻ കരസഞ്ചയത്താ-
ലംഭസ്സുശേഷവുമെടുത്തതുകൊണ്ടു ലോകം
ജൃംഭിച്ച താപമണയുന്നതു കണ്ടതേററ-
മമ്പോടു നൽകുവതിനായി മുതിൎന്നിടുന്നു. 54

സന്താപശാന്തിവരുവാൻ ദിവി മേഘവാത-
യന്ത്രപ്രയോഗമഴകോടു തുടങ്ങിടുന്നു
ഛന്നം കലൎന്നു പലമാതിരിയുള്ള താല-
വൃന്താദിയെസ്സകലരും ഭുവി കൈവിടുന്നു. 55

ക്ഷീണം വിനാ കൊടിയ കാററുകൾ വീശുമാറു
ചേണാൎന്നു നീലഘനശാടികളാടിടുന്നു
കാണാതെയായുടനഹോ! ഭുവനൈകദീപ-
മാണെന്നു ചൊല്ലുമൊരു ഭാസ്കരമണ്ഡലത്തെ. 56

രണ്ടായി മാസമെരിയുന്ന ധരിത്രി വെല്ല-
കൊണ്ടാകെയിപ്പൊഴു ഭൂമീരുഹങ്ങളെല്ലാം
കണ്ടാലുമിശ്ശിശിരനൂതനമേഘവാതം
കൊണ്ടാടിടുന്നു ഹൃദി കൂടിന കൌതുകത്താൽ. 57

ആടുന്നു നീലനിറമാം ഘനവസ്ത്രജാലം
കൂടുന്നു ഭൂരിതരശക്തികലൎന്നു വാതം
കേടററ താരഗണമാകിയ തൂലസംഘം
പാടേ നഭസ്സിലിഹ കിഞ്ചന കാണ്മതില്ല. 58

വല്ലാത്തൊരിപ്പവനവേഗബലേന ബാല-
ക്കുല്ലാസമേററമുളവായിവരും പ്രകാരം
നല്ലൊരു മാവുകളിൽ മാങ്ങകൾ മേളിലുള്ള-
തെല്ലാമുടൻ പിടുപിടെക്കൊഴിയുന്നു മണ്ണിൽ. 59

ഉന്മേഷമോടനിശമോടിടുമുണ്ണികൾക്കു
സമ്മോദമേററമുളവായിവരും പ്രകാരം
ചെമ്മേ സദാഗതിയതായിടുമാശുഗൻ നൽ-
ത്തേന്മാമ്പഴങ്ങളുടനീങ്ങു കൊഴിച്ചിടുന്നു. 60

വല്ലാത്തൊരിപ്പവനനാൽ ക്ഷിതിജവ്രജങ്ങൾ
നില്ലാതുലഞ്ഞിത മറിഞ്ഞു പതിച്ചിടുന്നു
ചൊല്ലാൎന്ന കാലഗതികൊണ്ടു തപിച്ച ഭൂമി-
യെല്ലാം ജവേന പൊടിയായിത ചിന്നിടുന്നു. 61

ലക്ഷ്മീവിലാസമൊടു മിന്നലെഴും മഴക്കാർ
പക്ഷീന്ദ്രവാഹതനുപോലെ വിളങ്ങിടുന്നു
അക്ഷീണമുത്തുമണിമാലകൾപോലെ വെള്ളി-
പക്ഷിവ്രജങ്ങളുഴകൊട്ടു തെളിഞ്ഞിടുന്നു. 62

അത്യന്തതാപമൊഴിയുംപടി വൃഷ്ടിചെയ്‌വാൻ
പുത്തൻപയോദനിവഹങ്ങളുയർന്നിടുന്നു
നിത്യം സമസ്തനയനാമൃതവൃഷ്ടിചെയ്യും
നിസ്തുല്യമായൊരണിവാർകുഴലുള്ള കാന്തേ! 63

തിയ്യെന്നപോലെ വിലസുന്നൊരു വൈലുകൊണ്ടു
മെയ്യൊക്കെ നീറി മരുവുന്നു ജനങ്ങളെല്ലാം
പീയൂഷനാമമെഴുമംബുവിതംബുദങ്ങൾ
പെയ്യുന്നൊരമ്പലിഹ കേട്ടു രസിച്ചിടുന്നു. 64

മാലേററമേകുമതിതീക്ഷ്ണത പൂണ്ട വേനൽ-
ക്കാലാസുരപ്രവരനെസ്സഹസാ വധിപ്പാൻ
നീലാംബുദാച്യുതനിതാ മഴ പെയ്തിടുന്ന-
പോലേ ജവേന ശരവൃഷ്ടികൾ ചെയ്തിടുന്നു. 65

നീലാംബുവാഹനിവഹങ്ങളുടെ വൻതിരക്കി-
നാലേ പതിക്കുമൊരു താരഗണങ്ങൾപോലേ
ചേലൊത്തൊരിപ്പുതിയ വർഷമൊടൊത്തു വീഴ-
മാലിപ്പഴങ്ങളുഴകൊട്ടു വിളങ്ങിടുന്നു 66

ചുട്ടാവതിപ്പധികമൂഴിയിലിപ്പൊഴുള്ള-
തൊട്ടാശു തീക്കുവതിനാശ്ശരകച്ചുലത്താൽ
ചട്ടററ നൽകുളുർമകൂടിടുമെന്നുകട്ടി
പൊട്ടിച്ചു കാറുകളിടുന്നിതു മേല്ക്കുമേലേ. 67

എങ്ങും ജലം ചൊരിയുവാൻ തുടരും ഘനങ്ങൾ
മങ്ങാതെ നല്ല കരകങ്ങളെ നൽകിടുന്നു
ശൃംഗാരസാരരസപൂരിതപാത്രമായി-
ബ്ഭംഗ്യാ വിളങ്ങുമതുലാംഗമെഴുന്ന കാന്തേ! 68

ഏറ്റക്കറുപ്പു കലരുന്നൊരു കായമുള്ള
കാറാശു ശുഭ്രമകരങ്ങളെ വിട്ടിടുന്ന
കാറോടിടുന്ന മുടിതൻചിരിപോലെ ശൌക്ല്യ-
മേറുന്ന മുല്ലമലർ ചൂടി വിളങ്ങുമാര്യേ! 69

പാരാതെ ജീവനദശുഭ്രയശസ്സമൂഹം
ചേരുന്ന പാരിൽ മുഴുവൻ കരകച്ഛലത്താൽ
നേരായ് ജഗത്തിലിഹ കീർത്തി നിറച്ച നാരി-
മാരാകവേ കഴൽതൊഴുന്നൊരു ജീവനാഥേ! 70

നാലഞ്ചു നാഴികകളിൽ കുറയാതെ മേഘ-
ജാലം ചൊരിഞ്ഞ മഴകൊണ്ടൊരുവക്കമിപ്പോൾ
ചേലൊത്ത തൃപ്തിയിഹ, തൃപ്തി വരാത്തൊരോമൽ-
പ്പാലൊത്തിടുന്ന വരവാണി! വരുന്നതില്ല. 71

ജൃംഭിച്ചിടുന്നു ഭുവി ചൂടതിയായി വർഷാ-
രംഭത്തിനാൽ പലരുമിങ്ങിനെ ചൊല്ലിടുന്നു
അംഭോജബാണപരിജൃംഭകകാമലീലാ-
രംഭക്രീഡയേ! കചലസത്സിതപുഷ്പമാലേ! 72

ചേണാർന്നിടും ബുധജനങ്ങളശേഷലോക-
പ്രാണങ്ങളെന്നു പറയും ശിശിരാംബുപൂരം
കാണുന്നതില്ലധികചൂടു കലർന്നിടുന്നി-
ക്ഷോണീതലത്തിലയി! സൽഗുണധൂതദോഷേ! 73

പൊള്ളുന്ന താപമൊഴിവാൻ വൃഷമെന്നഹോ! ചൊ-
ല്ക്കൊള്ളുന്ന കാലമിതു ജീവനവൃഷ്ടിചെയ്വാൻ
കള്ളം വെടിഞ്ഞു തുടരുന്നിതു, നിർത്തിടുന്നു
വെള്ളം കൊടുക്കലധുനാ വഴിയമ്പലത്തിൽ. 74

അംഭോധരാഖ്യ കലരും വലുതായ തോലി-
ലംഭസ്സെടുത്തു ഭുവനങ്ങൾ നനച്ചുകൊണ്ട്
വമ്പേറുമീ വൃഷമണഞ്ഞതിനാൽ ജനങ്ങ-
ളമ്പോടു സസ്യനിരതൻ നന നിർത്തിടുന്നു. 75

ചട്ടററിടുന്നിടികളാം പടഹസ്വനം ചേ-
ന്നൊട്ടെന്നിയേ ദിവി തടിന്നടിയാടിടുന്നു
കോട്ടം വിനാ വിവിധവാദ്യസുഘോഷമോടൊ-
ത്താട്ടങ്ങളാസകലവും ഭുവി നിൎത്തിടുന്നു. 76

താരങ്ങളെന്നു പറയും വിവിധാങ്കുരങ്ങൾ
താരാപഥത്തിലിഹ സമ്പ്രതി കാണ്മതില്ല
പാരിൽ പരം പലതരം രുചിരാങ്കുരങ്ങൾ
ചേരുന്നു കാമതരുകന്ദളമന്ദഹാസേ! 77

ആളുന്ന തീയ്യിനെതിരാകിയ വെയ്‌ലുകൊണ്ടു
താളെന്ന മട്ടഖിലരും തളരുന്നൊരിപ്പോൾ
കോളല്ലിതെന്നഥ പഠിപ്പുകൾ നിൎത്തിവെച്ചാ-
സ്കൂളിൽ പഠിപ്പു മഴയൊത്തു തുടങ്ങിടുന്നു. 78

വേനൽക്കു പൂട്ടിയൊരു കോടതിയിപ്പൊഴൊട്ടു-
മൂനംവരാതഴകിനോടു തുറന്നിടുന്നു.
മാനപ്പെട്ടും ജഡ്ജിജ്ജിമാരതിൽ വന്നിടുന്നു
മാനത്തു മേഘനിവഹങ്ങളണഞ്ഞിടുന്നു. 79

ഇക്കാലമിങ്ങു സകലാൎത്ഥസമൃദ്ധി ചേൎക്കാൻ
ചിക്കെന്നു നല്ല ജലവൎഷണമെന്നപോലെ
വക്കീൽജനങ്ങൾ പലകാൎയ്യമഹാപ്രസംഗാ
തക്കത്തിൽ നന്മകലരുംപടി ചെയ്തിടുന്നു. 80

മന്ത്രിപ്രവീരർ ഘനഭാവമൊടൊത്തുകൊണ്ടു
ചന്തത്തിൽ മാനമൊടു ചേൎന്നു വിളങ്ങിടുന്നു
സന്താപമിയ്യുലകിലൊക്കെ നശിച്ചിടുന്നു
ചെന്താർശരക്ഷിതിപവൃദ്ധിദമന്ത്രവിദ്യേ! 81

ഏററം തപിച്ച ധരണീവലയത്തിൽ വൎഷ-
മേറെറാരുനേരമുടനായവിടത്തിൽനിന്നു
മാററിത്തമെന്നതിനിരിപ്പിടമാകുമിശ്ശാൻ-
പാററവ്രജങ്ങളൊരുപാടു പുറപ്പെടുന്നു. 82

ഭംഗം വെടിഞ്ഞു പുതുതാം ജലവൃഷ്ടിമൂല-
മെങ്ങും ജനിച്ച ശലഭാവലി വഹ്നിതന്നെ
മങ്ങാതെ തിന്നുവതിനായിത ചെന്നിടുന്നു
ശൃംഗാരയോനിരിപുനാശകരോജ്ജ്വലാംഗി! 83

പാരം ബലാധികനൊടല്പജനങ്ങൾ നേക്കും-
നേരം മഹാ കവികളങ്ങുപമാനമായി
ചേരുംപ്രകാരമുരചെയ്തിട്ടമാറു തിയ്യിൻ-
നേരേ പതംഗനികരങ്ങളണഞ്ഞിടുന്നു. 84

അക്ഷീണശോഭകലരുന്ന പതംഗനേകൻ
നക്ഷത്രമാർഗ്ഗമതിൽനിന്നു മറഞ്ഞുപോയി
ഇക്ഷോണിഭാഗമതിൽനിന്നു പതംഗസംഘം
ലക്ഷം ജവത്തിലൊരുമിച്ചു പുറപ്പെടുന്നു. 85

വിദ്യോതമാനബഹുദീപഗണങ്ങളദ്യ
സദ്യഃപതംഗപതനേന നശിച്ചിടുന്നു
വിദ്വൽപ്രബോധഗുരുദീപമുടൻ കെടുത്തും
ഹൃദ്യങ്ങളാകിയ ഗുണങ്ങളിനെങ്ങുമാര്യേ! 86

വമ്പിച്ച ദുർബ്ബലത ചാപലമെന്നിതൊത്തു
ചെമ്പിച്ച പക്ഷമണഞ്ഞും ശലഭവ്രജത്തെ
ചെമ്പോത്തു, കാക്ക, കഴവേറ, പരുന്തിതെല്ലാം
സമ്പൂർണ്ണമായ്സ്സപതി തിന്നു മദിച്ചിടുന്നു. 87

തിണ്ണം രജസ്വലയതായ്ത്തുരുവീട്ടുമൂഴീം
പ്പെണ്ണാശു വൃഷ്ടിവിപുലാംബുവാൽ മുങ്ങിടുന്നു
കണ്ണോത്സവം കലരുമാറതി ഭംഗിപൂണ്ടു
മണ്ണോദരിത്തവള വാക്കിലയിട്ടിടുന്നു. 88

ചണ്ഡക്ഷപാചരവരസ്മരണത്തെ നല്ലം-
വണ്ണം തരുന്നൊരു തടിച്ച നവാംബുവാഹം
തിണ്ണം നഭസ്സിൽ വരുമിപ്പൊഴുതിൽജ്ജഗത്തിൽ
മണ്ണോദരീ രുദിതമേറെ മുഴങ്ങിടുന്നു. 89

ചിക്കന്നു നൽക്കളൂർമ മന്നിലണഞ്ഞുവാനാ-
യിക്കാലമബ്ദഗണങ്ങളുയൎന്നിടുന്നു
മേക്കാച്ചിൽപൂണ്ടിഹ തടാകതടത്തിൽ മേവും
മേക്കാച്ചിവൎഗ്ഗമതിയായി രസിച്ചിടുന്നു. 90
വല്ലാത്ത വൎഷസമയത്തിലെടുത്തിടേണ്ടും
നെല്ലാശു സമ്പ്രതി പുഴുങ്ങിയുണക്കി ലോകം
മെല്ലെന്നു നല്ലറയിലിട്ടു വസിച്ചിടുന്നു
മല്ലായുധാദിഗണരക്ഷണജാഗരൂകേ! 91
ചീൎത്തോരു പാകമെഴുമാമ്രഫലാമൃതത്താൽ
തീൎത്തോരു നൽത്തിര തെരുത്തു ജനങ്ങളിപ്പോൾ
ആത്താദരാനപിതമകത്തഥ വെച്ചിടുന്നി-
താത്താഴിതൻ തിര പുറത്തു വരുത്തിടുന്നു. 92
തന്നെബ്ഭജിച്ചു സതതം മരുവുന്ന ലോക-
ത്തിന്നുള്ള താപശമനത്തിനൊരുമ്പെടുന്നു
നന്നായ്ക്കഠോരപരുഷാശനി സമ്പ്രയോഗ-
ത്തിന്നേറെ വമ്പു കലരുന്ന വൃഷാഖ്യനിപ്പോൾ. 93
പാകാരിയെന്നു പുകൾ പൂണ്ടരുളുന്നു മൂന്നു
ലോകാധിനാഥനധുനാ ഘനവൃഷ്ടിയാലേ
ലോകത്തിനാതപമണച്ചൊരു ഘോരമായ
പാകത്തെയങ്ങു കളവാൻ തുടരുന്നു വേഗാൽ. 94

പൊങ്ങുന്നു പുത്തനാം കാർ പൊടിയുടനമരും-
മാറു വന്മാരിയൊട്ടൊ-
ട്ടേങ്ങും പെയ്യുന്നു, മിന്നിപ്പൊട്ടുപൊടെയിടിവെ-
ട്ടുന്നു ഞെട്ടുന്ന മട്ടിൽ
മങ്ങുന്നു ലോകദീപം ദ്യുമണി, കളികൾനി-
ൎത്തുന്നു നൃത്തജ്ഞരായോ-
രിങ്ങെല്ലാം, കാങ്കിവൎണ്ണം വിലസു'മിടവ'മാം
മാസമുല്ലാസമോടേ. 95

[ഇടവമാസം കഴിഞ്ഞു]

# മിഥുനമാസം

ക്രൂരേക്ഷണന്റെ ഭവനത്തിൽ വസിച്ച കാലം
ക്രൂരത്വമേററവുമെട്ടത്തൊരു മിത്രദേവൻ
ഐശ്വരം വൃഷത്തൊടഥ ചേർന്നതിസൌമ്യനായി-
ച്ചേരുന്നു സൌമ്യസദനത്തിനകത്തിദാനീം. 1

തന്വംഗിമാരിൽമണി രോഹിണി വാണിടുന്ന
ധന്യസ്ഥലേ കിമപി നിന്നൊരു മിത്രദേവൻ
പിന്നെജ്ജവത്തൊടഴകേറിയ രൌഹിണേയൻ-
തന്നാലയത്തിലിത ചെന്നു കടന്നിടുന്നു. 2

കണ്ണായിരംപെട്ടമവന്റെ സഹോദരന്റെ
കണ്ണായ ഭാനുഭഗവാൻ മൃഗദൃഷ്ടിയാളേ!
തിണ്ണം വൃഷസ്ഥിതിയിലിങ്ങു ലഭിച്ച നന്മാൻ-
കണ്ണെത്തിടും മകയിരത്തെ വിടുന്നതില്ല. 3

ആലിംഗനത്തിനനുകൂലത ചേർത്തു മേഘ-
ജാലങ്ങൾ ഘോഷമൊടു നന്മഴ പെയ്തിടുന്നു
ചേലൊത്തിടും വഴിനടപ്പിനു ബാധയുണ്ടി-
ക്കാലത്തഹോ! മിഥുനമായി സമസ്തലോകേ. 4

ഭംഗീലലാടതടദൃഷ്ടിയിൽ വഹ്നിയേന്തും
ഗംഗാധരന്റെ തിരുനാളിൽ വരുന്നു സൂര്യൻ
മങ്ങാതെ വെല്ലുമഴയെന്നിവ മാറിമാറീ-
ട്ടിങ്ങായിടുന്നു ദിവസംപ്രതി നന്മയോടേ. 5

നിത്യം ജഗത്തിൽ മഴ വൈലിവ രണ്ടുമുണ്ടി-
ങ്ങത്യന്തമുഷ്ണശിശിരോത്ഭവദോഷമില്ല
മുത്തൊത്ത ചന്ദനരസം നവയൌവനോഷ്മാ-
വൊത്തുള്ള കുത്തുമുലമേലണിയുന്ന കാന്തേ! 6

ഏററം പെടുന്നു തിരുവാതിരനാളിലുള്ള
ഞാററിൻനിലക്കു കൃഷികൾക്കനുകൂലഭാവം
പററില്ല ചീച്ചിൽ പരമൊന്നിനുമില്ലണക്കം
ഞാററിൻനിലക്കധികമുണ്ടു വിശേഷമിപ്പോൾ. 7

സർവ്വജ്ഞനായ് ശതഭിഷക്പതിമൌലിയായ
ശർവ്വൻെറ നാളിൽ മരുവും ഹരികാലകാരീ
അവ്യാജവർഷജമസാത്മ്യമുടൻ ഹരിപ്പാൻ
ചൊവ്വോടിടങ്ങളിടയിൽ വൈലിഹ കാട്ടിടുന്നു. 8

നാലഞ്ചു നാഴിക മഹാ മഴപെയ്തിടുന്നു
നാലഞ്ചു നാഴികയുടൻ വെയിൽ കണ്ടിടുന്നു
ചേലൊത്ത വൈരമൊടു തങ്ങളിൽ വേനൽവർഷ-
കാലങ്ങൾ പോരു തുടരുന്നവിതെന്നു തോന്നും. 9

ഭദ്രപ്രദൻ ഭുവനബാന്ധവനായ ദേവ-
നാർദ്രാഭിഷംഗമിഹ വന്ന ദശാന്തരാളേ
ആർദ്രങ്ങളായി വിലസുന്നു ഘനങ്ങൾ വർഷം
ഛിദ്രം വിനാ ചൊരികയാൽ ഭുവനങ്ങളെല്ലാം. 10

കണ്ടം പറമ്പിവകളിൽ കൃഷികൊണ്ടൊരാണ്ടാ-
ലുണ്ടായൊരർത്ഥമിഹ ഭുക്തിവശാലൊടുങ്ങി
കണ്ടാലുഴങ്ങു ധനനായകദിക്കിലെത്തി
കുണ്ഠതമോടു മരുവുന്നിതു മിത്രദേവൻ. 11

ഉല്ലാസമോടു നിജശക്തികൾ കാട്ടിനില്ക്കും
മെല്ലെച്ചിലപ്പോളഴകേറിയ ചിത്രഭാനു
ഇല്ലെന്നു തോന്നുമിഹ മററു ചിലപ്പോളോർത്താൽ
തെല്ലല്ലിതഭ്രജഠരേ പവമാനകോപം. 12

ഛന്നാർയ്യന്റ ഗഗനം മുഴുവൻ കറുത്തു
കാണുന്നു വന്നു നിറയും ഘനസഞ്ചയത്താൽ
ക്ഷോണീതലേ പൊടികൾ കുത്തിയൊലിച്ചുകൂടി-
ത്താണോരു ദിക്കു ചളികൊണ്ടു കറുത്തിടുന്നു. 13

കണ്ടാലുമിങ്ങധികതാപമുടൻ കെടുത്തും
കൊണ്ടാർദ്ര ശീകരഗണം ചിതറുംപ്രകാരം
വേണ്ടുന്ന മാതിരി വരുന്നിതു കാററതേററം
കൊണ്ടാടിടുന്നു ധരണീരുഹസഞ്ചയങ്ങൾ. 14

മങ്ങാതെ വാരിധിയിലും ഗഗനസ്ഥലത്തിൽ
തിങ്ങുന്ന വാരിദഗണത്തിലുമററമെന്യേ
ഭംഗം വരുന്നവിധമഗ്നിസഖൻ സമീര-
നെങ്ങും മഹത്തരബലത്തൊടണഞ്ഞിടുന്നു. 15

തിയ്യിന്നു കാടുകളിലും കയറിക്കിടപ്പാൻ
വയ്യാത്തമട്ടു വടുതാകിയ വാരിവർഷം
പെയ്യും ഘനങ്ങളിലിളക്കമണച്ചുകൊണ്ടു
തിയ്യിന്റെ ബന്ധു പവനൻ തരസാ വരുന്നു. 16

തീക്ഷ്ണാംശുതന്നുടെ സഹസ്രകരങ്ങൾതന്റെ
തീക്ഷ്ണോഷ്ണരൂക്ഷഗണമേററു കഫം ജഗത്തിൽ
പ്രക്ഷീണമായളവുടൻ ശിശിരാംബുവർഷാൽ
വിക്ഷോഭമോടു വളരുന്നു സമീരകോപം. 17

നിന്ദ്യങ്ങളീയ്യുടലിലിങ്ങനെ കൊള്ളുമംബു-
ബിന്ദുക്കളെന്നു കുട ചാച്ചു മറച്ചു ലോകം
മന്ദം ചരിക്കുമൊരുമാതിരി വേഗമോടു
വന്നെത്തിടുന്നു ദഹനപ്രിയബന്ധു വായു. 18

ചാവുന്നു കഷ്ടമിഹ കായച്ചുമാർഗ്ഗമായി-
പ്പോവും ജനങ്ങൾ ബത! വഞ്ചിമറിഞ്ഞു മുങ്ങി
ഏവം നിനച്ചു സലിലാശയസേവ ലോകർ
കൈവിട്ടിടുംപടി കൃശാനുസഖൻ വരുന്നു. 19

ഉല്ലാസമോടുലകിലൊക്കെയുമങ്ങുമിങ്ങു-
മെല്ലായ്പ്പൊഴും തരളമായ പൃഷതസമൂഹം
ചെല്ലുംപ്രകാരമധുനാ പൃഷദശ്വദേവൻ
സല്ലീലയാടി വടിവോടിത വന്നിടുന്നു. 20

കേഴാതെകണ്ടധികമോദമിയന്നുകൊണ്ടു
വേഴാമ്പലങ്ങൾ മുതലായവ പാർത്തിടത്തിൽ
വാഴുന്നു, പാലകജനാർത്തനജായയായോ-
ശ്ശുഴിക്കതീവശിശിരശ്വസനൻ വരുന്നു. 21

അംഭോധനം കടലിൽനിന്നു കവർന്നുടനെത്താ-
രംഭോധരങ്ങളിത പൊങ്ങിവരുന്നു വേഗാൽ
അംഭോധി വൻതിരകളാകിയ കൈകളങ്ങു
ഗംഭീരശബ്ദമൊടു സമ്പ്രതി പൊക്കിടുന്നു. 22

വാരാശിയിൽജ്ജലമശേഷമൊലിച്ചു ചെന്നു
ചേരും വിധം ജലധരങ്ങൾ ജലം വിടുന്നു
ഏറുന്ന വൃദ്ധിയൊടു ലോകമുടൻ മുഴങ്ങു-
മാറാശു വാരിനിധി തുള്ളി രസിച്ചിടുന്നു. 23

ചട്ടററ തന്നുടെ മഹാധനമായ വെള്ളം
കട്ടോരു വാരിധരമൊട്ടിടികൊണ്ടിദാനീം
പെട്ടെന്നതൊക്കെയിഹ വിട്ടുടൻ തനിക്കു
കിട്ടുമ്പൊളംബുനിധി തുള്ളി മറിഞ്ഞിടുന്നു. 24

വാരാശിതന്നുടയ ചേർന്നൊരു ധർമ്മപത്നി-
മാരായിടും പുഴകളാസകലം ക്രമത്തിൽ
പാരാതെ ഭൂരിരസമോടു തടിച്ചിടുന്നു
പാരം പയോനിധി രസിച്ചിളകുന്നു കാൺക. 25

ഞാണൊച്ചയാണിതിടിയല്ലിതു മിന്നലല്ല
ഞാണാണു, വില്ലുടയ രാമനിതബ്ദമല്ല
ചേണാർന്നിടും പ്ലവഗഘോഷമിതത്ര ഘോരം
കാണുന്നു വാർദ്ധിയിലുൽകടമാമിളക്കം. 26

സന്താപമേററമിഹ ചേൎത്തിടുമഗ്നിതൻെറ
ബന്ധുത്വമുള്ള പവനൻ പരമേററിടുമ്പോൾ
ചന്തം കലൎന്നു സതതം ശിശിരസ്വഭാവം
ചിന്തുന്നൊരപ്പതി ചൊടിച്ചലറുന്നു പാരം. 27

നല്ലോരു താരകളൊടൊത്തു തെളിഞ്ഞിരുന്ന
ചൊല്ലാൎന്ന സിന്ധുസുതനാം ശിശിരാംശുതന്നെ
വല്ലാതെ കാറുകൾ നിറഞ്ഞതുകൊണ്ടു കാണ്മാ-
നില്ലാതെയായി, കരയുന്നു സമുദ്രമേററം. 28

പൂരിൽ പയോധിസുതതൻ വിളയാട്ടമെല്ലാം
ദാരിദ്ര്യമെന്നതു വളൎന്നു കളഞ്ഞിടുന്നു
തീരെസ്സമസ്തധനധാന്യമൊടുങ്ങിടുന്നു
വാരാശിയങ്ങിടവിടാതെ കരഞ്ഞിടുന്നു. 29

പാരം കറുത്ത ഘനമാം ഹരിമിന്നലാകു-
ന്നോരാഴിമങ്കയൊടു ചേൎന്നുയരുന്നു ഭംഗ്യാ
ആരാൽ വളൎന്ന തരംഗഭുജങ്ങൾ പൊക്കി-
പ്പാരാതെ വാരിനിധിയാൎപ്പുവിളിച്ചിടുന്നു. 30

ചേലൊത്ത ഭംഗിയൊടു കപ്പൽ നിരന്നിങ്ങങ്ങു-
ന്നീലൊട്ടുമിപ്പിളകുമംബുധിതന്നിലിപ്പോൾ
മാലാദിഭൂഷകൾ വെടിഞ്ഞിഹ കന്ദുകാദി
ലീലാരസത്തിലിളകും ലളിതാംഗിയാളേ! 31

ചിക്കന്നു വങ്കടലിരച്ചഖിലം മുഴക്കി-
മിക്കാലമല്പജലമുള്ള തടങ്ങൾക്കൂടി
വക്കത്തു ചുററുമിടതിങ്ങി നിരന്നിരിക്കും
മേക്കാൻെറ ക്രൂക്കുവിളികൊണ്ടു മുഴക്കിടുന്നു. 32

ചിക്കൻ വേനലിലിറങ്ങിയുടൻ കടക്കാൻ
തക്കം പെടും പുഴകളിൽ സലിലം നിറഞ്ഞു
നില്ക്കാതൊഴുക്കധികമായതുകൊണ്ടു വഞ്ചി
വെക്കാൻ ഞെരുക്കമയി! ശൈശവതീൎണ്ണവിദ്യേ! 33

അല്പാമലാംബു കലരും നദിയിൽജ്ജനങ്ങൾ-
ക്കുൾപ്പൂവ്വിലോർക്കുകിലതിസ്പൃഹയായിരുന്നു
അല്ലേതരം കലുഷവാരിയെഴുന്നതെല്ലാ-
മിപ്പോൾ വിടുന്നിതു ജനം മിതമഞ്ജുവാണി! 34

നേരായധോഗമനമാം സഹജസ്വഭാവം
ചേരും ജലൌഘമതിയായി വരുന്ന മൂലം
പാരാതെ ഗൌരവമെഴുന്നവ താന്നിടുന്നു
പാരം ലഘുക്കളുയരുന്നു നദീഗണത്തിൽ. 35

നല്ലോരുറപ്പൊടിളകാതമരുന്ന പാറ-
ക്കല്ലിൻചയത്തിലധുനാ ബഹു വേഗമോടേ
വല്ലാതധോഗതി കലന്നു ജലൌഘമാഞ്ഞു
തല്ലിത്തകർന്നു കരയുന്നു സരിൽഗണത്തിൽ. 36

ഊക്കിൽ സ്വസംഗമെഴുമൊക്കെയുമാശു കീഴ്പെ-
ട്ടാക്കുന്നു നൽപ്രബലമായ നദീജലൌഘം
ചിക്കെന്നു കാമജലരാശിയെയങ്ങുയർത്തി-
ച്ചൊട്ടുപ്പൂണ്ട കാന്തി കലരും മുഖചന്ദ്രമേ! 37

ആവോളവും മലിനമായ നദീസഹസ്രം
ലാവണ്യമങ്ങൊഴിയുമാറണയുന്ന സിന്ധു
ശ്രീവേഷ്ട പൂണ്ട കടൽ തീർത്തൊരു മുത്തിൽനിന്നു
ലാവണ്യമാശു കവരും രദമുള്ള കാന്തേ! 38

ആയം വെടിഞ്ഞതിപരപ്പൊടു കണ്ടകൂട്ടം
കായൽസ്ഥലത്തിലിഹ വഞ്ചി വരും ദശായാം
കായം വിയർത്തിവിടെ മുങ്ങി മരിക്കുമെന്നു
കായുംമനസ്സൊടു ജനങ്ങൾ നിനച്ചിടുന്നു. 39

പങ്കേരുഹപ്രണയിയാം രവി പണ്ടുണക്കി-
പ്പങ്കങ്ങൾ കാട്ടിയ കുളങ്ങളിലൊക്കെയിപ്പോൾ
പങ്കങ്ങളേറെ നിറയും സലിലത്തിനുള്ളിൽ
പങ്കേരുഹോത്തമതരാക്ഷി! പതുങ്ങിടുന്നു. 40

അംഭോദമെന്നു പറയും വല്യതായ ഭൂത-
മംഭോജബാന്ധവനെ വന്നുടനേ വിഴുങ്ങി
അംഭോജസന്തതികൾ ഹന്ത! കുളത്തിലേന്തു-
മംഭസ്സിനുള്ളിലിഹ മുങ്ങി നശിച്ചിടുന്നു. 41

ക്ഷീണം വെടിഞ്ഞനിമിഷപ്രഭു വിട്ട മേഘം
ചേണാൎന്നു പെയ്ത മഴകൊണ്ടുളവാം ജലത്തിൽ
വാണേററമിങ്ങനിമിഷങ്ങൾ കളിച്ചിടുന്നു
കാണുന്നവൎക്കനിമിഷത്വമണയ്ക്കുമാര്യേ! 42

മങ്ങാതെ വററിയതുകൊണ്ടിഹ കോരുപാള
മുങ്ങാതിരുന്ന കിണറൊക്കെ നിറഞ്ഞു വെള്ളം
ശൃംഗാരസാരരസസന്തതപൂൎണ്ണമായി-
ബ്ഭംഗ്യാ വിളങ്ങുമതിശോഭനനാഭിരൂപേ! 43

ശങ്കേതരം മലകളിൽ ഘനവൃഷ്ടി മൂലം
പങ്കം കലൎന്നു പല ചോലയൊലിച്ചിടുന്നു
കൊങ്കത്തടത്തിലതിനിൎമ്മലമുത്തുമാല
തങ്ങുംപ്രകാരമൊടു തൂങ്ങി വിളങ്ങുമാര്യേ! 44

കേടററുയൎന്ന ശിഖരങ്ങളിൽനിന്നു കുത്തി-
ച്ചാടുന്ന നിൎജ്ഝരഗഭീരതരാരവത്താൽ
ഓടുന്നു പേടിയൊടു ഹന്ത! മൃഗങ്ങൾ പേടി-
ച്ചോടുംമൃഗാക്ഷി രുചിവാച്ച മഹത്തരാക്ഷി! 45

വങ്കുന്നുതൻെറ വല്യതായ തടത്തിലെല്ലാം
പങ്കങ്ങൾ കുത്തിയൊഴുകീട്ടിഹ ചേൎന്നിടുന്നു
കൊങ്കത്തടത്തിലഴകേറിയ ഗന്ധസാര-
പങ്കം വിളങ്ങുമതിമംഗളരമ്യവേഷേ! 46

കാണും വിശാലമൃഗതൃഷ്ണ, ജലപ്രവാഹ-
മാണെന്നു് ഉച്ചധികമായിട്ടുമാശയോടേ
വാണോരു ഭൂമിമൃഗപങ്ക്തി യഥാൎത്ഥതോയം
പ്രാണപ്രിയേ! ശൃണു ലഭിച്ചു രസിച്ചിടുന്നു. 47

മങ്ങാതെയിപ്പോൾ മഴയേററു ദവാഗ്നിയാൽ പ-
ണ്ടങ്ങങ്ങു കത്തിയ വനങ്ങൾ തഴച്ചിടുന്നു
ശൃംഗാരസാരമഴപെയ്തു ഹരാഗ്നിദഗ്ദ്ധ-
ശൃംഗാരയോനിയെ വളൎത്തുമുദാരശീലേ! 48

ഊക്കൻ മലമ്പനി പിടിച്ചു മരിക്കുമെന്ന-
തോക്കാതെ ലോകർ മദനജ്വരദസ്തനാഢ്യേ!
ലാക്കോടു ലാഭമണവാനതിമോഹ മൂലം
പാൎക്കുന്നു വന്മലകളിൽ കൃഷിചെയ്തിദാനീം. 49

ചട്ടററ മിന്നൽമയമാകിയ പൊന്നണിഞ്ഞു
പെട്ടെന്നിതാ മുകളിലായ് ഘനദന്തിവൃന്ദം
നാട്ടിൽഗ്ഗജാവലികൾ പൊന്നണിയാതെ പോയി-
ക്കാട്ടിൽ കടന്നു പണി ചെയ്തു നടന്നിടുന്നു. 50

അത്യന്തലാഭമുളവാം പണികൊണ്ടു വൎഷേ
നിത്യോത്സവാലതുളവാം മഴ നീങ്ങിയാലും
ഇത്ഥം ജനങ്ങളുടെ പാലനഹേതുവായി-
ട്ടൎത്ഥം തരുന്നു ഭുവി വേണ്ടതനേകപങ്ങൾ. 51

വെള്ളത്തിനങ്ങുടയതാം കടലിൽ പിറന്ന
വെള്ളാനതൻ കുലഭവങ്ങൾ മതംഗജങ്ങൾ
വെള്ളം ജഗത്തിൽ മുഴുവൻ നിറയുന്നൊരിപ്പോ-
ളുള്ളം കുളുൎത്തു കളിയാടി നടന്നിടുന്നു. 52

ആടായ കാലമടിയോടു മുടിച്ചു വെള്ളം
പാടേ ജഗത്തിലധുനാ നിറയുന്നു പാരം
ആടായ ജാതി മുഴുവൻ വിറപെട്ടു മെയ്പൂ-
ണ്ടാടൽപ്പെടുന്നു മറവായിഹ നിന്നിടുന്നു. 53

ദൃഷ്ടിപ്രകാശകരനായ ദിവാകരൻ പോ-
ല്ക്കൃഷ്ടം മറഞ്ഞു ജലദപ്രകരങ്ങൾ മൂലം
ചട്ടററു പൊങ്ങിയ മഹീധരസഞ്ചയത്തി-
ലൊട്ടല്ല കാണുകയി! കാടു പിടിച്ചിടുന്നു. 54

കണ്ടാലുമിങ്ങു ജലസംഗമെഴും പ്രദേശ-
മുണ്ടാക്കിടുന്നു വളരെത്തൃണസഞ്ചയത്തെ
കന്താപമററ രുചി പൂണ്ടു പശുക്കൾ നന്നാ-
യ്ക്കൊണ്ടാടിയേററമതു സമ്പ്രതി തിന്നിടുന്നു. 55

അഷ്ടിയ്ക്കു ഹന്ത തരമില്ല പശുവ്രജത്തി-
ന്നൊട്ടും പറമ്പുകളിൽ വേനലിലില്ല ശഷ്പം
ചട്ടററ പഞ്ചകൾ വളർത്തുവതിന്നു വേലി-
കെട്ടീട്ടു വർഷമതിൽ മേപ്പടിതന്നെ കാര്യം. 56

തൊട്ടാൽ ചൊറിച്ചിലുടനേററവുമേകിടുന്ന
മട്ടൊത്ത ചേന പല ചേമ്പുകളെന്നിതെല്ലാം
നട്ടിട്ടു പൈക്കളുടെ പേടി വെടിഞ്ഞു വേലി
കെട്ടാതെതന്നെ വളമിട്ടു വളർത്തിടുന്നു. 57

പഞ്ചയ്ക്കു തഞ്ചമിഹ തഞ്ചിയ വൃഷ്ടിതന്നിൽ
പഞ്ചായുധൻ പരിചിനോടു തടിച്ചിടുന്നു
പഞ്ചാരവാണിമണിമാരുടെ ചേർച്ചമൂലം
പഞ്ചേന്ദ്രിയങ്ങൾ തെളിയുന്നു ജനത്തിനെല്ലാം. 58

ചൂതവ്രജം സകലമുൽക്കടവായു വർദ്ധി-
ച്ചൂതീടുമപ്പൊഴുതിൽ നിഷ്ഫലമായിടുന്നു
ചൂതായുധൻ തരുണിമാരുടെ നല്ല കൊങ്ക-
ച്ചൂതാക്കിടുന്നു പരമായുധമാഹവത്തിൽ. 59

വാച്ചോരു വർഷജലമേററു തണുത്തു ഭൂമി
കാച്ചീടുവാനധികദുർഘടമിപ്പൊഴെങ്ങും
കാച്ചോരു ലക്ഷണമതാം ഫലമൊന്നുമില്ല
കാഴ്ചയ്ക്കുമിങ്ങു പനസക്ഷിതിജങ്ങൾതന്നിൽ. 60

എല്ലാപ്പറമ്പുകളിലും പരിചോടു പഞ്ഞ-
പ്പുല്ലോടു ചേർന്നു പയറാശു വളർന്നിടുന്നു
ചൊല്ലാർന്നിടുന്ന തിരുവാതിരഞാററിലെന്ന
നല്ലോരു കാലമിതിലെന്തു വളർന്നിടാത്തു. 61

കാലോചിതോത്തമഗുണങ്ങളെഴുന്ന സാമ്പാ-
റോലോലനുപ്പുകറിയെന്നിവയൊക്കെ വയ്പാൻ
ലോലാക്ഷി! ചാരുതരമായ ഫലത്തിനായി
മാലോകർ വെച്ച ബൃഹതീതതി വാച്ചിടുന്നു. 62

പുണ്യാഹകർമ്മകരപുഷ്പഫലവ്രജങ്ങൾ
തിണ്ണം പെടുന്ന പല ചുണ്ടകളിപ്പൊളെങ്ങും
എണ്ണം വെടിഞ്ഞുധരതന്നിൽ മുളച്ചിടുന്നു
പുണ്യൈകലഭ്യഗുണശാലിനി! യത്നമെന്യേ. 63

അച്ഛിന്നഭക്തിരുചിഗന്ധരസങ്ങൾകൊണ്ടു
മെച്ചത്തിലേകുമൊരു കായകൾ കിട്ടുവാനായ്
വെച്ചോരു കപ്പൽമുളകിൻ ചെറുതായ തൈക-
ളിച്ഛാനുരൂപമിഹ കാൺക വളർന്നിടുന്നു. 64

മാവെന്നുതൊട്ടവയിലങ്ങു പടർന്നു കേറി
മേവുന്ന നല്ലമുളകിൻകൊടികൾക്കശേഷം
ആവോളമിപ്പൊഴുതിൽ വന്മഴ പെയ്തിടാഞ്ഞാൽ
കൈവന്നിടാ കുരുവെഴും തിരിയെന്നു നൂനം. 65

സ്ഫീതാമൃതോഷ്ഠി! തിരുവാതിരഞാറ്റിലസ്സു
പെയ്തീടുമിങ്ങമൃതമമ്പിനൊടുമ്പർകോൻ പോൽ
ശ്രീ തങ്ങിടുന്നമൃതവള്ളികൾ മന്നിലെല്ലാ-
മാതങ്കമങ്ങകലുമാറു മുളച്ചിടുന്നു. 66

സോമാർക്കവംശ്യനൃപതിപ്രിയയായ മന്നിൽ
സോമാബ്ജബന്ധുമുഖി! നീ കുതുകേന കാൺക
സോമാർക്കമണ്ഡലമൊളിച്ചിടുമിപ്പൊളെങ്ങും
സോമാർക്കമണ്ഡലമനേകമുദിച്ചിടുന്നു. 67

ഉൽക്കണ്ഠയോടതിദരിദ്രതയുള്ള ലോകം
കൈക്കൊണ്ടിടും തകരജാതികളാദരേണ
ചൊൽക്കൊണ്ടിടും ക്ഷിതിയിലിങ്ങു ദരിദ്രഭാവ-
മുൾക്കൊണ്ടിടുന്നൊരിതുകാലമുദിച്ചിടുന്നു. 68

ക്ഷീണം വിനാ ചൊരിയുമീഗ്ഘനവൃഷ്ടി മൂലം
ക്ഷോണീതലം സകലവും ജലമായിദാനീം
ദ്രോണങ്ങളുജ്ജ്വലരസക്കടലിൽ കുളിക്കും
ദ്രോണായമാനമിഴി! കാൺകുളവായിടുന്നു. 69

ഇത്തവ്വ വൃഷ്ടിപതിതന്നുടെ വൃഷ്ടിയെല്ലാം
നൃത്തൽപയോധരവനേചരസഞ്ചയങ്ങൾ
എത്തിപ്പിടിച്ചുഥ ഭുജിച്ചു നടക്കുമിപ്പോൾ
മൃത്തങ്ങജാതി തരസാ തല പൊക്കിടുന്നു. 70

അഭ്രസ്ഥലത്തിൽ വിലസുന്നൊരു നൂതനാഭ്ര-
ഗർഭത്തിൽനിന്നൊഴുകിടും ജലസഞ്ചയത്താൽ
ഇബ്ഭൂമിയൊക്കെ നിറയുന്നു ജലാംശജാത-
ദർഭാങ്കുരങ്ങളിടതിങ്ങി മുളച്ചിടുന്നു. 71

ശ്യാമേ! കറുത്തനിറമായ നഭസ്ഥലത്തിൽ
ശ്യാമാംബുവാഹനിവഹങ്ങൾ നിറഞ്ഞിടുന്നു
ശ്യാമാംഗിയായ ധരതന്റെ തലത്തിലൊക്കെ
ശ്യാമാഭപത്രമൊടു ദൂർവ്വ പടർന്നിടുന്നു. 72

ഈ വർഷമായ സമയത്തിൽ നിറഞ്ഞ നീരു
പോവുന്നതില്ലറിക ഭൂമിതടത്തിൽ നിന്നും
ആവോളമിങ്ങഖിലശോഫനിഹന്ത്രി വർഷാ-
ഭൂവായിടുന്ന തവിഴാമ വളർന്നിടുന്നു. 73

ചേണാർന്ന കൃഷ്ണജലദം മധുവൈരിയുളളും
വേണുസ്വനപ്രതിമവാണി! വരുന്നൊരിപ്പോൾ
വേണുവ്രജങ്ങളഖിലം പരമങ്കുരങ്ങൾ
കാണിച്ചിടുന്നു ബഹുവംശഭവത്തിനായി. 74

ചേരും വൃഷാവരജനാം മിഥുനത്തിലിപ്പോൾ
പാരം മറിഞ്ഞു ഹരിനീലഘനാന്ധകാരേ
പാരിൽത്തൃണങ്ങൾ വളരുന്നു ജലം സുഭിക്ഷം
പാരാതെ കണ്ടു വൃഷജാതി തടിച്ചിടുന്നു. 75

നട്ടോരു കൊമ്പഖിലമാശു പൊടിച്ചിടുന്നു
പൊട്ടിച്ചിടാതുടനെ വിത്തു മുളച്ചിടുന്നു
ചട്ടറ്റൊരാർദ്രയിലിനൻ മരുവുമ്പോൾ മന്നിൽ-
പ്പെട്ടോരു വസ്തു മുഴുവൻ പുതുതായ്വരുന്നു. 76

പുത്തൻപയോധരമിതെന്നൊരു നിശ്ചയത്തെ
ചിത്തത്തിലാക്കുമുളവാക്കമരാളകേശി!
ഇത്തവ്വിൽ നമ്മയൊട്ടു കാണുക നീലകണ്ഠ-
ന്നൃത്തപ്രയോഗമധികം രസവർഷമോടേ. 77

ഓക്കും വിധൌ ധരണിയിൽ ബലമിപ്പോളില്ലി-
ങ്ങാക്കും വിപൽക്കിണറിൽ ഞാനിത വീണുപോയി
'ചിക്കെന്നു കൈത കയറാ'നിതി കാമനോതും
ചൊൽകൊണ്ട കൈത കലരുന്നു പരം സുഗന്ധം. 78

ഊക്കിൽ പയോധരഗണങ്ങളുയർന്നിടുന്നു
പാക്കുമ്പോളെങ്ങുമൊരു ചക്കയുമില്ലിദാനീം
പൂക്കുന്നു കൈതവനിതാകുചമൊത്ത ചക്ക
കാഴ്ക്കുന്നതിന്നു കുളുർമാരികൾ കൂട്ടമിപ്പോൾ. 79

മാരിക്കു ചേറ്റൊരു സഹോദരനായിടുന്ന
മാരൻ പരം വിരഹിലോകവധത്തിനായി
പാരാതെ കണ്ടകഗണങ്ങൾ നിറച്ചു തീർത്ത
ക്രൂരമ്പുതാനറിക കൈതയിലുള്ള പുഷ്പം. 80

കാർമേഘമേറ്റമുയരുന്ന ഗജൌഘരമ്യ-
ശ്രീമഞ്ജുമാറു, കയറുന്ന ഗജങ്ങൾ കാട്ടിൽ
ആമൂലമാനകൾ ഭുജിച്ചുവരുന്ന കൈത-
സ്സാമോദഭാരമതിയായി വളർന്നിടുന്നു. 81

ഊനം വിനാ കിമപി തൊട്ടതു തൊട്ടവന്റെ
കൈ നാറിടുംപടി സുഗന്ധമെഴും സുമത്തെ
കൈനാറി, കാമഹിതമായ്മിഥുനസ്ഥിതിക്കു
മാനം വളർത്തു പരിചോടിഹ പെറ്റിടുന്നു. 82

ഒട്ടേറെ നാട്ടിൽ വിളികൊണ്ടൊരു കൈതകത്തിൻ
ചട്ടററ പൂവിൽ വിലസുന്നിതളാദരേണ
ഇഷ്ടപ്രസാധിനിയിതെന്നു വധൂജനങ്ങൾ
പെട്ടെന്നു വാർകുഴലിലങ്ങിനെ ചേർത്തിടുന്നു. 83

ആട്ടം പയോജമിഴിമാരുടെ നേത്രശോഭ
പാടേ കവന്നു നവകേതകപുഷ്പപത്രം
കൂട്ടുന്ന ഗന്ധമൊടു ഹന്ത! വിടുന്നിടുന്നു
മുട്ടുന്നു വാരിജഗണങ്ങളെ വാരിപൂരം. 84

എല്ലായ്പൊഴും സകലസുന്ദരമാംപ്രകാരം
നല്ലാർജനങ്ങൾ പല മാലകൾചേർത്തു കെട്ടി
ഉല്ലാസമോടണിയുമുത്തമപുഷ്പവൃന്ദം
ചൊല്ലാന്നിടുന്ന നവമാലിക പെററിടുന്നു. 85

കാന്താജനങ്ങളൊടു വേറുപിരിഞ്ഞു കാമ-
ഭ്രാന്താലുഴന്നു മരുവുന്ന ജനത്തിനെല്ലാം
കാന്തിപ്പെട്ടും രുചിരമാലതിയിപ്പൊഴെങ്ങും
സ്വാന്തത്തിൽ മാരനൊടു മാലതിയാക്കിടുന്നു. 86

ചെമ്മേ മനസ്സിലഖിലർക്കുമതീവ ഹർഷാ-
ലുന്മേഷമേററമുള്ളവാക്കമുദാരഗന്ധം
നന്മാതിരിക്കു കലരും സുമനോഗണത്താൽ
സമ്മാനമാന്ന സുമനോലത നിന്നിടുന്നു. 87

ചൊല്ലാന്ന കാമഭഗവാനുടെ പിച്ചകത്തി-
ലെല്ലാജ്ജനത്തിനുമുടൻ വളരുംപ്രകാരം
വല്ലീഗണത്തിലുഴകേറിയ പിച്ചകത്തിൽ
നല്ലോരു ഭംഗിയൊടു പൂക്കൾ നിറഞ്ഞിടുന്നു. 88

ചൊല്ലൊണ്ടിടുന്ന ഭുവനത്രയവീരനായ
പുഷ്പാസ്ത്രനാശു ബഹുജാതിയിതെന്നിവണ്ണം
കെല്പോടു വാഴ്ത്തുമൊരു ജാതി വിടന്നു നില്ക്കു-
മിപ്പോൾ പ്രിയേ! മിഥുനമായിവരുന്നു കാലം. 89

സാരം കലൎന്ന ലതികാഗണമൌലിതന്നിൽ
ചേരുന്ന നല്ല നവമാലികയെന്നപോലെ
പാരാതെകണ്ടു വിലസും നവമാലികയ്ക്കു
താരുണ്യമായി നവപുഷ്പമുദിച്ചിടുന്നു. 90

അന്യൂനമായി വെയിൽകൊണ്ടു തപിച്ച ഭൂമി-
തന്നിൽപ്പെട്ടും പൊടിയുടൻ ചളിയാകുമിപ്പോൾ
വന്നെത്തുമുൽകടമസാത്മ്യഗദം തടുപ്പാൻ
നന്നായ പത്ഥ്യമൊടു ലോകർ വസിച്ചിടുന്നു. 91

ഇച്ഛാനുകൂലമിഹ ചുട്ടൊരു പപ്പടം ന-
ന്മെച്ചപ്പെട്ടും പഴയതാകിയ കണ്ണിമാങ്ങ
നൽച്ചേച്ചയിൽ കിമപി കാച്ചിയ മോർ കലത്തിൽ
വെച്ചോരു ചോറിവകൾ കേരളഭുക്തി പത്ഥ്യം. 92

പത്ഥ്യാമൃതാദി ബഹുരൂപകഷായസേവ
പത്ഥ്യാന്നഭുക്തിയിവ ചെയ്തഹിതങ്ങൾ നീക്കി
മിത്ഥ്യേതരപ്രബലവൈദ്യവിധിപ്രകാരം
നിത്യം ജനങ്ങളിതുകാലമിരുന്നിടുന്നു. 93

വന്നീടുമീ വലിയരോഗഭയേന ലോക-
രിന്നേരമുള്ളിലിളകാതൊരു ഭക്തിയോടേ
ധന്യത്വമാൎന്ന ഹരിതന്നവതാരമായ
ധന്വന്തരിസ്മരണമോടു വസിച്ചിടുന്നു. 94

അൎക്കൻ കാലാത്മകൻ നൽജ്ജടയുടെ നടുവിൽ
ഗംഗയും പിന്നെ മൂന്നാം-
തൃക്കണ്ണിൽ തീയുമുള്ളീശ്വരൻ്റെ തിരുനാ-
ളായിടുന്നാൎദ്രതന്നിൽ
നില്ക്കുന്നു കൎഷകന്മാൎക്കതിരസകരമാ-
യുഷ്ണവും വൈല്യമിപ്പോ-
ളൊക്കുന്നു കാണുകേവം സുമുഖി! 'മിഥുന'മാം
മാസമായാസമെന്യേ. 95

[മിഥുനമാസം കഴിഞ്ഞു.]

# കക്കടകമാസം

ആകാശമംബുധരസഞ്ചയപൂണ്ണമായി
ത്തുകുന്ന വഷസലിലങ്ങളിൽ മുങ്ങി ഭൂമി
മാഴ്കുന്നതെ കാണുകിതു വാരിജലോചനേ! നി-
യ്യാകെജ്ജഗത്തിലിഹ കക്കടകം വരുന്നു. 1

അക്കാഗമത്തൊടിടചേന്നൊരു കക്കടം വ-
ന്നിക്കാലമിയ്യുലകിലൊക്കെയുമൊക്കയാലേ
മുക്കാല്യമാളുകൾ വലഞ്ഞഥ കൊററിനില്ലാ-
ഞ്ഞുൾക്കാമ്പിലാധികൾ മുഴുത്തു വസിച്ചിടുന്നു. 2

അംഭോജവൈരിയുടെ വീട്ടിനകത്തു ചെന്നി-
ട്ടംഭോജബന്ധു മരുവേണ്ടൊരു കാലമായി
അംഭസ്സുയന്നുടനിതാ കമലാകരത്തി-
ലംഭോജസന്തതിയെ ഹന്ത! മറച്ചിടുന്നു. 3

ആയ്യേ! ജലപ്രകരബാധകൾകൊണ്ടിദാനീം
കാര്യസ്വഭാവമഖിലം വിപരീതമായി
ആയ്യപ്രബോധകരനായി വിളങ്ങിടുന്ന
സൂയ്യാഖ്യനും ബത! ജലാത്മകവീട്ടിലായി. 4

ശീതേതരാംശുഭഗവാൻ ജലതൃപനായ
ശീതാംശുതന്നുടെ ഗൃഹത്തിലകപ്പെടുന്നു
സ്ഫീതങ്ങളാം ജലധരങ്ങൾ വളന്നുയന്നി-
ങ്ങാതങ്കമേററവുമവന്നുളവാക്കിടുന്നു. 5

നന്നായ് ത്രിയാമയുടെ നായകനുള്ള ഗേഹം-
തന്നിൽപ്പെട്ടന്നൊരു തമോരിപുഭാനുതന്നെ
കൊന്നോ ഘനോഗ്രതിമിരങ്ങളുടൻ പിടിച്ചു-
തിന്നോ നഭസ്സിലിഹ കിഞ്ചന കാണ്മതില്ല. 6

എപ്പോഴുമപ്പതിയെഴുന്നൊരു ദിക്കിൽനിന്നി-
ട്ടല്ലേതരം ഘനഗണങ്ങൾ പുറപ്പെടുന്നു
കല്പാന്തകാലമതിലെന്നകണക്കിൽ വർഷ-
മിപ്പാരിലാസകലമാശു ചൊരിഞ്ഞിടുന്നു. 7

ഈ വന്നിടും ഘനതമസ്സഖിലം മുടിപ്പാ-
നാവാഞ്ഞു കിഞ്ചന മറഞ്ഞമരും വിവസ്വാൻ
വൈവസ്വതൻ മരുവിടുന്നൊരു ദിക്കിലെക്കായ്
പോവുന്നു വീരസുതശാലിനി! കാങ്കിദാനീം. 8

അക്കൻ നിശാധിപതിതന്റെ നികേതനത്തിൽ
നില്ക്കുന്നു നീലനിറമാകിയ നീരദങ്ങൾ
തിക്കും തിരക്കൊടുമുയന്നു നിറഞ്ഞിടുന്നു
ചൊല്ക്കൊണ്ടിടും പകലുമിങ്ങിരുളായിടുന്നു. 9

കായം തടിച്ച ഘനമിങ്ങിരുൾ ചേത്തിടുന്നു-
ണ്ടായാലുമിപ്പൊളറിയാം പകലാണിതെന്ന്
മായം വിനാ മലിനവേഷവിഭൂഷകൊണ്ടും
മായാതെകണ്ടു വിലസുന്നഴകുള്ള കാന്തേ! 10

എല്ലാ ഗ്രഹങ്ങളെയുമങ്ങു തിരസ്കരിച്ചു
വല്ലാതുയൻ ജലദങ്ങൾ പുറപ്പെടുൻ
മെല്ലെ സ്വപുത്രനമരുന്നൊരു ദിക്കിലെക്കായ്
ച്ചെല്ലുന്നു ഭാനുഭഗവാനഖിലഗ്രഹേശൻ. 11

അംഭോദവൃഷ്ടിജലമേറവു വളൻ വല്ലാ-
തംഭോനിധിപ്രിയകൾ സേതു മുറിച്ചിടുന്നു
അംഭോധിപൻമുനിയിരുന്നരുളുന്ന ദിക്കി-
നംഭോജബന്ധുഭഗവാനിത ചെന്നിടുന്നു. 12

ക്കൂട്ടുന്നു കാഞ്ചിതുള്ളിനെത്തരസാ വെളുപ്പി-
ച്ചീടുന്ന വാർകുഴലി! നൽപ്പകലും തമിസ്രം
കേടററിടുന്ന സമവർണ്ണഘനങ്ങൾ വർദ്ധി-
ച്ചീടുന്നൊരിപ്പൊളയി! രാത്രിയിലെന്തു പിന്നെ. 13

കർമ്മൈകസാക്ഷിഭഗവാനെവിടത്തിലാണെ-
ന്നിമ്മന്നിലാക്കുമൊരു നിശ്ചയമില്ലിദാനീം
സമ്മാനിതേ! തമസി സമ്പ്രതി ജാരചോര-
കർമ്മങ്ങൾ ചെയ്യുവതിനായ് ചിലർ കോപ്പിടുന്നു. 14

കക്കുന്നു ചന്ദ്രമിഹിരാദികളെപ്പയസ്സു-
കൾക്കും തമിസ്രസമവർണ്ണഘനം നഭസ്സിൽ
കർക്കാതെയെങ്ങിനെ ജനങ്ങളിരിക്കുമിങ്ങു
ചീർക്കുന്ന ദുർഗ്ഗതിമുഴുത്തൊരു കർക്കടത്തിൽ. 15

ചീർക്കുന്ന ഘോഷമൊടു വർഷമിരുട്ടിതെല്ലാം
ലാക്കേററവും കളവുകൾക്കു വരുത്തിടുന്നു
ഊക്കോടു പട്ടികൾ കുരയ്ക്കിലുമായതൊട്ടും
കേൾക്കില്ല, പട്ടികൾ ചുരുണ്ടുകിടന്നിടുന്നു. 16

ഒട്ടേറെ വേഗമൊടു റാന്തൽവിളക്കുകൂടി
കെട്ടീടുമാറു പെരുകുന്നിതു വാതവർഷം
പെട്ടെന്നു കത്തിയെരിയുന്നു മനോജദീപം
പട്ടററ കാമിഹൃദയങ്ങളിൽ മംഗളാംഗി! 17

വീർത്തംബരത്തിൽ വിലസുന്ന പയോധരങ്ങൾ
ശൈത്യം, കനത്ത മഴകൊണ്ടു വളർത്തിടുന്നു
ശൈത്യം സ്മരാസ്ത്രമതിലുള്ളതുമേററിടാതെ
നീർത്തുന്നു ഭീരുജനപീനപയോധരങ്ങൾ. 18

മാരന്റെ മാന്യതയെഴുന്നൊരിരുട്ടു ചെണ്ട-
ക്കാരാൽ കുറച്ചിൽ വരുമാറതിഘോഷമോടേ
ധാരാളമായ്ക്കുടകുടെ ധരയിൽ പതിക്കും
മാരിക്കു മാററമൊരുലേശവുമില്ലിദാനീം. 19

ചേണാൎന്നയൻ വിലസുന്നോരു ദിക്കുമേററം
താണോരുദിക്കുമൊരുമാതിരിയാംപ്രകാരം
ക്ഷീണം വിനാ ജലധരങ്ങൾ നിമിത്തമായി
ക്ഷോണീതലേ ജലസമൂഹമുയൎന്നിടുന്നു. 20

എങ്ങും കനത്ത മഴയിങ്ങിനെ പെയ്ക മൂലം
പൊങ്ങുന്ന വെള്ളമതിലീക്ഷിതിചക്രമെല്ലാം
മുങ്ങുന്നു, മൂന്നുലകുമുത്തമചലീലയാലേ
ശൃംഗാരസാരരസസിന്ധുവിൽ മുക്കമായ്പ്പോ! 21

ചിത്തം തെളിഞ്ഞു ചിതമേറിയ നീലകണ്ഠ-
നൃത്തങ്ങൾ പൎവ്വതവനങ്ങളിലാണിദാനീം
ചിത്തോത്ഭവാഖ്യഭഗവാന്റെ വിശേഷമായ
നൃത്തങ്ങൾ കാമിഹൃദയങ്ങളിലാണു കാന്തേ! 22

പാകാരിദിക്കിനു ഘനാവലികാററെടുത്തു
പോകുന്നു തോയപതിതന്നുടെ ദിക്കിൽനിന്നു്
തൂകുന്നു വാരി പുഴതന്നിലൊതുങ്ങിടേണ്ടും
പാകം വെടിഞ്ഞവിടെ നീരദസഞ്ചയങ്ങൾ. 23

ഊനത്വമെന്നിയെ ബഹുസ്തുതികൊണ്ടു നല്ല
മാനം ലഭിച്ചു വിലസുന്നണികുന്തലാളേ!
പീനസ്വകീയമലിനാവയവങ്ങൾകൊണ്ടു
മാനം മറച്ചു മരുവുന്നു മഹാഘനങ്ങൾ 24

കാടൊത്ത ഭൂമിധരമുക്തജലങ്ങൾ തള്ളി-
ച്ചാടിത്തകൎത്തു പുഴയാം വഴിവിട്ടു പൊങ്ങി
താടസ്ഥ്യമോടു മരുവുന്നവകൾക്കുകൂടി-
ക്കേടെത്രയും ജവമൊടിപ്പോൾ വരുത്തിടുന്നു. 25

വെള്ളം മഹാനദികൾ തോടുകളെന്നിവററിൽ
കൊള്ളാതെകണ്ടൊലിവൊടങ്ങു കവിഞ്ഞുപൊങ്ങി
തള്ളിപ്പുരം ചിറകളൊക്കെ മുറിച്ചു വക്ക-
ത്തുള്ളോരു ദിക്കുകളിലൂക്കൊടു കേറിടുന്നു. 26

ചേരുന്ന മട്ട കൃഷികൾക്ക ഗുണം കൊടുക്കു-
ന്നോരീ മഹാമലയിലുള്ള മലങ്ങളെല്ലാം
പാരം വഹിച്ച മലവെള്ളമിതാ ചുമട്ടു-
കാരെന്ന മാതിരി വരുന്നു കൃഷിസ്ഥലത്തിൽ. 27

ഒട്ടേറെ നാളുകളിലൊട്ടുമിറങ്ങിടാതെ
കെട്ടിക്കിടന്നു മലവെള്ളമുയർന്നിടുന്നു
ചുറ്റാറിടും പുഴകൾതന്നരികത്തു കണ്ടും
പെട്ടോർക്ക ചിത്തമിഹ ചുട്ടു ദഹിച്ചിടുന്നു. 28

മീനായതാക്ഷികൾമണേ! കൃഷി ചെയ്തിടുന്നാ-
സ്ഥാനത്തിലൊക്കെ മലവെള്ളമണഞ്ഞിടുന്നു
ഊനം വെടിഞ്ഞിഹ വിളഞ്ഞൊരു വട്ടനാം നെൽ
മീനപ്രജങ്ങളിത കൊത്തി വിഴുങ്ങിടുന്നു. 29

“ഒന്നായി വെള്ളമിഹ തന്റെ പുരസ്സു മീതെ
വന്നാലഹോ! സപദി വഞ്ചിയതുക്കമീതെ”
എന്നുള്ള നൽപ്പഴയ ചൊല്ലു നദീസമീപേ
ചെന്നീടിലാക്കടികളിൽ കുറവറ്റു കാണാം. 30

പോകുന്ന നീരൊലിവിനാൽ പുഴതന്നകത്ത-
ങ്ങാകുന്നതാസകലമബ്ധിയിലാക്കിടുന്നു
ലോകം സമസ്തമൊഴുകുന്നഴകാൽ വലിച്ചി-
ട്ടാകേ പ്രമോദഭരസിന്ധുവിലാക്കുമാര്യേ! 31

പാരാതുടൻ മലയിൽനിന്നു വരുന്നുകൊണ്ടോ
പാരം മലങ്ങളൊടു ചേർന്നു ലയിച്ചുകൊണ്ടോ
നേരായ്‌നിനക്കിലിതിനീ മലവെള്ളമെന്ന
പേരായതേവനുമുടൻ മലമേകകൊണ്ടോ. 32

ചേലൊത്ത ചാലുകൾ വെടിഞ്ഞൊരൊതുക്കമെന്യേ
ശീലം പകർന്നു വഴിവിട്ടു നടക്കമൂലം
മാലിന്യമുണ്ടവകളിൽ പരമെന്നു കണ്ടു
മാലോകർ നിമ്നഗകളേക്കളയുന്നു ദൂരേ. 33

മാലിന്യമററു ഭുജിക്കണമല്പമാണെ-
ന്നാലും, ത്യജിക്കണമിതിൻ വിപരീതമായാൽ
ചേലൊത്ത വാചകമിതേവനുമുഷ്ണവഷ-
ക്കാലാപഗാംബുവത്തു കാങ്കിലഹോ! കഥിക്കാം. 34

ഏറ്റം ജവാൽജ്ജലഗണം പ്രവഹിച്ചിടുമ്പോൾ
കേറില്ല തെല്ലുമതിയത്നശതങ്ങൾകൊണ്ടും,
പാരം ജവത്തൊടിഹ താണിടുമെന്നു ബാല-
ന്മാരും തികച്ചു പറയുന്നു യഥാർത്ഥമായി. 35

ഭീമങ്ങളാം ജലധരങ്ങൾ നിറഞ്ഞു തിങ്ങും
വ്യോമസ്ഥലേ തരണിമണ്ഡലമിപ്പോളില്ല
ക്ഷാമം വിനാ ജലധരങ്ങൾ നിറഞ്ഞിടുന്ന
ഭൂമീതലേ തരണിമണ്ഡലമുണ്ടനേകം. 36

ജാലപ്രയോഗമതിനാൽജ്ജലബാധയെല്ലാം
ചാലേ ജനങ്ങൾ ചിലരിങ്ങു ജയിച്ചിടുന്നു
ചേലൊത്ത മാന്മിഴികളേബ്ബഹുദീർഘനേത്ര-
ത്താലേ ജയിച്ചു വിലസും സ്മരജാലവിദ്യ! 37

കാണുന്നതില്ലുഡുപമണ്ഡലമംബരത്തിൽ
ചേണാർന്നിടും ജലധരങ്ങൾ നിറഞ്ഞ മൂലം
ക്ഷോണീതലേ ജലധരങ്ങൾ നിറഞ്ഞു പൊങ്ങി-
ക്കാണുന്നുണ്ടുഡുപസഞ്ചയമങ്ങുമിങ്ങും. 38

ചട്ടററ തുംഗധരണീധരസഞ്ചയങ്ങൾ
വിട്ടോരു വാഹിനികളുൽക്കടഘോഷമോടേ
പെട്ടെന്നു ലോലതരവാരികൾ പൂണ്ടു ഭൂമി-
പ്പൃഷ്ഠം കബന്ധമയമാംപടി കേറിടുന്നു. 39

ആവത്തനം ബഹുജലാശയമദ്ധ്യഭാഗേ
മേവുന്നൊരാജ്ജലപിശാചു പിടിച്ചു ലോകം
കൈവിട്ടിടാത്തതിനു കാരണമുണ്ടു കാണു-
കാവത്തനങ്ങളതിയായ് ജലപൂരദേശേ. 40

തെററെന്നു വഞ്ചുഴികൾതന്നുദരത്തിൽ വന്നു
പററുന്നവററ മുഴവൻ പുനരേറെ നേരം
ചുററിച്ചിടുന്നു ബഹുധീരമനസ്സശേഷം
ചുററിച്ചിടുന്ന വരനാഭികലർന്ന കാന്തേ! 41

ചിക്കെന്നു വഞ്ചുഴി ബലത്തൊടു താഴ്ത്തിടുന്നു
പൊക്കുന്നു വന്മലരിതന്നൊടു ചേർന്നതെല്ലാം
നില്ക്കുന്നതില്ലിവകൾ തങ്ങടെ മത്സരങ്ങൾ
മുക്കുന്നു! കാണുക ജലൌഘമതിങ്കലിപ്പോൾ. 42

കൂട്ടം ജവാൽ ക്ഷിതിധരോത്ഥിതമായി വന്നു-
കൂട്ടം ജലൌഘമതിനാലിഹ താന്നിടുന്നു
മാട്ടായിടുന്നവിടമൊക്കെയുമങ്ങിതാ പൊ-
ങ്ങീടുന്നു വഞ്ചി മുഴവൻ ലഘുഭാവമോടേ. 43

പാരാതെ മാടിനൊടു ചേർന്ന ജലങ്ങൾ കീഴ്പൊ-
ട്ടാരാലണഞ്ഞു നിറയുന്നതിൽ മുങ്ങിടാതെ
നേരായി വഞ്ചി വിലസുന്നിതു ഹന്ത! വെള്ളം-
ക്കാരോർത്തിതി നമരമെന്നതു കാരണത്താൽ. 44

മാടായിടുന്നവിടമങ്ങു ജലൌഘബാധ-
ക്കൂടാതെഴും സ്വതന്ത്ര നൽഗുണമോടു കാട്ടും
ഇക്കാലമിങ്ങു കലരും പല കേടു വെള്ളം-
ക്കാർക്കും ഗ്രഹിപ്പതിനയേ! വഴിയൊന്നുമില്ല. 45

കൊച്ചായ വഞ്ചിയതിലാളുകളൊന്നുരണ്ട-
ത്യാശ്ചര്യമേ കയറിനിന്നു കളിച്ചിടുന്നു
വാച്ചോരുരോജയുഗളം ചെറുമദ്ധ്യമത്താൽ
വീഴ്ചപ്പെടാതിഹ വഹിക്കുമനംഗമായേ! 46

ഏററെ ശ്രമിച്ചു പലർകൂടി വലിച്ചു വെള്ളം
കീറിപ്പറക്കുമൊരു ബോട്ടിനെ നിന്ദ ചെയ്വാൻ
പാരം ജവേന പടുവായിടുമൊററവഞ്ചി-
ക്കാരൻ പ്രദക്ഷിണശതങ്ങൾ കഴിച്ചിടുന്നു. 47

പാലേ ജലങ്ങൾ നിറയുന്നൊരു വാരിവാഹ-
ജാലങ്ങളങ്ങു മുകളിൽ പരമിങ്ങു ചോട്ടിൽ
ചേലായ് ജനങ്ങൾ നിറയും ജലവാഹനങ്ങൾ
കോലാഹലത്തൊടു കളിച്ചു നടന്നിടുന്നു. 48

നന്നായുറന്നു വിലസുന്ന പരുന്തിതിൻെറ
പിന്നാലെയാം ഗമനശീഘ്രതകൊണ്ടു പാർത്താൽ
എന്നേവനും പറയുമാറു പരുന്തുവാല-
നെന്നുള്ളൊരോടികൾ കളിച്ചു നടന്നിടുന്നു. 49

നമ്പായമോടു പരമൊത്തു വലിച്ചുകൊണ്ടു
വമ്പേറിടുന്ന ചിലർ വഞ്ചി നടത്തിടുന്നു
പങ്കായമായമൊടു ചേർന്നു വലിച്ചുകൊണ്ടു
വങ്കായലിൽ ചിലരു തോണികളിച്ചിടുന്നു. 50

കുണ്ഠതമെന്യേ ചിലർ നിന്നഴകിൽ കഴക്കോൽ
കൊണ്ടൂന്നി വേഗമൊടു വഞ്ചി നടത്തിടുന്നു
കണ്ടാലുമിങ്ങമരമോടിടചേർന്നു പാരം
തണ്ടാൽ വലിച്ചു ചിലരോടികളിച്ചിടുന്നു. 51

പാടുന്ന പാട്ടു പലമാതിരി ഭംഗിയിൽ കൊ-
ണ്ടാടുന്നു പാരമതു കേട്ടു ജനങ്ങളെല്ലാം
കേടററിന്നു തർമോടിത താളമായി-
ള്ളിടുന്ന വഞ്ചിവലികൊണ്ടുളവായ ശബ്ദം. 52

മങ്ങാതെ കണ്ടു ചില വഞ്ചികൾ ചേർന്നു മററു
ചങ്ങാതിവഞ്ചികളെ വെന്നു തെളിഞ്ഞിടുന്നു
ഭംഗ്യാ സമസ്തതരുണീജയലക്ഷ്മി പൂണ്ടു
ഭംഗം വിനാ വിരുതു നേടിയെഴുന്ന കാന്തേ! 53

ചിക്കെന്നു ദുർഗ്ഘടശതങ്ങൾ പെടുന്ന ദിക്കിൽ
വെക്കുന്നു വഞ്ചി ചിലർ ചഞ്ചലഭാവമെന്യേ!
മുക്കുന്നു കാണുമവരൊക്കെ നടുങ്ങുമാറു
വെക്കം മലർത്തിയതിലേറി വലിച്ചിടുന്നു. 54

നേത്തൊരു വാഴയിലകൊണ്ടൊരുമട്ടപായാൽ
തീത്തൊരു വഞ്ചിയിലിരുന്നു കളിച്ചുകൊണ്ടു്
ചീത്തൊരൊഴുക്കിലണയുന്നു മിടുക്കർകൊണ്ടു
കീത്തിപ്പെടുന്നവർ ഗുണാത്ഭുതകീത്തിമാലേ! 55

ആറിൻെറ വക്കിൽ വിലസും ഭവനേ വയസ്സു-
ഞ്ചാറായ ബാലകരഹോ! ചെറുവഞ്ചിതന്നിൽ
കേറീട്ടു കാട്ടുമൊരു ലീലകൾ കണ്ടു ലോക-
രേറുന്ന വിസ്മയരസത്തൊടു വാഴ്ത്തിടുന്നു. 56

നില്ലാത്ത വേഗമൊടു വെള്ളമൊലിക്കുമാറിൻ-
വക്കത്തു വീടുടയ നാരികൾ വഞ്ചി കേറി
ഒക്കത്തു കുട്ടിയെയെടുത്തൊരു കാല്യകൊണ്ടു
തക്കത്തിലങ്ങിനെ തുഴഞ്ഞു കളിച്ചിടുന്നു. 57

മങ്ങാതെ വന്മുതലയേപ്പിടിപെട്ടു ലോകർ
മുങ്ങാത്ത വഞ്ചികളിലിട്ടു നടത്തിടുന്നു
ശൃംഗാരയോനിമുതലയ്ക്കു സുഖാൽ കിടപ്പാൻ
ശൃംഗാരസാരരസമെങ്ങുമൊഴുക്കുമാറ്റേ! 58

അഞ്ചാതെ വന്മഴയിൽ മാർഗ്ഗവിരോധമൂലം
സഞ്ചാരമിങ്ങു കുറവായി വരുന്നു ലോകേ
പഞ്ചായുധാഗ്നി ഹൃദയത്തിൽ വളന്നു, ചേരും
സഞ്ചാരമിപ്പൊളതിയായി വരുന്നു കാന്തേ! 59

കൂടുന്നു വഞ്ചിയുടെ കൂലി നദീതടത്തിൽ
കൂടുന്നു ദന്തിയുടെ കൂലി മലത്തടത്തിൽ
കൂടുന്നു കാമനു ഗുണങ്ങൾ ജനങ്ങൾ ചെന്നു-
കൂടുന്നു പെണ്മണികൾതൻെറ മുലത്തടത്തിൽ. 60

ഓമൽക്കളങ്ങളിൽ നിറഞ്ഞുവഴിഞ്ഞു വെള്ളം
വാമാക്ഷി തോടുവഴിയായൊഴുകുന്നു കാങ്കു
ശ്രീമന്മുഖപ്രഭയൊഴുകും വഴിയായിടുന്ന
സീമന്തരേഖ കലരും കചമുള്ള കാന്തേ! 61

ഇന്നുഗ്രവേനലൊഴിവായതുകൊണ്ടു കാറ്റു
നന്നായ്ധരിത്രിയിൽ വളൎന്നുവരുന്നു മന്ദം
വന്നോരു വാച്ച പനിമാറി വധൂജനങ്ങൾ-
ക്കൊന്നിച്ചു കുന്തല്യ വളൎന്നുവരുന്നപോലെ. 62

പൊയ്യല്ല തെങ്ങിനൊരു ശക്കരവെള്ളമാണു
പെയ്യുന്ന കക്കടകവെള്ളമതെന്നിവണ്ണം
പയ്യെക്കൃഷീവലകുലം പറയുന്നു ഭ്രമൌ
പീയൂഷമായ മൊഴിതൂകുമുദാരശീലേ! 63

നീരുള്ളിൽ വാച്ചഥ തടിച്ചൊരു കാറുകൊണ്ടു
പാരം നഭസ്സിഹ മലീമസമായിടുന്നു
തോരാതെയുള്ള മഴ ചേൎത്തൊരു ചേറുകൊണ്ടു
പാരാകവേ ബഹുമലീമസമായിടുന്നു. 64

മാല്യണ്ടു ജന്തുനിവഹത്തിനടച്ചിദാനീം
ചേലൊത്ത വൃഷ്ടിയിതിനാൽ മഹിഷിക്കതില്ല
ശീലോത്തമേ! മഹിഷി! തീവ്രതരോഷ്ണശീത-
കാലൌഷധസ്ഥ നഭരാധികമന്ദയാനേ! 65

കൂടുന്ന കാറു ചളിയെന്നിവകൊണ്ടു മോളം
ചോടും മഹാമലിനമായ്ച്ചമയുന്നൊരിപ്പോൾ
കേടേററിടായ്യതിനു വൈദ്യവിധിപ്രകാരം
പാടേ ജനങ്ങൾ തനുശുദ്ധി വരുത്തിടുന്നു. 66

കഷ്ടപ്പെടുത്തുമതിസാരമുഖോഗ്രരോഗാ-
രിഷ്ടപ്രശാന്തി വരുവാൻ വിധിപോലെ ലോകം
അഷ്ടാംഗസംഗ്രഹമതിൽ പറയുന്ന നാനാ-
രിഷ്ടങ്ങളെപ്പരിചൊടിന്നു ഭജിച്ചിടുന്നു. 67

തൂണ്ണും മഹാവ്യസനമിങ്ങുളവാക്കമുഗ്രാ-
ജീൎണ്ണത്തില്യള്ളൊരു ഭയേന ജനങ്ങളെല്ലാം
ജീൎണ്ണതമുള്ള ലഘുധാന്യഗണങ്ങളേത്താൻ
പൂൎണ്ണപ്രമോദമൊടു കാഞ്ചി ഭുജിച്ചിടുന്നു. 68

ഉല്ലാസമോടുലകിടങ്ങളിലുള്ള ധാന്യ-
മെല്ലാമുടൻ പുതിയതായ്വരുവാൻ ഫലനങ്ങൾ
വല്ലാതെ മാരി ചൊരിയുന്ന പഴക്കമേറും
നല്ലോരു ധാന്യമിഹ ലോകരെടുത്തിടുന്നു. 69

സ്ഥാനങ്ങളിൽ സതതമൊക്കയുമംബുവർഷം
ദീനം വരുംപടി മുഴുത്തു വരുന്നൊരിപ്പോൾ
ഊനം വെടിഞ്ഞനലദീപ്തിവളർക്കുമന്ന-
പാനങ്ങളെബ്ഭുവി ജനങ്ങൾ ഭജിച്ചിടുന്നു. 70

മേദസ്സ്വിയാം ഫലനഗണം ജലവർഷമൂലം
ക്ലേദം ജഗത്തിലതിയായുളവാക്കുമിപ്പോൾ
ക്ലേദപ്രശാന്തികരമാം മധു വേണ്ടുവോളം
മോദിച്ചു ലോകർ മധുവാണി! കുടിച്ചിടുന്നു. 71

നില്ക്കാതെകണ്ടു ചൊരിയും ജലവർഷമൂല-
മിക്കാലമെങ്ങുമധികാർദ്രത ചേർന്നിടുന്നു
ചൊൽക്കൊണ്ട 'വാഹട' മതത്തെ നിനച്ചു ലോകർ
ശുഷ്കാന്നമിപ്പൊഴുതു ഭുക്തി കഴിച്ചിടുന്നു. 72

ആവോളവും ഗുണഗണങ്ങളിണങ്ങിടുന്ന
ദേവേന്ദ്രവാരി പുതുതായ കലത്തിലാക്കി
സേവിച്ചിടുന്നു കിണർവെള്ളമതില്ലയെങ്കിൽ
കൈ വിട്ടിടുന്നു പുഴവെള്ളമുടൻ ജനങ്ങൾ. 73

അംഭോധരങ്ങൾ ഗഗനത്തിലതെന്നമട്ടി-
ലമ്പോടു ഭൂമിയിലശേഷവുമായിടുന്നു
വമ്പേറിടുന്നവർ കുടിപ്പതിനായ്ക്കുറുക്ക-
മംഭസ്സിലും ചിതമൊടങ്ങിനെ ചേർത്തിടുന്നു. 74

ധാരാധരങ്ങൾ ധരണീവലയത്തിലെല്ലാം
ധാരാളമായ് സലിലധാര പൊഴിക്കുമിപ്പോൾ
പാരാതെകണ്ടു പലരും പല മട്ടിലുള്ള
ധാരാദിയാകിയ ചികിത്സകൾ ചെയ്തിടുന്നു. 75

ആരോഗ്യസിദ്ധികരമായതു വൈദ്യശാസ്ത്ര-
സാരം നിനയ്ക്കുകി,ലഹോ! ബലമൊന്നുതന്നെ
പ്പാരം ബലം കുറയുമിപ്പൊഴുതിൽ ജനങ്ങൾ-
ക്കാരംഭമുത്തമമബലാനയനത്തിനല്ലോ. 76

മുക്കുട്ടു കാച്ചിയതുകൊണ്ടു പിഴിഞ്ഞുവീഴ്ത്തൽ,
ചൊല്ലേറുണ്ടിടുന്ന നവരക്കിഴി, തേച്ചിരിപ്പ്
തക്രാദിധാരകൾ ചികിത്സകളിപ്രകാര-
മിക്കാലമിങ്ങു പലരും തുടരുന്നു കാന്തേ! 77

സമ്പത്തുകൊണ്ടു ധനനാഥനമാദരേണ
കുമ്പിട്ടിടുന്നൊരു ജനങ്ങൾ തെളിഞ്ഞിദാനീം
വമ്പിച്ച വൈദ്യവരരേത്തരസാ വരുത്തി-
ക്കമ്പം വിനാ സുഖചികിത്സകൾ ചെയ്തിടുന്നു. 78

ചൊല്ലൊങ്ങിടുന്നൊരു കുറുപ്പു പണിക്കരാശാൻ
കെല്ലേറിടുന്നൊരിവർ വന്നു ജഗത്തിലെങ്ങും
അല്ലേതരം കളരിവിദ്യകൾ കാട്ടിടുന്നു
പുഷ്ടായുധക്കളരിയിൽ തെളിയും വിളക്കേ! 79

കാണുന്നവർക്കധികമത്ഭുതമാംപ്രകാരം
ഞാണിന്മേലേറിയവിടെ ചില വിദ്യയെല്ലാം
കാണിക്കുവാൻ വിരുതിനായ് ചിലർ വേണ്ടതെല്ലാം
പ്രാണൻ കളഞ്ഞുമഴകോടു പഠിച്ചിടുന്നു. 80

ഓർത്താൽ വിചിത്രതരമാംപടിയുള്ള കമ്പ-
ക്കൂത്താട്ടമെന്നതു പഠിപ്പതിനായ് ജനങ്ങൾ
പേർത്തും ശ്രമിച്ചു മരുവുന്നു സരോജബാണ-
ക്കൂത്താട്ടവിദ്യയതിനക്കരെകണ്ട കാന്തേ! 81

കമ്പം വെടിഞ്ഞടവെഴും ചിലർ ചാടി മുമ്പും
പിമ്പും മറിഞ്ഞു കടകാദികൾ കാട്ടിടുന്നു
ഇമ്പം കലർന്നു കടകാദികൾ മെയ്യിലെല്ലാ-
മാമ്പോടണിഞ്ഞഴകു കാട്ടി വിളങ്ങുമയ്യേ! 82

ആട്ടക്കഥാഭിനയവിദ്യകളാൽ പ്രസിദ്ധി
നാട്ടിൽ പരത്തുവതിനായ് ചിലരിപ്പോൾ മോദാൽ
ചാട്ടം, ചവിട്ടു, നില, കയ്യിവതൊട്ടതെല്ലാം
കോട്ടം വെടിഞ്ഞു വരുമാറു പഠിച്ചിടുന്നു. 83

കേടൊന്നുമെന്നിയെ നമുക്കൊരു നൂറുകൊല്ല-
മീടോടിരുന്നിടണമെന്നൊരു കാമമോടേ
പാടേ കുഴമ്പൊഴുകിടുന്നുടലിൽ തിരുമ്പി-
ച്ചീടുന്നു മററു ചിലരിപ്പൊളിളച്ചിടാതെ. 84

മായാവിഹീനമറിവുള്ളവർ വൃഷ്ടികാല-
ത്തായാസമൊട്ടുമരുതെന്നു പറഞ്ഞിടുന്നു
കായാതിസൌഖ്യകരമാം മലയാളദേശേ
വ്യായാമമിപ്പൊഴതിലേററമെടുത്തിടുന്നു. 85

ശ്രീവന്നു നിത്യമരുളും ലളിതാംഗിയാളേ!
രാവിന്നെഴും ചരമയാമമണഞ്ഞിടുമ്പോൾ
ഭാവം തെളിഞ്ഞു പതിവായുധനാ 'ശിവോതി'-
ക്കായ്‌വെച്ചിടുന്നു ബഹുമംഗലസാധനങ്ങൾ. 86

മംഗ്യല്യസിദ്ധിയുമമംഗലശാന്തിയും നൽ
ഭംഗ്യാ ഭവിപ്പതിനുവേണ്ടി നിദാനമായി
മംഗല്യഭൂഷണവിലേപനചിത്രകങ്ങ-
ളംഗങ്ങളിൽ ബഹുജനങ്ങൾ ധരിച്ചിടുന്നു. 87

ധാരാധരം ഹരിപദത്തൊടു ചേർന്നു വാരി-
ധാരാതിവർഷമിടതൂർന്നിഹ ചെയ്തിടുന്നു
ശ്രീരാമലീലമുതലായതു കേട്ടു കണ്ണീർ
ധാരാളമായ് ഭുവി ജനങ്ങൾ ചൊരിഞ്ഞിടുന്നു. 88

സർപ്പേന്ദ്രവൈരിഭഗവാൻ ഘനഗൂഢനായി
സർപ്പർക്ഷമൊക്കെയൊരു കർക്കടകത്തിലായി
ഇപ്പാരിടം വിഷഹരാംബുവിൽ മുങ്ങിടുന്നു
സർപ്പപ്രസാദവിധിയിപ്പൊഴതെങ്ങുമില്ല. 89

കല്യാണകാന്തി നിറയും ശുഭകായമുള്ള
നല്ലാർമണേ! നിഖിലരും സുമുഹൂത്തകാലേ
ഇല്ലങ്ങളാസകലമിന്ദിരയേ വണങ്ങി
നെല്ലിൻ പുതുക്കതിരുകൊണ്ടു നിറച്ചിടുന്നു. 90

ചുണ്ടങ്ങ, താൾ, തകര, വൻപുളിയെന്നിവററ-
കൊണ്ടുള്ള നൽക്കറികലന്നൊരു സദ്യതന്നിൽ
കണ്ടേറിടും കടൽകുടിച്ചവനെ സ്മരിച്ചു-
കൊണ്ടാകെ ലോകരിഹ 'പുത്തരി'യുണ്ടിടുന്നു. 91

ശ്യാമാംബുദങ്ങളിവയെന്നൊരു ശങ്ക തോന്നും
ധൂമങ്ങൾ പൊങ്ങിയിഹ തിങ്ങി വരുംപ്രകാരം
ശ്രീമൽഗ്ഗണേശനു ജനങ്ങൾ വരണ്ട തേങ്ങ
ഹോമിച്ചിടുന്നു ബഹുസദ്വിഭവാനുകൂലം. 92

സ്വർഗ്ഗാപവർഗ്ഗസുഖദായിനിയായി മർത്ത്യ-
വർഗ്ഗാഭിവന്ദ്യപദയാസ്സരുണാർദ്രയായി
ദുർഗ്ഗാർത്തിനാശകരിയായി വിളങ്ങിടുന്ന
ദുർഗ്ഗാമഹേശ്വരിയെ ലോകർ ഭജിച്ചിടുന്നു. 93

പുത്തൻബലിക്കറുകതന്നിലയെന്നപോലെ
സത്തായ കാന്തി കലരും തവ ദിവ്യദേഹം
കത്തീടുമത്തലുമുഴത്തുഴലുന്നൊരസ്മ-
ചിത്താഖ്യമാം പശുവിനേകുക ലോകനാഥേ! 94

ആവക്രനായ മതിചേന്നു തെളിഞ്ഞു നിത്യം
ഭൂസേവിക്കുമീ മകുടകോടിയിലംബ! ദുർഗ്ഗേ!
ഈ വക്രമാലമമ മതിസ്സുമെടുത്തു ചേന്നു
സേവിക്കുവാനിടവരുത്തുകവേണമെന്നും. 95

ദിക്കൊക്കെയും തെളിയുമാറയി! നിൻെറ മൂന്നാം-
തൃക്കണ്ണിലാളുമനലപ്രഭകൊണ്ടിദാനീം
ചിക്കെന്നു മന്മനസി ചീർത്തിടുമത്തലാകു-
മിക്കൂരിരുട്ടുകൾ മുടിച്ചു കളഞ്ഞിടേണം. 96

ചട്ടററ നിൻ തന്ന നവാംബുദമൊത്ത മഞ്ഞ-
പ്പട്ടായ`മിന്നൽ മമ ചേതസി ചേൎന്നുവെങ്കിൽ
കഷ്ടപ്പെട്ടത്തുമഴലാം വിഷമേകുമാപ-
ദ്ദുഷ്ടാഹിഭീതി വരുവാനിടയാകയില്ല. 97

ഉൾക്കൊണ്ടിട്ടം ദയയൊടാശുഗചാപശംഖ-
ചക്രങ്ങളെസ്സകലഭക്തഹിതത്തിനായി
കൈക്കൊണ്ടിട്ടം തവ സുമംഗളദിവ്യരൂപം
ചിക്കന്നു മാമകമനസ്സിൽ വിളങ്ങിടട്ടേ. 98

ഈവണ്ണമിപ്പൊഴതിലത്ര ജനങ്ങൾ ദുൎഗ്ഗാ-
ദേവീസ്തവങ്ങളുരചെയ്തതിഭക്തിയോടേ
മേവുന്നു തന്വി! പരമേശ്വരിയേബ്ഭജിച്ചാൽ
പോവാത്തതായൊരു വിപത്തു ജഗത്തിലുണ്ടോ. 99

ഈ വിശ്വം മുഴുവൻ ജലൈകമയമായ്,
ദാരിദ്ര്യരോഗങ്ങളാ-
ലാവോളം വലയുന്ന ലോകർ, ഭഗവാൻ
മങ്ങുന്ന മിത്രാഹ്വയൻ
സേവിക്കുന്നു ജനങ്ങൾ ദുഃഖമൊഴിവാൻ
ദുൎഗ്ഗാപദം ഭക്തിപൂ-
ണ്ടേവം 'കക്കടെ'മാസമെന്നതു ധരി-!
ച്ചാലും സുശീലോജ്ജ്വലേ! 100

[കക്കടകമാസം കഴിഞ്ഞു.]

ശുഭം.

MADRAS UNIVERSITY LIBRARY
6 MAR 2003
CHENNAI-600 005
032.3
148